

# മഹത്തായ മേയ് ദിനം നീണാൾ വാഴട്ടെ


സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ (കമ്മ്യൂണിസ്റ്റ്)
സംസ്ഥാന കമ്മിറ്റി മുഖപത്രം

# യൂണിറ്റി

2020 മേയ്
വാല്യം 47 ലക്കം 2
ചീഫ് എഡിറ്റർ
വി.വേണുഗോപാൽ
പേജ് 55



**14** കുടിയേറ്റ തൊഴിലാളികൾ ദുരവസ്ഥയിൽ; സർക്കാരുകളുടേത് കുറ്റകരമായ അനാസ്ഥ

**20** തൊഴിലവകാശങ്ങൾ ഹനിക്കുന്ന തൊഴിൽ നിയമ ഭേദഗതികൾ

**44** ആരോഗ്യസേതു ആപ്പ്: പൗരന്മാർക്കുമേൽ വിരിക്കുന്ന നിരീക്ഷണവല


## കോവിഡ്-19

# മഹാവ്യാധിയുടെ രാഷ്ട്രീയ പാഠങ്ങൾ

മേയ് മാസം പിന്നിടുമ്പോൾ കോവിഡ്-19 എന്ന മഹാവ്യാധിയുടെ വ്യാപനം ലോകമെമ്പാടും അതിവേഗതയിലാണ്. രോഗബാധിതരുടെ എണ്ണം ഏപ്രിൽ 28ന് മുപ്പത് ലക്ഷമായിരുന്നത് മേയ് 28 ആകുമ്പോൾ 58 ലക്ഷമായി ഉയർന്നിരിക്കുന്നു. മരണമാകട്ടെ മൂന്നരലക്ഷവും. യൂറോപ്യൻ ഭൂഖണ്ഡത്തിന്റെ പിറകെ തെക്കേ അമേരിക്കയിലും ആഫ്രിക്കൻ രാജ്യങ്ങളിലും ഭീതിജനകമാം വിധം രോഗം പടർന്നുപിടിക്കുകയാണ്. ഏപ്രിൽ മാസത്തിൽ ചിത്രത്തിലില്ലാതിരുന്ന ബ്രസീലും റഷ്യയും ഇപ്പോൾ രോഗവ്യാപനത്തിൽ അമേരിക്കയുടെ തൊട്ടുപിന്നിൽ രണ്ടും മൂന്നും സ്ഥാനത്ത് എത്തിയിരിക്കുന്നു. ഏഷ്യൻ രാജ്യങ്ങളിൽ രോഗവ്യാപനത്തിന്റെ വേഗത, യൂറോപ്പിനെക്കാളും തെക്കേ അമേരിക്കയെക്കാളും കുറവാണെന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്. എങ്കിലും ഇൻഡ്യ, ഇറാൻ, തുർക്കി തുടങ്ങിയ രാജ്യങ്ങളിൽ രോഗബാധിതരുടെ എണ്ണം ഒരു ലക്ഷം പിന്നിട്ട് കുതിക്കുകയാണ്.

ആഗോളവ്യാധിയായി കോവിഡ്-19 മാറുകയും അസാധാരണമായ സാ


**2** ഭരണനിർവ്വഹണരംഗത്തെ പിടിപ്പുകേട് തുറന്നു കാട്ടിയപ്രതിരോധ പ്രവർത്തനങ്ങൾ

**6** കള്ളക്കണക്കുകൾ നിരത്തി സർക്കാർ പരാജയം മറയ്ക്കുന്നു

**10** കുടിയേറ്റത്തൊഴിലാളികളെയും തൊഴിൽ നഷ്ടപ്പെട്ടവരെയും പൂർണ്ണമായും കൈവെടിഞ്ഞ ഉത്തേജക പാക്കേജ്

**15** സ്വകാര്യവൽക്കരണത്തിന്റെ അന്തംവിട്ട പ്രയാണം



ബ്രസീലിയൻ തലസ്ഥാനമായ റിയോ ഡി ജനീറോയിലെ സാന്ത മാർത്ത ചേരിയിൽ കോവിഡ് പ്രതിരോധ പ്രവർത്തനത്തിലേർപ്പെട്ടിരിക്കുന്ന ആരോഗ്യപ്രവർത്തകൻ

ബത്തികത്തകർച്ചയ്ക്ക് അതിടയാക്കുകയും ചെയ്തിട്ടും മഹാമാരിയെ പരാജയപ്പെടുത്തുക എന്ന ഒരൊറ്റ ലക്ഷ്യത്തിലേക്ക് രാജ്യങ്ങളെ ഒന്നാകെ കോർത്തിണക്കി, അനുഭവങ്ങൾ പങ്കുവച്ച്, പ്രതിരോധ പ്രവർത്തനങ്ങൾക്കും ഗവേഷണപ്രയത്നങ്ങൾക്കും മാർഗ്ഗനിർദ്ദേശം നൽകി, മാനവരാശിക്ക് ഒന്നാകെ ആത്മവിശ്വാസം പകർന്നു നൽകി പ്രവർത്തിക്കേണ്ടുന്ന ഒരു ലോകനേതൃത്വത്തിന്റെ അഭാവമാണ് ഇന്ന് മനുഷ്യസ്നേഹികളെ ഏറ്റവും ആകുലപ്പെടുത്തുന്നത്. ഐക്യരാഷ്ട്ര സഭയെയും അതിന്റെ ആഗോള വേദികളെയും രംഗത്ത് കാണാനില്ല. സങ്കുചിതതാൽപ്പര്യങ്ങളാൽ നയിക്കപ്പെടുന്ന ചില വൻകിട രാഷ്ട്രങ്ങളുടെ സമ്മർദ്ദം ലോകാരോഗ്യ സംഘടനയെ ദുർബ്ബലമാക്കുന്നു. യൂറോപ്യൻ യൂണിയനിലെ അംഗങ്ങൾ പരസ്പരം പഴിചാരുന്നു. ഇതര രാജ്യങ്ങൾക്കുമേൽ ശകാരവർഷം ചൊരിഞ്ഞും വിഢ്ഢിത്തങ്ങൾ എഴുന്നള്ളിച്ചും അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ്. വിവേകരാഹിത്യത്തിന്റെയും ജനവിരുദ്ധതയുടെയും ആൾരൂപമായി മാറിക്കഴിഞ്ഞ ജയ്ർ ബൊൽസനാരോ എന്ന ബ്രസീലിയൻ പ്രസിഡന്റ്.

**മഹാമാരിയെ പരാജയപ്പെടുത്തുക എന്ന ഒരൊറ്റ ലക്ഷ്യത്തിലേക്ക് രാജ്യങ്ങളെ ഒന്നാകെ കോർത്തിണക്കി, അനുഭവങ്ങൾ പങ്കുവച്ച്, പ്രതിരോധ പ്രവർത്തനങ്ങൾക്കും ഗവേഷണപ്രയത്നങ്ങൾക്കും മാർഗ്ഗനിർദ്ദേശം നൽകി, മാനവരാശിക്ക് ഒന്നാകെ ആത്മവിശ്വാസം പകർന്നു നൽകി പ്രവർത്തിക്കേണ്ടുന്ന ഒരു ലോകനേതൃത്വത്തിന്റെ അഭാവമാണ് ഇന്ന് മനുഷ്യസ്നേഹികളെ ഏറ്റവും ആകുലപെടുത്തുന്നത്.**

സോഷ്യലിസ്റ്റ് ക്യൂബയും അപൂർവ്വം ചില രാജ്യങ്ങളുമൊഴികെ മറ്റെല്ലാവരും തന്നെ കോവിഡാനന്തരമുള്ള വ്യാപാര-വ്യവസായ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനായി മുൻകൂറായിത്തന്നെ കരുക്കൾ നീക്കുകയാണ്. അതിനുള്ള മൽസരങ്ങളും സങ്കുചിത സമീപനങ്ങളുമാണ് നാം കാണുന്നത്. പരസ്പര സഹകരണത്തിന്റെയും സഹായത്തിന്റെയും ഏകോപനത്തിന്റെയും സ്ഥാനത്ത് വെല്ലുവിളികളും പഴിചാരലുകളും ശകാരവും സൃഷ്ടിക്കുന്നത് സാമ്രാജ്യത്വ-മുതലാളിത്തരാജ്യങ്ങളുടെ മൂലധന താൽപ്പര്യങ്ങളുടെ സംഘർഷം മാത്രമാണ്. ജനങ്ങൾ നിസ്സഹായരായി മരിച്ചുവീഴുമ്പോഴും ഈ ശക്തികളുടെ കഴുകൻ കണ്ണ് ലാഭക്കുനകളിൽ മാത്രമാണ്. ഒരു ആഗോള നേതൃത്വം ഉയർന്നുവരാനാവാത്തവിധം മുതലാളിത്ത രാജ്യങ്ങൾ തമ്മിലുള്ള വൈരുദ്ധ്യം രൂക്ഷമായിരിക്കുന്നു. കോവിഡിനു തൊട്ടുമുമ്പ് വ്യാപാര യുദ്ധം കൊടുമ്പിരികൊണ്ടിരിക്കുകയായിരുന്നു എന്ന് ഓർക്കുക.

## ഭരണനിർവ്വഹണരംഗത്തെ പിടിപ്പുകേട് തുറന്നു കാട്ടിയ പ്രതിരോധ പ്രവർത്തനങ്ങൾ

ഏപ്രിൽ 17 വരെയുള്ള സ്ഥിതിഗതികൾ വിലയിരുത്തിക്കൊണ്ട് ഏപ്രിൽ ലക്കം *യൂണിറ്റി*യിൽ കോവിഡ് മഹാവ്യാധിയെ നേരിടുന്നതിൽ കേന്ദ്രസർക്കാരിനു സംഭവിച്ച വീഴ്ചകൾ ഞങ്ങൾ ചൂണ്ടിക്കാട്ടിയിരുന്നു. എന്നാൽ പരാധീനതകൾ പരിഹരിക്കപ്പെടുമെന്നും

ഏകോപിതവും സുഘടിതവുമായ പ്രതിരോധ പ്രവർത്തനങ്ങൾ നടക്കുമെന്നുള്ള പ്രതീക്ഷ അപ്പോഴും മറ്റെല്ലാവരെയുംപോലെ ഞങ്ങളും നിലനിർത്തി. ഖേദകരമെന്നു പറയട്ടെ നിരാശയും വേദനയും മാത്രമാണ് ഇപ്പോൾ അവശേഷിക്കുന്നത്.

ഞങ്ങൾ ആദ്യം ചൂണ്ടിക്കാട്ടിയതുപോലെ ജനുവരി 30നും മാർച്ച് 19നുമിടയിലുള്ള വിലപ്പെട്ട 48 ദിവസം കേന്ദ്ര സർക്കാർ പാഴാക്കി. അതിനോടകം ഫലപ്രദമായി കോവിഡിനെ പ്രതിരോധിച്ച് മുന്നേറുന്നതിൽ മാതൃകാപരമായ പ്രവർത്തനങ്ങൾ നടത്തിയ ഒരു രാജ്യത്തിന്റെയും അനുഭവങ്ങൾ പഠിക്കാനോ അത് പകർത്താനോ സർക്കാർ ശ്രമിച്ചില്ല. പരമാവധി ടെസ്റ്റു ചെയ്യുക, രോഗബാധിതരെ കണ്ടെത്തുക, അവരെയും അവരുടെ പ്രൈമറി, സെക്കന്ററി കോന്റാക്ടുകളെയും സമ്പർക്ക വിലക്കിൽ നിലനിർത്തുക ഇതായിരുന്നു ആദ്യഘട്ടത്തിലെ 48 ദിവസത്തിനുള്ളിലും ഒന്നാം ലോക്ക് ഡൗണിലൂടെ ലഭിച്ച 21 ദിവസത്തിനുള്ളിലും ചെയ്യേണ്ടിയിരുന്ന ഏറ്റവും പ്രധാന കടമ. ഏപ്രിൽ 14ന് അവസാനിച്ച ഒന്നാം ലോക്ക് ഡൗൺ വേളയിൽ പരിശോധനയുടെ രംഗത്ത് കാര്യമായ ഒരു മുന്നേറ്റവും സൃഷ്ടിക്കാൻ കഴിഞ്ഞില്ല എന്നതും ഞങ്ങൾ നേരത്തെ ചൂണ്ടിക്കാട്ടിയിരുന്നു. മെയ് 3ന് അവസാനിച്ച രണ്ടാംഘട്ട ലോക്ക് ഡൗണിന്റെ ഏറിയ പങ്ക് സമയത്തും ഇതേ സ്ഥിതി തന്നെയാണ് തുടർന്നത്.

കോവിഡ് പ്രതിരോധപ്രവർത്തനങ്ങളുടെ മികവ് വിലയിരുത്താൻ സ്വീകരിക്കാവുന്നത് ഒരു ദശലക്ഷം ജനസംഖ്യയ്ക്ക് എത്ര ടെസ്റ്റ് നടക്കുന്നു എന്ന കണക്കാണ്. ഏപ്രിൽ 14ന് ഒന്നാം ലോക്ക് ഡൗൺ അവസാനിക്കുമ്പോൾ ഇൻഡ്യയുടെ ടെസ്റ്റ് പെർ മില്യൺ വെറും 168 മാത്രമായിരുന്നു. മെയ് 3ന് രണ്ടാം ലോക്ക് ഡൗൺ അവസാനിക്കുമ്പോൾ ഒരു ദശലക്ഷം ജനസംഖ്യയ്ക്ക് 764 ടെസ്റ്റ് മാത്രമേ രാജ്യത്തു ചെയ്യാൻ കഴിഞ്ഞുള്ളൂ. ഇതു വ്യക്തമാക്കുന്നത് ലോക്ക് ഡൗൺ തുടങ്ങി ആദ്യത്തെ 35 ദിവസത്തിനുള്ളിൽ പരിശോധനയുടെ രംഗത്ത് കൈവരിക്കേണ്ടിയിരുന്ന പുരോഗതി നമുക്ക് നേടാനായില്ല എന്നതാണ്. കോവിഡ് വ്യാപനം ഇത്രയും രൂക്ഷമാകാനുള്ള പ്രധാന കാരണങ്ങളിലൊന്നും അതുതന്നെയാണ്. നാലാം ഘട്ടത്തിന്റെ നിലവിലുള്ള വേളയിൽ നേടിയിട്ടുള്ള, പ്രതിദിനം ഒരു ലക്ഷം ടെസ്റ്റ് എന്നത് മേയ് 3നു മുമ്പുതന്നെ നമുക്ക് കൈവരിക്കാൻ കഴിഞ്ഞിരുന്നെങ്കിൽ രാജ്യത്തിന്റെ സ്ഥിതി ഇതാകുമായിരുന്നില്ല.

ജനസംഖ്യാനുപാതികമായി പരിശോധിച്ചാൽ ലോകത്ത് ടെസ്റ്റുകളുടെ എണ്ണത്തിൽ ഇന്നും ഏറ്റവും കുറഞ്ഞ നിരക്കുള്ള മൂന്നു രാജ്യങ്ങളിലൊന്ന്

**ഒരു ദശലക്ഷം ജനസംഖ്യയ്ക്ക് എത്ര ടെസ്റ്റ് നടക്കുന്നു എന്നതാണ് പ്രതിരോധ പ്രവർത്തനങ്ങളുടെ മികവ് തെളിയിക്കുന്നത്. ഏ പ്രിൽ 14ന് ഒന്നാം ലോക്ക് ഡൗൺ അവസാനിക്കുമ്പോൾ ഇൻഡ്യയുടെ ടെസ്റ്റ് പെർ മില്യൺ 168 മാത്രമായിരുന്നു. മെയ് 3ന് രണ്ടാം ലോക്ക് ഡൗൺ അവസാനിക്കുമ്പോൾ 764 ടെസ്റ്റ് മാത്രമേ ചെയ്യാൻ കഴിഞ്ഞിരുന്നുള്ളൂ. ആദ്യത്തെ 35 ദിവസത്തിനുള്ളിൽ പരിശോധനയുടെ രംഗത്ത് കൈവരിക്കേണ്ടിയിരുന്ന പുരോഗതി നമുക്ക് നേടാനായില്ല എന്നതാണ് ഈ കണക്കുകൾവ്യക്തമാക്കുന്നത്.**

കോവിഡ് വേളയിൽ അതിരൂക്ഷമായ ഭക്ഷ്യക്ഷാമവും തൊഴിലില്ലായ്മയും പരിഹരിക്കണമെന്നാവശ്യപ്പെട്ട് ചിലിയുടെ തലസ്ഥാനമായ സാന്റിയാഗോയിൽ ജനങ്ങൾ നടത്തിയ പ്രക്ഷോഭത്തെ പോലീസ് ജലപീരങ്കി ഉപയോഗിച്ച് നേരിടുന്നു



ഇൻഡ്യയാണ്. മേയ് 22ന് ഒരു ദശലക്ഷം ജനസംഖ്യയ്ക്ക് ആകെ ടെസ്റ്റുകളുടെ എണ്ണം 1973 ആയി ഉയർന്നിട്ടുണ്ട്. എന്നാൽ ഇത് ലോകത്ത് ഏറ്റവും താഴ്ന്ന നിരക്കുകളിൽ ഒന്നാണ്. സാമ്രാജ്യത്വ ഉപരോധത്തെയും ആഭ്യന്തരസംഘർഷങ്ങളെയും നേരിടുന്ന രാജ്യമായ ഇറാനിൽപ്പോലും പത്തുലക്ഷത്തിൽ 9108 പേരെ പരിശോധനയ്ക്ക് വിധേയമാക്കുന്നു. ടർക്കിയിൽ അത് 20,537 ആണ്. പാക്കിസ്ഥാന്റെ നിരക്കുപോലും മെയ് 22 വരെ ഇൻഡ്യയേക്കാൾ ഉയർന്നതായിരുന്നു. 67,619 പേരെ പരിശോധിക്കുന്ന പോർച്ചുഗലിന്റേതാണ് ഏറ്റവും ഉയർന്ന നിരക്ക്.

ലോക്ക് ഡൗണിന്റെ ആദ്യത്തെ രണ്ടുഘട്ടങ്ങളിലും ടെസ്റ്റു കിറ്റുകളും മറ്റു സുരക്ഷാ ഉപകരണങ്ങളും സമാഹരിക്കുന്നതിലും ആഭ്യന്തരമായി ഉൽപ്പാദിപ്പിക്കുന്നതിലും സംഭവിച്ചത് കനത്ത പരാജയമായിരുന്നു. ചൈനയിൽ നിന്നും പിപിഇ കിറ്റുകളും ടെസ്റ്റ് കിറ്റുകളും ഉടൻ വാങ്ങുമെന്ന വാർത്ത വന്നത് മാർ

**ഏപ്രിൽ 24ന് കേന്ദ്ര ആരോഗ്യമന്ത്രാലയത്തിന്റെ വിലയിരുത്തൽ യോഗത്തിൽ കോവിഡ് മാനേജ്മെന്റിനായുള്ള എംപവേഡ് കമ്മിറ്റി ഒന്നാം ഗ്രൂപ്പിന്റെ തലവൻ ഡോ.വി.കെ.പോൾ മെയ് 16 ആകുമ്പോൾ ഇൻഡ്യയിൽ കോവിഡ് കേസുകൾ പൂജ്യമാകുമെ ന്ന് ഗ്രാഫ് വരച്ചുകാട്ടി സ്ഥാപിച്ചിരുന്നു. മെയ് 16നായിരുന്നു ഇൻഡ്യയിൽ അന്നുവരെയുള്ളതിൽ വച്ചേറ്റവും ഉ യർന്ന എണ്ണം കേസുകൾ റിപ്പോർട്ടു ചെയ്യപ്പെട്ടത്.**

ച്ച് 30നായിരുന്നു(ഇക്കണോമിക് ടൈംസ്). ഈ വാർത്തയിൽ സൂചിപ്പിക്കുന്ന ഇറക്കുമതി നടന്നത് ഏപ്രിൽ 16-ാം തീയതിയാണ്. മാർച്ച് 30നും ഏപ്രിൽ 16നു മിടയിൽ ഇതല്ലാതെ നടന്ന മറ്റൊരു ഇറക്കുമതിയും നടന്നതായി നമുക്ക് അറിയാൻ കഴിഞ്ഞിട്ടില്ല. ഏപ്രിൽ 16നു ചൈനയിൽ നിന്നും 6.5 ലക്ഷം ടെസ്റ്റ് കിറ്റുകൾ എത്തിയതിൽ 5.5 ലക്ഷം റാപ്പിഡ് ടെസ്റ്റ് കിറ്റുകളും 1 ലക്ഷം ആർഎൻഎ എക്സ്ട്രാക്ഷൻ കിറ്റുകളുമായിരുന്നു. ദൗർഭാഗ്യകരമെന്നു പറയട്ടെ ഈ കിറ്റുകളിൽ 95 ശതമാനവും ഉപയോഗശൂന്യമാണെന്നു കണ്ടെത്തിയതിനാൽ അവ ഉപയോഗിച്ചുള്ള പരിശോധന നിർത്തിവയ്ക്കാൻ ഐസിഎംആർ ഏപ്രിൽ 21ന് ആവശ്യപ്പെട്ടു. വളരെ വൈകി എത്തിച്ചേർന്ന ടെസ്റ്റ് കിറ്റുകൾ ശരിയായ പരിശോധനാഫലം നൽകില്ല എന്നുകൂടി വന്നപ്പോൾ രാജ്യമാസകലം ടെസ്റ്റ് സംവിധാനം സമ്മർദ്ദത്തിലായി. ഏപ്രിൽ 16നു മറ്റൊരു വാർത്ത കൂടി പ്രത്യക്ഷപ്പെട്ടു. കൊറോണ രോഗബാധ വ്യാപകമാകുന്നതിനാൽ ഇൻഡ്യ പിപിഇ കിറ്റുകളുടെയും ടെസ്റ്റു കിറ്റുകളുടെയും രൂക്ഷമായ ദൗർലഭ്യമാണ് നേരിടുന്നത്. അതിനാൽ ഇവ സമാഹരിക്കാൻ ആഗോള അന്വേഷണം ഊർജ്ജിതമാക്കി (ലൈവ് മിന്റ്-ഏപ്രിൽ 16). ഊർജ്ജിതമായ അന്വേഷണത്തിലേക്ക് കടക്കുന്നത് വളരെ വൈകിയാണെന്നു ഇതു വ്യക്തമാക്കുന്നു.

സെറം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഡ്യയുമായി സഹകരിച്ച് ടെസ്റ്റ് കിറ്റുകൾ ഉൽപ്പാദിപ്പിക്കാൻ അനുമതി ലഭിച്ച പൂനെ ആസ്ഥാനമാക്കിയുള്ള മൈലാബ് ഡിസ്കവറി സൊല്യൂഷൻസിന് ഏപ്രിൽ ആദ്യവാരം ഉൽപ്പാദിപ്പിക്കാൻ കഴിഞ്ഞത് പ്രതിദിനം വെറും 20,000 എണ്ണം മാത്രമായിരുന്നു. ഇടക്കത്തിൽ അത്രയുമേ ഉൽപ്പാദിപ്പിക്കാൻ കഴിയുമായിരുന്നുള്ളൂ. എന്നാൽ യുദ്ധസമാനമായ ആവശ്യകതയുടെ ഗൗരവം ഉൾക്കൊണ്ടു ഇച്ഛാശക്തിയോടെ സർക്കാരിനു ഫെബ്രുവരിയിൽത്തന്നെ മതിയായ കൂടിയാലോചനകളും തയ്യാറെടുപ്പുകളും നടത്താൻ കഴിഞ്ഞിരുന്നെങ്കിൽ ഇന്നു കൈവരിച്ച പ്രതിദിനം 2 ലക്ഷം ടെസ്റ്റു കിറ്റുകളുടെ ഉൽപ്പാദനശേഷി എന്നത് ഏപ്രിൽ മാസത്തിൽത്തന്നെ കൈവരിക്കാൻ കഴിയുമായിരുന്നു. അങ്ങിനെയെങ്കിൽ മാർച്ച്, ഏപ്രിൽ മാസങ്ങളിലെ നിർണ്ണായക ദിനങ്ങളിൽ പരമാവധി ടെസ്റ്റുകൾ നടത്താനും കഴിവതും വേഗം രോഗബാധിതരെ തിരിച്ചറിഞ്ഞ് അവരെ ഐസൊലേറ്റ് ചെയ്യുവാനും കഴിയുമായിരുന്നു.

ചികിൽസയിലുള്ള രോഗികളെ ഡി



കോവിഡ് പിടിമുറുക്കുന്ന ധാരാവിയിലെ ഒരു തെരുവ്

സ്ചാർജ്ജ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര ആരോഗ്യ മന്ത്രാലയം നേരത്തെ പുറപ്പെടുവിച്ചിരുന്ന മാർഗ്ഗനിർദ്ദേശങ്ങളിൽ ഇളവുകൾ നടപ്പിൽവരുത്തി മേയ് ഒമ്പതിന് പുതിയ ഉത്തരവ് ഇറക്കി. അഡ്മിറ്റ് ചെയ്ത് 14-ാം ദിവസവും 21-ാം ദിവസവും നടത്തുന്ന ടെസ്റ്റിലൂടെ നെഗറ്റീവ് ആണെന്ന് കണ്ടാൽ മാത്രം ഡിസ്ചാർജ്ജ് ചെയ്താൽ മതിയെന്ന മുൻമാർഗ്ഗനിർദ്ദേശം കേന്ദ്ര ആരോഗ്യ മന്ത്രാലയം റദ്ദാക്കി. കഠിന രോഗലക്ഷണങ്ങൾ ഉള്ളവരെ മാത്രം ടെസ്റ്റ് ചെയ്താൽ മതിയെന്നതാണ് പുതിയ നിർദ്ദേശം. പുതിയ ഉത്തരവ് പറയുന്നത് ഇപ്രകാരമാണ്: ‘other catagories of patients-very mild, mild, presymptomatic and moderate cases NEED NOT BE TESTED’. അനുദിനം രോഗബാധിതരുടെ എണ്ണം പെരുകുമ്പോൾ, രോഗലക്ഷണങ്ങൾ ഇല്ലാത്ത രോഗബാധിതരുടെ എണ്ണം ഇൻഡ്യയിൽ 80 ശതമാനമാണെന്ന് ഐസിഎംആർ വ്യക്തമാക്കുമ്പോൾ ഇത്ര ഗുരുതരമായ ഒരു തീരുമാനം എടുക്കാൻ സർക്കാരിനെ നിർബ്ബന്ധിച്ചത് ടെസ്റ്റ് കിറ്റുകളുടെയും പരിശോധന നടത്താനുള്ള സംവിധാനത്തിന്റെ ദൗർലഭ്യം മാത്രമാണ്. ഈ തീരുമാനത്തോട് പ്രതികരിച്ചുകൊണ്ട് ആൾ ഇൻഡ്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് റെസിഡന്റ് ഡോക്ടേഴ്സ് അസോസിയേഷൻ ജനറൽ സെക്രട്ടറി ശ്രീനിവാസ് രാജ്കുമാർ ഇപ്രകാരം പ്രസ്താവിച്ചു. ജനങ്ങളെ പരിശോധിക്കാതെ ഡിസ്ചാർജ്ജ് ചെയ്താൽ അത് സമൂഹത്തിൽ വൈറസ് വ്യാപനത്തിന് ഇടയാക്കും. കഴിഞ്ഞ 40 ദിവസമായി ആവശ്യത്തിന് ടെസ്റ്റിംഗ് സൗകര്യങ്ങൾ ക്രമീകരിക്കാതെ സർക്കാർ എന്തുചെയ്യുകയായിരുന്നു? സൂചനകൾ വ്യക്തമാക്കുന്നതുപോലെ 2 ലക്ഷമോ അതിലേറെയോ ഇൻഡ്യക്കാരെ കോവിഡിനു ബലി നൽകാൻ സർക്കാർ തയ്യാറെടുക്കുകയാണോ?



വീടുകളിലേക്ക് തിരികെപ്പോകാനായി ചെന്നൈ റെയിൽവേ സ്റ്റേഷനിൽ തടിച്ചുകൂടിയ കുടിയേറ്റ തൊഴിലാളികൾ

**സാഹചര്യത്തിന്റെ മുഴുവൻ ഗൗരവവും മുൻകൂട്ടി ഉൾക്കൊണ്ട് മികവാർന്ന പ്രൊഫഷനൽ വൈഭവത്തോടെ ഫെബ്രുവരിയിൽ തന്നെ വൻതോതിൽ ടെസ്റ്റ് കിറ്റുകളും സുരക്ഷാ ഉപകരണങ്ങളും വെന്റിലേറ്ററുകളും സമാഹരിക്കാനും പൊതുജനാരോഗ്യ സംവിധാനത്തെ അടിമുടി സജ്ജീകരിക്കാനും കഴിഞ്ഞിരുന്നെങ്കിൽ ഇന്ന് നമ്മുടെ രാഷ്ട്രം നേരിടുന്ന പ്രതിസന്ധിയെ വലിയൊരളവിൽ മറികടക്കാൻ കഴിയുമായിരുന്നു.**

2020 മേയ് 8ന്റെ എഡിറ്റോറിയലിൽ ദ് ഹിന്ദു ഇപ്രകാരം എഴുതി: ലോക്ക് ഡൗൺ ആവശ്യമായിരുന്നിരിക്കാം. എന്നാൽ അത് പര്യാപ്തമല്ല. വൈറസിന്റെ വ്യാപനത്തെ ഗണനീയമായ നിലയിൽ പിടിച്ചുകെട്ടിയ രാജ്യങ്ങൾക്കിടയിലെ പൊതുമുദ്രാവാക്യം വ്യാപനത്തിന്റെ മധ്യേയുള്ള ടെസ്റ്റിംഗും സമ്പർക്കത്തിൽ വന്നവരെ കണ്ടെത്തലുമാണ്. കേവലം സമൂഹപരിശോധനയിലൂടെയും നിരീക്ഷണത്തിലൂടെയുമാണ് തെക്കൻ കൊറിയ പോലുള്ള രാജ്യങ്ങൾക്ക് ഗ്രാഫിനെ ഋജുവാക്കാൻ (flattening the curve) കഴിഞ്ഞത്. രാജ്യത്തിന് അനിശ്ചിതമായി അതിന്റെ പ്രവർത്തനങ്ങൾ ലോക്ക് ഡൗൺ ചെയ്യുന്നത് താങ്ങാനാവില്ല. ടെസ്റ്റുകൾ പരമാവധി ഊർജ്ജിതമാക്കുക, പൊതുജനാരോഗ്യ സംവിധാനത്തിന്റെ അടിസ്ഥാന ഘടനയെ ശക്തിപ്പെടുത്തുക, രോഗബാധയ്ക്കും ആഘാതത്തിനുമിരയാകുന്നവരെ സംരക്ഷിക്കുക ഇവയാണ് ഇൻഡ്യയ്ക്കു മുമ്പിലുള്ള ഏറ്റവും അനുയോജ്യമായ പാത. ഈ രാജ്യത്തെ മാധ്യമങ്ങളും ആരോഗ്യവിദഗ്ധരും ഒരുപോലെ ആവശ്യപ്പെടുന്നത് രണ്ടു കാര്യങ്ങളാണ്. ടെസ്റ്റുകളുടെ എണ്ണം പര



പഞ്ചാബിലെ അമൃത്സറിൽ നാട്ടിലേക്ക് മടങ്ങാനായി ശ്രമിക് ട്രെയിൻ രജിസ്ട്രേഷൻ ലഭിക്കാതിരുന്ന വനിതാ തൊഴിലാളികൾ പ്രതിഷേധവുമായി രംഗത്തെത്തിയപ്പോൾ

മാവധി വർദ്ധിപ്പിക്കുക, ആരോഗ്യപ്രവർത്തകർക്ക് മതിയായ സുരക്ഷാ ഉപകരണങ്ങൾ നൽകുക. ഈ അടിസ്ഥാന ആവശ്യകതകളുടെ രംഗത്ത് സമയോചിതമായ നടപടികൾ സ്വീകരിക്കുന്നതിൽ കേന്ദ്രസർക്കാർ പരാജയപ്പെട്ടുവെന്ന് വസ്തുതകൾ തെളിയിക്കുന്നു.

## കള്ളക്കണക്കുകൾ നിരത്തി സർക്കാർ പരാജയം മറയ്ക്കുന്നു

രോഗത്തെ പ്രതിരോധിക്കുന്ന ദൗത്യത്തിൽ വിജയമാണെന്ന സ്ഥാപിക്കാൻ വ്യത്യസ്ത കണക്കുകൾ ദിനംപ്രതി പുറത്തുവിട്ട് മുഖം രക്ഷിക്കാൻ ശ്രമിക്കുകയാണ് സർക്കാർ. ആദ്യഘട്ടത്തിൽ രോഗികളുടെ എണ്ണം ഇരട്ടിയാകാനെടുക്കുന്ന ദിവസങ്ങളുടെ ദൈർഘ്യം വർദ്ധിക്കുകയാണെന്നായിരുന്നു സർക്കാരിന്റെ അവകാശവാദം. പിന്നീട്, അതിനെക്കുറിച്ച് അവതരിപ്പിക്കാനേ ആവാത്തവിധം കാര്യങ്ങൾ കൈവിട്ടു. ഇപ്പോൾ രോഗം ഭേദമാകുന്നവരുടെ ശതമാനമാണ് അവതരിപ്പിക്കുന്നത്. (ഇൻഡ്യയുടെ റിക്കവറി റേറ്റ് 41.55 ശതമാനമാണ്) അക്കാര്യത്തിലും അവകാശവാദത്തിന് യഥാർത്ഥത്തിൽ നിലനിൽപ്പില്ല. ആദ്യമായി കോവിഡ് പ്രതിസന്ധിയെ അഭിമുഖീകരിച്ച ചൈനയുടെ റിക്കവറി റേറ്റ് 95.6 ശതമാനമാണെന്ന് ഓർക്കുക. റിക്കവറി റേറ്റിന്റെ കാര്യത്തിൽ അമേരിക്കയും ഫ്രാൻസുമൊഴികെ ഏതാണ്ട് എല്ലാ രാജ്യങ്ങളും 60 ശതമാനത്തിനു മുകളിലുള്ള നിലയാണ് കാണിക്കുന്നത്. ഹോട്ട് സ്പോട്ടുകളുടെ എണ്ണം കുറയുന്നു, രോഗബാധിത ജില്ലകളുടെ എണ്ണം കുറയുന്നു തുടങ്ങിയ കണക്കുകൾ ഇപ്പോൾ

**ലോക് ഡൗൺ കാലത്ത് ഒഴിഞ്ഞു കിടന്നിരുന്ന വിദ്യാഭ്യാസസ്ഥാപനങ്ങളും ഹാളുകളും ആരാധനാലയങ്ങളും പാർപ്പിടസൗകര്യങ്ങളും ഉപയോഗപ്പെടുത്തി ഇൻഡ്യയുടെ അതിബൃഹത്തായ സൈനികശക്തിയുടെ സഹായത്തോടെ നിർദ്ധനരായ കുടിയേറ്റത്തൊഴിലാളികൾക്ക് സാധാരണ മനുഷ്യജീവിതം ഉറപ്പാക്കാൻ സർക്കാർ തുനിഞ്ഞില്ല എന്നത് പിടിപ്പുകേടിനെ മാത്രമല്ല കേന്ദ്രസർക്കാരിന്റെ മനുഷ്യത്വരാഹിത്യത്തെയും വെളിവാക്കുന്നു.**

നിരത്തുന്നില്ല; കാരണം അതെല്ലാം ഇപ്പോൾ അന്തമില്ലാതെ വർദ്ധിക്കുകയാണ്. അതതുസമയത്തെ അനുകൂലമായ ചില കണക്കുകൾ എടുത്തുകാട്ടി, മികവുറ്റ പ്രതിരോധപ്രവർത്തനമാണ് നടത്തുന്നതെന്ന് സ്ഥാപിക്കാൻ ദയനീയമായി ശ്രമിക്കുകയാണ് കേന്ദ്രസർക്കാർ.

യഥാർത്ഥത്തിൽ, ലോക്ക് ഡൗൺ പ്രഖ്യാപിക്കുന്നതിനുമുമ്പ് സാവകാശം വർദ്ധിക്കാൻ തുടങ്ങിയ രോഗികളുടെ എണ്ണം, നാലാം ഘട്ടം ലോക്ക് ഡൗൺ അവസാനിക്കാറാകുമ്പോൾ പ്രതിദിനം 6000 രോഗികളെന്ന നിലയിൽ കുത്തനെ ഉയരുകയാണ്. കഴിഞ്ഞ ഏപ്രിൽ 24ന് കേന്ദ്ര ആരോഗ്യമന്ത്രാലയത്തിന്റെ വിലയിരുത്തൽ യോഗത്തിൽ കോവിഡ് മാനേജ്മെന്റിനായുള്ള എംപവേഡ് കമ്മിറ്റി ഒന്നാം ഗ്രൂപ്പിന്റെ തലവൻ ഡോ.വി.കെ.പോൾ മെയ് 16 ആകുമ്പോൾ ഇൻഡ്യയിൽ കോവിഡ് കേസുകൾ പൂജ്യമാകുമെന്ന് ഗ്രാഫ് വരച്ചുകാട്ടി സ്ഥാപിച്ചിരുന്നു. എന്നാൽ ഇതേ മെയ് 16നായിരുന്നു ഇൻഡ്യയിൽ അന്നുവരെയുള്ളതിൽ വച്ചേറ്റവും ഉയർന്ന എണ്ണം കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടത്. സർക്കാർ നടത്തുന്ന പ്രചാരണത്തിന്റെ ആധികാരികതയും സത്യസ്ഥിതിയും മനസ്സിലാക്കാൻ ഈയൊരൊറ്റ ഉദാഹരണം മതിയാകും.

ലോകത്ത് ഏറ്റവും കുറഞ്ഞ മരണനിരക്കുള്ളത് (2.9 ശതമാനം) ഇൻഡ്യയിലാണെന്ന വസ്തുതാവിരുദ്ധമായ

അവകാശവാദം മേയ് 27ന്റെ പത്രങ്ങളിൽ സർക്കാരിന്റെ അറിയിപ്പായി അച്ചടിച്ചിട്ടുണ്ട്. യഥാർത്ഥത്തിൽ ഇൻഡ്യയെക്കാൾ മരണനിരക്ക് കുറവുള്ള 49 രാജ്യങ്ങൾ ലോകത്തുണ്ട്. മൂന്നര ലക്ഷം രോഗബാധിതരുള്ള റഷ്യയിൽ 1.02 ശതമാനം മാത്രമാണ് മരണനിരക്ക്. ഇൻഡ്യയുടെ മരണനിരക്കിനേക്കാൾ കുറവാണ് അയൽരാജ്യങ്ങളായ പാക്കിസ്ഥാനിലും(2.07 ശതമാനം) ബംഗ്ലാദേശിലും (1.41 ശതമാനം) ശ്രീലങ്കയിലും (0.85 ശതമാനം). ഉയർന്ന നിലയിൽ രോഗബാധയുണ്ടായിട്ടുള്ള മറ്റൊരു ഏഷ്യൻ രാജ്യമായ സൗദി അറേബ്യയിൽ മരണനിരക്ക് 0.53 ശതമാനം മാത്രമാണ്. മരണനിരക്കിന്റെ കാര്യത്തിലും യാഥാർത്ഥ്യത്തിന് നിരക്കാത്ത അവകാശവാദങ്ങൾ അവതരിപ്പിക്കുകയാണ് സർക്കാർ. യഥാർത്ഥത്തിൽ ഇൻഡ്യയുടെ മരണനിരക്ക് ആശ്വാസത്തിനു വക നൽകുന്ന കാര്യം തന്നെയാണ്. അതോടൊപ്പം തന്നെ നാം മനസ്സിലാക്കേണ്ടുന്ന വസ്തുത കോവിഡിന്റെ ഔദ്യോഗിക മരണനിരക്ക് മൂന്നു ശതമാനത്തിനും ആറു ശതമാനത്തിനുമിടയിലാണ് എന്നതാണ്. മരണനിരക്കിനെ സ്വാധീനിക്കുന്ന ഘടകങ്ങൾ രാജ്യങ്ങളിൽ നിന്നു രാജ്യങ്ങളിൽ വ്യത്യസ്തമായിരിക്കും. വൃദ്ധർ രോഗബാധിതരായാൽ മരണനിരക്ക് വളരെ ഉയരുമെന്ന് ഇറ്റലിയും സ്പെയിനും തെളിയിച്ചുകഴിഞ്ഞു. ആയതിനാൽ മരണനിരക്കിനെ മാത്രം അടിസ്ഥാനപ്പെടുത്തി ഒരു രാജ്യത്തിന്റെ മികവിനെയോ പരാജയത്തെയോ വിലയിരുത്താനാവില്ല.

രോഗപ്രതിരോധത്തിന്റെ രംഗത്ത് ഏറ്റവും പ്രധാനമായ ടെസ്റ്റിംഗിന്റെ കാര്യത്തിൽ രാജ്യത്തിന്റെ സ്ഥാനമെന്തെന്നു നമ്മൾ ചർച്ച ചെയ്തു. ആരോഗ്യപ്രവർത്തകർക്ക് സുരക്ഷാ ഉപകരണങ്ങളുടെ ലഭ്യത ഉറപ്പാക്കുകയെന്ന പരമപ്രധാനമായ കടമയുടെ നിർവ്വഹണത്തിലും സർക്കാർ പരാജയപ്പെടുകയാണുണ്ടായത്. വിതരണം ചെയ്യുന്ന സുരക്ഷാ ഉപകരണങ്ങളുടെ എണ്ണത്തിന്റെ കണക്ക് അവതരിപ്പിക്കുന്നതുകൊണ്ടു മാത്രം ഈ രംഗത്ത് നേട്ടം സൃഷ്ടിച്ചുവെന്ന് പറയാനാവില്ല. രാജ്യത്തിന്റെ ആകെ ആവശ്യകത എത്രയാണെന്നും അതിന്റെ എത്ര ശതമാനം വിതരണം ചെയ്യാൻ കഴിഞ്ഞുവെന്നുമാണ് ജനങ്ങളോട് പറയേണ്ടുന്നത്. 'മൂലധനനിക്ഷേപ സാധ്യതകൾ പഠിക്കുന്ന സർക്കാതിര സ്ഥാപനം തയ്യാറാക്കിയ Invest

**കേന്ദ്രസർക്കാർ ആദ്യം പ്രഖ്യാപിച്ച 1.7 ലക്ഷം കോടിയിൽ സാധാരണജനങ്ങൾക്കായി നീക്കി വച്ച തുഛമായ തുകയെ രാജ്യത്തെ പ്രമുഖ പത്രപ്രവർത്തകൻ പി.സായ്നാഥ് വിശേഷിപ്പിച്ചത് 'അശ്ലീല' മെന്നാണ്. ജൻധൻ അക്കൗണ്ടുള്ള സ്ത്രീകൾക്ക് പ്രതിമാസം 500 രൂപാ വീതം 3 മാസത്തേക്ക്, തൊഴിലുറപ്പ് പദ്ധതിയിൽ പണിയെടുക്കുന്നവർക്ക് പ്രതിമാസം 20 രൂപയുടെവർദ്ധനവ്, എല്ലാവർക്കും 5 കിലോ അരിയും 1 കിലോ ധാന്യവും ഇതായിരുന്നു പ്രഖ്യാപനം.**

India Report പ്രകാരം ഇൻഡ്യയ്ക്ക് ഏറ്റവും കുറഞ്ഞത് ഉയർന്ന ഇനം 38 ദശലക്ഷം മാസ്കും 62 ലക്ഷം പിപിഇ കിറ്റും ഉടൻ വേണം' *(റോയ്ട്ടേഴ്സ്- ഏപ്രിൽ 16)* ഇത് ആധികാരികമാണെങ്കിൽ, ഈ സംഖ്യയുടെ എത്ര ശതമാനം സർക്കാർ വിതരണം ചെയ്തിട്ടുണ്ടാകുമെന്ന് അറിയാൻ കഴിഞ്ഞാൽ ഈ രംഗത്ത് നേട്ടം കൈവരിക്കാനായോ എന്ന് സ്ഥിരീകരിക്കാൻ കഴിയും. കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന്റെ ജോയ്ന്റ് സെക്രട്ടറി ലവ് അഗർവാൾ ഏപ്രിൽ 9ന്, 'പിപിഇ കിറ്റിന്റെ ഉൽപ്പാദനത്തിനായി തദ്ദേശീയമായ 20 കമ്പനികളെ ബന്ധപ്പെട്ടിട്ടുണ്ട്. 1.7 കോടി പിപിഇ കിറ്റിന് ഓർഡർ നൽകി. ആരോഗ്യപ്രവർത്തകർക്ക് എല്ലാം പിപിഇ കിറ്റ് വേണമെന്ന ഒരു ഭയം ജനിച്ചിട്ടുണ്ട്. എല്ലാവർക്കും സുരക്ഷാ ഉപകരണങ്ങൾ വേണമെന്നില്ല. അവ യുക്തിഭദ്രമായി ഉപയോഗിക്കണം. ഒരു ദിവസത്തേക്ക് N95 മാസ്ക് ഒരെണ്ണം മതി..'*(എൻഡി റ്റിവി, ഏപ്രിൽ 9) എന്ന് പ്രസ്താവിച്ചിരുന്നു.* ഈ പ്രസ്താവനയുടെ സൂചനയെന്താണ്? സുരക്ഷാ ഉപകരണങ്ങൾക്ക് ദൗർലഭ്യം നേരിടുന്നു എന്നതന്നെയാണ് ഇത് വ്യക്തമാക്കുന്നത്. ആരോഗ്യപ്രവർത്തകർ ആവശ്യപ്പെടുന്ന എണ്ണം സുരക്ഷാ ഉപകരണങ്ങൾ ലഭ്യമല്ല എന്നതിനാലാണ് ബ്യൂറോക്രാറ്റ് മാത്രമായ ഒരാൾ പിപിഇ എല്ലാവരും ഉപയോഗിക്കേണ്ടതില്ല എന്ന് ഉപദേശിക്കുന്നത്. ഈ പ്രസ്താവന ഗൗരവതരമായ മറ്റൊരു കാര്യം കൂടെ വെളിവാക്കുന്നു. ഒന്നാം ലോക്ക് ഡൗൺ അവസാനിക്കാൻ വെറും 5 ദിവസം അവശേഷിക്കുമ്പോൾ മാത്രമാണ് 20 തദ്ദേശീയ ഉൽപ്പാദകരെ ബന്ധപ്പെട്ടിട്ടുള്ളത്. തദ്ദേശീയ ഉൽപ്പാദക ഉറവിടങ്ങളിൽ നിന്നു സുരക്ഷാ ഉപകരണ

സാമൂഹിക വ്യാപനം പ്രതിസന്ധിയിലാഴ്ത്തിയ മുംബൈ നഗരത്തിൽ മുഖാവരണം ധരിച്ച് പുറത്തിറങ്ങിയ അമ്മയും കുഞ്ഞും



ങ്ങൾ ലഭിച്ചുതുടങ്ങിയിട്ടില്ല! 1.7 കോടി പിപിഇക്ക് ഓർഡർ നൽകിയിട്ടേയുള്ളൂ. അതും എത്തിയിട്ടില്ല! രാജ്യത്തിന്റെ പല ഭാഗത്തും സുരക്ഷാഉപകരണങ്ങൾക്കുവേണ്ടി ഡോക്ടർമാരുൾപ്പടെ ആരോഗ്യപ്രവർത്തകർ നെട്ടോട്ടമോടുകയായിരുന്നു. ചില ആശുപത്രികളുടെ മുമ്പിൽ ആരോഗ്യപ്രവർത്തകർ സുരക്ഷാഉപകരണങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് സമരം നടത്തേണ്ടിവരികപോലുമുണ്ടായി.

മേയ് രണ്ടാം വാരം രാജ്യത്തുടനീളം കാണുന്ന ദൃശ്യം ഡോക്ടർമാരുൾപ്പടെയുള്ള ആരോഗ്യപ്രവർത്തകർക്ക് കോവിഡ് രോഗം സ്ഥിരീകരിച്ചിരിക്കുന്നുവെന്നതായിരുന്നു. ദില്ലിയിൽ മാത്രം വ്യത്യസ്ത ആശുപത്രികളിലെ നിരവധി ഡോക്ടർമാരുൾപ്പടെ 350ഓളം ആരോഗ്യപ്രവർത്തകർ മഹാവ്യാധി പിടിപെട്ട് ചികിൽസയിലാണ്. ദില്ലി സർക്കാരിന്റെ ഡോ.ബാബാ സാഹിബ് അംബേദ്കർ ആശുപത്രിയിലെ നിരവധി ഡോക്ടർമാരുൾപ്പടെ 106 ആരോഗ്യപ്രവർത്തകർ രോഗബാധിതരായി. ജഹാംഗീർപുരിയിലെ ബാബു ജഗജീവൻ റാം മെമ്മോറിയൽ ആശുപത്രിയിലെ 74 പേർ, മാക്സ് സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയിലെ 33 പേർ, ലേഡി ഹാർഡിംഗ് മെഡിക്കൽ കോളേജിലെ 12 പേർ, ദില്ലി സ്റ്റേറ്റ് കാൻസർ ഇൻസ്റ്റിറ്റ്യൂട്ടിലെ 25 പേർ എന്നിങ്ങനെ രോഗബാധിതരുടെ എണ്ണത്തിന്റെ ലിസ്റ്റ് നീളുകയാണ്. ഈ ആശുപത്രികളിലെ നൂറുകണക്കിന് മറ്റു ജീവനക്കാർക്ക് ക്വാറന്റൈനിൽ പോകേണ്ടിയും വന്നു. ഇവയിൽ ഏറിയ പങ്കും സർക്കാർ ആശുപത്രികളാണ്, പലതും കൊറോണ ചികിൽസ നടത്തുന്ന ആതുരാലയങ്ങളുമാണ്. രോഗബാധയെത്തുടർന്ന് ഏതാനും ചില ആശുപത്രികളുടെ പ്രവർത്തനം നിർത്തിവയ്ക്കേണ്ടിയുംവന്നു.

ദില്ലിയിലെയും രാജ്യത്തെയും അതിസങ്കീർണ്ണമായ രോഗബാധയുടെ നിർണ്ണായക സാഹചര്യത്തിൽ ഇത്രയുമധികം ആരോഗ്യപ്രവർത്തകർ സേവനരംഗത്തുനിന്ന് വിട്ടുനിൽക്കാൻ ഇടയാക്കിയതിൽ മറ്റുള്ളവയോടൊപ്പമോ അതിലുമേറെയോ കാരണമായിട്ടുള്ളത് സുരക്ഷാഉപകരണങ്ങളുടെ അഭാവമാണ്. ഈ സാഹചര്യം ചികിൽസാ സംവിധാനത്തിന്റെമേൽ സൃഷ്ടിക്കുന്ന സമ്മർദ്ദം വളരെവലുതാണ്. കാര്യങ്ങൾ കൈവിട്ടുപോകുന്നതിൽ ഇക്കാരണങ്ങളെല്ലാം ഗൗരവതരമായ പങ്കുവഹിക്കുന്നു. ചികിൽസ ഉറപ്പാക്കാൻ രാജ്യം മുഴുവൻ ആരോഗ്യപ്രവർത്തകർ ഉറക്കമൊഴിഞ്ഞ് കഠിനാദ്ധ്വാനം ചെയ്യുമ്പോൾ സംരക്ഷിക്കാൻ ഒരു പഴുതുമില്ലാത്ത നടപടികൾ സ്വീകരിക്കുന്നതിൽ പരാജയപ്പെട്ട സർക്കാരാണ് അവരുടെ തലയ്ക്കുമുകളിൽ പുഷ്പവൃഷ്ടി നടത്താൻ കോടികൾ ചെലവഴിക്കുന്നത്. സുരക്ഷാ ഉപകരണങ്ങൾ ലഭ്യമല്ലാത്തതിനാൽ ചില ഡോക്ടർമാർ മഴക്കോട്ടും ഹെൽമറ്റും ബദലായി ഉപോയഗിക്കുന്നുവെന്ന വാർത്ത നിരവധി അന്തർദ്ദേശീയ മാധ്യമങ്ങളിൽ ചിത്രങ്ങൾ സഹിതം വരികയുണ്ടായി. ബീഹാർ സംസ്ഥാനം 5 ലക്ഷം പിപിഇ കിറ്റുകൾ ആവശ്യപ്പെട്ടിട്ട് ലഭിച്ചത് വെറും 4000 എണ്ണം മാത്രമെന്ന റിപ്പോർട്ടും പുറത്തുവന്നത് ഏപ്രിൽ ഒമ്പതിനാണ്. മുംബൈയിൽ 1300 പോലീസുകാർക്ക് ഡ്യൂട്ടിക്കിടയിൽ രോഗബാധയുണ്ടായിരിക്കുന്നു. മതിയായ മുൻകരുതലുകൾ ലഭ്യമാക്കാതെയും വേണ്ടത്ര ധാരണ നൽകാതെയും പോലീസ് സേനയെ ഡ്യൂട്ടിക്ക് അയച്ചുകൊണ്ടു മാത്രമാണ് ഇത്രയുമധികം പേർക്ക് രോഗബാധയുണ്ടായത്.

നേരിടേണ്ടി വരുന്ന യുദ്ധ സമാനമായ സാഹചര്യത്തിന്റെ മുഴുവൻ ഗൗരവവും മുൻകൂട്ടി ഉൾക്കൊണ്ട് മികവാർന്ന പ്രൊഫഷനൽ വൈഭവത്തോടെ ഫെബ്രുവരിയിൽത്തന്നെ വൻതോതിൽ ടെസ്റ്റ് കിറ്റുകളും സുരക്ഷാ ഉപകരണങ്ങളും വെന്റിലേറ്ററുകളും സമാഹരിക്കാനും പൊതുജനാരോഗ്യസംവിധാനത്തെ അടിമുടി സജ്ജീകരിക്കാനും കഴിഞ്ഞിരുന്നെങ്കിൽ ഇന്ന് നമ്മുടെ രാഷ്ട്രം നേരിടുന്ന പ്രതിസന്ധിയെ വലിയൊരളവിൽ മറികടക്കാൻ കഴിയുമായിരുന്നു. സർക്കാരിന്റെ പൂർണ്ണ സജ്ജമായ ഒരു സംവിധാനത്തിന്റെ പിൻബലം തങ്ങൾക്കുണ്ടെന്ന് ബോധ്യമായാൽ അത് ആരോഗ്യപ്രവർത്തകർക്കു നൽകുന്ന ആത്മവിശ്വാസം വളരെ വലുതാകുമായിരുന്നു. ലോകാരോഗ്യ സം

**മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി രാജ്യത്തു നിലനിൽക്കുമ്പോൾ ത്തന്നെ ലക്ഷോപലക്ഷം തൊഴിലാളികൾ ഈ പദ്ധതിയുടെ ഭാഗമാകാതെ നഗരങ്ങളിലേക്ക് തൊഴിൽ തേടി പലായനം ചെയ്യുതിന്റെ ഒരേയൊരു കാരണം ഈ പദ്ധതിപ്രകാരം ലഭിക്കുന്ന കൂലി പരമതുഛമാണെന്നതും കൂലി വളരെ വൈകിയേ ലഭിക്കൂ എന്നതും തൊഴിൽ ഉറപ്പില്ല എന്നതുമാണ്.**



നാട്ടിലേക്ക് മടങ്ങാൻ സൗകര്യങ്ങളൊരുക്കണമെന്നാവശ്യപ്പെട്ട് സൂറത്തിൽ പ്രതിഷേധിച്ച കുടിയേറ്റ തൊഴിലാളികളെ കൈകാര്യം ചെയ്യുന്ന ഗുജറാത്ത് പോലീസ്

ഘടന ആരോഗ്യ അടിയന്തരാവസ്ഥ പ്രഖ്യാപിച്ചത് ജനവരി 30നാണ്. ഫെബ്രുവരി പതിനൊന്നിന് വീണ്ടും മുന്നറിയിപ്പ് നൽകി. എന്നാൽ കേന്ദ്രസർക്കാർ ഡൊണാൾഡ് ട്രംപിനെ സ്വീകരിക്കുന്നതിന്റെയും മധ്യപ്രദേശിൽ കോൺഗ്രസ്സ് സർക്കാരിനെ അട്ടിമറിയ്ക്കുന്നതിന്റെയും ഗുജറാത്തിൽ രാജ്യസഭാ തെരഞ്ഞെടുപ്പിനു വേണ്ടി കുറുമാറ്റം സംഘടിപ്പിക്കുന്നതിന്റെയും തിരക്കിലായിരുന്നു. ഫെബ്രുവരിയിലും മാർച്ചിലും കാര്യമായി പ്രായോഗിക തലത്തിൽ ഒന്നും ചെയ്തില്ല. ചില മന്ത്രിതല യോഗങ്ങളും സർക്കാർ ഉത്തരവുകളും ജനതാ കർഫ്യൂവും ലോക്ക് ഡൗണുമല്ലാതെ. മെയ് മൂന്നാം വാരത്തോടെ ടെസ്റ്റുകളുടെ എണ്ണം പ്രതിദിനം 1 ലക്ഷത്തിലെത്തിയത് നേട്ടമാണെങ്കിലും അപ്പോഴേക്കും കാര്യങ്ങൾ നിയന്ത്രണം വിട്ടിരുന്നു. എന്തുകൊണ്ടാണ് മാർച്ചുമാസത്തിൽത്തന്നെ ധാരാവിയിൽ പൂൾ ടെസ്റ്റും റാൻഡം ടെസ്റ്റുമുൾപ്പടെ വൻതോതിൽ ടെസ്റ്റുകൾ നടത്താൻ സർക്കാരിനു കഴിയാതെപോയത്? ഇന്ന് മുംബൈ രോഗബാധയുടെ ഭീതി കേന്ദ്രമായി മാറിയതിൽ ധാരാവി വലിയൊരു പങ്കുവഹിക്കുന്നു.

## മഹാവ്യാധി സൃഷ്ടിച്ച മനുഷ്യദുരന്തത്തെ നേരിടുന്നതിൽ കേന്ദ്രസർക്കാർ പൂർണ്ണമായും പരാജയപ്പെട്ടു

ഭരണനിർവ്വഹണ രംഗത്തെ കാര്യശേഷി ശരാശരി നിലവാരത്തിൽ നിലനിർത്തിയാൽപ്പോലും ഇപ്രകാരമൊരു പ്രതിസന്ധിയെ നേരിടാനാവില്ല എന്നിരിക്കെയാണ് കേന്ദ്രസർക്കാർ അതിലും താഴേക്കുപോയിരിക്കുന്നത്. ഓരോ മിനിറ്റും ഓരോ മണിക്കൂറും നിർണ്ണായകമായ യുദ്ധമാണിത്. രോഗവ്യാപനത്തിന്റെ തോത് അത്രയുമേറെ വേഗതയിലുള്ളതാണ്. ഓരോ നടപടിയും വസ്തുനിഷ്ഠമായ പരിശോധനയ്ക്കും കാര്യാലോചനയ്ക്കും വിധേയമാക്കേണ്ടതുണ്ട്. ഒരു വിധ പശ്ചാത്തലവുമൊരുക്കാതെ, ഒരു തയ്യാറെടുപ്പുമില്ലാതെയാണ് ഒന്നാം ലോക്ക് ഡൗൺ പ്രഖ്യാപിച്ചതെന്ന് രാജ്യത്തെ മാധ്യമങ്ങളും ആരോഗ്യ-സാമ്പത്തിക വിദഗ്ധരും ഒരു പോലെ അഭിപ്രായപ്പെടുന്നു. സർക്കാരിന്റെ കുഴലൂത്തുകാർക്കും നീതി ആയോഗ് പോലുള്ള ഏജൻസികൾക്കുമല്ലാതെ മറ്റാർക്കും വ്യത്യസ്തമായ അഭിപ്രായമില്ല. കോവിഡ് പ്രതിരോധ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാൻ സഹജ



ഡൽഹി ബോർഡറിൽ ബസ്സിനായി അലയുന്ന കുടിയേറ്റ തൊഴിലാളികൾ

മായിത്തന്നെ ഒരു ഭൗതികസാഹചര്യവുമില്ലാത്ത, പരമദരിദ്രരായ, രോഗവാഹകരും അല്ലാത്തവരുമായ ലക്ഷക്കണക്കിന് കുടിയേറ്റത്തൊഴിലാളികൾ കഴിഞ്ഞ 60 ദിവസമായി തെരുവുകളിലും ട്രക്കുകളിലും ബസ്സുകളിലുമാണ്. രോഗവ്യാപനത്തിന്റെ തോതിനെ വൻതോതിൽ ഉയർത്താൻ സാധ്യതയുള്ള ഈ സ്ഥിതിവിശേഷം സർക്കാരിന്റെ ആസൂത്രണമില്ലായ്മയുടെയും സർവ്വോപരി മനുഷ്യത്വരാഹിത്യത്തിന്റെയും സൃഷ്ടിയാണ്. സർക്കാരിന്റെ കണക്കിൽ 8 കോടി വരുന്ന ഈ പട്ടിണിപ്പാവങ്ങളെ ഒന്നുകിൽ അവരുടെ ഗ്രാമങ്ങളിലെത്തിക്കാൻ ലോക്ക് ഡൗൺ പ്രഖ്യാപിക്കുന്നതിനുമുമ്പുതന്നെ നടപടികൾ സ്വീകരിക്കണമായിരുന്നു.

**ലോകാരോഗ്യ സംഘടന ആവർത്തിച്ചാവർത്തിച്ച് മുന്നറിയിപ് നൽകുമ്പോഴും അത് വകവയ്ക്കാതെ ഡൊണാൾഡ് ട്രംപിനെ സ്വീകരിക്കുന്നതിന്റെയും മധ്യപ്രദേശിൽ കോൺഗ്രസ്സ് സർക്കാരിനെ അട്ടിമറിയ്ക്കുന്നതിന്റെയും ഗുജറാത്തിൽ രാജ്യസഭാ തെരഞ്ഞെടുപ്പിനു വേണ്ടി കുറുമാറ്റം സംഘടിപ്പിക്കുന്നതിന്റെയും തിരക്കിലായിരുന്നു കേന്ദ്രസർക്കാർ.**

അല്ലെങ്കിൽ ഭക്ഷണവും കുടിവെള്ളവും പണവും പാർപ്പിടവും ആരോഗ്യപരിരക്ഷയും നൽകി സുരക്ഷിതമായി കഴിഞ്ഞുകൂടാൻ മനുഷ്യോചിതമായ സംവിധാനം ഒരുക്കണമായിരുന്നു. പതിനായിരക്കണക്കിനു വിദ്യാഭ്യാസസ്ഥാപനങ്ങളും ആയിരക്കണക്കിനു ഹാളുകളും പാർപ്പിടസൗകര്യങ്ങളും ആരാധനാലയങ്ങളും ലോക്ക് ഡൗൺ കാലത്തു ഒഴിഞ്ഞുകിടക്കുകയായിരുന്നു. ഇവയെല്ലാം ഉപയോഗപ്പെടുത്തി ഇൻഡ്യയുടെ അതിബൃഹത്തായ സൈനികശക്തിയുടെ സഹായത്തോടെ നിർദ്ധനരായ കുടിയേറ്റത്തൊഴിലാളികൾക്ക് സാധാരണമനുഷ്യജീവിതം ഉറപ്പാക്കാൻ കഴിയുമായിരുന്നു. ഇക്കാര്യത്തിൽ കേന്ദ്രസർക്കാർ പൂർണ്ണമായും പരാജയപ്പെട്ടു.

ഇപ്പോൾ മഹാരാഷ്ട്രയിലും ഗുജറാത്തിലും രോഗം സാമൂഹ്യവ്യാപനത്തിന്റെ തലത്തിലേക്ക് എത്തിയപ്പോഴാണ് ശ്രമിക് സ്പെഷ്യൽ ട്രെയിനുകൾ ഏർപ്പെടുത്തി കുടിയേറ്റത്തൊഴിലാളികളെ അവരവരുടെ സംസ്ഥാനങ്ങളിലേക്ക് എത്തിക്കാൻ തീരുമാനിച്ചത്. രോഗവാഹകരാകാനുള്ള സാധ്യത പതിന്മടങ്ങ് ഉയർന്നതിനുശേഷം ഇവർ യാത്രചെയ്യുന്നതിനേക്കാൾ എത്രയോ അപകടരഹിതമായിരുന്നു ലോക്ക് ഡൗൺ പ്രഖ്യാപിക്കാതെ മാർച്ച് അവസാനവാരം ഇവരെ യാത്രചെയ്യാൻ അനുവദിച്ചിരുന്നെങ്കിൽ. അന്നാകട്ടെ സാധാരണ നി

ലയുള്ള ട്രെയിൻ സർവ്വീസുകൾ നില നിൽക്കുന്നുണ്ടായിരുന്നു. അവശ്യമെങ്കിൽ സ്പെഷ്യൽ ട്രെയിനുകളും ഓടിക്കാൻ കഴിയുമായിരുന്നു. ലോക്ക് ഡൗൺ പ്രഖ്യാപിച്ച് ഈ തൊഴിലാളികളെയും സാധാരണജനങ്ങളോടും അവരവർ കഴിയുന്നിടങ്ങളിൽ തുടരുക എന്നാവശ്യപ്പെട്ടപ്പോൾ എത്ര ദിനങ്ങളിലേക്ക അതു വേണ്ടിവരുമെന്ന് സർക്കാർ ചിന്തിച്ചിരുന്നോ? ഏറിയാൽ ഒരാഴ്ച മാത്രം പിടിച്ചുനിൽക്കാനുള്ള സാമ്പത്തികഭദ്രതയേ ഈ തൊഴിലാളികൾക്കുള്ളൂ എന്ന് മനസ്സിലാക്കാൻ സർക്കാരിനു കഴിയാതെ പോയതെന്തുകൊണ്ടാണ്? ഈ പട്ടിണിപ്പാവങ്ങൾക്ക് രണ്ടു മാസം പിടിച്ചുനിൽക്കാൻ കഴിയുമെന്നും അതിനുശേഷം കോവിഡ് ബാധ കുറയുമെന്നും അപ്പോൾ ഇവർക്ക് പണിയിൽ തിരികെപ്രവേശിക്കാൻ കഴിയുമെന്നാണോ സർക്കാർ കണക്കുകൂട്ടിയത്? 2 മാസത്തിനുള്ളിൽ രോഗത്തിന്റെ തോത് കുറയുമെന്ന് സർക്കാർ വിലയിരുത്തിയിട്ടുണ്ടെങ്കിൽ അറിവില്ലായ്മയുടെ ഒന്നാന്തരം ഉദാഹരണമായി അതിനെ കാണണം. അപ്രകാരം വിലയിരുത്തിയിട്ടില്ലെങ്കിൽ കുടിയേറ്റത്തൊഴിലാളികൾക്ക് അനിശ്ചിതമായി അവർ താമസിക്കുന്ന സ്ഥലങ്ങളിൽ തുടരാൻ കഴിയുമെന്ന നിഗമനത്തിലെത്തണം. അതാകട്ടെ യാഥാർത്ഥ്യബോധം തരിമ്പുമില്ലാത്ത നിഗമനമാണതാനും. ഇതെല്ലാം പരിഗണിക്കുമ്പോൾ വ്യക്തമാകുന്ന കാര്യം സർക്കാർ ഒന്നും ചിന്തിച്ചിരുന്നില്ല എന്നതന്നെയാണ്. തീർത്തും നിരുത്തരവാദപരമായാണ് സർക്കാർ ലോക്ക് ഡൗൺ പ്രഖ്യാപിച്ചതെന്ന് ഇത് വ്യക്തമാക്കുന്നു.

നിരന്തരമായ അഭ്യർത്ഥനയെത്തുടർന്ന് ഒടുവിൽ ശ്രമിക് ട്രെയിൻ ഏർപ്പെടുത്തിയപ്പോൾ അതിൽ കയറിപ്പറ്റണമെങ്കിൽ കുടിയേറ്റത്തൊഴിലാളികൾ ടിക്കറ്റ് ചാർജ്ജ് ഒടുക്കണമെന്ന വാർത്ത കേട്ട് രാജ്യം അക്ഷരാർത്ഥത്തിൽ ഹൃദയമുരുകുകയും പ്രതിഷേധിക്കുകയും ചെയ്തു. പ്രസ്തുത തീരുമാനം പിൻവലിക്കാൻ ഈ നിമിഷം വരെയും റെയിൽവേയോ സർക്കാരോ തയ്യാറായിട്ടില്ല.

## കുടിയേറ്റത്തൊഴിലാളികളെയും തൊഴിൽ നഷ്ടപ്പെട്ടവരെയും പൂർണ്ണമായും കൈവെടിഞ്ഞ ഉത്തേജക പാക്കേജ്

പ്രധാനമന്ത്രിയുടെ പ്രസംഗത്തിൽ പ്രഖ്യാപിച്ച 20 ലക്ഷം കോടി രൂപയുടെ ഉത്തേജക പാക്കേജ് ധനമന്ത്രി നിർമ്മലാ സീതാരാമൻ മേയ് 14 മുതൽ 5 ഘട്ടമായാണ് വിശദീകരിച്ചത്. ആദ്യം പ്രഖ്യാപിച്ച (മാർച്ച് 26) പാക്കേജിന്റെ 1.7 ലക്ഷം കോടിയുടെ തുക കൂടി ഉൾപ്പെടുത്തിക്കൊണ്ടാണ് 20.9 ലക്ഷം കോടി തികച്ചിട്ടുള്ളത്. ഈ തുക ഇൻഡ്യയുടെ ജി.ഡി.പിയുടെ 10 ശതമാനമാണെന്ന് ഗണിതപ്രകാരം ശരിയാണെങ്കിലും പ്രയോഗത്തിൽ കേന്ദ്രഖജനാവിൽ നിന്ന് ചെലവഴിക്കുന്നത് വെറും 2 ശതമാനം മാത്രമാണെന്ന് സാമ്പത്തികവിദഗ്ധരെല്ലാം ഒരുപോലെ ചൂണ്ടിക്കാട്ടുന്നു. അതുമാത്രവുമല്ല ലോക്ക് ഡൗൺ വഴി ഏറ്റവും തകർന്ന സാധാരണതൊഴിലാളികൾക്കും കുടിയേറ്റത്തൊഴിലാളികൾക്കും പട്ടിണിപ്പാവങ്ങൾക്കും നേരിട്ടുപ്രയോജനപ്പെടുന്നതായി വിദൂരമായെങ്കിലും പരിഗണിക്കാവുന്ന തുക ജിഡിപിയുടെ ഒരു ശതമാനം മാത്രമേ വരൂ എന്ന് നീക്കിവച്ചിട്ടുള്ള വിഹിതം പരിശോധിച്ചാൽ വ്യക്തമാകും. ആദ്യം പ്രഖ്യാപിച്ച 1.7 ലക്ഷം കോടിയിൽ സാധാരണജനങ്ങൾക്കായി നീക്കിവച്ച തുഛമായ തുകയെ ദേശീയ പ്രമുഖനായ പത്രപ്രവർത്തകൻ പി.സായ്നാഥ് വിശേഷിപ്പിച്ചത് 'അശ്ലീല'മെന്നാണ്. ജൻധൻ അക്കൗണ്ടുള്ള സ്ത്രീകൾക്ക് പ്രതിമാസം 500 രൂപാ(!) വീതം 3 മാസത്തേക്ക്, തൊഴിലുറപ്പ് പദ്ധതിയിൽ പണിയെടുക്കുന്നവർക്ക് പ്രതിമാസം 20 രൂപയുടെ(!) വർദ്ധനവ്, എല്ലാവർക്കും 5 കിലോ അരിയും 1 കിലോ ധാന്യവും ഇതായിരുന്നു പ്രഖ്യാപനം. നിലവിൽ ബജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള കിസാൻ യോജന പദ്ധതിയുടെ 2000 രൂപ മെയ് മാസത്തിൽ നൽകേണ്ടത് ഏപ്രിൽ മാസത്തിൽ നൽകും(ഇത് കോവിഡ് വ്യാധി സൃഷ്ടിച്ച സാമ്പത്തികത്തകർച്ചയെ പരിഗണിച്ചുള്ളതല്ല). വരുമാനത്തിന്റെ എല്ലാ ഉറവിടവും അടഞ്ഞുപോയ പാവപ്പെട്ട തൊഴിലാളികൾക്ക നൽകുന്ന സാമ്പത്തിക സഹായമാണ് മുകളിൽ സൂചിപ്പിച്ചിട്ടുള്ളത്. രാജ്യത്തെ 65 കോടി ദരിദ്രരിൽ (ലോകബാങ്കിന്റെ പുതിയ കണക്കുപ്രകാരം) എത്രപേർക്കാണ് ജൻധൻ അക്കൗണ്ടുള്ളത്? ഉള്ളവർക്ക് ലഭിക്കുന്ന 500 രൂപ തൊഴിലാളിയെ അപമാനിച്ചും പരിഹസിച്ചും നൽകുന്ന പിച്ചക്കാശു മാത്രമാണ്.

മാർച്ച് 14ന പ്രഖ്യാപിച്ച തുടങ്ങിയ

> **20 ലക്ഷം കോടിയുടെ ഉത്തേജക പാക്കേജിലെ സാമ്പത്തികപ്രഖ്യാപനങ്ങൾ മുഴുവൻ വായ്പാമേളയുടെ അറിയിപ്പുമാത്രമാണ്. ആകെ പ്രഖ്യാപിച്ചിട്ടുള്ള തുകയിൽ 8100 കോടി രൂപമാത്രമാണ് സർക്കാർ ഖജനാവിന് ബാധ്യതയായി വരുന്നത്. പണലഭ്യത ഉറപ്പാക്കാൻ നിർദ്ദേശിച്ചിരിക്കുന്നത് ബാങ്കുകളോടും ഇതര ധനകാര്യ സ്ഥാപനങ്ങളോടുമാണ്.**



കോവിഡ്-19 പടർന്നുപിടിക്കുന്ന ആഫ്രിക്കൻ വൻകരയിൽനിന്ന്. കെനിയൻ തലസ്ഥാനമായ നയ്റോബിയിൽ മുഖാവരണം ധരിച്ച ടാക്സി ഡ്രൈവർ



ഡൽഹിയിൽ ആരോഗ്യപ്രവർത്തകരുമായി അഭിമുഖം നടത്തുന്ന മാദ്ധ്യമപ്രവർത്തകർ

20 ലക്ഷം കോടിയുടെ ആത്മനിർഭർ ഭാരത് പാക്കേജിൽ തൊഴിൽ നഷ്ടപ്പെട്ടവർക്കും കുടിയേറ്റത്തൊഴിലാളിക്കും ഒരു ചില്ലിത്തുട്ടുപോലും നേരിട്ടുപണം നൽകുന്നതിനായി നീക്കിവച്ചില്ല. രാജ്യം മുഴുവൻ ഒറ്റക്കെട്ടായി ഉയർത്തിയ ആവശ്യം അതായിരുന്നു. മുഴുപ്പട്ടിണിക്കാർക്കുള്ള ആശ്വാസമെന്ന നിലയിൽ മാത്രമല്ല തകർന്നടിഞ്ഞ സാമ്പത്തികവ്യവസ്ഥയുടെ ചലനത്തിന് അത് അനിവാര്യമാണ് എന്നതിനാലുമാണ് ഈ ആവശ്യം ഉയർന്നുവന്നത്. ഏറ്റവും ന്യായമായ ഈ ആവശ്യം പരിഗണിക്കാൻ കേന്ദ്രസർക്കാർ തയ്യാറായതേയില്ല. 8 കോടി കുടിയേറ്റത്തൊഴിലാളികൾക്ക് 5 കിലോ അരിയും 1 കിലോ കടലയും 2 മാസത്തേക്കു നൽകുമെന്നതാണ് ആത്മനിർഭർ പദ്ധതിയിൽ വ്യക്തമാക്കിയിട്ടുള്ളത്. ഈ ഭക്ഷ്യവസ്തുക്കളുടെ മൂല്യം വെറും 250 രൂപയേ വരൂ. അതായത് 20.9 ലക്ഷം കോടി രൂപയിൽ ഒരു കുടിയേറ്റത്തൊഴിലാളിക്കു ലഭിക്കുന്നത് 250 രൂപാ മാത്രമായിരിക്കും. തൊഴിലുറപ്പ് പദ്ധതിയ്ക്കായി 40,000 കോടി അധികം നീക്കിവയ്ക്കുമെന്ന് 20 ലക്ഷം കോടിയുടെ പദ്ധതിയിൽ പ്രഖ്യാപിച്ചിട്ടുണ്ട്. മടങ്ങിവരുന്ന കുടിയേറ്റത്തൊഴിലാളികൾ സ്വന്തം ഗ്രാമത്തിൽ തൊഴിലുറപ്പ് പദ്ധതിയിൽ ചേരുമ്പോൾ ഈ ആനുകൂല്യം ലഭിക്കുമെന്നാണ് വാഗ്ദാനം. മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി രാജ്യത്തു നിലനിൽക്കുമ്പോൾത്തന്നെ ലക്ഷോപലക്ഷം തൊഴിലാളികൾ ഈ പദ്ധതിയുടെ ഭാഗമാകാതെ നഗരങ്ങളിലേക്ക് തൊഴിൽ തേടി പലായനം ചെയ്യുന്നതിന്റെ ഒരേയൊരു കാരണം ഈ പദ്ധതിപ്രകാരം ലഭിക്കുന്ന കൂലി പരമതുച്ഛമാണെന്നതും കൂലി വളരെ വൈകിയേ ലഭിക്കൂ എന്നതും തൊഴിൽ ഉറപ്പില്ല എന്നതുമാണ്. അഴിമതിയും കാര്യക്ഷമതയില്ലായ്മയുംകൊണ്ട് രാജ്യം മുഴുവൻ ഈ പദ്ധതി താറുമാറായ നിലയിലാണ് ഇന്നുള്ളത്. അതിലേക്ക് അനുവദിക്കപ്പെടുന്ന 40,000 കോടി രൂപ എപ്രകാരമാണ് കുടിയേറ്റത്തൊഴിലാളിയുടെ കൈവശമെത്തുക? ഈ പ്രഖ്യാപനം പാഴ്‌വാക്കുമാത്രമായി മാറുമെന്നുറപ്പാണ്. ഏറ്റവും നിരുത്തരവാദപരമായും പിടിപ്പുകെട്ടും ഭരിക്കുന്ന ലോകത്തെ ചില രാജ്യങ്ങളിൽപ്പോലും പ്രഖ്യാപിച്ച ഉത്തേജകപാക്കേജിൽ വലിയ തുകകൾ ജനങ്ങൾക്ക് നേരിട്ടുകൈമാറുന്നതിനായി നീക്കിവച്ചിരുന്നു. മനുഷ്യത്വത്തിന്റെ ലാഞ്ചനപോലുമില്ലാത്ത അമേരിക്കയിൽപ്പോലും തൊഴിൽ നഷ്ടപ്പെട്ടവർക്ക് നീക്കിവച്ചിട്ടുള്ള തുക പ്രതിശീർഷം 2000 ഡോളറാണ്. ഫ്രാൻസും ജർമ്മനിയും നൽകുന്നതും ജീവിതം നിലനിർത്താൻ സഹായകരമായ ഭേദപ്പെട്ട തുകകളാണ്. ഏറ്റവും ദരിദ്രർ തിങ്ങിപ്പാർക്കുന്ന നമ്മുടെ രാജ്യത്തെ ജനങ്ങൾക്ക് മുകളിൽ സൂചിപ്പിച്ച പ്രഖ്യാപനങ്ങളല്ലാതെ നേരിട്ടു പണം കൈമാറുന്ന ഒരുവിധ പദ്ധതിയും ആത്മനിർഭർ ഭാരതിൽ ഉണ്ടായിരുന്നില്ല.

20 ലക്ഷം കോടിയുടെ ഉത്തേജക പാക്കേജിലെ സാമ്പത്തികപ്രഖ്യാപനങ്ങൾ മുഴുവൻ ഒരു വായ്പാമേളയുടെ അറിയിപ്പുമാത്രമായിരുന്നു. ആകെ പ്രഖ്യാപിച്ചിട്ടുള്ള തുകയിൽ 8100 കോടി രൂപയാണ് നേരിട്ട് സർക്കാർ ഖജനാവിന്റെമേൽ ബാധ്യതയായി വരുന്നതെന്ന ഒരു കണക്ക് ചില വിദഗ്ധർ ചൂണ്ടിക്കാട്ടുന്നു(*ദി ഹിന്ദു, 21 മെയ് 2020*). അത് അനുവദിച്ചിട്ടുള്ളതാകട്ടെ Social Sector Infrastructureൽ സ്വകാര്യനിക്ഷേപം വർദ്ധിപ്പിക്കാനുള്ള viability gap funding 30 ശതമാനമായി ഉയർത്തുന്നതിനുവേണ്ടിയാണ്. സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായ സ്ഥാപനങ്ങൾക്ക് (MSME) 3 ലക്ഷം കോടി രൂപയുടെ വായ്പാ പ്രഖ്യാപനം ഉൾപ്പെടെയുള്ള ഒട്ടുമിക്ക പ്രഖ്യാപനങ്ങൾ ലളിതവ്യവസ്ഥകളിലൂടെയും മാർഗ്ഗങ്ങളിലൂടെയും മൂലധന ലഭ്യത ഉറപ്പാക്കി സപ്ലൈയുടെ വശത്തെ മുന്നോട്ടു നീക്കുക എന്നതാണ് പാക്കേജിന്റെ ആകമാന ലക്ഷ്യം. പണലഭ്യതയുടെ കുറവ് (liquidity crunch) എന്ന പ്രശ്നം അവർ ഉൽപ്പാദകരുടെ ഭാഗത്തുമാത്രമേ കാണുന്നുള്ളൂ. ഖജനാവിന് ഒരു ബാധ്യതയും വരുത്താതെ, ഒരു ഈടും വാങ്ങാതെ പണലഭ്യത ഉറപ്പാക്കാൻ അവർ നിർദ്ദേശിച്ചിരിക്കുന്നത് ബാങ്കുകളോടും ഇതര ധനകാര്യസ്ഥാപനങ്ങളോടുമാണ്. എത്ര ചെറുകിട-ഇടത്തരം ഉൽപ്പാദകർ വീണ്ടും വായ്പ വാങ്ങാൻ മുതിരുമെന്നത് കാത്തിരുന്ന് കാണുകതന്നെ വേണ്ടിവരും. വിപണി നിശ്ചലമായിരിക്കുന്നുവെന്നതാണ് അടിസ്ഥാനപ്രതിസന്ധി. അത്തരമൊരു അനിശ്ചിതത്വത്തിന്റെ വേളയിൽ വായ്പയിലൂടെ പണലഭ്യത ഉറപ്പാക്കി ഉൽപ്പാദനത്തിലൂടെ സപ്ലൈയുടെ വശത്തേക്ക് എത്രപേർ ആശങ്കയില്ലാതെ ഇറങ്ങും?

ഇതിനോടകം വമ്പിച്ച പ്രതിസന്ധി

**ഡിമാന്റില്ലാതെ സപ്ലൈ ശക്തിപ്പെടുത്താമെന്ന മോദി സർക്കാരിന്റെ സിദ്ധാന്തം രാജ്യത്തെ വിനാശത്തിലേക്കാണ് നയിക്കുന്നത്. ഉൽപ്പാദകരുടെ പണലഭ്യതയുടെ കുറവിനെക്കുറിച്ച് ആശങ്കപ്പെടുന്ന സർക്കാർ സാധാരണ ജനങ്ങളുടെ കീശ തീർത്തും കാലിയായിരിക്കുന്നുവെന്നത് പരിഗണിക്കുന്നതേയില്ല.**

യെ നേരിടുന്ന ബാങ്കുകളെ ഇതെങ്ങിനെ ബാധിക്കും എന്നത് നിശ്ചയമായും പ്രവചിക്കാൻ കഴിയും. വായ്പ നൽകുന്ന ഒരു ബാങ്കും തിരിച്ചടവ് പ്രതീക്ഷിക്കേണ്ടതില്ല. ഈ പാക്കേജു തന്നെയായിരിക്കും അതിന്റെ കാരണങ്ങളിലൊന്ന്. ജനങ്ങളുടെ ക്രയശേഷി താൽക്കാലികമായെങ്കിലും ഉയർത്തി, മുതലാളിത്ത യുക്തിപ്രകാരമെങ്കിലും ഡിമാന്റിനെ വർദ്ധിപ്പിക്കാൻ ശ്രമിക്കുന്നില്ലെങ്കിൽ എവിടെയാണ് ഉൽപ്പാദനമേഖലയിൽ ഉത്തേജനമുണ്ടാവുക?

കോവിഡിനുമുമ്പുതന്നെ ജിഡിപി 5 ശതമാനത്തിൽ നിന്നും 4.1 ശതമാനത്തിലേക്കു കൂപ്പുകുത്തിയിരുന്നു. ആട്ടൊമൊബൈൽ വ്യവസായം തുടങ്ങി പാർലേ ബിസ്കറ്റ് കമ്പനിവരെ വിപണി പ്രതിസന്ധിയിൽ ആടിഉലയുകയായിരുന്ന വേളയിലാണ് മഹാവ്യാധിയുടെ ആഘാതമുണ്ടായിട്ടുള്ളത്. കോവിഡിനെത്തുടർന്ന് വരുമാനം നഷ്ടപ്പെട്ട കോടിക്കണക്കിനു തൊഴിലാളികൾ ക്രയശേഷി ചുരുങ്ങി, വിപണിയുടെ ഭാഗമേ അല്ലാതായി മാറിക്കഴിഞ്ഞു. പരിമിതമായ ഉണ്ടായിരുന്ന ശമ്പളംപോലും കോവിഡിന്റെ മറയിൽ എല്ലാ സ്വകാര്യകമ്പനികളും വെട്ടിക്കുറച്ചു. 5 സംസ്ഥാന സർക്കാരുകൾ ആരോഗ്യപ്രവർത്തകരുൾപ്പെടയുള്ള ജീവനക്കാരുടെ ശമ്പളം വെട്ടിക്കുറച്ചു. കേന്ദ്രസർക്കാർ പ്രഖ്യാപിച്ചിരുന്ന ഡി.എ 2021 വരെ റദ്ദാക്കി. വിലപേശി ഇതൊക്കെ തിരികെ വാങ്ങാൻ സഹായകരമായ തൊഴിൽ നിയമങ്ങളെല്ലാം ഓർഡിനൻസിലൂടെ കുഴിച്ചുമൂടി. 14 കോടി ജനങ്ങൾക്ക് തൊഴിൽ നഷ്ടപ്പെട്ടതായി ദ് സെന്റർ ഫോർ മോനിറ്ററിംഗ് ഇൻഡ്യൻ ഇക്കണോമിയുടെ പഠനം വ്യക്തമാക്കുന്നു.

രാജ്യാന്തരവിപണിയിൽ പെട്രോളിന്റെ വിലയിടിഞ്ഞതു വഴി ജനങ്ങൾക്കു ലഭിക്കുമായിരുന്ന സാമ്പത്തികാശ്വാസം എക്സൈസ് നികുതി അതിഭീമമായി വർദ്ധിപ്പിച്ച് ജനങ്ങൾക്ക് നിഷേധിച്ചു. തൊഴിലാളികളുടെ ശമ്പളം വെട്ടിക്കുറയ്ക്കരുതെന്ന കേന്ദ്രസർക്കാരിന്റെ ഉത്തരവിനെതിരെ സ്വകാര്യ ഉൽപ്പാദകരുടെ സംഘടന ഹർജി നൽകിയപ്പോൾ, അത് അംഗീകരിച്ചുകൊണ്ട്, ശമ്പളം നൽകാൻ സ്വകാര്യ കമ്പനികളുടെമേൽ ബലം പ്രയോഗിക്കരുതെന്ന് സുപ്രീം കോടതി സർക്കാരിനോട് ആവശ്യപ്പെട്ടു. തൊഴിലാളികളുടെ വരുമാനം ഉറപ്പാക്കാൻ ബാധ്യസ്ഥമായ നീതിപീഠവും അവരെ കൈയൊഴിഞ്ഞു. ഇനി എങ്ങിനെയാണ് ഡിമാന്റിന്റെ വശം ശക്തിപ്പെടുന്നതെന്ന് മുതലാളിത്തത്തിന്റെ കുഴലൂത്തുകാർ പറയട്ടെ. അടിയന്തരമായി വിപണിയെ ചലിപ്പിക്കാനുള്ള നടപടികൾ - ജനങ്ങളുടെ കൈവശം പണം ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നില്ലെങ്കിൽ വലിയ തകർച്ചയിലേക്ക് രാജ്യം പതിക്കുമെന്നതിൽ ഒരു സംശയവും വേണ്ട. ഡിമാന്റില്ലാതെ സപ്ലൈ ശക്തിപ്പെടുത്താമെന്ന മോദി സർക്കാരിന്റെ പുതിയ സിദ്ധാന്തം രാജ്യത്തെ വിനാശത്തിലേക്കാണ് നയിക്കുന്നത്. ഉൽപ്പാദകരുടെ പണലഭ്യതയുടെ കുറവിനെക്കുറിച്ച് ആശങ്കപ്പെടുന്ന സർക്കാർ സാധാരണ ജനങ്ങളുടെ കീശ തീർത്തും കാലിയായിരിക്കുന്നുവെന്നത് പരിഗണിക്കുന്നതേയില്ല. സാധാരണജനങ്ങൾക്ക് ഒരണപോലും നൽകാൻ തയ്യാറില്ലാത്ത സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള 20 ലക്ഷം കോടിയുടെ ആത്മനിർഭർ പാക്കേജ് രാജ്യത്തിന്റെ ഉൽപ്പാദനവ്യവസ്ഥയ്ക്ക് ഒരു ഉത്തജനവും നൽകില്ല.

**കോവിഡ് വേളയെ തരണം ചെയ്യുന്നതിൽ സ്വകാര്യമൂലധന ശക്തികൾ എന്തുപങ്കാണ് വഹിച്ചത്? രാജ്യത്തിന്റെ സമ്പത്തും അടിസ്ഥാന സൗകര്യങ്ങളും യഥേഷ്ടം ഉപയോഗിച്ച് കണക്കറ്റ സമ്പത്ത് കുന്നുകൂട്ടിയിട്ടുള്ള ഈ ശക്തികൾ ദേശീയ പ്രതിസന്ധിയുടെ വേളയിൽ നിർലോഭമായ സഹായങ്ങൾ എന്തെങ്കിലും നൽകിയിരുന്നോ?**

### സ്വകാര്യവൽക്കരണത്തിന്റെ അന്തംവിട്ട പ്രയാണം

ഉത്തജക പാക്കേജിന്റെ ഭാഗമായി മാർച്ച് 17നു പ്രഖ്യാപിച്ച നടപടികൾ, അതീവ തന്ത്രപ്രധാനമായ മേഖലകളുടെ അടിമുടിയുള്ള സ്വകാര്യവൽക്കരണത്തിന്റെ നയപ്രഖ്യാനമായിരുന്നു. വമ്പിച്ച എതിർപ്പിനെ നേരിടേണ്ടി വരുമെന്നറിയാവുന്നതിനാൽ കൊറോണ ഉപയോഗപ്പെടുത്തി ഓർഡിനൻസ് റൂട്ട് സ്വീകരിച്ചുകൊണ്ട് പ്രഖ്യാപിച്ച ആത്മനിർഭർ ഭാരത് അഭിയാൻ പാക്കേജ് രാജ്യത്തെ ഒന്നാകെ വിൽക്കുന്ന കർമ്മപരിപാടിയാണ്. യഥാർത്ഥത്തിൽ ഒരു സാമ്പത്തിക പാക്കേജല്ല, വ്യവസായ പരിഷ്കാരങ്ങളുടെ ഒരു നയരേഖയാണ് പ്രഖ്യാപിച്ചിട്ടുള്ളത്. സ്വാശ്രയഭാരതമെന്ന ഈ പദ്ധതിയിൽ ഏറ്റവും പ്രധാനമായത് ആട്ടോമാറ്റിക് റൂട്ട് പ്രകാരമുള്ള പ്രതിരോധവ്യവസായ രംഗത്തേക്കുള്ള വിദേശനിക്ഷേപം 49 ശതമാനത്തിൽ നിന്നും 74 ശതമാനമായി ഉയർത്തി എന്നതാണ്. കാല് സ്വയം തല്ലിയൊടിച്ചതിനുശേഷം സ്വന്തം കാലിൽ നിൽക്കുമെന്ന വീമ്പിളക്കുന്ന വിദ്യ എത്ര അപഹാസ്യമാണ്. കൽക്കരി ഖനന രംഗത്തു വരുമാനം പങ്കിടൽ വ്യവസ്ഥപ്രകാരം വാണിജ്യ ഖനനം അനുവദിക്കുകയും സ്വകാര്യ കമ്പനികൾക്ക് പര്യവേഷണം നൽകാൻ അനുമതി നൽകുകയും ചെയ്തു. ധാതുക്കളുടെ ഖനനം നടത്താൻ 500 ഖനന ബ്ലോക്കുകൾ ലേലം ചെയ്യാനും തീരുമാനിച്ചു. രാജ്യത്തിന്റ വിലപ്പെട്ട കൽക്കരിയുടെയും അപൂർവ്വ ധാതുക്കളുടെയും കണക്കറ്റ സമ്പത്ത് വിറ്റു കോടികളുടെ ലാഭം സൃഷ്ടിക്കാൻ മുതലാളിമാർക്ക് പാത തെളിക്കുകയാണ് സർക്കാർ. സിവിൽ ഏവിയേഷൻ രംഗത്ത്, എയർ സ്പേസ് ഉപയോഗിക്കുന്നതിലുള്ള എല്ലാ നിയന്ത്രണങ്ങളും നീക്കം ചെയ്യും.

സ്വകാര്യ പങ്കാളിത്തത്തോടെ വികസിപ്പിക്കാൻ ആറു വിമാനത്താവളങ്ങൾ ഉടൻ ലേലം ചെയ്യുക, 12 വിമാനത്താവളങ്ങളിൽ 13,000 കോടിയുടെ സ്വകാര്യനിക്ഷേപം ക്ഷണിക്കുക എന്നിവയാണ് ഈ രംഗത്തെ പ്രധാനമായ മറ്റു തീരുമാനങ്ങൾ. ബാഹ്യാകാശ ഗവേഷണരംഗവും സ്വകാര്യമേഖലയ്ക്ക് തുറന്നുകൊടുക്കും. അന്യഗ്രഹ പര്യവേഷണവും ബാഹ്യാകാശ യാത്രയുമൊക്കെ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആണവോർജ്ജ മേഖലയിൽ മെഡിക്കൽ ഐസോടോപ്പിന്റെ ഉൽപ്പാദനത്തിൽ പൊതു-സ്വകാര്യ പങ്കാളിത്തം ഉറപ്പാക്കും. കേന്ദ്ര ഭരണപ്രദേശങ്ങളിലെ വൈദ്യുതി സംരംഭങ്ങളും വിതരണവും സ്വകാര്യവൽക്കരിക്കും. സ്വകാര്യമൂലധന ശക്തികൾക്ക് രാജ്യത്തിന്റെ അവശേഷിക്കുന്ന അഭിമാനകരവും വിലപ്പെട്ടതുമായ സമ്പത്തുകൾ യഥേഷ്ടം കൊള്ളയടിക്കാൻ എല്ലാത്തരം നിയന്ത്രണങ്ങളും എടുത്തുകളയുകയാണ് സർക്കാർ. ഇതിനെല്ലാം പുറമെ ഭക്ഷ്യോൽപ്പന്നങ്ങളുൾപ്പടെയുള്ള കാർഷികോൽപ്പന്നങ്ങൾ വാങ്ങി സൂക്ഷിക്ക

ന്നതിനും വിറ്റഴിക്കുന്നതിനും ഉണ്ടായിരുന്ന എല്ലാ നിയന്ത്രണങ്ങളും പിൻവലിക്കും. ഇനിമേൽ കോർപ്പറേറ്റ് ശക്തികൾക്ക് കാർഷികോൽപ്പാദന മേഖലകളിൽ നിന്ന് എത്ര അളവിൽ ശേഖരിക്കാനും സൂക്ഷിക്കാനും വില ഭീമമായി ഉയർത്താൻ ലക്ഷ്യമിട്ടുകൊണ്ട് പിടിച്ചുവയ്ക്കാനും ഏറ്റവും ഉയർന്ന വിലയ്ക്ക് വിൽക്കാനുമുണ്ടായിരുന്ന നിയമപരമായ എല്ലാ തടസ്സങ്ങളും നീക്കിക്കൊടുത്തു. ജനങ്ങളുടെ ഭക്ഷണവും ജീവനും മേലിൽ കേർപ്പറേറ്റു ശക്തികളുടെ കരങ്ങളിൽ അമരും. കൂടിയ വില നൽകി ഭക്ഷ്യവസ്തുക്കൾ വാങ്ങാൻ ശേഷിയില്ലാത്ത പാവപ്പെട്ടവർ കൂട്ടത്തോടെ പട്ടിണി കിടന്നു ചത്തൊടുങ്ങും. നാട് അത്തരമൊരു വിപര്യത്തിലേക്കാണ് നീങ്ങുന്നത്.

കോവിഡ് സൃഷ്ടിച്ച പ്രതിസന്ധിയുടെ പരിഹാരമെന്ന നിലയിലാണല്ലോ സ്വകാര്യമുതലാളിമാർക്ക് ഇത്രയധികം ഉപഹാരം നൽകിയിട്ടുള്ളത്. കോവിഡാനന്തര പ്രതിസന്ധിയുടെ പരിഹാരം അവിടെ നിൽക്കട്ടെ. ഈ കോവിഡ് വേളയെ തരണം ചെയ്യുന്നതിൽ സ്വകാര്യമൂലധന ശക്തികൾ എന്തുപങ്കാണ് വഹിച്ചിട്ടുള്ളത്? രാജ്യത്തിന്റെ സമ്പത്തും അടിസ്ഥാന സൗകര്യങ്ങളും യഥേഷ്ടം ഉപയോഗിച്ച് കണക്കറ്റ സമ്പത്ത് കുന്നുകൂട്ടിയിട്ടുള്ള ഈ ശക്തികൾ ഈ ദേശീയ പ്രതിസന്ധിയുടെ വേളയിൽ നിർലോഭമായ സഹായങ്ങൾ എന്തെങ്കിലും നൽകിയിരുന്നോ? ഉൽപ്പാദന-സർവ്വീസ് രംഗങ്ങളിൽ കഴിയുന്നത്ര സ്വകാര്യമുതലാളിമാർ വരുന്നതാണ് ജനങ്ങൾക്ക് ഗുണകരമാവുക എന്നത് കോവിഡ് കാലം പ്രത്യേകമായി തെളിയിച്ചോ? ഇല്ല എന്നു മാത്രമല്ല, യഥാർത്ഥത്തിൽ ഇതിനു നേർവിപരീതമായ അനുഭവവും പാഠവുമാണ് കോവിഡിന്റെ ഈ ദുരന്തകാലം നമുക്ക് നൽകിയത്.

ഇൻഡ്യയിൽ 93 ശതമാനം ആശുപത്രികൾ, 64 ശതമാനം കിടക്കകൾ തുടങ്ങിയവ സ്വകാര്യ മുതലാളിമാരുടെ ഉടമസ്ഥതയിലാണുള്ളത്. 80 ശതമാനം ഡോക്ടർമാർ സ്വകാര്യ മേഖലയിലാണ് പണിയെടുക്കുന്നത്. വളരെ നിർണ്ണായകമായ ഈ പ്രതിസന്ധിയുടെ വേളയെ നേരിടുന്നതിൽ അപൂർവ്വം ചിലവ ഒഴികെ, രാജ്യത്തെ സ്വകാര്യ ആശുപത്രികൾ ബഹുഭൂരിപക്ഷവും ഒരു സേവനവും നൽകാൻ തയ്യാറായില്ല. രാജ്യം ഇത്രമേൽ ഒരു വിഷമഘട്ടത്തെ അഭിമുഖീകരിക്കുമ്പോൾ അവർ നിർവ്വികാരമായി, കാഴ്ചക്കാരായി നോക്കി നിൽക്കുകയാണ്. വളരെ ഉയർന്ന ഫീസ് വാങ്ങി രോഗപരിശോധന നടത്താൻ അനുമതി നേടിയ സ്വകാര്യ ലാബുകളും ആശുപത്രികളും ആ കച്ചവടം നന്നായി നടത്തുന്നുണ്ട്. ഈ സ്വകാര്യമുതലാളിമാരെയാണ് ജനങ്ങളുടെ ചെലവിൽ തേനും പാലും നൽകി കേന്ദ്രസർക്കാർ ഊട്ടുന്നത്.

## ജനങ്ങൾ ജനാധിപത്യ ജാഗ്രതയോടെ നിലകൊള്ളുക

കോവിഡിനെ മറയാക്കി കൊടിയ ജനദ്രോഹനയങ്ങളും നടപടികളുമാണ് ഒന്നിനു പിറകെ മറ്റൊന്നായി വന്നുകൊണ്ടിരിക്കുന്നത്. തൊഴിലാളികൾക്കെതിരെയും പൗരാവകാശപ്രവർത്തകർക്കുനേരെയും ജനാധിപത്യ സമരപ്രവർത്തകർക്കു നേരെയും ഭരണകൂട വേട്ടയാണ് നടക്കുന്നത്. (പ്രസ്തുത ആക്രമണങ്ങളെ സംബന്ധിക്കുന്ന വിശദമായ പ്രതിപാദനങ്ങൾ ഈ ലക്കത്തിൽ ചേർത്തിട്ടുണ്ട്) ജനാധിപത്യക്രമത്തിന്റെ അനിവാര്യഘടകമായ പ്രതിപക്ഷപ്രവർത്തനവും ജനങ്ങളുടെ സംഘടിതമായ ജനാധിപത്യപ്രവർത്തനങ്ങളും കോവിഡ് പ്രതിരോധ മാർഗ്ഗനിർദ്ദേശങ്ങൾ കാരണം പൂർണ്ണമായും വിലക്കപ്പെട്ടിരിക്കുകയാണ്. സാധാരണനിലയിലുള്ള കോടതി പ്രവർത്തനങ്ങൾ പോലും അസാധ്യമായിരിക്കുന്നു. ഭരണകൂടത്തിനും അതിനെ നയിക്കുന്നവർക്കും മാത്രം പ്രവർത്തിക്കാൻ പറ്റുന്ന ഒരു സാഹചര്യത്തിൽ ഉഭയചർച്ചകളിലൂടെ മാത്രം തീരുമാനിക്കേണ്ടുന്ന നിർണ്ണായക നയനടപടികളിൽനിന്നും ജനാധിപത്യമര്യാദയുടെ അടിസ്ഥാനത്തിൽ സർക്കാർ വിട്ടുനിൽക്കുകയാണ് ചെയ്യേണ്ടത്. തൊഴിലാളികളുടെ പ്രവൃത്തി സമയം 12 മണിക്കൂറാക്കുന്നതും പ്രതിരോധ വ്യവസായ രംഗത്തേക്ക് 74 ശതമാനം വിദേശമൂലധനം അനുവദിക്കുന്നതും ഒരു കൂടിയാലോചനയുമില്ലാതെ ഏകപക്ഷീയമായി തീരുമാനിക്കാവുന്ന കാര്യമാണോ? എതിർക്കാനുള്ള സാഹചര്യം നിരോധിക്കപ്പെട്ടിരിക്കുമ്പോൾ അതിനെ അവസരമാക്കി മാറ്റുകയല്ല, മറിച്ച് എല്ലാ ജനാധിപത്യകക്ഷികൾക്കും അവരുടെ പങ്ക് നിർവ്വഹിക്കുവാനുള്ള അവകാശം അംഗീകരിക്കുകയും അനുവദിക്കുകയുമാണ് നിശ്ചയമായും ചെയ്യേണ്ടത്. അതിനു സർക്കാർ തയ്യാറാല്ലെന്നു മാത്രമല്ല, വിയോജിപ്പിന്റെ ശബ്ദങ്ങളെ അമർച്ച ചെയ്യുകയുമാണ്.

**വമ്പിച്ച എതിർപ്പിനെ നേരിടേണ്ടി വരുമെന്നറിയാവുന്നതിനാൽ കൊറോണ ഉപയോഗപ്പെടുത്തി ഓർഡിനൻസ് റൂട്ട് സ്വീകരിച്ചുകൊണ്ട് പ്രഖ്യാപിച്ച ആത്മനിർഭർ ഭാരത് അഭിയാൻ പാക്കേജ് രാജ്യത്തെ ഒന്നാകെ വിൽക്കുന്ന കർമ്മപരിപാടിയാണ്. യഥാർത്ഥത്തിൽ ഒരു സാമ്പത്തിക പാക്കേജല്ല, വ്യവസായ പരിഷ്കാരങ്ങളുടെ ഒരു നയരേഖയാണ് പ്രഖ്യാപിച്ചിട്ടുള്ളത്.**

സർക്കാർ ഏർപ്പെടുത്തുന്ന ക്വാറന്റൈൻ സംവിധാനത്തിന് ഫീസ് നൽകണമെന്ന് പ്രവാസികളോട് കേരള സർക്കാർ നിർദ്ദേശിച്ചിരിക്കുന്നു.

സ്വകാര്യ ആശുപത്രികളിൽ ചെയ്യുന്ന കോവിഡ് പരിശോധനയുടെ ഫീസിന്റെ പരിധി കേന്ദ്രസർക്കാർ എടുത്തുകളഞ്ഞതായി ഞെട്ടിപ്പിക്കുന്ന വാർത്ത ഇപ്പോൾ പുറത്തുവന്നിരിക്കുന്നു. വിയോജിപ്പുള്ളവരും വ്യത്യസ്ത അഭിപ്രായമുള്ളവരും പ്രതിരോധ മാർഗ്ഗനിർദ്ദേശമുള്ളതിനാൽ എതിർപ്പുരേഖപ്പെടുത്താതെ, നിശബ്ദമായി അംഗീകരിക്കണമെന്നാണ് സർക്കാരുകളുടെ നിലപാട്. കേരളത്തിലെ എൽഡിഎഫ് സർക്കാരും ഇതേ പാതയിൽത്തന്നെയാണ്. എല്ലാ പ്രതിരോധ നിർദ്ദേശങ്ങളും പാലിച്ചുകൊണ്ട് കേന്ദ്രസർക്കാരിന്റെ ഓഫീസിന്റെ മുമ്പിൽ കുടിയേറ്റത്തൊഴിലാളികളുടെ പ്രശ്നങ്ങൾ ഉയർത്തി പ്രതിഷേധിച്ച എസ്.യു.സി.ഐ(സി) പ്രവർത്തകർക്കുമേൽ പിണറായി സർക്കാരിന്റെ പോലീസ് വ്യാപകമായി കേസ് എടുക്കുകയുണ്ടായി. ഇത് അടിയന്തരാവസ്ഥയ്ക്കു സമാനമായ അവസ്ഥയാണ്. ജനങ്ങൾക്കെതിരെയുള്ള ആക്രമണങ്ങൾ പല മടങ്ങ് വർദ്ധിച്ചിരിക്കുന്ന ഇത്തരമൊരു സാഹചര്യത്തിൽ പ്രബുദ്ധമായ നിതാന്ത ജാഗ്രതയോടെ നിലകൊള്ളണമെന്നും അനുകൂലമായ അന്തരീക്ഷത്തിൽ പ്രസ്തുത ജാഗ്രതയെ ശക്തമായ ജനകീയ പ്രക്ഷോഭമാക്കി വളർത്തണമന്നും ജനങ്ങളോടും തൊഴിലാളികളോടും ഞങ്ങൾ അഭ്യർത്ഥിക്കുന്നു. ■



### കുടിയേറ്റ തൊഴിലാളികളുടെ ദുരവസ്ഥ

# സർക്കാരുകളുടേത് കുറ്റകരമായ അനാസ്ഥ

നാട്ടിലേക്ക് മടങ്ങുവാനുള്ള ബസ്സിനായി തിരക്കുകൂട്ടുന്ന കുടിയേറ്റ തൊഴിലാളികൾ. ഡൽഹിയിൽ നിന്നുള്ള ദൃശ്യം

**കോവിഡ് പ്രതിരോധത്തിന്റെ ഭാഗമായി അപ്രതീക്ഷിതമായി പ്രഖ്യാപിക്കപ്പെട്ട ലോക്ഡൗണിനെത്തുടർന്ന് അനിശ്ചിതത്വത്തിലായ ഇതരസംസ്ഥാനത്തൊഴിലാളികൾ വീടെത്താൻ നടത്തുന്ന സാഹസികമായ പരിശ്രമങ്ങളും അവരുടെ ദുരനുഭവങ്ങളുമാണ് ഇന്ന് ഇന്ത്യയിലെ ഏറ്റവും ദയനീയമായ കാഴ്ച.**

ഉപജീവനാർത്ഥം, പിറന്ന നാടും മണ്ണുംവിട്ട് മറ്റിടങ്ങളിൽപ്പോയി പണിയെടുക്കുന്ന കോടിക്കണക്കിന് തൊഴിലാളികളെ സംബന്ധിച്ചിടത്തോളം കഠിനതരമാണ് ലോക്ഡൗൺ കാലം.

വിഭജനത്തിന്റെ കാലഘട്ടത്തെ അനുസ്മരിപ്പിക്കുംവിധമുള്ള കൂട്ടപ്പലായനത്തിനാണ് രാജ്യം സാക്ഷ്യം വഹിച്ചുകൊണ്ടിരിക്കുന്നത്. രാജ്യത്തിന്റെ ഒരറ്റത്തുനിന്നും മറ്റേ അറ്റത്തേയ്ക്ക് എന്നതുപോലെ നൂറുകണക്കിന് കിലോമീറ്ററുകൾ തങ്ങളുടെ ആകെയുള്ള സമ്പാദ്യം പ്ലാസ്റ്റിക് ചാക്കിൽ തലച്ചുമടാക്കി, കുഞ്ഞുങ്ങളെയും തോളിലേന്തി, വിശന്നും ദാഹിച്ചും വലഞ്ഞ്, പാദരക്ഷകളുടെ സംരക്ഷണംപോലുമില്ലാതെ, തീച്ചൂടിലുരുകി ദിവസങ്ങളായി ആഴ്ചകളായി അവർ നടന്നുകൊണ്ടേയിരിക്കുന്നു. പലരുടെയും നടപ്പ് മാസങ്ങളും പിന്നിട്ടിരിക്കുന്നു. ഹൈവേകളും റെയിൽപാതകളും എന്തിന് ഊടുവഴികളും കാട്ടുപാതകളും ഒഴുകിനീങ്ങുന്ന ജനങ്ങളെക്കൊണ്ട് നിറഞ്ഞിരിക്കുന്നു. കുഞ്ഞുങ്ങൾ, വയോധികർ, ചെറുപ്പക്കാർ, സ്ത്രീജനങ്ങൾ, ഗർഭിണികൾ, രോഗികൾ, അംഗപരിമിതർ...പ്രസവിച്ച് പതിനേഴാം ദിവസം കുഞ്ഞിനെയുംകൊണ്ട്... നീണ്ട യാത്രയ്ക്കിടയിൽ വഴിയോരത്ത് പ്രസവിച്ച്, വിശ്രമിക്കാനവസരമില്ലാതെ വീണ്ടും കുഞ്ഞിനെയുംകൊണ്ട് ഒക്കെ യാത്ര ചെയ്യുന്ന അമ്മമാർ... പൊള്ളിവെന്ത പാദങ്ങൾ തറയിൽ ചവിട്ടാനാകാതെ നിലവിളിക്കുന്ന കുഞ്ഞുങ്ങൾ...

കുഞ്ഞുങ്ങളോടുള്ള ക്രൂരതകളുടെ നേർക്കാഴ്ചയാണ് ജംലോ മക്ദം എന്ന പെൺകുട്ടി. ഛത്തീസ് ഗഢിൽനിന്ന് തെലുങ്കാനയിലെ മുളകുപാടത്ത് പണിയെടുക്കാൻ പോയ കുഞ്ഞ് ലോക്ഡൗണിനെത്തുടർന്ന് തിരികെ വീട്ടിലേയ്ക്ക് നടന്നു തീർത്തത് 150ലേറെ കിലോമീറ്ററുകളാണ്. വീടെത്താൻ പതിനൊന്നു കിലോമീറ്റർ അവശേഷിക്കെ വഴിയിൽ അവൾ മരിച്ചുവീണു. നിർജ്ജലീകരണം, തളർച്ച, പേശീവലിവ് ഒക്കെയാണ് പോസ്റ്റുമോർട്ടം റിപ്പോർട്ടിൽ പറയുന്ന കാരണങ്ങൾ. പതിനൊന്നുവയസ്സ് പ്രായമുള്ള ഒരു പെൺകുട്ടി പണിക്കുപോകേണ്ടിവരുക! വീടെത്താൻ ദിവസങ്ങളോളം നടക്കേണ്ടിവരിക! ഉള്ളുലയ്ക്കുന്ന ഇത്തരം കാഴ്ചകൾ വിദേശമാധ്യമങ്ങൾപോലും റിപ്പോർട്ടു ചെയ്തിട്ടും, നിരപരാധികളായ നിരവധി കുഞ്ഞുങ്ങൾ തെരുവിൽ വീണുമരിച്ചിട്ടും, സ്കൂളിൽ അസംബ്ലി നടത്തിയാലും മാതാപിതാക്കളോടൊപ്പമാണെങ്കിൽപ്പോലും കുഞ്ഞുങ്ങൾ സമരപരിപാടികളിൽ പങ്കെടുത്താലും സ്വമേധയാ കേസെടുക്കുന്ന ബാലാവകാശ കമ്മീഷനും മനുഷ്യാവകാശ കമ്മീഷ

നം ഇതൊന്നും കണ്ടമട്ടില്ല.

ഈ സാധുക്കൾക്കുമേൽ നടക്കുന്ന നിഷ്ഠുരമായ പോലീസ് അതിക്രമങ്ങളാണ് മറ്റൊരു ദുരന്തം. മനുഷ്യത്വം വറ്റിയിട്ടില്ലാത്ത വ്യക്തികളും സംഘടനകളും നൽകുന്ന നാമമാത്രമായ ഭക്ഷ്യപേയങ്ങളും തട്ടിത്തെറിപ്പിച്ചുകളയുന്ന നീചത്വമാണ് പോലീസ് കാണിച്ചുകൊണ്ടിരിക്കുന്നത്. ഒന്നും ഒറ്റയുമായി ഓടുന്ന ട്രയിനിൽ കയറാൻ വരുന്നവരെപ്പോലും തടഞ്ഞുനിർത്തി ക്രൂരമായി മർദ്ദിക്കുന്നു. നടന്നുപോകുന്നവരും നാടെത്താൻ ട്രെയിനും ട്രക്കും പിടിക്കാൻ ഓടുന്നവരും സൈക്കിളിൽപോകുന്നവർവരെയും ഇവരുടെ ഹുങ്കിന് ഇരകളാകുന്നു. അങ്ങനെയങ്ങനെ നിയമപാലന(!)ത്തിന്റെയും നിരവധി കടമ്പകളെ ഈ സാധുക്കൾക്ക് അതിജീവിക്കേണ്ടിവരുന്നു.

വാഹനാപകടങ്ങളാണ് മറ്റൊന്ന്. നടന്നുനീങ്ങുന്നവർക്കും തളർന്നുറങ്ങുന്നവർക്കുംമേൽ ഓടിക്കയറുന്ന വാഹനങ്ങൾ അവരുടെ എല്ലാപ്രതീക്ഷകളെയും ചതച്ചരയ്ക്കുന്നു. റോഡുകളും റയിൽപാളങ്ങളും കുരുതിക്കളങ്ങളായിക്കൊണ്ടേയിരിക്കുന്നു. മഹാരാഷ്ട്രയിലെ ഔറംഗബാദിൽ റയിൽപാളത്തിൽകിടന്നുറങ്ങിയ പതിനാറ് തൊഴിലാളികൾ ചരക്കുവണ്ടികയറി മരണമടഞ്ഞു.

യുപിയിൽവച്ച് തൊഴിലാളികൾ യാത്ര ചെയ്തിരുന്ന ട്രക്ക് അപകടത്തിൽപ്പെട്ട് സ്ത്രീകളും കുഞ്ഞുങ്ങളുമടക്കം മരണപ്പെട്ടത് 24 പേരാണ്. അപകടങ്ങൾ നിലയ്ക്കുന്നില്ല. അങ്ങനെ ചെറുതും വലുതുമായ വാഹനാപകടങ്ങളിലായും പട്ടിണിമൂലവും ദുരിതംതാങ്ങാനാകാതെ ജീവനൊടുക്കിയും ഇതിനകം അഞ്ഞൂറ്റി ഇരുപത്തഞ്ചിലേറെ തൊഴിലാളികൾക്ക് ജീവൻ നഷ്ടപ്പെട്ടു. 'ബോഡി'യായാലെ

**അധ്വാനിച്ച് സമ്പത്ത് സൃഷ്ടിക്കുന്ന തൊഴിലാളികൾ ആദരവും ബഹുമാനവും അർഹിക്കുന്നു. മനുഷ്യോചിതമായ ജീവിതം തൊഴിലാളികളുടെ അവകാശമാണ്, ആരുടെയും ഔദാര്യമല്ല. ഇന്ത്യൻ ഭരണഘടനയുടെ നിരക്കുംവിധം അവരുടെ അന്തസ്സും ആത്മാഭിമാനവും സംരക്ഷിക്കപ്പെടേണ്ടതുണ്ട്. അങ്ങനെയല്ലാതെ നടക്കുന്നതെല്ലാം കുറ്റകരമാണ്.**

വീടെത്താൻ സർക്കാർ വാഹനം ഏർപ്പാടാക്കു!

ദൗർഭാഗ്യവശാൽ കോടതിയും ഇവരുടെ സഹായത്തിനെത്തിയില്ല. മനുഷ്യാവകാശ പ്രവർത്തകരായ ഹർഷ് മന്ദർ, അഞ്ജലി ഭരദ്വാജ്, അഡ്വ. പ്രശാന്ത് ഭൂഷൺ തുടങ്ങിയവർ ഇതര സംസ്ഥാന തൊഴിലാളികളുടെ പ്രശ്നങ്ങൾ സുപ്രീംകോടതിയുടെ ശ്രദ്ധയിൽ പെടുത്താൻ ഒരു ശ്രമം നടത്തി. ലോക്ഡൗണിനെത്തുടർന്ന് തൊഴിലില്ലാതായ, ഭാവി അനിശ്ചിതത്വത്തിലായ തൊഴിലാളികൾക്ക് അടിയന്തര സാമ്പത്തിക സഹായവും ഗുണമേന്മയുള്ള ഭക്ഷണവും മാത്രമേ പരാതിക്കാർ ആവശ്യപ്പെട്ടുള്ളൂ. സർക്കാരിന്റെ നടപടികളിൽ ഇടപെടാൻ ഉദ്ദേശിക്കുന്നില്ല എന്ന് നിഷ്ക്കരുണം പറഞ്ഞ കോടതി തൊഴിലാളികൾക്ക് ലഭിക്കുന്ന ഭക്ഷണം ഗുണമേന്മയുള്ളതല്ല എന്നതിന് മതിയായ തെളിവ് ഹാജരാക്കാൻ പരാതിക്കാർക്ക് സാധിച്ചില്ല എന്നും പറഞ്ഞുകളഞ്ഞു! അതുകൊണ്ടും കോടതി നിർത്തിയില്ല, റെയിൽവേ ട്രാക്കിൽ തൊഴിലാളികൾ ഉറങ്ങാൻ തീരുമാനിച്ചാൽ ആർക്കാണ് തടയാൻ

ഡൽഹിക്ക് പുറത്ത് റോഡിൽ തളർന്നുറങ്ങുന്ന ബാലിക





ഡൽഹിയിൽനിന്ന് ഉത്തർപ്രദേശിലെ ഗ്രാമത്തിലേക്ക് കൈക്കുഞ്ഞുങ്ങളുമായി നടന്നുപോകുന്ന തൊഴിലാളി കുടുംബം

കഴിയുക? അവർ നടക്കണോ വേണ്ടയോ എന്നെല്ലാം സംസ്ഥാനങ്ങൾ തീരുമാനിക്കട്ടെ. കോടതികൾ എന്തിനാണ് ഇക്കാര്യം ചർച്ച ചെയ്യുന്നത് എന്നുംകൂടെ ചോദിച്ചു കളഞ്ഞു സുപ്രീം കോടതി. ലജ്ജാകരം എന്നല്ല, കുറ്റകരമാണ് ഈ നടപടി എന്നേ പറയേണ്ടൂ. ഭരണമുതലാളിവർഗ്ഗത്തിന്റെ ഏതൊരാവശ്യത്തിനും പാതിരാത്രിയും തുറന്ന് ഉറങ്ങാതെ വിധികൾ പ്രസ്താവിച്ചു കൊണ്ടേയിരിക്കുന്ന കോടതിക്ക്, ലക്ഷക്കണക്കായ ഈ തൊഴിലാളികളുടെ ദുരിതത്തിൽ ഇടപെടേണ്ടതുണ്ട് എന്നുതോന്നിയില്ല. ഏറെ കൊട്ടിഘോഷിക്കപ്പെടുന്ന ജനാധിപത്യത്തിന്റെ പെരും തൂണാണത്രേ കോടതി.

സർക്കാരോ സന്നദ്ധ സംഘടനകളോ നൽകുന്ന ദക്ഷിണകൾക്കായും സർക്കാർ രേഖകൾക്കും ഹെൽത്ത് കാർഡിനുമായുമൊക്കെ പൊരിവെയിലത്ത് ഇവർക്ക് പലപ്പോഴും കുത്തിയിരിക്കേണ്ടിവരുന്നത് മണിക്കൂറുകളാണ്. കൂട്ടത്തോടെ ഇരുത്തി അണുനാശിനി തളിക്കുന്ന കാഴ്ചയും പലയിടങ്ങളിലും നാം കണ്ടു. അസ്പൃശ്യതയും അസഹിഷ്ണുതയുമാണ് ഇവരോടുള്ള പെരുമാറ്റത്തിൽ എമ്പാടും മുഴച്ചുനിൽക്കുന്നത്.

**മൂലധനം വർദ്ധിപ്പിക്കാൻ വേണ്ടി മാത്രം ജീവിക്കുന്ന ഒരു വിഭാഗമാണ് മുതലാളിത്തത്തെ സംബന്ധിച്ചിടത്തോളം തൊഴിലാളികൾ. പണിയെടുക്കുന്നവൻ യാതൊന്നും സമ്പാദിക്കുന്നില്ല, കൂലിയെന്നപേരിൽ അവന് ലഭിക്കുന്നത് കഷ്ടിച്ച് ജീവൻനിലനിർത്താനുള്ള നാമമാത്രമായ തുകയാണ്. മൂലധനം ക്രിമിനലാണ്, അത് തൊഴിലാളികളുടെ ചോരയൂറ്റിയാണ് പെരുക്കുന്നത്.**

## തൊഴിലാളികളുടെ ചോരയൂറ്റി പെരുക്കുന്ന മൂലധനം

പരിഷ്കൃതമെന്നും ജനാധിപത്യമെന്നും അഭിമാനിക്കുന്ന ഒരു രാജ്യത്ത് അനുവദിക്കാവുന്നതല്ല കഴിഞ്ഞ അമ്പതുദിവസമായി നമ്മുടെ നാട്ടിൽ നടന്നുകൊണ്ടിരിക്കുന്നത്. ഇത് അപലപനീയമാണ് പ്രതിഷേധാർഹമാണ്, കുറ്റകരവുമാണ്. പ്രധാനമന്ത്രിയും സർക്കാരും ആരുംതന്നെ മറന്നുപോകരുതാത്ത ഒരു കാര്യമുണ്ട്. തൊഴിലളികൾ അധ്വാനിക്കുന്നത് ഉപജീവനാർത്ഥം മാത്രമല്ല, ഇവരുടെ അധ്വാനത്തിലൂടെ സൃഷ്ടിപ്പെ ട്ടതാണ് ഇക്കാണായ സമ്പത്തുമുഴുവൻ. അധ്വാനിച്ച് സമ്പത്തു സൃഷ്ടിക്കുന്ന തൊഴിലാളികളാണിവർ. ആദരവും ബഹുമാനവും അർഹിക്കുന്നവർ. മനുഷ്യോചിതമായ ജീവിതം തൊഴിലാളികളുടെ അവകാശമാണ്, ആരുടെയും ഔദാര്യമല്ല. ഇന്ത്യൻ ഭരണഘടനയനുസരിച്ച് നിരക്കുംവിധം അവരുടെ അന്തസ്സും ആത്മാഭിമാനവും സംരക്ഷിക്കപ്പെടേണ്ടതുണ്ട്. അങ്ങനെയല്ലാതെ നടക്കുന്നതെല്ലാം കുറ്റകരമാണ്.

വൻകിട വ്യവസായികളോ കുത്തകകളോ ബിസിനസുകാരോ അല്ല സമ്പത്തു സൃഷ്ടിക്കുന്നത്. തൊഴിലാളികളുടെ അധ്വാനത്തിലൂടെ സൃഷ്ടിക്കപ്പെടുന്ന സമ്പത്ത് ബലംപ്രയോഗിച്ച് കൈവശപ്പെടുത്തുന്ന പരാദങ്ങൾ മാത്രമാണ് കുത്തകകൾ.

കൊറോണ പ്രതിരോധത്തിന്റെ ഭാഗമായാണ് ലോക്ഡൗൺ പ്രഖ്യാപിക്കപ്പെട്ടത്. ജനങ്ങളോട് ആത്മാർത്ഥതയും ജനങ്ങളുടെ പ്രശ്നങ്ങളോട് സഹാനുഭൂതിയുമുള്ള അഥവാ മനുഷ്യത്വമുള്ള ഒരു സർക്കാർ ലോക്ഡൗൺപോലെ ഒരു നടപടിയിലേയ്ക്ക് നീങ്ങുമ്പോൾ അതുസൃഷ്ടിച്ചേക്കാവുന്ന പ്രശ്നങ്ങൾ മുൻകൂട്ടി കാണേണ്ടിയിരുന്നില്ലേ? കേവലം നാലുമണിക്കൂർ ഇടവേളയിട്ടാണ് ലോക്ഡൗൺ പ്രഖ്യാ

## സർക്കാരുകളുടേത് കുറ്റകരമായ അനാസ്ഥ

പിക്കപ്പെട്ടത്.

ലോക്ഡൌണിനെത്തുടർന്ന് അടച്ചുപൂട്ടപ്പെട്ട വിദ്യാലയങ്ങളും ആരാധനാലയങ്ങളും ആഡിറ്റോറിയങ്ങളും പിടിച്ചെടുത്ത് തൊഴിലാളികളെ പാർപ്പിച്ച് വരുടെ ഭക്ഷണകാര്യങ്ങളും ചികിത്സയുമടക്കം സർക്കാർ ഏറ്റെടുക്കേണ്ടിയിരുന്നു. ക്രമേണ അവരെ സ്വന്തം നാടുകളിലെത്തിക്കാൻ ട്രയിൻ, ബസ് സർവ്വീസുകളും ഏർപ്പെടുത്തുകയായിരുന്നു സർക്കാർ ചെയ്യേണ്ടിയിരുന്നത്.

എന്നാൽ തൊഴിലാളികളുടെ പ്രശ്നങ്ങൾ ഉയർന്നുവന്നിട്ടും മതിയായി ഇടപെടൽ നടത്താൻ അശേഷം മനഃസാക്ഷി കാണിക്കാത്ത കേന്ദ്രബിജെപി സർക്കാർ ഈ ദാരുണമായ സാഹചര്യത്തിൽ യാതൊരു ഉളുപ്പുമില്ലാതെ 68 ലക്ഷംകോടി രൂപയാണ് കുത്തകകളുടെ കിട്ടാക്കടം എഴുതിത്തള്ളിയത്. കേന്ദ്രസർക്കാർ പ്രഖ്യാപിച്ചുകൊണ്ടേയിരിക്കുന്ന പാക്കേജുകളിലും ഈ സാധുക്കൾക്കുള്ള വിഹിതം എന്താണ് എന്ന് എത്ര ചികഞ്ഞിട്ടും ഇനിയും കണ്ടെത്താനായിട്ടില്ല.

പ്രതിരോധ ആവശ്യങ്ങൾക്കായി പണം വിനിയോഗിക്കുന്നതിൽ അമേരിക്കയും ചൈനയും കഴിഞ്ഞാൽ മൂന്നാം സ്ഥാനത്താണ് ഇന്ത്യ, എന്നാൽ ജനങ്ങൾക്കായി നയാപൈസ നീക്കിവയ്ക്കില്ല. ധാരാളം ചർച്ചകൾക്കുശേഷം കുടിയേറ്റ തൊഴിലാളികൾക്കായി ട്രെയിൻ സർവ്വീസ് ഏർപ്പെടുത്തിയപ്പോൾ യാത്രക്കൂലി തൊഴിലാളികളിൽനിന്നും ഈടാക്കാനും ഇവർക്ക് രണ്ടാമതൊന്ന് ആലോചിക്കേണ്ടിവന്നില്ല. അതേസമയം പൂമൂടാനും പാത്രം കൊട്ടാനും വിളക്കുകത്തിക്കാനു കോടികൾ വകമാറ്റുകയും ചെയ്യും. ലജ്ജാകരം എന്നല്ലാതെ എന്തു പറയാൻ?

ഇത് ആരുടെ സർക്കാരാണ്, ഈ രാജ്യം ആരുടേതാണ് എന്നൊക്കെ മനസ്സലിവുള്ളവർ ചങ്കുപൊട്ടിച്ചോദിക്കുമ്പോൾ ആ ചോദ്യത്തിനുള്ള ഉത്തരം 1848ൽത്തന്നെ കാൾ മാർക്സ് എന്ന ദാർശനികൻ നൽകിയിട്ടുണ്ട് എന്നു നാം കാണണം.
മുതലാളിത്തത്തിൽ സർക്കാരുകളുടെ പണി കൃത്യമായി വിശകലനം ചെയ്തു കൊണ്ട് കാൾ മാർക്സ് പറഞ്ഞത് "മുതലാളിവർഗ്ഗത്തിന്റെ ഒട്ടാകെയുള്ള പൊതുക്കാര്യങ്ങൾ നിർവ്വഹിക്കുന്ന കേവലമൊരു കമ്മിറ്റി മാത്രമാണ് സർക്കാർ" എന്നാണ്. *(കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ)*

**മുതലാളിത്തം ജീർണ്ണതയുടെ പാരമ്യത്തിൽ എത്തിനിൽക്കുന്ന ഇന്ന് മനുഷ്യസമുദായത്തിന് യാതൊന്നും അതിൽനിന്നും പ്രതീക്ഷിക്കാനില്ല. നന്മയുടെ എല്ലാ ഉറവകളും വറ്റിയ, എന്തിനെയും അണപൈസ നിരക്കിൽ മാത്രം കാണാനും കണക്കുകൂട്ടാനും തുനിയുന്ന നെറിവിന്റെ എല്ലാ കണികകളും അറ്റുപോയ വർഗ്ഗം. വർഗ്ഗവൈരുദ്ധ്യം കൂടുതൽ കൂടുതൽ പ്രകടമാക്കപ്പെട്ടുകൊണ്ടിരിക്കുന്ന സാഹചര്യമാണ് ഇന്നുള്ളത്.**



അമ്മയുടെ തോളിൽ

## കുടിയേറ്റത്തൊഴിലാളികൾ

കുടിയേറ്റത്തൊഴിലാളികളാണോ അതിഥി തൊഴിലാളികളാണോ അന്യസംസ്ഥാനത്തൊഴിലാളികളാണോ എന്ന തർക്കം തീരുന്നില്ല. എന്തായാലും ദേശാന്തരഗമനത്തിനുപകരം ദേശാതിർത്തിക്കുള്ളിൽ ഓടിനടന്നുകൊണ്ടേയിരിക്കുന്ന ഒരു പുതിയ വിഭാഗം തൊഴിലാളികളെയും മുതലാളിത്തവും ആഗോളവത്ക്കരണവും സൃഷ്ടിച്ചിട്ടുണ്ട്. അവരുടെ സംഖ്യതീരെ നിസ്സാരവുമല്ല.

പതിനാലുകോടിയാണത്രേ ഇതര സംസ്ഥാന തൊഴിലാളികളുടെ എണ്ണം. അസംഘടിതമേഖലയിൽ പണിയെടുക്കുന്ന ഇക്കൂട്ടർ തൊഴിൽശക്തിയുടെ എൺപതു ശതമാനത്തോളംവരും. അരക്ഷിതവും അങ്ങേയറ്റം വൃത്തിഹീനവുമായ ജീവിത സാഹചര്യങ്ങളിൽ ജീവിക്കേണ്ടിവരുന്ന ഇവർ വളരെ തുഛമായ കൂലിക്കാണ് പണിയെടുക്കുന്നത്. ഇവരുടെ മനുഷ്യാവകാശങ്ങളോ തൊഴിലവകാശങ്ങളോ എവിടെയും ചർച്ചയ്ക്കെടുക്കപ്പെടുന്നില്ല. അതുകൊണ്ടുതന്നെ അസംഘടിതമേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്കുള്ള യാതൊരു ആനുകൂല്യങ്ങളുടെയും പരിധിയിൽ ഇവർ വരുന്നില്ല. തൊഴിലാളികളുടെ ക്ഷേമപദ്ധതിയിലോ അനുബന്ധപദ്ധതികളിലോ ഇവർ പെടുന്നില്ല. ജോലിക്കിടെ മരണപ്പെടുന്നവരുടെ എണ്ണവും കുറവല്ല.

മഹാനഗരങ്ങളിലെ ചേരികളിൽ ടിൻഷീറ്റുകൊണ്ടു മറച്ചകുടുസ്സുമുറികളിൽ ആവശ്യത്തിന് ഭക്ഷണമോ കുടിവെള്ളമോ ഇല്ലാതെയാണ് വലിയൊരു വിഭാഗവും ജീവിക്കുന്നത്. ഒരു തൊഴിലാളിയുടെ കുടുംബത്തിൽ അഞ്ചുപേരുണ്ട് എന്ന കരുതിയാൽ 50കോടി ആളുകളാണ് ഈ തൊഴിലാളികളെ ആശ്രയിച്ച് കഴിയുന്നത്. സ്വന്തം ഗ്രാമങ്ങളിൽ ജീവിച്ചുപോകുക സാധ്യമല്ലാതെ വന്നതിനെത്തുടർന്നാണ് നൂറുകണക്കിന് കിലോമീറ്റർ ദൂരെ അന്യസംസ്ഥാനങ്ങളിലോ മഹാനഗരങ്ങളിലോ പോയി പണിയെടുക്കാൻ അവർ നിർബന്ധിതരായിത്തീരുന്നത്. ഇവരുടെ മനുഷ്യോചിതമല്ലാത്ത തൊഴിൽ സാഹചര്യങ്ങളും ജീവിത സാഹചര്യങ്ങ

ളും ഭരണഘടന ഉറപ്പുതരുന്ന തുല്യതയുടെ, അവസരങ്ങളുടെയും പദവികളുടെയും തുല്യതയുടെയും വ്യക്തിയുടെ അന്തസ്സ് ഉറപ്പാക്കുന്ന സാഹോദര്യത്തിന്റെയും നഗ്നമായ ലംഘനമാണ്.

തകരക്കൂട്ടുകളിൽ ഇവ്വിധം കഴിയുന്ന തൊഴിലാളികളാണ് ലോക്ഡൗൺകാലത്ത് വീണ്ടും കൊടിയ യാതനകളിലേയ്ക്ക് തള്ളിവിടപ്പെട്ടത്. കുടുങ്ങിപ്പോയ 11159 തൊഴിലാളികളുടെ ഇടയിൽനടന്ന സർവ്വേ ഫലം ഞെട്ടിക്കുന്നതാണ്. ഇവരിൽ 96 ശതമാനത്തിനും റേഷൻ ഉൾപ്പെടെ യാതൊരു ആനുകൂല്യവും ലഭ്യമായിട്ടില്ല. 89 ശതമാനത്തിനും പണിക്കൂലി കിട്ടിയിട്ടില്ല. 70 ശതമാനത്തിനും ഭക്ഷണമില്ല. 78 ശതമാനം ആളുകളുടെയും കൈയിൽ 300 രൂപയിൽ താഴെയാണുള്ളത്.

ഇത്രമേൽ ദൈന്യമായ ഈ ജീവിത സാഹചര്യവും തൊഴിൽ സാഹചര്യവും മുതലാളിത്തവ്യവസ്ഥിതിയുടെ ക്രൂരത അവർക്കുമേൽ അടിച്ചേൽപ്പിച്ചതാണ്. ഇന്ത്യൻ തൊഴിലാളി വർഗ്ഗത്തിന്റെ പരിച്ഛേദമാണ് കുടിയേറ്റത്തൊഴിലാളികൾ. മൂലധനം വർദ്ധിപ്പിക്കാൻവേണ്ടി മാത്രം ജീവിക്കുന്ന ഒരു വിഭാഗമാണ് മുതലാളിത്തത്തെ സംബ

**ചരിത്രത്തിലെ ഏറ്റവും വലിയ തൊഴിലില്ലായ്മയിലൂടെ രാജ്യം കടന്നുപോകുമ്പോഴാണ് കോവിഡ് പ്രതിസന്ധി സംജാതമായിരിക്കുന്നത്. ഇത് സ്ഥിതിഗതികൾ കൂടുതൽ വഷളാക്കുകയേ ഉള്ളൂ. സംഘടിത അസംഘടിത മേഖലകളിൽ തൊഴിലില്ലായ്മ രൂക്ഷമാകും. തൊഴിലാളികളുടെ അവകാശങ്ങളും പിടിച്ചെടുക്കപ്പെടും എന്നതിന്റെ സൂചനയാണ് തൊഴിൽനിയമങ്ങൾ പൊളിച്ചെഴുതാനുള്ള ശ്രമങ്ങൾ.**

ന്ധിച്ചിടത്തോളം തൊഴിലാളികൾ. പണിയെടുക്കുന്നവൻ യാതൊന്നും സമ്പാദിക്കുന്നില്ല, കൂലിയെന്നപേരിൽ അവന് ലഭിക്കുന്നത് കഷ്ടിച്ച് ജീവൻ നിലനിർത്താനുള്ള നാമമാത്രമായ തുകയാണ്. മൂലധനം ക്രിമിനലാണ്, അത് തൊഴിലാളികളുടെ ചോരയൂറ്റിയാണ് പെരുകുന്നത്.

1844ൽ ഇക്കണോമിക് ആന്റ് പൊളിറ്റിക്കൽ മാനുസ്ക്രിപ്റ്റിൽ കാൾ മാർക്സ് ഇപ്രകാരം ചൂണ്ടിക്കാണിക്കുന്നു, "മൂലധനവും ആദായവുമില്ലാത്തവനും അധ്വാനംമാത്രം കൈമുതലായുള്ളവനും ഏതുതൊഴിലുമെടുക്കാൻ സന്നദ്ധനായവനുമാണ് പൊളിറ്റിക്കൽ ഇക്കോണമിയുടെ വിവക്ഷയനുസരിച്ച് തൊഴിലാളി. ഒരു കുതിരയെപ്പോലെ പണിയെടുക്കുവാൻ അവൻ സദാസന്നദ്ധനായിരിക്കണം എന്നതാണ് മുതലാളിത്തത്തിന്റെ പ്രമാണം. പണിയെടുക്കാത്തപ്പോൾ തൊഴിലാളി ഒരു മനുഷ്യനായിപ്പോലും പരിഗണിക്കപ്പെടുന്നില്ല."

മൂലധനം ഒന്നാം വാല്യത്തിൽ മുതലാളിത്ത ഉൽപാദനം, ഒരു വിമർശനാത്മക പഠനം എന്ന അധ്യായത്തിൽ മാർക്സ് വീണ്ടും പറയുന്നു. "മുതലാളിത്തത്തിൽ, ഒരു വശത്ത് പണം കുന്നുകൂടുമ്പോൾ മറുവശത്ത് അതുപോലെതന്നെ ദുരിതവും ക്ലേശവും അജ്ഞതയും അടിമത്തവും പൈശാചികതയുമെല്ലാം കുന്നുകൂടും."

കുടിയേറ്റത്തൊഴിലാളികൾ ഇന്ന് അനുഭവിക്കുന്ന ഭയാനകവും ബീഭത്സവുമായ സാഹചര്യങ്ങൾ മുതലാളിത്ത വ്യവസ്ഥിതിയുടെ നിർദ്ദയത്വത്തെയും മനുഷ്യവിരുദ്ധതയെയുംകുറിച്ചുള്ള മാർക്സിന്റെ നിരീക്ഷണങ്ങൾ ശരിവയ്ക്കുന്നു.

മുതലാളിത്തം ജീർണ്ണതയുടെ പാരമ്യത്തിൽ എത്തിനിൽക്കുന്ന ഇന്ന് മനു

ഡൽഹി വിട്ടുപോകാൻ നിർബന്ധിതരായ കുടിയേറ്റ തൊഴിലാളികൾ ഡൽഹി യുപി അതിർത്തിയിൽ ബസ്സിനായി കാത്തുനിൽക്കുന്നു





ഡൽഹി അതിർത്തിയിൽ ബസ്സിനായി കാത്തുനിൽക്കുന്ന കുടിയേറ്റ തൊഴിലാളികൾ

ഷ്യസമുദായത്തിന് യാതൊന്നും അതിൽനിന്നും പ്രതീക്ഷിക്കാനില്ല. നന്മയുടെ എല്ലാ ഉറവകളും വറ്റിയ, എന്തിനെയും അണപൈസ നിരക്കിൽ മാത്രം കാണാനും കണക്കുകൂട്ടാനും തുനിയുന്ന നെറിവിന്റെ എല്ലാ കണികകളും അറ്റുപോയ വർഗ്ഗം. വർഗ്ഗവൈരുദ്ധ്യം കൂടുതൽ കൂടുതൽ പ്രകടമാക്കപ്പെട്ടുകൊണ്ടിരിക്കുന്ന സാഹചര്യമാണ് ഇന്നുള്ളത്. "സമുദായമാകെത്തന്നെ രണ്ട് ഗംഭീര ശത്രുപാളയങ്ങളായി, പരസ്പരം അഭിമുഖമായി നിൽക്കുന്ന രണ്ട് വൻവർഗ്ഗങ്ങളായി -ബൂർഷ്വാസിയും തൊഴിലാളിവർഗ്ഗവുമായി-കൂടുതൽ കൂടുതൽ ചേരിതിരിഞ്ഞുകൊണ്ടിരിക്കുകയാണ്" (കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ) എന്ന് കാൾ മാർക്സ് ചൂണ്ടിക്കാട്ടിയത് 150ലേറെ വർഷങ്ങൾക്കുമുമ്പാണ്. കമ്യൂണിസ്റ്റ് മാനിഫെസ്റ്റോയിൽ കാൾ മാർക്സ് മുതലാളിത്തത്തെ ഇപ്രകാരം വെളിവാക്കുമ്പോൾ മുതലാളിത്തം ഇന്നുകാണും വിധം ജീർണ്ണതയുടെ പാരമ്യത്തിൽ എത്തിയിരുന്നില്ല, സാമ്രാജ്യത്വസ്വഭാവം കൈവരിച്ചിരുന്നില്ല എന്നതും നാം ഓർക്കണം.

ചരിത്രത്തിലെ ഏറ്റവും വലിയ തൊഴിലില്ലായ്മയിലൂടെ രാജ്യം കടന്നു പോകുമ്പോഴാണ് കോവിഡ് പ്രതിസന്ധി സംജാതമായിരിക്കുന്നത്. ഇത് സ്ഥിതിഗതികൾ കൂടുതൽ വഷളാക്കുകയേ ഉള്ളൂ. സംഘടിത അസംഘടിത മേഖലകളിൽ തൊഴിലില്ലായ്മ രൂക്ഷമാകും. തൊഴിലാളികളുടെ അവകാശങ്ങളും പിടിച്ചെടുക്കപ്പെടും എന്നതിന്റെ സൂചനയാണ് തൊഴിൽനിയമങ്ങൾ പൊളിച്ചെഴുതാനുള്ള ശ്രമങ്ങൾ. നിലവിലുള്ള പരിമിതമായ തൊഴിലവകാശങ്ങളും ഹനിക്കപ്പെടുന്നു. ഈ വ്യവസ്ഥിതി തുടരാൻ അനുവദിക്കുക എന്നാൽ തൊഴിലാളികളുടെ ജീവിതം കൂടുതൽ ദുസ്ഥിതിയിലേക്ക് പോകുക എന്നാണർത്ഥം. മുന്നോട്ടുകുതിക്കാൻ വെമ്പൽ കൊള്ളുന്ന മനുഷ്യസമൂഹത്തിന് മുമ്പിലുള്ള ഒരേയൊരു തടസ്സം മുതലാളിത്ത ഉൽപാദനവ്യവസ്ഥയാണ്. ആ തടസ്സം നീക്കിക്കൊണ്ടല്ലാതെ മാനവസമൂഹം ഇന്നകപ്പെട്ടുപോയിരിക്കുന്ന പ്രതിസന്ധിയെ മറികടക്കാനാകില്ല.

**ഈ വ്യവസ്ഥിതി തുടരാൻ അനുവദിക്കുക എന്നാൽ തൊഴിലാളികളുടെ ജീവിതം കൂടുതൽ ദുസ്ഥിതിയിലേക്ക് പോകുക എന്നാണർത്ഥം. മുന്നോട്ടുകുതി ക്കാൻ വെമ്പൽകൊള്ളുന്ന മനുഷ്യസമൂഹത്തിന് മുമ്പിലുള്ള ഒരേയൊരു തടസ്സം മുതലാളിത്ത ഉൽപാദനവ്യവസ്ഥയാണ്. ആ തടസ്സം നീക്കിക്കൊണ്ടല്ലാതെ മാനവസമൂഹം ഇന്നകപ്പെട്ടുപോയിരിക്കുന്ന പ്രതിസന്ധിയെ മറികടക്കാനാകില്ല.**

ലോക്ഡൗണിനെത്തുടർന്ന് നിരാശ്രയരായ തൊഴിലാളികൾക്ക് മതിയായ യാത്രാസൗകര്യങ്ങൾ ഏർപ്പാടാക്കുക, താത്ക്കാലിക ആശ്വാസമെന്ന നിലയിൽ മുഴുവൻ തൊഴിലാളികൾക്കും 10000 രൂപവീതം ഉടനടി നൽകുക, തൊഴിലാളികുടുംബങ്ങൾക്ക് അവശ്യം വേണ്ട ഭക്ഷ്യധാന്യങ്ങളും പലവ്യഞ്ജനങ്ങളുംസൗജന്യമായി റേഷൻ കടകൾ വഴി ലഭ്യമാക്കുക തുടങ്ങിയ കാര്യങ്ങൾ അമാന്തം കൂടാതെ നിർവ്വഹിക്കുവാൻ സർക്കാർ തയ്യാറാകണം. എങ്കിൽ മാത്രമേ ഈ വറുതിയെ മറികടക്കാൻ തൊഴിലാളികൾക്ക് സാധിക്കൂ. ■

# തൊഴിലവകാശങ്ങൾ ഹനിക്കുന്ന തൊഴിൽ നിയമ ഭേദഗതികൾ



കൊറോണപോലെ ഒരു മഹാമാരിയുടെ സമയത്ത് രാഷ്ട്രീയ വിമർശനവും സമരവും ഒഴിവാക്കിക്കൂടേ എന്ന നിർദോഷ ചോദ്യം സാധാരണക്കാരിൽനിന്നും സ്വാഭാവികമായി ഉയരുന്നതാണ്. എന്നാൽ, രാഷ്ട്രീയ-സാമ്പത്തിക താൽപര്യങ്ങൾക്കുവേണ്ടി ഇതേ ചോദ്യം സമൂഹത്തിൽ തൊടുത്തുവിട്ട് ആശയക്കുഴപ്പമുണ്ടാക്കുന്നവരുമുണ്ട്. കോവിഡിന് രാഷ്ട്രീയമില്ലെന്ന് തട്ടിവിടുന്നവർ, കോവിഡിനെപ്പോലും വർഗ്ഗതാല്പര്യങ്ങൾക്കും അധികാരരാഷ്ട്രീയത്തിനുംവേണ്ടി ഉപയോഗപ്പെടുത്തുകയാണ്. ഇത് നമ്മുടെ രാജ്യത്തും വ്യക്തമായി കാണാൻ കഴിയും. അതുകൊണ്ട് കോവിഡിനെ പ്രതിരോധിക്കാൻ പൊരുതുന്ന ജനങ്ങൾക്ക്, പ്രത്യേകിച്ചും തൊഴിലാളികൾക്ക്, തങ്ങൾ ജീവവായുപോലെ കരുതിയിരുന്ന അവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയും പൊരുതേണ്ടിവരികയാണ്.

നമ്മുടെ രാജ്യത്തെ 14 കോടിയോളം വരുന്ന കുടിയേറ്റ തൊഴിലാളികൾ രാജ്യമൊട്ടാകെ പ്രഖ്യാപിക്കപ്പെട്ട ലോക്ഡൗൺ കാരണം അനുഭവിക്കുന്ന ദുരിതങ്ങൾ ലോകമെങ്ങുമുള്ള മനുഷ്യരുടെ കരളലിയിപ്പിക്കുന്നതാണ്. രാജ്യത്തെ ആഭ്യന്തര ഉല്പാദനത്തിന്റെ 10 ശതമാനം സമ്പത്ത് സൃഷ്ടിക്കുന്ന ഈ തൊഴിലാളികൾ ഇത്രയും ക്രൂരമായവിധം തെരുവിലേക്ക് എറിയപ്പെട്ടത് എന്തുകൊണ്ട്? രാജ്യം ഭരിക്കുന്നവർക്ക് ഇത് ഒഴിവാക്കാൻ കഴിയുമായിരുന്നില്ലേ? ഇന്ത്യയിൽ കോവിഡ് 19 ആദ്യമായി റിപ്പോർട്ട് ചെയ്യപ്പെട്ടത് ജനുവരി 30ന് ആണ്. പ്രധാനമന്ത്രിയുടെ ലോക് ഡൗൺ പ്രഖ്യാപനം മാർച്ച് 24 നമാണ്. ഇതിനിടയിലുള്ള നീണ്ട 53 ദിവസങ്ങൾ കേന്ദ്ര സർക്കാർ എന്തു ചെയ്യുകയായിരുന്നു? വെറും 4 മണിക്കൂർ മുന്നറിയിപ്പിൽ ഇന്ത്യ പോലുള്ള ഒരു രാജ്യത്ത് വീട്ടിൽ ഇരിക്കുക എന്ന പ്രഖ്യാപനം നടത്തുമ്പോൾ സംഭവിക്കാവുന്ന ഗുരുതരമായ സാഹചര്യത്തെക്കുറിച്ച് ചിന്തിക്കാൻ കഴിയാത്തവരാണോ രാജ്യം ഭരിക്കുന്നത്? കാർഷികമേഖലയുടെ തകർച്ച കാരണം ഗ്രാമങ്ങളിൽനിന്നും വിദൂര നഗരങ്ങളിലേക്ക് ജോലിതേടി കുടിയേറാൻ നിർബ്ബന്ധിതരായ 14 കോടി തൊഴിലാളികളെ മോഡി സർക്കാർ രാജ്യത്തെ പൗരന്മാർ എന്നല്ല, മനുഷ്യരായിപ്പോലും പരിഗണിച്ചില്ല. ഭരണാധികാരികളുടെ ഈ ക്രൂരതയ്ക്കും അന്യായത്തിനുമെതിരെ ശബ്ദിക്കാതിരിക്കാൻ ആർക്കെങ്കിലും കഴിയുമോ?

ജനങ്ങൾ ഒരു മഹാമാരിയുമായി മല്ലടിക്കുന്ന സമയം തന്നെയാണ് തൊഴിലാളികൾ ഒരു നൂറ്റാണ്ടുകൊണ്ട് പൊരുതി സ്ഥാപിച്ച തൊഴിൽ നിയമങ്ങളത്രയും റദ്ദാക്കുവാൻ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ തെരഞ്ഞെടുത്തത്. 1886 ലെ മേയ്ദിന പ്രക്ഷോഭണത്തെത്തുടർന്ന് ലോകമൊട്ടാ

**ട്രേഡ് യൂണിയൻ ആക്ട്, വ്യവസായ തർക്ക നിയമം, തൊഴിൽ സുരക്ഷയും ആരോഗ്യവും സംബന്ധിച്ച നിയമം, കരാർതൊഴിലാളി നിയമം, അന്തർ സംസ്ഥാന കുടിയേറ്റ തൊഴിലാളി നിയമം, തുല്യവേതന നിയമം, പ്രസവാനുകൂല്യ നിയമം, മിനിമം വേജസ് ആക്ട് തുടങ്ങിയ നിയമങ്ങളെല്ലാം റദ്ദാക്കിയവയിൽ പെടും. എത്ര ചെറിയ കൂലിക്കും യാതൊരു സുരക്ഷാ മാനദണ്ഡങ്ങളും പാലിക്കാതെ തൊഴിലാളികളെക്കൊണ്ട് പണിയെടുപ്പിക്കുവാൻ ഉടമകൾക്ക് കഴിയും.**

**ഗുജറാത്ത് ഗവൺമെന്റും യു.പി.സർക്കാർ മാതൃകയിൽതന്നെ മിക്കവാറും എല്ലാ തൊഴിൽ നിയമങ്ങളും 1200 ദിവസത്തേക്ക് മരവിപ്പിച്ചിരിക്കുന്നു. തൊഴിൽ സമയം 12 മണിക്കൂറായി വർദ്ധിപ്പിക്കുകയും ചെയ്തു. ഗുജറാത്തിലെ ചേംബർ ഓഫ് കോമേഴ്സ് ആന്റ് ഇൻഡസ്ട്രീസ്, ഒരു വർഷത്തേക്ക് ട്രേഡ് യൂണിയൻ പ്രവർത്തനം നിരോധിക്കണമെന്നും കരാർ തൊഴിലാളികളുടെ ശമ്പളം തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലാളികളുടേതിന് തുല്യമാക്കി കുറയ്ക്കണമെന്നും സർക്കാറിനോട് ആവശ്യപ്പെട്ടിരുന്നു.**

കെ സ്ഥാപിക്കപ്പെട്ട 8 മണിക്കൂർ ജോലി എന്ന അടിസ്ഥാന അവകാശം പോലും ബി.ജെ.പി യുടെ കേന്ദ്ര സർക്കാർ കോവിഡിന്റെ മറപറ്റി തകർക്കുകയാണ്. നിലവിലുള്ള തൊഴിൽനിയമങ്ങൾ കോർപ്പറേറ്റുകൾക്ക് അനുകൂലമായി മാറ്റിയെഴുതുക എന്ന ലക്ഷ്യം വച്ചുകൊണ്ട് നാല് ലേബർ കോഡുകൾ പാർലമെന്റിൽ പാസ്സാക്കിയെടുക്കാൻ കേന്ദ്ര സർക്കാർ ശ്രമിച്ചുകൊണ്ടിരിക്കുകയായിരുന്നു. ഇതിന്റെ ഭാഗമായിട്ടുതന്നെയാണ് ഇപ്പോഴത്തെ നടപടികളും. കോവിഡിന്റെയും ലോക്ഡൗണിന്റെയും സന്ദർഭം സർക്കാർ ഇതിനായി ലജ്ജാകരമായി ഉപയോഗപ്പെടുത്തുകയാണ്. 8 മണിക്കൂർ ജോലി 12 മണിക്കൂറായി വർദ്ധിപ്പിക്കാൻ കേന്ദ്രസർക്കാറും 8 സംസ്ഥാന സർക്കാരുകളും തയ്യാറായി ഇരിക്കുകയാണ്.

ബി.ജെ.പിയുടെ യു.പി സർക്കാർ തൊഴിലാളിവിരുദ്ധ പദ്ധതി നടപ്പിലാക്കുന്നതിന് ഒരു ഓർഡിനൻസ് തന്നെ കൊണ്ടുവന്നു. 'Utter Pradesh Temporary Exemption from Certain Labour Laws Ordinance 2020' അനുസരിച്ച്, സംസ്ഥാനത്ത 42 തൊഴിൽ നിയമങ്ങളിൽ 4 എണ്ണം ഒഴിച്ച് മറ്റെല്ലാ തൊഴിൽനിയമങ്ങളുടെയും പരിധിയിൽനിന്നും സംസ്ഥാനത്തെ എല്ലാ വ്യാപാര സ്ഥാപനങ്ങളെയും ഫാക്ടറികളെയും മറ്റ് ബിസ്സിനസ്സ് സ്ഥാപനങ്ങളെയും അടുത്ത മൂന്നു വർഷത്തേക്ക് ഒഴിവാക്കിയിരിക്കുകയാണ്. ട്രേഡ് യൂണിയൻ ആക്ട്, വ്യവസായ തർക്ക നിയമം, തൊഴിൽ സുരക്ഷയും ആരോഗ്യവും സംബന്ധിച്ച നിയമം, കരാർതൊഴിലാളി നിയമം, അന്തർ സംസ്ഥാന കുടിയേറ്റ തൊഴിലാളി നിയമം, തുല്യവേതന നിയമം, പ്രസവാനുകൂല്യ നിയമം, മിനിമം വേജസ് ആക്ട് തുടങ്ങിയ നിയമങ്ങളെല്ലാം റദ്ദാക്കിയവയിൽപ്പെടും. എത്ര ചെറിയ കൂലിക്കും യാതൊരു സുരക്ഷാമാനദണ്ഡങ്ങളും പാലിക്കാതെ തൊഴിലാളികളെക്കൊണ്ട് പണിയെടുപ്പിക്കുവാൻ ഉടമകൾക്ക് കഴിയും.

യു.പി.ക്ക് സമാനമായി തന്നെയാണ് മദ്ധ്യപ്രദേശ് മുഖ്യമന്ത്രി ശിവരാജ് ചൗഹാൻ, 1948ലെ ഫാക്ടറീസ് ആക്ടിലെ ഏതാനും ചില വകുപ്പുകൾ ഒഴിച്ച് മറ്റെല്ലാത്തിൽനിന്നും സംസ്ഥാനത്തെ റിയൽ എസ്റ്റേറ്റ്-നിർമ്മാണ-ഉല്പാദന സ്ഥാപനങ്ങളെ അടുത്ത 1000 ദിവസത്തേക്ക് ഒഴിവാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചത്. ഇതനുസരിച്ച് യാതൊരു സുരക്ഷാ മാനദണ്ഡങ്ങളും പാലിക്കാതെയും തൊഴിലാളിക്ഷേമ ബാദ്ധ്യതകൾ നിറവേറ്റാതെയും മുതലാളിമാർക്ക് തൊഴിലാളികളെ പണിയെടുപ്പിക്കാൻ കഴിയും. കൂടാതെ, കരാർ തൊഴിലാളി നിയമം, വ്യവസായതർക്ക നിയമം എന്നിവയും അസാധുവാക്കിയിരിക്കുന്നു. ഇതിലൂടെ മുതലാളിമാർക്ക് ഒരു നിബന്ധനയുമില്ലാതെ യഥേഷ്ടം നിയമിക്കാനും പിരിച്ചുവിടാനും കഴിയും. എന്തെങ്കിലും പരാതി ഉന്നയിക്കുവാനോ ചർച്ചയ്ക്ക് വിധേയമാക്കുവാനോ യാതൊരു അവകാശവും തൊഴിലാളികൾക്ക് ഉണ്ടായിരിക്കുകയുമില്ല. ശമ്പളം, നഷ്ടപരിഹാരം, സുരക്ഷ എന്നിവയെല്ലാം ഉന്നയിക്കാൻ പോലും തൊഴിലാളികൾക്ക് അവകാശമില്ലാതാകും. തൊഴിൽ വകുപ്പിന്റെ പരിശോധനയും നിർവ്വഹണവും എല്ലാം അർത്ഥശൂന്യമാകും. രാവിലെ 6 മണി മുതൽ രാത്രി 12 മണിവരെ (18 മണിക്കൂർ) ജോലി ചെയ്യിപ്പിക്കാൻ കഴിയും വിധം ഷോപ്പ്സ് ആന്റ് എസ്റ്റാബ്ലിഷ്മെന്റ് ആക്ട് ഭേദഗതിയും ചെയ്തിരിക്കുന്നു. മാത്രമല്ല, മദ്ധ്യപ്രദേശ് ലേബർ വെൽഫയർ ബോർഡിലേക്ക് ഓരോ തൊഴിലാളിക്കും വേണ്ടി 80 രൂപ വീതം അടക്കണമെന്ന ബാദ്ധ്യതയിൽനിന്നും തൊഴിലുടമകളെ ഒഴിവാക്കിക്കൊടുക്കുകയും ചെയ്തിരിക്കുന്നു.

ഗുജറാത്ത് ഗവൺമെന്റും യു.പി.സർക്കാർ മാതൃകയിൽതന്നെ മിക്കവാറും എല്ലാ തൊഴിൽ നിയമങ്ങളും 1200 ദിവസത്തേക്ക് മരവിപ്പിച്ചിരിക്കുന്നു. തൊഴിൽ സമയം 12 മണിക്കൂറായി വർദ്ധിപ്പിക്കുകയും ചെയ്തു. ഗുജറാത്തിലെ ചേംബർ ഓഫ് കോമേഴ്സ് ആന്റ് ഇൻഡസ്ട്രീസ്, ഒരു വർഷത്തേക്ക് ട്രേഡ് യൂണിയൻ പ്രവർത്തനം നിരോധിക്കണമെന്നും കരാർ തൊഴിലാളികളുടെ ശമ്പളം MGNREGA( തൊഴിലുറപ്പ് പദ്ധതി) തൊഴിലാളികളുടേതിന് തുല്യമാക്കി കുറക്കണമെന്നും സർക്കാറിനോട് ആവശ്യപ്പെട്ടിരുന്നു. അതിനൊത്തവിധമാണ് ഗുജറാത്ത് സർക്കാറിന്റെ നടപടികൾ.



ഹിമാചൽ പ്രദേശ്, ഹരിയാന, ഒഡീഷ, മഹാരാഷ്ട്ര, ബീഹാർ, പഞ്ചാബ്, രാജസ്ഥാൻ എന്നീ സംസ്ഥാനങ്ങളും ഏതാണ്ട് ഇതേ രീതിയിൽതന്നെ നീങ്ങുകയാണ്. ഇവിടങ്ങളിൽ പ്രവ്വ

ത്തിസമയം 8 മണിക്കൂറിൽനിന്നും 12 മണിക്കൂറാക്കാൻ എക്സിക്യൂട്ടീവ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാർ ജീവനക്കാരുടെയും പൊതു മേഖലാ ജീവനക്കാരുടെയും പെൻ ഷൻകാരുടെയും ഡി.എ. മരവിപ്പിപ്പിച്ച കേന്ദ്ര സർക്കാറിനെ മാതൃകയാക്കി തമിഴ്നാട് സർക്കാരും ഡി.എ. മരവി പ്പിക്കാനും ലീവ് സറണ്ടർ ആനുകൂല്യം പിൻവലിക്കാനും തീരുമാനിക്കുകയു ണ്ടായി. കേരളാ ഗവർണ്മെണ്ടും സർ ക്കാർ ജീവനക്കാരുടെയും പൊതുമേഖ ലാ, അർധ സർക്കാർ, കമ്പനി എന്നി വയിലെ ജീവനക്കാരുടെയും ഒരു മാസ ത്തെ ശമ്പളം ആറ് തവണയായി പി ടിച്ചെടുക്കാൻ ആദ്യം ഉത്തരവ് പുറപ്പെ ടുവിക്കുകയുണ്ടായി. ഇതിനെതിരെ ജീ വനക്കാരുടെ ചില സംഘടനകൾ ഹൈക്കോടതിയിൽനിന്നും സ്റ്റേ സമ്പാദിച്ചു. തുടർന്ന് സർക്കാർ ഓർഡി നൻസ് കൊണ്ടുവന്നുകൊണ്ടാണ് ശമ്പ ളം പിടിക്കുന്നത്. ഉത്തരവിൽനിന്നും ഓർഡിനൻസിലെത്തുമ്പോൾ, ഏതൊ രു ദുരന്തത്തിന്റെ പേരിലും ഏതൊരു ജീവനക്കാരന്റെയും തൊഴിലാളിയുടെ യും ശമ്പളത്തിൽ കൈവെക്കാൻ സർ ക്കാറിന് അധികാരം ഉണ്ടെന്ന തല ത്തിലേക്ക് പ്രതിലോമസ്വഭാവം കൈ വരിക്കുകയുണ്ടായി. മാതൃകാ തൊഴിലു ടമയായ സർക്കാറിന് ഇപ്രകാരം ചെ യ്യാമെന്നതിനാൽ, മറ്റെല്ലാ തൊഴിലുടമ കൾക്കും ഇതേ മാർഗ്ഗം പിന്തുടരാൻ അനുമതി ലഭിക്കുകയാണ്.

ജനങ്ങളെ തെല്ലും പരിഗണിക്കാ തെയുള്ള, ഭരണവർഗ്ഗ താല്പര്യം മാത്രം മുൻനിർത്തിയുള്ള നടപടികളാണ് ഈ ദുരന്തകാലത്തുപോലും സർക്കാർ കൈ ക്കൊള്ളുന്നത്. അതുകൊണ്ടാണ് കോ വിഡ് റിപ്പോർട്ട് ചെയ്ത് നിർണ്ണായക മായ ഏറെ നാളുകൾ പാഴാക്കിയശേ

> **കോവിഡ് മഹാമാരിമൂലം ജനങ്ങൾ അരക്ഷിതാവ സ്ഥയിലും ഭയാശങ്കയിലും കഴിയുമ്പോൾ കേന്ദ്ര -സംസ്ഥാന സർക്കാറു കൾ, കക്ഷി ഭേദമന്യേ തൊഴിലാളികളുടെ അവ കാശങ്ങൾ കവർന്നെടു ക്കാനും ചൂഷണത്തിന്റെ വ്യാപ്തി കൂട്ടാനും കുത്തക കളുടെ താല്പര്യങ്ങൾ സം രക്ഷിക്കാനുമാണ് ശ്രമി ക്കുന്നത്. ഊർദ്ധ്വശ്വാസം വലിക്കുന്ന മുതലാളിത്ത ത്തി ന് ദുരന്തങ്ങൾ വെ ന്റിലേറ്റർ പോലെയാണ്.**

ഷം, യാതൊരു മുന്നൊരുക്കങ്ങളും നട ത്താതെ പൊടുന്നനെ ലോക്ഡൗൺ പ്രഖ്യാപിച്ചത്. പിന്നീട് മാർച്ച് 29, 30 തിയതികളിൽ തൊഴിലാളികളുടെ ശമ്പളം, താമസം എന്നിവ സംബന്ധി ച്ച ചില ഉത്തരവുകൾ കേന്ദ്ര സർക്കാർ പുറപ്പെടുവിക്കുകയുണ്ടായി. കരാർ, കാ ഷ്വൽ തൊഴിലാളികൾക്ക് ലോ ക്ഡൗൺ കാലത്ത് ശമ്പളവും കൂലി യും യാതൊരു കുറവും വരുത്താതെ നൽകണമെന്നും അവരെ ജോലിയിൽ നിന്നും പറഞ്ഞുവിടരുതെന്നും താമസ സ്ഥലത്തുനിന്നും ഒഴിപ്പിക്കരുതെന്നും അതിൽ പറയുന്നുണ്ട്.

എന്നാൽ, സ്ട്രാന്റഡ് വർക്കേഴ്സ് ആക്ഷൻ നെറ്റ്വർക്ക് എന്ന സംഘട യുടെ സർവ്വേയിൽ കണ്ടെത്തിയത്, 89 ശതമാനം തൊഴിലാളികൾക്കും ലോ ക്ഡൗൺ കാലത്ത് യാതൊരു കൂലി യും ശമ്പളവും ലഭിച്ചില്ല എന്നാണ്. വെറും 16 ശതമാനത്തിനു മാത്രമാണ് ഭാഗികമായി എന്തെങ്കിലും കിട്ടിയത്. സ്വയം തൊഴിൽ ചെയ്യുന്ന 99 ശതമാ നം തൊഴിലാളികൾക്കും ലോ ക്ഡൗൺ കാലത്ത് യാതൊരു വരുമാ നവും ഉണ്ടായിരുന്നില്ല. ലോക്ഡൗ ണിന് മുമ്പ് ജോലി ചെയ്തതിന്റെ കൂലി പോലും വ്യാപകമായി നിഷേധിക്ക പ്പെട്ടു. ചുരുക്കത്തിൽ ഈ ഉത്തരവുകൾ നടപ്പിലാക്കാൻ യാതൊരു നടപടിയും സർക്കാറിന്റെ ഭാഗത്തുനിന്നും ഉണ്ടാ യിരുന്നില്ല. മാത്രമല്ല, നിലവിലുള്ള നി യമപ്രകാരം, ജോലി ചെയ്താൽ മാത്രമേ ശമ്പളം നൽകാൻ ബാദ്ധ്യതയുള്ളൂ എന്ന് തൊഴിലുടമകൾ വാദിക്കുകയാ ണ്. സർക്കാർ ഉത്തരവുകൾക്ക് നിയമ പ്രാബല്യമില്ലെന്ന് പറഞ്ഞുകൊണ്ട് കൂലി നിഷേധിക്കുന്നതിന്റെ പേരിൽ പരാതിയുടെ പ്രവാഹമാണ് കേരള ത്തിൽനിന്നു പോലും റിപ്പോർട്ട് ചെയ്യ പ്പെടുന്നത്. ഇക്കാര്യത്തിൽ ഒരു ഓർ ഡിനൻസ് എങ്കിലും കൊണ്ടുവന്ന് തൊഴിലാളികൾക്ക് കൂലി ഉറപ്പാക്കാൻ സർക്കാറിന് താൽപര്യമില്ല.

കോടിക്കണക്കിന് തൊഴിലാളികളു ടെ കണ്ണീരും യാതനയും സർക്കാറുക ളെ തല്ലും അലോസരപ്പെടുത്തുന്നില്ല. ജാർഖണ്ഡിൽനിന്നും മുബൈയിൽ പണിക്കുവന്ന ഒരു തൊഴിലാളി മനോ വേദനയും രോഷവും കൊണ്ട് പറഞ്ഞ ത് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട് 'മോഡി യുടെ കണ്ണിൽ ഞങ്ങളെല്ലാം വെറും കീ ടങ്ങളാണ്, അതുകൊണ്ട് ഞങ്ങൾ അങ്ങനെത്തന്നെ മരിക്കേണ്ടിവരും'. ഇത്, സ്വന്തം വിയർപ്പൊഴുക്കി പണി ത പാതകളിലൂടെ ചോരയൊലിക്കുന്ന പാദങ്ങളുമായി ആഴ്ചകളായി നടക്കുന്ന കോടിക്കണക്കിന് തൊഴിലാളികളുടെ വികാരമാണ്.

കോവിഡ് മഹാമാരികൊണ്ട് ജന ങ്ങൾ അരക്ഷിതാവസ്ഥയിലും ഭയാശ ങ്കയിലും കഴിയുമ്പോൾ കേന്ദ്ര -സംസ്ഥാന സർക്കാറുകൾ, കക്ഷി ഭേ ദമെന്യേ തൊഴിലാളികളുടെ അവകാ ശങ്ങൾ കവർന്നെടുക്കാനും ചൂഷണ ത്തിന്റെ വ്യാപ്തി കൂട്ടാനും കുത്തകകളുടെ താല്പര്യങ്ങൾ സംരക്ഷി ക്കാനുമാണ് ശ്രമിക്കുന്നത്. ഊർദ്ധ്വ ശ്വാസം വലിക്കുന്ന മുതലാളിത്തത്തിന് ദുരന്തങ്ങൾ വെന്റി ലേറ്റർ പോലെയാണ്. ദുരന്തവേളയി ലെ ഏത് ചെറിയ കാലയളവും ജനവി രുദ്ധ-തൊഴിലാളിവിരുദ്ധ നടപടികൾ പരമാവധി അടിച്ചേല്പിക്കാനുള്ള അവ



സരമായിട്ടാണ് മൂലധനശക്തികൾ കാണുന്നത്. ദുരന്തത്തിന്റെ പേരിൽ എതിർശബ്ദങ്ങളെ എളുപ്പം ഒഴിവാക്കാൻ കഴിയുമെന്ന് ഭരണവർഗ്ഗത്തിന് അറിയാം.

മൂലധനം വെറുതെയിരുന്നാൽ ലാഭം കിട്ടുകയില്ല. അത് നിരന്തരമായി മിച്ചമൂല്യം സൃഷ്ടിച്ചുകൊണ്ടേ ഇരിക്കണം. മിച്ചമൂല്യം തൊഴിലാളികളുടെ അദ്ധ്വാനത്തിൽ നിന്നു മാത്രമേ സൃഷ്ടിക്കാൻ കഴിയൂ. അതുകൊണ്ടാണ് നിർത്തിവെച്ച ഉല്പാദനങ്ങളെല്ലാം ഉടൻ പുനഃരാരംഭിക്കണമെന്ന് കോർപ്പറേറ്റുകൾ ആവശ്യപ്പെടുന്നത്. തൊഴിലാളികൾ അവരുടെ ഗ്രാമങ്ങളിലേക്ക് പോയാൽ തങ്ങളുടെയും തങ്ങളുടെ സർക്കാറിന്റെയും മനുഷ്യത്വമില്ലാത്ത ക്രൂര നടപടികൾ മൂലം ഇനിയും അവർ തിരിച്ചു വരാൻ സാദ്ധ്യതയില്ലെന്ന് മുതലാളിമാർ കരുതുന്നു. കർണ്ണാടകയിലെ റിയൽ എസ്റ്റേറ്റ് - ബിൽഡേഴ്സ് മാഫിയ, കുടിയേറ്റ തൊഴിലാളികൾക്ക് യാത്രയ്ക്കായി നിശ്ചയിച്ചിരുന്ന ശ്രമിക് ട്രയിൻ ക്യാൻസൽ ചെയ്യണമെന്ന് അവശ്യപ്പെട്ടത് ഈ ആശങ്കമൂലമാണ്.

യഥാർത്ഥത്തിൽ, നഗരത്തിന്റെ മാലിന്യമെന്നോണം നിരത്തുകളിൽ കൂട്ടമായി ഇരുത്തി അണുനാശിനി പമ്പ് ചെയ്ത് നിഷ്ഠുര 'ശുദ്ധീകരണം' നടത്തി ഗ്രാമങ്ങളിലേക്ക് ഓടിച്ചുവിട്ട അതേ തൊഴിലാളികൾക്ക് ഇനിയും ഈ വലിയവരുടെ നഗരങ്ങളിലേക്ക് തിരിച്ചു വരികയേ നിർവ്വാഹമുള്ളൂ. കാരണം ജീവിക്കാൻ മറ്റു മർഗ്ഗങ്ങളില്ല. ഈ മുതലാളിത്ത വ്യവസ്ഥ അവർക്ക് അതിനു മാത്രമാണ് സ്വാതന്ത്ര്യം നൽകുന്നത്. എത്ര ഉച്ചമായ വിലക്കും, ഏത് പ്രാകൃതമായ വ്യവസ്ഥയ്ക്കും, ക്രൂരമായ അവമതിയ്ക്കും വിധേയമായിക്കൊണ്ട് അദ്ധ്വാനശക്തി വിൽക്കാൻ അവർ നിർബ്ബന്ധിതരാണ്. തൊഴിലാളിവർഗ്ഗമെന്നാൽ എന്താണ് എന്ന ചോദ്യത്തിന് 1847 ൽ മഹാനായ ഫ്രെഡറിക്ക് എംഗൽസ് നൽകിയ മറുപടി ഇങ്ങനെയാണ് : "സമൂഹത്തിലെ ഏത് വർഗ്ഗമാണോ ഏതെങ്കിലും മൂലധനത്തിൽനിന്നും കിട്ടുന്ന ലാഭം കൊണ്ടല്ലാതെ പൂർണ്ണമായും സ്വന്തം അദ്ധ്വനം വിൽക്കുന്നതുവഴി മാത്രം ഉപജീവനമാർഗ്ഗം സമ്പാദിക്കുന്നത്, അതാണ് തൊഴിലാളി വർഗ്ഗം. അതിന്റെ സുഖവും ദുഃഖവും, ജീവിതവും മരണവും, അതിന്റെ നിലനില്പാകെതന്നെ ആശ്രയിച്ചിരിക്കുന്നത് അദ്ധ്വാനത്തിനുള്ള ആവശ്യകതയെയാണ്,..". അതുകൊണ്ടവർ വീണ്ടും വരും. എന്നാൽ, പുതിയ മനുഷ്യരായിട്ടായിരിക്കും. കഠോരമായ അനുഭവങ്ങളിൽനിന്നും പലതും തിരിച്ചറിഞ്ഞവരായിട്ടായിരിക്കും.

അതിരൂക്ഷമായ പ്രതിസന്ധിയിൽപ്പെട്ട മുതലാളിത്ത വ്യവസ്ഥ, കോവിഡ് മഹാമാരിയുടെ മറവിൽ തൊഴിലാളിവർഗ്ഗത്തിനുമേൽ കടുത്ത ആക്രമാണ് അഴിച്ചുവിടുന്നത്. തീർച്ചയായും ഗുരുതരമായ തൊഴിൽ സാഹചര്യത്തെയാണ് തൊഴിലാളി വർഗ്ഗം നേരിടുന്നത്. എന്നാൽ, ചരിത്രപരമായ അനിവാര്യതയിൽനിന്നും മൂലധനശക്തികൾക്ക് കുതറിമാറാൻ കഴിയില്ല. കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോയിൽ പറഞ്ഞതുപോലെ, "മേലിൽ സമൂഹത്തിന്റെ ഭരണവർഗ്ഗമായി നിലനിൽക്കാനും അതിന്റെ ജീവിതോപാധികളെ ഒരു പരമോന്നത നിയമമെന്നോണം സമൂഹത്തിനുമേൽ അടിച്ചേൽപിക്കാനും ബൂർഷ്വാസിക്ക് യോഗ്യതയില്ലെന്ന് അങ്ങിനെ തെളിയുന്നു. അതിനു ഭരിക്കാൻ അർഹതയില്ല, കാരണം അതിന്റെ അടിമയ്ക്ക് ആ അടിമത്തത്തിൽ കീഴിൽപോലും ഉപജീവനത്തിന് ഉറപ്പു നൽകാൻ അതിനു കഴിവില്ല."

മുതലാളിത്തവ്യവസ്ഥ അനിവാര്യമായും ഗ്രാമീണജനതയെ നഗരങ്ങളിലേക്ക് എത്തിക്കുകയും ഇമ്മാതിരിയുള്ള അനുഭവങ്ങളിലൂടെ വർഗ്ഗബോധമുള്ള തൊഴിലാളികളാക്കി മാറുവാനുള്ള

**സാമ്പത്തികവും ജനാധിപത്യപരവുമായ ആവശ്യങ്ങൾ മുൻനിർത്തി സമരം ചെയ്യുമ്പോൾ തൊഴിലാളികൾ മനസ്സിലാക്കേണ്ടത്, അവ നിലനിൽപിനുള്ള സമരങ്ങൾ മാത്രമാണെന്നാണ്, ചൂഷണത്തിനെതിരെ മിനിമം അവകാശങ്ങൾ ഉയർത്തിപ്പിടിക്കാനാണവ. ഈ ചൂഷണവ്യവസ്ഥയെ തകർത്തെറിഞ്ഞ് സ്വന്തം രാഷ്ട്രീയാധികാരത്തിന് ജന്മം നൽകാനുള്ള ഉപാധിയല്ലാതെ മറ്റൊന്നുമല്ല അവ.**

സാഹചര്യം സൃഷ്ടിക്കുകയുംചെയ്യും. രാജ്യത്തെ തൊഴിലാളികൾ സമരപാതയിൽ അണിനിരക്കുകയാണിന്ന്. തൊഴിലാളികൾ കൂലിക്കൂടുതലിനും മറ്റ് ആനുകൂല്യങ്ങൾക്കുംവേണ്ടി സമരം നടത്തുന്നുണ്ട്. ഇന്ന് അതിനുമപ്പുറത്തേയ്ക്ക് ഈ സമരങ്ങളെ കൊണ്ടുപോകേണ്ടതുണ്ട്. മഹാനായ തൊഴിലാളിവർഗ്ഗ നേതാവും മാർക്സിസ്റ്റ് ആചാര്യന്മാരിലൊരാളുമായ സഖാവ് ശിബ്ദാസ് ഘോഷ് ഇതേക്കുറിച്ച് പറഞ്ഞത്



ഈ സാഹചര്യത്തിൽ ഓർക്കേണ്ടതാണ്: "ജനാധിപത്യ അവകാശങ്ങൾക്കുവേണ്ടി മാത്രമാണ് അവരുടെ (തൊഴിലാളികളുടെ) സമരമെങ്കിൽ, അവ എത്രയൊക്കെ നേടിയാലും അവർക്ക് മോചനം ലഭിക്കുകയില്ല. സാമ്പത്തികവും ജനാധിപത്യപരവുമായ ആവശ്യങ്ങൾ മുൻനിർത്തി സമരം ചെയ്യുമ്പോൾ തൊഴിലാളികൾ മനസ്സിലാക്കേണ്ടത്, അവ നിലനിൽപിനുള്ള സമരങ്ങൾ മാത്രമാണെന്നാണ്, ചൂഷണത്തിനെതിരെ മിനിമം അവകാശങ്ങൾ ഉയർത്തിപ്പിടിക്കാനാണവ. ഈ ചൂഷണവ്യവസ്ഥയെ തകർത്തെറിഞ്ഞ് സ്വന്തം രാഷ്ട്രീയാധികാരത്തിന് ജന്മം നൽകാനുള്ള ഉപാധിയല്ലാതെ മറ്റൊന്നുമല്ല അവ.

ഈ സമരങ്ങളിലൂടെ അവർക്ക് ക്രമേണ സ്വന്തം രാഷ്ട്രീയ അധികാരശക്തിക്ക്, സമരസംഘടനകളിലൂടെ, സമൂർത്തരൂപം നൽകുവാനും മുതലാളിത്തത്തെ കടപുഴക്കാൻ പോന്ന വിധത്തിൽ സുദീർഘമായ സമരമോ വിപ്ലവയുദ്ധമോ തുടങ്ങിവെക്കാനും മുമ്പോട്ട് കൊണ്ടുപോകാനും കഴിയുമ്പോൾ മാത്രമേ അവർക്ക് വിമോചനം സാദ്ധ്യമാകൂ - മുതലാളിത്ത ഭരണയന്ത്രം ഒരായിരം ആക്രമണങ്ങൾ നടത്തിയാലും നശിക്കാത്ത സുദീർഘമായ സമരം." ■

## ആരോഗ്യസേതു ആപ്പ്

# കോവിഡിന്റെ മറയിൽ പൗരന്മാർക്കുമേൽ സർക്കാർ വിരിക്കുന്ന നിരീക്ഷണവലയോ?

മനുഷ്യരാശി നാളിതുവരെ അഭിമുഖീകരിച്ചിട്ടില്ലാത്ത പ്രതിസന്ധിയാണ് കൊറോണ വൈറസ് വ്യാപനംമൂലം സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. ശാസ്ത്രം ഇന്നേവരെ പകർന്നു തന്നിട്ടുള്ള സകലമാന അറിവും അനുഭവവും ആയുധമാക്കി, മനുഷ്യവംശമൊന്നാകെ കൂട്ടായി നടത്തുന്ന ഒരു പോരാട്ടത്തിലൂടെമാത്രമേ ഈ മഹാമാരിയെ വിജയകരമായി അതിജീവിക്കാൻ കഴിയൂ. തീർച്ചയായും, സാങ്കേതികവിദ്യയും ഈ പോരാട്ടത്തിൽ നിർണ്ണായകമായ പല സഹായങ്ങളും ചെയ്യാൻ കഴിയും. പക്ഷേ, അറിവിനെയും, സാങ്കേതികവിദ്യയെയും, സാങ്കേതികവിദ്യയിലൂടെ ഇന്ന് ലഭ്യമാകുന്ന ഡേറ്റയുടെ മഹാസഞ്ചയത്തെയും തങ്ങളുടെ മാത്രം കൈപ്പിടിയിലൊതുക്കി, അത് ലാഭം പെരുപ്പിക്കുവാനുള്ള മൂലധനമാക്കുവാനും ലോകത്തെ കോർപ്പറേറ്റുകൾ മൽസരിക്കുന്ന ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. സാധാരണക്കാരന്റെ സ്വകാര്യതയെ അവർ ഒരവകാശമായി പരിഗണിക്കുന്നതേയില്ല. ഏതാനും യൂറോപ്യൻ രാജ്യങ്ങൾ ഒഴിച്ചു നിർത്തിയാൽ പൗരനും അവന്റെ സ്വകാര്യതയ്ക്കും സൈബറിടത്തിൽ ശക്തമായ സംരക്ഷണമൊരുക്കുന്ന നിയമങ്ങൾ ഇന്ത്യയടക്കം പല രാജ്യങ്ങളിലും പേരിനുപോലുമില്ല. എന്നു തന്നെയുമല്ല, പല രാജ്യങ്ങളിലും പൗരന്റെ സ്വകാര്യതയെ ഏറ്റവും ഹനിക്കുന്നതും അവിടങ്ങളിലെ സർക്കാരുകൾ തന്നെയാണ് എന്നതാണ് യാഥാർത്ഥ്യം. ഈ പശ്ചാത്തലത്തിൽ വേണം, കോവിഡ് പ്രതിരോധത്തിന്റെ ഭാഗമായി കേന്ദ്രസർക്കാർ അവതരിപ്പിച്ച 'ആരോഗ്യസേതു' ആപ്പിനെ നമ്മൾ വിലയിരുത്താൻ.



### കോവിഡ് പ്രതിരോധത്തിൽ സങ്കേതികവിദ്യയുടെ പങ്ക്

കോവിഡ്-19 എന്നത് വ്യക്തികൾ തമ്മിലുള്ള സമ്പർക്കത്തിലൂടെ അതിവേഗം പടരുന്ന ഒരു രോഗമാണ്. അതിനാൽ സമ്പർക്കവിലക്ക് അഥവാ സാമൂഹിക അകലം പാലിക്കൽ എന്നത് രോഗപ്രതിരോധത്തിന്റെ പ്രധാന മാർഗ്ഗമായി ലോകമൊട്ടാകെ സ്വീകരിച്ചിരിക്കുന്നു. അതുപോലെതന്നെ പ്രാധാന്യമുള്ള സംഗതിയാണ്, രോഗബാധ ഉറപ്പിച്ച, അല്ലെങ്കിൽ രോഗം സംശയിക്കപ്പെടുന്ന ഒരു വ്യക്തി, രോഗം പകരാൻ സാധ്യതയുണ്ടായിരുന്ന കാലയളവിൽ ആരോടെല്ലാം സമ്പർക്കത്തിലേർപ്പെട്ടു എന്ന് കൃത്യമായി കണ്ടെത്തുകയും ക്വാറന്റൈന് വിധേയമാകുകയും ചെയ്യുക എന്നത്. ഇത് വളരെ ശ്രമകരമായ ജോലിയാണ്. ക്വാറന്റൈനിലും ഐസൊലേഷനിലും ഉള്ളവർ കൃത്യമായി അതു പാലിക്കുന്നുവെന്നത് ഉറപ്പാക്കുന്നതും പ്രധാനമാണ്.

**അറിവിനെയും, സാങ്കേതികവിദ്യയെയും, സാങ്കേതികവിദ്യയിലൂടെ ഇന്ന് ലഭ്യമാകുന്ന ഡേറ്റയുടെ മഹാസഞ്ചയത്തെയും കൈപ്പിടിയിലൊതുക്കി, ലാഭം പെരുപ്പിക്കുവാനുള്ള മൂലധനമാക്കുവാൻ കോർപ്പറേറ്റുകൾ മൽസരിക്കുന്ന ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. സാധാരണക്കാരന്റെ സ്വകാര്യതയെ ഒരവകാശമായിപ്പോലും അവർ പരിഗണിക്കുന്നില്ല.**

കോവിഡ് സ്ഥിരീകരിക്കുന്നവരുടെ എണ്ണം ആയിരങ്ങളിൽ നിന്നും പതിനായിരങ്ങളിലേക്ക് വളരുമ്പോൾ, അവരുടെയൊക്കെ സമ്പർക്കങ്ങളെ കണ്ടെത്തുക, ക്വാറന്റൈൻ നിശ്ചയി

ക്കപ്പെട്ട പതിനായിരങ്ങളെ നിരീക്ഷിക്കുക തുടങ്ങിയ ജോലികൾ കൃത്യമായി നിർവഹിക്കുന്നതിനുള്ള വിഭവശേഷി രാജ്യമൊട്ടാകെ ഇല്ല. രാജ്യത്തിന്റെ സംവിധാനങ്ങളൊന്നാകെ ഈ മഹാമാരിയെ പ്രതിരോധിക്കുക എന്ന ഒറ്റ ലക്ഷ്യത്തെ മുൻനിർത്തി പുനഃസജ്ജീകരിക്കുവാനും നമ്മുടെ ഭരണകൂടം തയ്യാറായിരുന്നില്ല. പിന്നെയുള്ള വഴി, ചൈനയും സിങ്കപ്പൂരും അടക്കമുള്ള രാജ്യങ്ങൾ ചെയ്തതു പോലെ സാങ്കേതിക വിദ്യയുടെ സഹായം തേടുകയെന്നതാണ്. ക്വാറന്റൈനിൽ കഴിയുന്നവർ അതു ലംഘിക്കുന്നുണ്ടോ എന്നു നിരീക്ഷിക്കുവാൻ പല രാജ്യങ്ങളിലും മൊബൈൽ ആപ്പുകളും ഡ്രോണുകളും ഉപയോഗിച്ചിരുന്നു. അതു പോലെ, രോഗബാധയുള്ളവരുടെ സമ്പർക്കങ്ങളെ കണ്ടെത്തുന്നതിനായും വിവരശേഖരണത്തിനും വിശകലനത്തിനും നിർമ്മിതബുദ്ധിയും ഡേറ്റ അനലിറ്റിക്സും അടക്കമുള്ള നവീനസങ്കേതങ്ങൾ പല രാജ്യങ്ങളും ഉപയോഗിക്കുന്നു. അതു പോലെ തന്നെ വ്യക്തികളിലേക്ക് ആവശ്യമായ വിവരങ്ങൾ കൃത്യമായി എത്തിക്കുന്നതിനും അവരുടെ സംശയങ്ങളും സഹായാഭ്യർത്ഥനകളും ദൂരീകരിക്കുന്നതിനും ആധുനികവിവരവിനിമയ സങ്കേതങ്ങൾ ഉപയോഗപ്പെടുത്താം.

ഈ സാഹചര്യത്തിലാണ് കേന്ദ്ര സർക്കാർ ആരോഗ്യസേതു എന്ന മൊബൈൽ ആപ്ലിക്കേഷൻ പുറത്തിറക്കുന്നത്. നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ വഴി കോവിഡ് ട്രാക്കിങ്ങ് ആപ്പ് എന്ന നിലയിലത്രേ ഇത് പുറത്തിറക്കിയിട്ടുള്ളത്. ഇതിനോടകം 15 കോടിയിലധികം ജനങ്ങൾ ഈ ആപ്പ് ഇൻസ്റ്റാൾ ചെയ്തതായാണ് കണക്ക്. വിവിധ സർക്കാർ ഉത്തരവുകളിലൂടെ, എല്ലാ കേന്ദ്ര സർക്കാർ ജീവനക്കാർക്കും, സ്വകാര്യസ്ഥാപനങ്ങളിലെ ജീവനക്കാർക്കും കോവിഡ് ബാധിത പ്രദേശങ്ങളിലെ താമസക്കാർക്കും, ഇപ്പോൾ മറ്റ് രാജ്യങ്ങളിൽ നിന്നും തിരികെയെത്തിക്കുന്ന പ്രവാസികൾക്കും ഈ ആപ്പ് നിർബന്ധമാക്കി പ്രഖ്യാപിച്ചിരിക്കുകയാണ്. ഉത്തർപ്രദേശിലെ ചിലയിടങ്ങളിൽ ഈ ആപ്പ് മൊബൈലിൽ ഇല്ലാത്തവർക്കെതിരെ ക്രിമിനൽ കേസ്എടുക്കുമെന്നുവരെ പോലീസ് ഭീഷണിപ്പെടുത്തുന്നതായും, ഫോണുകളിൽ ഇൻസ്റ്റാൾ ചെയ്യാൻ നിർബന്ധിക്കുന്നതായും റിപ്പോർട്ടുകളുണ്ടായിരുന്നു. മറുവശത്ത്, സാങ്കേതിക വിദഗ്ധരും, പൗരാവകാശ

**ഇന്ത്യ പോലൊരു രാജ്യത്ത് മഹാമാരിയെ പ്രതിരോധിക്കുന്നതിനുള്ള ഏറ്റവും പ്രധാനമായ മാർഗ്ഗം ആരോഗ്യ സേതു ആപ്പ് ഇൻസ്റ്റാൾ ചെയ്യലാണോ? ആഴ്ചകളും മാസങ്ങളുമായി തൊഴിലും ഭക്ഷണവും നിഷേധിക്കപ്പെട്ട് കഴിയുന്ന ഇന്ത്യയിലെ നിസ്സഹായരായ ജനങ്ങൾ, സ്വന്തം ചെലവിൽ സർക്കാരിന്റെ ഭീഷണി ഭയന്ന്, ഈ ആപ് ഉപയോഗിക്കാൻ വഴി കണ്ടെത്തണം എന്നാണ് ഉദ്ദേശിക്കുന്നതെങ്കിൽ, ഇത് ക്രൂരമായ നടപടിയാണ്.**

പ്രവർത്തകരും, രാഹുൽ ഗാന്ധി എംപി അടക്കമുള്ള ചുരുക്കം ചില രാഷ്ട്രീയ നേതാക്കളും ആരോഗ്യസേതു ആപ്പിനെക്കുറിച്ച് ഗൗരവമാർന്ന ആശങ്ക രേഖപ്പെടുത്തുന്നു. ഇതിനൊന്നും കൃത്യമായ മറുപടി സർക്കാരിൽ നിന്നു ലഭിക്കുന്നുമില്ല.

## കോവിഡ് പ്രതിരോധത്തിൽ ആരോഗ്യസേതുവിന്റെ പങ്കെന്ത്?

കോവിഡ് പ്രതിരോധത്തിൽ ഏറ്റവും നിർണ്ണായകമായ പങ്കാണ് ആരോഗ്യസേതു ആപ്പിന് നിർവഹിക്കാനുള്ളതെന്നാണ് കേന്ദ്രസർക്കാരിന്റെ വാദം. അതിനായി ആദ്യം നമുക്ക് ഈ സംവിധാനത്തിന്റെ പ്രവർത്തനരീതി ഒന്നു നോക്കാം.

ആരോഗ്യസേതു ആപ്ലിക്കേഷൻ ഇൻസ്റ്റാൾ ചെയ്തതിനുശേഷം ഉപയോഗിക്കുന്ന വ്യക്തി ആരോഗ്യസേതുവിൽ പ്രത്യേകമായി രജിസ്റ്റർ ചെയ്യണം. രജിസ്റ്റർ ചെയ്യുമ്പോൾ ആപ്പ് ആവശ്യപ്പെടുന്ന വിവരങ്ങൾ പങ്കുവയ്ക്കേണ്ടി വരും. പേര്, പ്രായം, ലിംഗം, തൊഴിൽ എന്നിവയടക്കമുള്ള വ്യക്തിഗത വിവരങ്ങൾ ഇവിടെ ശേഖരിക്കപ്പെടുന്നു. ഇതിന്റെ ഭാഗമായി നൽകുന്ന വ്യക്തിയുടെ ഫോൺ നമ്പർ ഒടിപി സംവിധാനംവഴി പരിശോധിച്ച് ഉറപ്പാക്കുന്നു. രജിസ്ട്രേഷൻ പൂർത്തിയാക്കുമ്പോൾ ആരോഗ്യസേതുവിന്റെ നിയമാവലിയും വ്യക്തി അംഗീകരിക്കണം. ഈ നിയമാവലി തന്നെ ചോദ്യങ്ങളുയർത്തുന്നവയാണ്. രോഗപ്രതിരോധത്തെ മുൻനിർത്തി ആവശ്യമായതിലും അധികം വിവരവും വ്യക്തിയുടെ ഐഡന്റിറ്റിയും ആപ്പ് ശേഖരിക്കുന്നു. ഇവിടെ ശ്രദ്ധിക്കേണ്ട മറ്റൊരു കാര്യം, സാധാരണ ആപ്പുകൾ ഇൻസ്റ്റാൾ ചെയ്യുമ്പോൾ ഫോണിലെ എന്തെന്തു സൗകര്യങ്ങളാണ് - ഫയലുകൾ, ജിപിഎസ്, ക്യാമറ തുടങ്ങിയവ - പ്രസ്തുത ആപ്പ് ഉപയോഗിക്കുക എന്ന് മുൻകൂട്ടി അറിയിക്കുകയും അനുമതി ചോദിക്കുകയും ചെയ്യുന്നു. എന്നാൽ, ആരോഗ്യസേതു ഇങ്ങനെ ചെയ്യുന്നില്ല. പകരം ആപ്പ് ഉപയോഗിക്കുമ്പോൾ തന്നെ ഫോണിന്റെ ബ്ലൂടൂത്തും ജിപിഎസും സ്വയം പ്രവർത്തിച്ചു തുടങ്ങുകയാണ്. ഇത് വ്യക്തി അറിയണമെന്നു തന്നെയില്ല. തുടർന്ന്, വ്യക്തിയുടെ കോവിഡ് സാധ്യത പരിശോധിക്കുവാനുള്ള നടപടിയാണ്. ആരോഗ്യസേതുവിലെ ചോദ്യാവലിക്ക് ഉത്തരം കൊടുക്കുകയെന്നതാണ് ഈ പരിശോധന. പനിയോ ചുമയോ തലവേദനയോ ഉണ്ടോ, ഏതെങ്കിലും യാത്രകൾ നടത്തിയിരുന്നോ, കോവിഡ് രോഗികളുമായി സമ്പർക്കപ്പെട്ടോ എന്നിങ്ങനെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം നൽകുന്നതിലൂടെയാണ് നിങ്ങളുടെ കോവിഡ് സാധ്യത ആപ്പ് നിർണ്ണയിക്കുന്നത്. ഇതൊന്നും ഇല്ലെങ്കിൽ നിങ്ങൾ കോവിഡിൽ നിന്നും സുരക്ഷിതനാണത്രേ! ഇത് കൂടാതെ, നിങ്ങളുടെ എത്ര കിലോമീറ്റർ ചുറ്റളവിൽ കോവിഡ് കേസുകൾ പോസിറ്റീവാണെന്നും ആപ്പ് നിങ്ങളെ അറിയിക്കും. ഇതിനു പുറമേ, കോവിഡുമായി ബന്ധപ്പെട്ട് സർക്കാരും മറ്റ് ഏജൻസികളും നൽകുന്ന ഏറ്റവും പുതിയ വിവരങ്ങൾ തരുന്ന മാധ്യമമായും ആപ്പ് പ്രവർത്തിക്കും. കൂടാതെ ലോക്ക്ഡൗണിന്റെയും കോവിഡിന്റെയും കാലത്തെ ജനങ്ങൾക്കുള്ള സേവനങ്ങളും ആരോഗ്യസേതു നൽകും എന്നും അവകാശപ്പെടുന്നു.

ഇനി ആപ്പിന്റെ മുഖ്യലക്ഷ്യമായി പറയുന്ന സമ്പർക്കങ്ങളെ കണ്ടെത്തൽ എങ്ങനെ നിർവഹിക്കുമെന്നു നോക്കാം. നേരത്തേ പറഞ്ഞതു പോലെ, ആപ്പ് പ്രവർത്തിക്കാൻ ജിപിഎസും ബ്ലൂടൂത്തും കൂടിയേ തീരൂ. ആപ്പ് ഉപയോഗിക്കുന്ന വ്യക്തിയുടെ സഞ്ചാരപഥം ആപ്പിന്റെ സെർവറിലേക്ക് ആ ഫോൺ നമ്പറിന്റെ പേരിൽ ശേഖരിക്കുന്നു. കൂടാതെ, ഈ ഫോണിന്റെ

സമീപത്ത് എത്തുന്ന, ആപ്പ് ഇൻസ്റ്റാൾ ചെയ്യപ്പെട്ട മറ്റ് ഫോണുകളുടെയെല്ലാം വിവരവും ബ്ലൂടൂത്ത് ഉപയോഗപ്പെടുത്തി സെർവറിലേക്ക് ശേഖരിക്കുന്നു. കൂടാതെ, കേന്ദ്ര ആരോഗ്യവകുപ്പിന് ലഭ്യമാകുന്ന, ഏറ്റവും പുതിയ രോഗികളുടെ വിവരവും ആരോഗ്യസേതുവിന്റെ ഡേറ്റാബേസിലേക്ക് ശേഖരിക്കപ്പെടുന്നു എന്നാണ് പറയുന്നത്. നാളെ, ഇതേ വ്യക്തി കോവിഡ് പോസിറ്റീവ് ആയി തെളിയുകയാണെങ്കിൽ, ആരൊക്കെയായിരുന്നു ഇദ്ദേഹവുമായി സമ്പർക്കത്തിൽ വന്നത് എന്ന വിവരം ആരോഗ്യസേതുവിൽ നിന്നും ലഭ്യമാകും എന്നാണ് സർക്കാരിന്റെ അവകാശവാദം. അതു പോലെ കോവിഡ് പോസിറ്റീവ് ആയോ ക്വാറന്റൈൻ നിർദ്ദേശിക്കപ്പെട്ടോ ഉള്ള വ്യക്തികളുടെ സഞ്ചാരപഥം നിരീക്ഷിക്കാൻ സാധിക്കുമത്രേ. കൂടാതെ, കോവിഡ് പോസിറ്റീവ് ആയ ഏതെങ്കിലും വ്യക്തി, ആരോഗ്യസേതു ആപ്പ് ഉള്ള ഫോണിന്റെ സമീപത്ത് എത്തുകയാണെങ്കിൽ ആ വിവരം ശേഖരിക്കുന്നതിനോടൊപ്പം, ആ ഫോണിൽ അതിന്റെ ജാഗ്രത സന്ദേശം ലഭിക്കുകയും ചെയ്യുമെന്നും ആപ്പിന്റെ മേന്മയായി പറയുന്നു.

സർക്കാരും ആപ്പിന്റെ അനുകൂലികളും അവകാശപ്പെടുന്ന എല്ലാ മേന്മകളും കാര്യക്ഷമമായി ആരോഗ്യസേതുവിനുണ്ട് എന്നു വെക്കുക. എങ്കിൽ തന്നെയും, ഇന്ത്യ പോലൊരു രാജ്യത്ത് ഇതുപോലെയുള്ള മഹാമാരിയെ പ്രതിരോധിക്കുന്നതിനുള്ള ഏറ്റവും പ്രധാനമായ മാർഗ്ഗം ഈ ആപ്പ് ഇൻസ്റ്റാൾ ചെയ്യലാണോ? ഇന്ത്യയിലെ 135 കോടി ജനങ്ങളിൽ പകുതിപേർക്കും ഇതിനാവശ്യമായ സ്മാർട്ട് ഫോണില്ല. രാജ്യത്തിന്റെ പല ഭാഗങ്ങളിലും 4ജി നിലവാരത്തിലുള്ള ഇന്റർനെറ്റ് ലഭ്യത ഇല്ല. ഉണ്ടെങ്കിൽത്തന്നെ അതിന്റെ ഉയർന്ന നിരക്കുകൾ താങ്ങാനുള്ള ശേഷി, തൊഴിലില്ലാതെയും തൊഴിൽ നഷ്ടപ്പെട്ടും കൂടുതൽ ദുരിതത്തിലാഴ്ന്ന ഇന്ത്യയിലെ ദരിദ്രജനകോടികൾക്കുണ്ടോ? കഴിഞ്ഞ എത്രയോ ദിവസങ്ങളായി തൊഴിലും മരുന്നും ഭക്ഷണവും നിഷേധിക്കപ്പെട്ട് കഴിയുന്ന ഇന്ത്യയിലെ നിസ്സഹായരായ ജനങ്ങൾ, സ്വന്തം ചെലവിൽ സർക്കാരിന്റെ ഭീഷണി ഭയന്ന്, ഈ ആപ്പ് ഉപയോഗിക്കാൻ വഴികണ്ടെത്തണം എന്നാണ് ഉദ്ദേശിക്കുന്നതെങ്കിൽ, ഇത് ക്രൂരമായ നടപടിയാണ്. ഇപ്പോൾ ഐവിആർഎസ് വഴി സാധാരണ ഫോണിലും ലാൻഡ് ഫോണിലും ആരോഗ്യസേതു ഉപയോഗിക്കാനുള്ള വഴിയൊരുക്കിയിട്ടുണ്ട് എന്നതാണ് സർക്കാർ വൃത്തങ്ങൾ പറയുന്നത്. തൊഴിലും ജീവിതവും നഷ്ടപ്പെട്ട്, എങ്ങനെയെങ്കിലും തിരികെ ജന്മദേശത്തെങ്കിലും എത്താനായി കാൽനടയായി കിലോമീറ്ററുകൾ നടക്കാനിറങ്ങി, വഴിയിൽ തളർന്നു വീണും, ട്രക്കിനും ട്രെയിനിനും കീഴിലരഞ്ഞും പൊലിയുന്ന ദരിദ്രജീവിതങ്ങൾക്ക് എവിടെയാണ് ഐവിആർഎസും ലാന്റ് ഫോണും.

ജനങ്ങൾക്ക് കോവിഡിനെ പറ്റിയുള്ള പുതിയ വിവരം ലഭ്യമാക്കുകയെന്നത് ഒട്ടും പ്രധാനപ്പെട്ട ഒരാവശ്യമേയല്ല. അതുപോലെ യാത്രക്കുള്ള പാസ്സ്, കോവിഡ് പരിശോധനയും ലാബ് ടെസ്റ്റിനുമുള്ള സൗകര്യം എന്നിവ ഏർപ്പെടുത്തുമെന്നു പറയുന്നതും ഈ ആപ്പിന്റെ നേരിട്ടുള്ള ഭാഗമായ സേവനമല്ല. ഇത്തരം സേവനം നിലവിൽ നൽകുന്ന മിത്ര് പോർട്ടൽ ലിങ്ക് മാത്രമാണ് ഇവിടെ നൽകുന്നതും. ഇത് കാണിക്കുന്നത്, രോഗപ്രതിരോധത്തിൽ യഥാർത്ഥത്തിൽ ഏറ്റവും ആവശ്യമായ ഇത്തരം കാര്യങ്ങൾപോലും ഈ ആപ്പ് വഴി ലഭിക്കില്ല എന്നാണ്. ഇതിൽ പറയുന്ന പ്രയോജനങ്ങൾ ലഭിക്കണമെങ്കിൽ ജനങ്ങളിൽ ഭൂരിഭാഗവും ഇത് ഇൻസ്റ്റാൾ ചെയ്യുകയും വേണം. അത് ഈ രാജ്യത്ത് പ്രായോഗികവുമല്ല.

**ആഗോളീകൃത മുതലാളിത്തത്തിൽ സമാഹൃത വിവരം, അഥവാ ഡേറ്റ എന്നത് ഏറ്റവും മൂല്യമേറിയ വിഭവമാണ്. മൂലധനനിക്ഷേപങ്ങൾക്കും മുതലാളിത്ത-രാഷ്ട്രീയ ക്രയവിക്രയങ്ങൾക്കുമെല്ലാം ഡേറ്റ പ്രധാനമാണ്. കച്ചവട താത്പര്യങ്ങൾക്കനുസരിച്ച് വിവരം ഉത്പാദിപ്പിക്കാനുള്ള അസംസ്കൃതവസ്തുവായി മാത്രമാണ്, വിവരസാങ്കേതികവിദ്യയുടെയും ഡേറ്റയുടെയും രംഗത്തെ കോർപറേറ്റുകൾ ഇന്ന് മനുഷ്യനെ കാണുന്നത്.**

## ആരോഗ്യസേതു ആപ്പ് പൗരന്മാർക്കുമേൽ സർക്കാർ വിരിക്കുന്ന നിരീക്ഷണവലയോ?

## ആരോഗ്യസേതു തെറ്റായ സമ്പർക്കവിവരങ്ങൾ രേഖപ്പെടുത്താൻ സാധ്യത

ലോകാരോഗ്യ സംഘടനയടക്കം നിഷ്ക്കർഷിക്കുന്ന കോവിഡ് പ്രതിരോധ സാമൂഹിക അകലം 2 മീറ്ററാണ്. ശരാശരി സ്മാർട്ട്ഫോണുകളിലെ ബ്ലൂടൂത്ത് റേഞ്ച് 10 മീറ്ററാണ്. പുതിയ തലമുറ ഫോണുകളിലാകട്ടെ ഇതിലും കൂടുതലും. അപ്പോൾ ഈ സങ്കേതം ഉപയോഗിച്ച് സാമീപ്യം നിശ്ചയിച്ച് രോഗസാധ്യത കുറിക്കുന്ന, മുന്നറിയിപ്പ് തരുന്ന എന്നൊക്കെ പറയുമ്പോൾ അത് എത്രത്തോളം കൃത്യമാണ്? യഥാർത്ഥത്തിൽ സമ്പർക്കത്തിൽ വന്നതായി പരിഗണിക്കേണ്ടതില്ലാത്ത 2 മീറ്ററിൽ കൂടുതലുള്ള എല്ലാ കേസും സമ്പർക്കമായി ആപ്പ് രേഖപ്പെടുത്തും. ഒരു ഭിത്തിക്കപ്പുറം പരസ്പരം കാണുകപോലും ചെയ്യാത്ത രണ്ടു പേരാണെങ്കിലും ബ്ലൂടൂത്തിന് അത് ബാധകമല്ല. അങ്ങിനെയെങ്കിൽ യഥാർത്ഥ സമ്പർക്കത്തിന്റെ അഞ്ച് മടങ്ങ് അയഥാർത്ഥ സമ്പർക്കമായിരിക്കില്ലേ ആപ്പ് നൽകുന്ന വിവരം. തെറ്റായി സമ്പർക്കവിവരം കുറിക്കുകയും തെറ്റായ മുന്നറിയിപ്പ് നൽകുകയും ചെയ്താൽ അത് പ്രതിരോധപ്രവർത്തനങ്ങളുടെ താളം തെറ്റിക്കും. ഇതുപോലെ പ്രാധാന്യം നൽകുന്ന ഒരു ആപ്പിൽ ഒരു ശതമാനം പോലും തെറ്റു വരാൻ പാടില്ല എന്നിരിക്കെ ഇത് സാധൂകരിക്കപ്പെടുന്നത് എങ്ങനെ? രോഗവ്യാപനം തടയാൻ ആരോഗ്യസേതു അത്യന്താപേക്ഷിതം എന്നു പറയണമെങ്കിൽ, ചുരുങ്ങിയത് ആപ്പ് ഉപയോഗിക്കുന്നവരെങ്കിലും മൊബൈൽ ഫോൺ ശരീരത്തിന്റെ അവിഭാജ്യഘടകംപോലെ കൊണ്ടുനടക്കണം. ഇത് യാഥാർത്ഥ്യബോധത്തോടെയുള്ള സമീപനമേയല്ല.

ഇന്ത്യയിലെ 136 കോടി ജനങ്ങളിൽ പകുതിയിലേറെയും ഈ ആപ്പ് ഉപയോഗിക്കുന്നു എന്നു കരുതുക. അവരിലോരോരുത്തരും ആരുമായെല്ലാം സമ്പർക്കത്തിലേർപ്പെടുന്നു എന്നത് ശേഖരിച്ച് സൂക്ഷിക്കുക എന്നു പറയുന്നത് അതിബൃഹത്തായ ഒരു വിവര സഞ്ചയമാണ്. കോവിഡ് ബാധയോ അതിന്റെ സമ്പർക്കമോ ഇല്ലാത്ത കോടിക്കണക്കിനു ജനങ്ങളുടെ വിവരം, രോഗപ്രതിരോധപ്രവർത്തനവുമായി ബന്ധപ്പെട്ട എന്ത് ആവശ്യമാണ്

നിർവ്വഹിക്കുന്നത്? ഈ വിവരസഞ്ചയത്തിന്റെ സുരക്ഷയും വ്യക്തികളുടെ സ്വകാര്യതയും സംബന്ധിച്ച വിഷയങ്ങൾ വേറെ. ഇത്തരം സന്ദർഭങ്ങളിലെ വിവരശേഖരണം ഏറ്റവും ലളിതവും, ആവശ്യത്തിനു മാത്രമുള്ളതും, സുതാര്യവുമാകണം എന്നുള്ളതാണ് വിദഗ്ധർ നൽകുന്ന അഭിപ്രായം. പക്ഷേ ഇങ്ങനെ കാടടച്ച് നിരീക്ഷണമാണെങ്കിൽ, അതിൽ യഥാർത്ഥശ്രദ്ധ ലഭിക്കേണ്ട, രോഗസാധ്യതയുള്ളവർക്കു കിട്ടേണ്ട പ്രാമുഖ്യവും വിഭവങ്ങളുമല്ലേ പാഴാവുക? മറ്റ് രാജ്യങ്ങളിൽ രോഗസാധ്യതയുള്ളവരെയും ക്വാറന്റൈനിൽ കഴിഞ്ഞവരെയുമാണ് നിരീക്ഷണത്തിൽ വച്ചത്. അതും ഒന്നുകിൽ ബ്ലൂടൂത്ത്, അല്ലെങ്കിൽ ജിപിഎസ്, ഇതിൽ ഏതെങ്കിലും ഒന്നു മാത്രം ഉപയോഗപ്പെടുത്തി. പക്ഷേ ഇവിടെ രണ്ടും ഒരുമിച്ച് ഉപയോഗിക്കുന്നതിലൂടെ അതിതീവ്രമായ ചലനനിരീക്ഷണ(movement tracking)മാണ് ആരോഗ്യസേതു ലക്ഷ്യം വയ്ക്കുന്നത്. ഇതെന്തിനാണ്? ഇനി ശേഖരിക്കുന്ന വിവരങ്ങൾ എവിടെ, എത്രകാലം സൂക്ഷിക്കുന്നു? നിശ്ചിതകാലാവധിക്കു ശേഷം ഈ വിവരം ഇല്ലാതാക്കുമെന്നു ഉറപ്പുണ്ടോ?

ഇത്രയും ദിനങ്ങൾക്കിടയിൽ 15 കോടിയോളം ജനങ്ങൾ ഉപയോഗിച്ചു കൊണ്ടിരിക്കുന്ന ഈ ആപ്പ് രോഗപ്രതിരോധത്തിന് വസ്തുനിഷ്ഠമായി എന്തു സംഭാവനകൾ നൽകുന്നു എന്ന് വെളിപ്പെടുത്തണം. രോഗസാധ്യതയുള്ള എത്ര പേരെ ഇതിനകം ആപ്പിലൂടെ കൃത്യമായി കണ്ടെത്താനായി? ഇതിൽ സ്വീകരിക്കുന്ന മേൽനടപടികൾ എന്തെല്ലാമാണ്? ഇവയ്ക്കെല്ലാം വ്യക്തമായ ഉത്തരം ലഭിക്കണം.

മറ്റു പല രാജ്യങ്ങളിലും ഇത്തരം ആപ്പുകളും പ്രവർത്തനങ്ങളുമെല്ലാം നിയന്ത്രിക്കുന്നത് അതാത് രാജ്യങ്ങളിലെ ആരോഗ്യവകുപ്പാണ്. എന്നാൽ ഇൻഡ്യയുടെ ആരോഗ്യസേതു കേന്ദ്ര ആരോഗ്യവകുപ്പിനു കീഴിലല്ല. ലഭ്യമായ വിവരങ്ങളനുസരിച്ച് ഇത് നിതി ആയോഗിനു കീഴിലെ ഒരു പൊതു-സ്വകാര്യ പങ്കാളിത്ത പദ്ധതിയാണ്. രോഗപ്രതിരോധമാണ് ലക്ഷ്യമെങ്കിൽ അത് എന്തുകൊണ്ട് ആരോഗ്യവകുപ്പിനു കീഴിൽ വരുന്നില്ല. രോഗപ്രതിരോധത്തിന്റെ മുന്നണിയിൽ പ്രവർത്തിക്കുന്ന സംസ്ഥാന സർക്കാരുകൾക്ക് ഇതിൽ കാര്യമായ ഒരു പങ്കുമില്ല. വിവിധ തട്ടിലുള്ള ആവശ്യമായ

**സമസ്തജനങ്ങളുടെയും ചലനത്തിന്റെയും സമ്പർക്കത്തിന്റെയും വിവരം ശേഖരിക്കുകയാണ് ഏറ്റവും പ്രധാനം എന്നതുതന്നെ ആരോഗ്യസേതുവിന്റെ യഥാർത്ഥ ലക്ഷ്യങ്ങളെക്കുറിച്ച് സന്ദേഹമുയർത്തുന്നു. പൊതുജനങ്ങൾക്കുമേൽ അടിച്ചേൽപ്പിക്കപ്പെടുന്ന ഇത്തരം ഒരു പദ്ധതി സുതാര്യമല്ലെന്നതുതന്നെ ജനാധിപത്യവിരുദ്ധമാണ് എന്നതിന്റെ തെളിവാണ്.**

വിവരങ്ങൾ ഏകോപിപ്പിക്കുമ്പോൾ ലഭിക്കുന്ന സമഗ്രമായ ചിത്രമാണ് യഥാർത്ഥത്തിൽ കാര്യക്ഷമമായ രോഗപ്രതിരോധത്തിന് സഹായകരമാവുക. ഇതിനുള്ള സംവിധാനം എന്താണ്? സമസ്തജനങ്ങളുടെയും ചലനത്തിന്റെയും സമ്പർക്കത്തിന്റെയും വിവരം ശേഖരിക്കുകയാണ് ഏറ്റവും പ്രധാനം എന്നുവന്നാൽ അതിന്റെ യഥാർത്ഥ ലക്ഷ്യങ്ങളെക്കുറിച്ച് സന്ദേഹിക്കേണ്ടിയിരിക്കുന്നു. ജനങ്ങൾക്കിടയിൽ ഉയരുന്ന സംശയങ്ങളും ചോദ്യങ്ങളും വളരെ ബാലിശവും അടിസ്ഥാനരഹിതവുമാണെന്ന് പറഞ്ഞ് സർക്കാർ മറുപടിയിൽനിന്ന് ഒളിക്കുകയാണ്. നിഗൂഢവും അതാര്യവുമാണ് ഈ ആരോഗ്യസേതു പദ്ധതി എന്നാണിത് തെളിയിക്കുന്നത്. പൊതുജനങ്ങൾക്കുമേൽ അടിച്ചേൽപ്പിക്കപ്പെടുന്ന ഇത്തരം ഒരു പദ്ധതി സുതാര്യമല്ലെന്നതുതന്നെ തികച്ചും ജനാധിപത്യവിരുദ്ധമല്ലേ?

### വിവരസ്വകാര്യതയും വിവര സുരക്ഷിതത്വവും അപകടത്തിൽ

ആഗോളീകൃത മുതലാളിത്തത്തിൽ സമാഹൃത വിവരം, അഥവാ ഡേറ്റ എന്നത് ഏറ്റവും മൂല്യമേറിയ വിഭവമാണ്. മൂലധനനിക്ഷേപങ്ങൾക്കും മുതലാളിത്ത-രാഷ്ട്രീയ ക്രയവിക്രയങ്ങൾക്കുമെല്ലാം ഏറ്റവും പ്രധാനം ഇന്ന് ഡേറ്റ ആണ്. തങ്ങളുടെ കച്ചവട താത്പര്യങ്ങൾക്കനുസരിച്ച് വിവരം ഉത്പാദിപ്പിക്കാനുള്ള അസംസ്കൃതവസ്തുവായി മാത്രമാണ്, ഈ ആധുനികകമ്പോളത്തിൽ വിവരസാങ്കേതികവിദ്യയുടെയും ഡേറ്റയുടെയുംമേഖലയിലെ കോർപ്പറേറ്റുകൾ ഇന്ന് മനുഷ്യനെ കാണുന്നത്. ഇവിടെ, വ്യക്തിയുടെ വിവരസ്വകാര്യതയും വ്യക്തിവിവരങ്ങളുടെ സുരക്ഷയും ഉറപ്പാക്കേണ്ടത് മൗലികാവകാശമായി തന്നെ മാറുന്നു. ഇന്ത്യയിൽ ഇത് സ്ഥാപിച്ചുകൊണ്ടുള്ള സുപ്രീം കോടതി ഉത്തരവും നിലനിൽക്കുന്നു. പക്ഷേ, വ്യക്തികളുടെ സ്വകാര്യതയുടെ ഈ അവകാശങ്ങൾ സംരക്ഷിക്കാൻ ബാധ്യതപ്പെട്ട സർക്കാരുകൾതന്നെ ഈ അവകാശങ്ങൾ കവർന്നെടുക്കാൻ മുന്നിൽ നിൽക്കുന്നു എന്നതാണ് സമീപകാലയാഥാർത്ഥ്യം.

ഇനി ആരോഗ്യസേതുവിലേക്കു വരാം. ഒരു പ്രത്യേക ലക്ഷ്യത്തിനായുള്ള ആരോഗ്യസേതു ശേഖരിക്കേണ്ടതിലും എത്രയോ അധികം വിവരം ആണ് ശേഖരിക്കുന്നത് എന്ന് നമ്മൾ കണ്ടു. ഈ വിവരം ഇന്ത്യാ ഗവണ്മെന്റിനു മാത്രമാണ് കൈമാറുക എന്ന ഒരു ഒഴുക്കൻ വാചകം ഒഴിച്ചാൽ, ആരാണ് അതിന്റെ സുരക്ഷയുടെ ഉത്തരവാദി എന്നതിൽ സുതാര്യതയില്ല. ഇതൊരു പൊതു-സ്വകാര്യ പങ്കാളിത്ത പദ്ധതിയാണ്. അതുകൊണ്ടു തന്നെ വിവരസുരക്ഷ എത്രത്തോളം, സമാഹൃതവിവരങ്ങൾ എവിടെ സൂക്ഷിക്കുന്നു, അതിന്റെ നിയന്ത്രണം എപ്രകാരം തുടങ്ങിയ ചോദ്യങ്ങൾ ന്യായമായും ഉയരുന്നു. സമാഹരിക്കുന്ന വിവരങ്ങളിൽ കോവിഡ് രോഗികളുമായി ബന്ധപ്പെട്ട് ആരോഗ്യവകുപ്പിൽ നിന്നും ലഭ്യമായ വിവരങ്ങളും ഉൾപ്പെടും. അപ്പോൾ വളരെ വ്യക്തിഗതമായി ഒരാളെ കുറിക്കുന്നതും, സമൂഹത്തിന്റെ ഒന്നാകെയുമായി പലതലത്തിലുള്ള വ്യാപക വിവരസഞ്ചയമാണ് ഈ സംവിധാനം ഒരുക്കുന്നത്. ഡേറ്റ അമൂല്യമായ കച്ചവടവസ്തുവാകുന്ന ഇക്കാലത്ത് ഈ വിവരസഞ്ചയം ലാഭക്കൊതിയന്മാരായ കോർപ്പറേറ്റുകൾക്കായി കൈമാറ്റം ചെയ്യില്ലെന്ന് എന്താണ് ഉറപ്പ്? ചങ്ങാത്തമുതലാളിത്തത്തിന്റെയും കോർപ്പറേറ്റ് വിധേയത്വത്തിന്റെയും ഏറ്റവും വലിയ ഉദാഹരണമായ നിലവിലെ സർക്കാർ അതു ചെയ്യില്ലെന്ന് യാതൊരു ഉറപ്പുമില്ല. മറ്റ് കമ്പ്യൂട്ടർ പ്രോഗ്രാമുകൾക്കും സേവനങ്ങൾക്കും ആരോഗ്യസേതുവിലെ വിവരങ്ങളും സേവനങ്ങളും ഉപയോഗപ്പെടുത്താൻ സാധിക്കുന്ന തരത്തിലുള്ള ആപ്ലിക്കേഷൻ പ്രോഗ്രാമിങ്ങ് ഇന്റർഫേസ് അഥ

വാ പ്രോഗ്രാം ചെയ്ത് ഉപയോഗിക്കുവാനുള്ള സംവിധാനത്തോടു കൂടിയാണ് ആരോഗ്യസേതു നിർമ്മിച്ചിരിക്കുന്നത്.

ഇതെല്ലാം വിവരസുരക്ഷയുമായി ബന്ധപ്പെട്ട കാര്യം. ഇനി ഏറ്റവും പ്രാധാന്യമുള്ള സ്വകാര്യതയുടെ കാര്യമെടുക്കാം. വ്യാപകമായി ഈ ആപ്പ് അടിച്ചേൽപ്പിക്കാൻ കേന്ദ്രസർക്കാരും ചില സംസ്ഥാനങ്ങളും ശ്രമിക്കുന്നതു തന്നെ സ്വകാര്യതയെ സംബന്ധിച്ച അവകാശങ്ങളുടെ ലംഘനമാണ്. രോഗികളോ രോഗസാധ്യതയുള്ളവരോ സമ്പർക്കവിലക്കിലോ അല്ലാത്ത ബഹുജനങ്ങളുടെ ചലനങ്ങളും സമ്പർക്കവും നിരീക്ഷിക്കുന്നത് സംശയകരമാണ്. ആരോഗ്യസേതുവിനെ ബൃഹത്തായ പൗരനിരീക്ഷണസംവിധാനമെന്നാണ് രാഹുൽ ഗാന്ധി എംപി വിളിച്ചത്. പൗരന്റെ അനുവാദമില്ലാതെ അവന്റെ ചലനങ്ങൾ നിരീക്ഷിക്കുകയും അതിന്റെ ചുമതല സ്വകാര്യ ഓപ്പറേറ്റർമാരെ ഏൽപ്പിക്കുകയും ചെയ്തിരിക്കുകയാണെന്ന് അദ്ദേഹം ആരോപിച്ചു. ഇന്റർനെറ്റ് ഫ്രീഡം ഫൗണ്ടേഷൻ അടക്കമുള്ള സംഘടനകളും ആരോഗ്യസേതു ആപ്പ് വ്യക്തികളുടെ സ്വകാര്യതയിലേയ്ക്ക് നടത്തുന്ന കടന്നുകയറ്റത്തെ കുറിച്ച് ആശങ്ക രേഖപ്പെടുത്തുന്നു. അദ്ദേഹത്തിന്റെ ആരോപണത്തെ ശരിവയ്ക്കുകയാണ് പ്രസിദ്ധ എത്തിക്കൽ ഹാക്കറായ ഏലിയട്ട് ആൻഡേഴ്സൺ എന്ന ഫ്രെഞ്ച് സൈബർ സുരക്ഷാവിദഗ്ധൻ. ഇദ്ദേഹമാണ് ആധാർ വിവരങ്ങളുടെ സുരക്ഷ ചോർച്ച തെളിയിച്ചത്. 9 കോടിയിലധികം ഇന്ത്യക്കാരുടെ സ്വകാര്യത അപകടത്തിലാണെന്നാണ് ഏലിയട്ട് ആൻഡേഴ്സൺ ട്വിറ്ററിലൂടെ അറിയിച്ചത്. വളരെ നിസ്സാരമായി ആരോഗ്യസേതു സംവിധാനത്തിലെ വിവരങ്ങൾ ഒരാൾക്ക് കൈവശപ്പെടുത്താനാകുമെന്ന് ഉദാഹരണസഹിതം അദ്ദേഹം തെളിയിച്ചു. പ്രധാനമന്ത്രിയുടെ ഓഫീസും സൈനിക ആസ്ഥാനവുമടക്കമുള്ള പ്രധാനയിടങ്ങളിൽ തിരിച്ചറിയപ്പെട്ട കോവിഡ് കേസുകളുടെ വിവരം ആ ഫ്രെഞ്ച് സൈബർ വിദഗ്ദൻ പുറത്തുവിട്ടു. ഇന്ത്യയിലെവിടെയും ഉള്ള വ്യക്തികളുടെ, കോവിഡ് രോഗവുമായി ബന്ധപ്പെട്ട അനവധി വിവരങ്ങൾ ആർക്കും അറിയാനാകും എന്നതാണ് അദ്ദേഹത്തിന്റെ വെളിപ്പെടുത്തലിന്റെ കാതൽ. അതായത്, വിവര സുരക്ഷയും വിവരസ്വകാര്യതയുമായി ബന്ധപ്പെട്ട ആശങ്കകളെ ശരിവയ്ക്കുകയാണ് ഈ വെളിപ്പെടുത്തൽ.

**അന്താരാഷ്ട്രതലത്തിൽ അംഗീകരിക്കപ്പെടുന്ന, വ്യക്തിയുടെ സ്വകാര്യതയെന്ന അവകാശത്തെ മാനിക്കാൻ കക്ഷിരാഷ്ട്രീയഭേദമെന്യേ ഇന്ത്യയിലെ മുതലാളിത്ത ഭരണകൂടങ്ങൾ തയ്യാറായിട്ടില്ല എന്നത് രഹസ്യമല്ല. ആധാർ, നിരന്തരം നടക്കുന്ന ഫോൺ ചോർത്തൽ, ഇന്റർനെറ്റ് നിരീക്ഷണം, വിവരങ്ങൾ നൽകാൻ ട്വിറ്റർ ഫേസ്ബുക്ക് തുടങ്ങിയ സ്വകാര്യ കമ്പനികൾക്കു മേൽ സമ്മർദ്ദം ചെലുത്തുന്നത് എല്ലാം ഉദാഹരണങ്ങളാണ്.**

കേരളത്തിൽ വിവാദമായ സ്പ്രിംഗ്ലർ ഇടപാടും ആരോഗ്യസേതുവുമായി ഒന്ന് താരതമ്യം ചെയ്തു നോക്കാം. കേരളത്തിൽ ആരോഗ്യപ്രവർത്തകർ നേരിട്ട് ശേഖരിക്കുന്ന കോവിഡ് സാധ്യതയുള്ളവരുടെയും രോഗികളുടെയും വ്യക്തിഗത ആരോഗ്യവിവരങ്ങൾ, സ്പ്രിംഗ്ലർ എന്ന അമേരിക്കൻ ഡേറ്റ സേവന കമ്പനി നൽകുന്ന ഇന്റർനെറ്റ് അധിഷ്ഠിത ഡേറ്റ പ്ലാറ്റ്ഫോമിലേക്ക് നൽകുകയും, അതിൽ നടത്തേണ്ട വിശകലനങ്ങളിൽ അവരുടെ പിന്തുണ സ്വീകരിക്കുകയും ചെയ്യുക എന്നതായിരുന്നു ഈ ഇടപാടിന്റെ ഉദ്ദേശ്യം. തീർച്ചയായും വിവരസുരക്ഷിതത്വവും വിവരസ്വകാര്യതയും ഇവിടെ പ്രതിസന്ധിയിലാണ്. ഈ ഡേറ്റ അല്ലെങ്കിൽ അതിന്മേലുള്ള വിശകലനങ്ങൾ സ്പ്രിംഗ്ലർ കച്ചവടം ചെയ്യില്ല എന്ന് ഉറപ്പാക്കാൻ പറ്റില്ല. ഇങ്ങനെയൊരു കരാർ നൽകുന്നതിനു മുന്നേ സർക്കാർ തലത്തിൽ സാധാരണ പാലിക്കേണ്ട നടപടിക്രമങ്ങൾ അട്ടിമറിക്കപ്പെട്ടു. അങ്ങനെ അഴിമതിയുടെ നിഴലിൽ നിൽക്കുന്ന ഇടപാടായി സ്പ്രിംഗ്ലർ മാറിയിരിക്കുന്നു. പക്ഷേ, ഇവിടെ വിവരങ്ങൾ ശേഖരിക്കുന്നത് സർക്കാരാണ്. സ്പ്രിംഗ്ലറിന്റെ പങ്ക് പരസ്യമാണ്. സർക്കാർ സൂക്ഷിക്കേണ്ട വിവരം, അതിനെ കച്ചവടവസ്തുവായി മാത്രം കാണുന്ന ഒരു സ്വകാര്യ വിദേശസ്ഥാപനത്തിന് ചട്ടങ്ങൾ ലംഘിച്ച് കൈമാറിയതിലെ അഴിമതിയും ഒപ്പം അതിൽ ജനങ്ങളുടെ വിവരസുരക്ഷ അപകടത്തിലാകുന്നു എന്ന ഗുരുതരമായ പ്രശ്നവും അടങ്ങിയിരിക്കുന്നു.

പക്ഷേ, ഇവിടെ വിവരശേഖരണം രോഗബാധിതരിലോ രോഗസാധ്യതയുള്ളവരിലോ ആണ് നടത്തുന്നത്, അല്ലാതെ ബഹുജനങ്ങളിലൊന്നാകെയല്ല. പക്ഷേ ആരോഗ്യസേതു ഈ തലങ്ങളെയെല്ലാം മറികടക്കുന്നു. ബഹുജനങ്ങളുടെയൊന്നാകെ വിവരം വ്യക്തിഗതമായി നേരിട്ടു ശേഖരിക്കുന്നു. എന്തൊക്കെ വിവരം ശേഖരിക്കുന്നു എന്നത് സുതാര്യമല്ല. ജിപിഎസ്സും ബ്ലൂടൂത്തും അനുവാദമില്ലാതെ ഉപയോഗിക്കുന്ന ആപ്പ്, ഫോണിലെ മറ്റ് സൗകര്യങ്ങളും അനുവാദമില്ലാതെ ഉപയോഗിക്കില്ല എന്ന് എന്താണ് ഉറപ്പ്. അതായത്, ഫോൺവിളികൾ അടക്കം രഹസ്യമായി ചോർത്തിക്കൂടെ? സംശയനിവാരണത്തിനായി ഈ ആപ്പിനെ സംബന്ധിക്കുന്ന എല്ലാ വിവരവും പരസ്യപ്പെടുത്തുകയാണ് വേണ്ടത്. സർക്കാർ അതിനു തയ്യാറായിട്ടില്ല. സ്പ്രിംഗ്ലർ ഇടപാട് തന്നെ ഒരു കാരണവശാലും അംഗീകരിക്കാൻ കഴിയാത്തതാണ്. അപ്പോൾ സമാനഭീഷണികൾ കൂടുതൽ രൂക്ഷമായി പ്രകടിപ്പിക്കുന്ന, വളരെ ആഴത്തിൽ നേരിട്ട് സദാസമയവും നിങ്ങളെ നിരീക്ഷിക്കാൻ പര്യാപ്തമായ, നമുക്കു സുതാര്യമല്ലാത്ത രീതിയിൽ വിവരങ്ങൾ അനുവാദമില്ലാതെ ശേഖരിച്ച് അജ്ഞാതമായ സെർവറുകളിലേക്ക് അയക്കുന്ന ആരോഗ്യസേതുവിനെ എങ്ങനെ അംഗീകരിക്കാനാകും?

ആരോഗ്യസേതുവിനെക്കുറിച്ചുള്ള ചോദ്യങ്ങളും എതിർപ്പും വ്യാപകമായി ഉയർന്ന സാഹചര്യത്തിൽ, സാങ്കേതികവിദ്യക്കും ഡേറ്റ മാനേജ്മെന്റിനുമുള്ള ഉന്നതാധികാര ഗ്രൂപ്പിന്റെ തലവൻ അജയ് സാഹ്നി മറുപടികളുമായി രംഗത്തു വന്നിരുന്നു. കോവിഡ് പോസിറ്റീവ് ആയി കണ്ടെത്തിയ 13,000 ആരോഗ്യസേതു ഉപഭോക്താക്കളുടെ ഡേറ്റ ആരോഗ്യ ഇടപെടലിനായി സെർവറിലേക്ക് മാറ്റി എന്ന് അദ്ദേഹം പറയുന്നു. ആരോഗ്യസേതുവിലെ അനോണിമൈസ്ഡ് ഡേറ്റയുടെ (ഉടമസ്ഥനെ തിരിച്ചറിയാൻ സാധിക്കാത്ത വിധം രൂപമാറ്റം വരുത്തിയ ഡേറ്റ) വിവരശേഖരണത്തിനും, കൈകാര്യം ചെയ്യുന്നതിനും സൂക്ഷിക്കുന്നതിനും വേണ്ടുന്ന നിർദ്ദേശങ്ങളടങ്ങിയ ചട്ടം (Arogya Setu Data

Access and Knowledge Sharing Protocol 2020) മേയ് 11ന് പുറത്തിറക്കിയതായും അദ്ദേഹം അറിയിച്ചു. വ്യക്തികളുടെ സമ്പർക്കവിവരങ്ങൾ എൻക്രിപ്റ്റഡ് രൂപത്തിൽ അതത് ഫോണുകളിൽ തന്നെയേ സൂക്ഷിക്കുകയുള്ളൂ, വ്യക്തി പോസിറ്റീവ് ആയാൽ മാത്രം ഡേറ്റ സെർവറിലേക്ക മാറ്റും എന്ന് അദ്ദേഹം അവകാശപ്പെട്ടു. ഈ എൻക്രിപ്റ്റഡ് ഡേറ്റയാകട്ടെ 30 ദിവസത്തിനു ശേഷം തനിയെ ഫോണിൽനിന്നും നീക്കം ചെയ്യപ്പെടുന്നു.

ഈ വിശദീകരണവും പുതിയ ചോദ്യങ്ങളാണ് ഉയർത്തുന്നത്. അദ്ദേഹം പറഞ്ഞ ക്രമീകരണങ്ങൾ യഥാർത്ഥത്തിൽ എത്രത്തോളം പ്രായോഗികമാണ്? 30 ദിവസത്തേക്കായാലും ഇത്രയും ഡേറ്റ സൂക്ഷിക്കുവാൻ ആവശ്യമായ മെമ്മറി എല്ലാ ഫോണുകളിലും ഉണ്ടാകുമോ? ഇനി, പോസിറ്റീവ് ആകുന്നയാളിന്റെ ഫോൺ തിരിച്ചറിഞ്ഞ് അതിലെ ഡേറ്റ അപ്പോൾ സെർവറിലേക്കെടുക്കും എന്നാണ് ഉദ്ദേശിക്കുന്നതെങ്കിൽ, അത് സാമാന്യയുക്തിക്കു നിരക്കുന്നതല്ല. അത്രയും വിപുലമായ ഡേറ്റ കൈമാറ്റം എങ്ങനെയാണ് നടത്തുക, എപ്പോളാണ് നടത്തുക? ഫോൺ നമ്പർ എന്നതല്ലാതെ, ആരോഗ്യവകുപ്പിന്റെ വിവരശേഖരത്തിലെ രോഗിയുടെ ഡേറ്റയും ആരോഗ്യസേതുവിലെ ഡേറ്റയും തമ്മിൽ എങ്ങനെ കൃത്യമായി തിരിച്ചറിയും? രോഗം ഉള്ളയാളുടെ ഫോണിൽ ഒരു രീതിയിലും മറ്റുള്ളവർക്ക് വേറെ ഒരു രീതിയിലും എന്ന നിലയിൽ പ്രവർത്തിക്കാനുള്ള ബുദ്ധി ആപ്പിലുണ്ടോ? ഈ വിശദീകരണം വാസ്തവത്തിൽ കാര്യങ്ങളെ കൂടുതൽ സങ്കീർണ്ണമാക്കുകയാണ്.

രോഗപ്രതിരോധത്തിന് ആവശ്യമായ സാങ്കേതിക അടിത്തറ വളരെ ലളിതമായും ജനോപകാരപ്രദമായും സൗജന്യമായും നിർമ്മിക്കുവാനുള്ള സന്നദ്ധ പ്രവർത്തനത്തിന് തയ്യാറുള്ള അസംഖ്യം സാങ്കേതികപ്രവർത്തകരും ഓപ്പൺ സോഴ്സ് സോഫ്റ്റ്വെയർ പ്രസ്ഥാനങ്ങളും കേരളത്തിലും രാജ്യത്തും സജീവമാണ്. അവരെ സംയോജിപ്പിച്ചുകൊണ്ട്, കൂട്ടായ്മയിലൂടെ സാങ്കേതിക സൗകര്യം ഇതിലും എളുപ്പത്തിലും സുതാര്യമായും നിർമ്മിച്ചെടുക്കുവാനും സാധിക്കുമായിരുന്നു എന്നത് തർക്കമറ്റ കാര്യമാണ്. പക്ഷേ, കോർപ്പറേറ്റ് താത്പര്യങ്ങൾക്കു മാത്രം വിധേയരായ മുതലാളിത്ത ഭരണകൂടങ്ങളിൽ നിന്ന്, അത് കേന്ദ്രത്തിലായാലും കേരളത്തിലായാലും, ഇത് പ്രതീക്ഷിക്കാനാകില്ല. സുതാര്യതയ്ക്കു വേണ്ടി നിലകൊള്ളുന്നതും സാങ്കേതികമേഖലയുടെ ജനാധിപത്യവൽക്കരണത്തെയും, അത്തരം ലാഭേച്ഛയില്ലാത്ത പ്രവർത്തനങ്ങളെയും പ്രോത്സാഹിപ്പിക്കുന്നതും ഭരണകൂടത്തിന്റെ വർഗതാത്പര്യത്തിനു വിരുദ്ധമാണ് എന്നതു തന്നെ കാരണം.

## ആരോഗ്യസേതു ജനവിരുദ്ധം

അന്താരാഷ്ട്രതലത്തിൽ അംഗീകരിക്കപ്പെടുന്ന, വ്യക്തിയുടെ സ്വകാര്യതയെന്ന അവകാശത്തെ തരിമ്പും മാനിക്കാൻ കക്ഷിരാഷ്ട്രീയഭേദമന്യേ ഇന്ത്യയിലെ മുതലാളിത്ത ഭരണകൂടങ്ങൾ തയ്യാറായിട്ടില്ല എന്നത് രഹസ്യമല്ല. ആധാർ മുതൽ, എല്ലാ ചട്ടങ്ങളും കാറ്റിൽ പറത്തി നിരന്തരം നടക്കുന്ന ഫോൺ ചോർത്തലും ഇന്റർനെറ്റ് നിരീക്ഷണവും, വിവരങ്ങൾ നൽകാൻ ട്വിറ്റർ ഫേസ്ബുക്ക് തുടങ്ങിയ സ്വകാര്യ കമ്പനികൾക്കുമേൽ സമ്മർദ്ദം ചെലുത്തുന്നതും, ഇതിന് ഉദാഹരണമാണ്. പലതും തീവ്രവാദ ഭീഷണിയുടെ പേരിലാണെങ്കിലും, സർക്കാരിനും മുതലാളിത്ത ഭരണകൂടത്തിന്റെ ജനവിരുദ്ധ നടപടികൾക്കുമെതിരെയുള്ള എല്ലാ എതിർശബ്ദങ്ങളെയും അടിച്ചമർത്താനും, അങ്ങനെ ശബ്ദമുയർത്തുന്നവരെ ഭീഷണിപ്പെടുത്താനോ ജയിലിലടക്കാനോപോലും ഇത്തരം ജനാധിപത്യവിരുദ്ധ സമീപനങ്ങൾ ഒരു മടിയുമില്ലാതെ കൈക്കൊള്ളും എന്ന് പലവട്ടം ഭരണകൂടം തെളിയിച്ചതാണ്. അപ്പോൾ ജനക്ഷേമം മാത്രം മുൻനിർത്തി നടപ്പാക്കിയ സുരക്ഷിതമായ പദ്ധതിയാണ് ആരോഗ്യസേതു എന്നത് എങ്ങനെ വിശ്വസിക്കും? കൊറോണ പ്രതിരോധത്തിന് ഏറ്റവും ആവശ്യമുള്ള ഒട്ടേറെ കാര്യങ്ങളിൽ നിഷ്ക്രിയത്വം കാണിക്കുന്ന സർക്കാരാണ്, എല്ലാ പ്രശ്നങ്ങൾക്കുമുള്ള ഒറ്റമൂലി എന്ന രീതിയിൽ ആരോഗ്യസേതു എന്ന തികച്ചും സംശയകരമായ ആപ്പ് അടിച്ചേൽപ്പിക്കുന്നത്.

**കോവിഡിന്റെ മറവിൽ മറ്റ പല ജനവിരുദ്ധനടപടികളും നടപ്പാക്കുന്നതു പോലെ, ജനങ്ങളെയൊന്നാകെ തങ്ങളുടെ കടുത്ത നിരീക്ഷണവലക്കുള്ളിൽ നിർബന്ധിതമായി കൊണ്ടുവരാനാണ് സർക്കാർ ശ്രമിക്കുന്നത്. ലോക്ക്ഡൗൺ കഴിഞ്ഞാലും മറ്റ് അസുഖങ്ങളുടെ പകർച്ചയെ നിരീക്ഷിക്കുന്നതിനായി ആരോഗ്യസേതുവിന്റെ ഉപയോഗം തുടരേണ്ടതുണ്ടെന്ന നിതി ആയോഗിന്റെ നിർദേശം ഈ സംശയം ഊട്ടിയുറപ്പിക്കുന്നതാണ്.**

ആരോഗ്യസേതു അതിന്റെ പ്രഖ്യാപിതലക്ഷ്യങ്ങൾ വിജയകരമായി നിർവഹിക്കുന്നതായി വസ്തുനിഷ്ഠമായി തെളിയിക്കുവാൻ സാധിച്ചിട്ടില്ല. മറിച്ച് ഗുരുതരമായ തെറ്റുകൾ വരുത്തി പ്രതിരോധനടപടികളെ താളം തെറ്റിക്കുവാൻ സാധ്യതയുണ്ട് താനും. വിവരസുരക്ഷയും വിവരസ്വകാര്യതയുമായും ബന്ധപ്പെട്ട് സാധാരണജനങ്ങളും പ്രതിപക്ഷനേതാക്കളും ഈ രംഗത്തെ വിദഗ്ധരും ഉന്നയിച്ച ചോദ്യങ്ങൾക്കും സംശയങ്ങൾക്കും തൃപ്തികരമായ മറുപടി നൽകാൻ സർക്കാരിനു സാധിച്ചിട്ടില്ല. എന്നിട്ടും ഇത് വ്യാപകമായും അതാര്യമായും അടിച്ചേൽപ്പിക്കുന്നത് ജനാധിപത്യവിരുദ്ധമാണെന്നു മാത്രമല്ല, സർക്കാരിന്റെ ഉദ്ദേശ്യത്തെക്കുറിച്ച് സംശയം ജനിപ്പിക്കുന്നതുമാണ്. കോവിഡിന്റെ മറവിൽ മറ്റു പല ജനവിരുദ്ധ നടപടികളും നടപ്പാക്കുന്നതു പോലെ, ജനങ്ങളെയൊന്നാകെ തങ്ങളുടെ കടുത്ത നിരീക്ഷണവലക്കുള്ളിൽ നിർബന്ധിതമായി കൊണ്ടുവരാനാണ് സർക്കാർ ശ്രമിക്കുന്നത്. ലോക്ക്ഡൗൺ കഴിഞ്ഞാലും മറ്റ് അസുഖങ്ങളുടെ പകർച്ചയെ നിരീക്ഷിക്കുന്നതിനായി ആരോഗ്യസേതുവിന്റെ ഉപയോഗം തുടരേണ്ടതുണ്ടെന്ന നിതി ആയോഗിന്റെ നിർദേശം ഈ സംശയം ഊട്ടിയുറപ്പിക്കുന്നതാണ്. എതിർപ്പുകൾ ഉയരാതിരിക്കാൻ ഇതുപോലെയുള്ള കാൽച്ചങ്ങലകളാൽ നമ്മെ ബന്ധിപ്പിക്കുകയാണ്. കോവിഡ് സാഹചര്യം മുതലാക്കി രാജ്യത്തെയും നമ്മുടെയൊക്കെ ജീവിതങ്ങളെയും കോർപ്പറേറ്റ് മേലാളന്മാർക്ക് തീറെഴുതിക്കൊടുക്കുന്ന ഓരോ ശ്രമവും എതിർത്തു തോൽപ്പിക്കേണ്ടത്, കോവിഡിനു ശേഷമുള്ള കാലഘട്ടത്തിലെ മനുഷ്യന്റെ നിലനിൽപ്പിനുതന്നെ ആവശ്യമാണെന്ന് നാം ഓരോരുത്തരും ഓർക്കണം, മനസ്സിലാക്കണം. ■


**ആരോഗ്യസേതു ആപ്പ് പൗരന്മാർക്കുമേൽ സർക്കാർ വിരിക്കുന്ന നിരീക്ഷണവലയോ?**

# സ്പ്രിംഗ്ലർ കൊണ്ടുപോയ ഡേറ്റ ആരുടെയൊക്കെ കൈകളിലെത്തും?

**വ്യക്തിസ്വാതന്ത്ര്യം പോലെ തന്നെ പരമപ്രധാനമാണ് വ്യക്തികളുടെ സ്വകാര്യതയും സ്വകാര്യവിവരങ്ങളുടെ സംരക്ഷണവും. പരിഷ്കൃത ജനാധിപത്യസമൂഹത്തിന്റെ ആരോഗ്യകരമായ നിലനിൽപ്പിന് പൗരന്റെ മൗലികാവകാശങ്ങളും സംരക്ഷിക്കപ്പെട്ടേ മതിയാകൂ. എന്നാൽ, വൻകിട മുതലാളിത്ത രാജ്യങ്ങളിൽ പലതും കോവിഡ്-19ന്റെ മറവിൽ മനുഷ്യാവകാശങ്ങൾ നിരന്തരം ലംഘിക്കുന്നുവെന്ന് ചൂണ്ടിക്കാണിച്ചത് ഐക്യരാഷ്ട്രസഭയുടെ കമ്മിഷണർ മിഷേൽ ബേഷ്‌ലെറ്റ് ജേറിയ ആയിരുന്നു. അതിനെതിരെ അവർ ലോകരാജ്യങ്ങൾക്ക് മുന്നറിയിപ്പ് നൽകിയത് മേയ് ആദ്യവാരമാണ്.**

നമ്മുടെ രാജ്യത്തും പൗരന്റെ മൗലികാവാശങ്ങൾക്കുമേൽ നിരന്തരം ആക്രമണങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. കൊറോണ വൈറസ് രോഗവ്യാപനത്തെ തടയാനെന്ന പേരിൽ കേന്ദ്ര സർക്കാർ ആരംഭിച്ച ആരോഗ്യസേതു ആപ്പിലൂടെ ഇന്ത്യാക്കാരുടെ മൊബൈൽ ഫോണിലെ ജി.പി.എസ് ലൊക്കേഷൻ ഉപയോഗിച്ച്, ആപ്പ് ഡൗൺ ലോഡ് ചെയ്തവരുടെ ഏത് നീക്കത്തെയും നിരീക്ഷിക്കുന്നതിന് കഴിയുന്നുവെന്ന ഗുരുതരമായ സ്ഥിതിവിശേഷം സൃഷ്ടിച്ചിരിക്കുന്നു.

കേന്ദ്രഭരണകൂടത്തിന് പൗരന്മാരെ പിന്തുടരാം എന്നത് മാത്രമല്ല, ലോകത്തെ ഏത് സൈബർ കമ്പനിക്കും ഹാക്കർമാർക്കും അതേ വിവരങ്ങൾ വള



രെയെളുപ്പം ചോർത്താൻ കഴിയുമെന്നും ഫ്രഞ്ച് എത്തിക്കൽ ഹാക്കർ എലിയട്ട് ആൺഡേഴ്സൺ ആരോഗ്യസേതു ഹാക്ക് ചെയ്തു കാണിച്ചുതരികയും ചെയ്തു. എന്നാൽ, ഇന്ത്യയിലെ സർക്കാർ ജീവനക്കാരുൾപ്പെടെയുള്ളവർ നിർബന്ധമായും ഈ ആപ്പ് ഡൗൺലോഡ് ചെയ്യണമെന്ന് കേന്ദ്ര സർക്കാർ ഉത്തരവിട്ടത് ഏത് നിയമത്തിന്റെ പിൻബലത്തിലാണെന്നും അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളെന്താണെന്നും ഇതുവരെ വിശദീകരിക്കപ്പെട്ടിട്ടില്ല.

സമാനമായ നടപടിയാണ് കേരളത്തിലെ രോഗികളുടെ വ്യക്തിപരമായ വിവരങ്ങളും ആരോഗ്യവിവരങ്ങളും ശേഖരിക്കാൻ സ്വകാര്യകമ്പനിയായ സ്പ്രിംഗ്ലർക്ക് അനുമതി നൽകിയതിലൂടെ സംസ്ഥാനത്തെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരും ചെയ്തിരിക്കുന്നത്. കോവിഡ് ബാധിതരുടെയും ക്വാറന്റീനിൽ കഴിയുന്നവരുടെയും സകലമാനവിവരങ്ങളും അവരുടെ സോഷ്യൽ മീഡിയ അക്കൗണ്ടുകൾ കൂടി ഉപയോഗിച്ചാണ് സ്പ്രിംഗ്ലർ കമ്പനി പ്രോസസ്സ് ചെയ്യുന്നത്. അതിനാണ് അവർക്ക് സംസ്ഥാന ഐ.ടി വകുപ്പ് അനുമതി നൽകിയത്.

കേരളത്തിൽ രോഗവ്യാപനം ആരംഭിക്കുന്നതിന് മുമ്പ്, മാർച്ച് 15-ാം തീയതിയാണ് സംസ്ഥാന ഗവൺമെന്റ് ഇതുസംബന്ധമായ തീരുമാനം എടുക്കുന്നത്. ഉടനെതന്നെ, മാർച്ച് 26 മുതൽ രോഗികളുടെ വിവരങ്ങൾ കമ്പനിയ്ക്ക് ശേഖരിക്കാൻ അനുമതി നൽകുകയും ചെയ്തു. എന്നാൽ, കമ്പനിയുമായി സർക്കാർ ഒരു കരാറിൽ ഏർപ്പെട്ടുന്നതാകട്ടെ വിവാദങ്ങൾക്കിടയിൽ

ഏപ്രിൽ മാസവും. ഫേസ്ബുക്ക്, വാട്സ് ആപ്, ട്വിറ്റർ, ഇ-മെയിൽ, ഫോൺ കോളുകൾ എന്നിവ വഴി ലഭിക്കുന്ന വിവരങ്ങൾ ക്രോഡീകരിക്കാനും വിശകലനം ചെയ്യാനും കഴിവുള്ള കമ്പനിയാണിതെന്നാണ് മുഖ്യമന്ത്രി സ്പ്രിംഗ്ളറെക്കുറിച്ച് പറഞ്ഞത്. വിവരങ്ങളൊക്കെ രാജ്യത്തിനകത്തെ സെർവറിൽ തന്നെ സൂക്ഷിക്കുമെന്നും അദ്ദേഹം അവകാശപ്പെടുകയുണ്ടായി.

കരാർപ്രകാരം, റേഷൻകാർഡിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ രോഗസാധ്യതയുള്ളവരുടെ മാപ്പിംഗ് പൂർത്തീകരിക്കാനുള്ള ചുമതലയും സ്പ്രിംഗ്ലർ കമ്പനിക്ക് കൈമാറി. 80.92 ലക്ഷം റേഷൻ കാർഡുടമകളാണ് കേരളത്തിലാകെയുള്ളത്. അവരിൽ എത്ര ലക്ഷം ആളുകളുടെ വിവരങ്ങൾ ഇതിനകം കൈമാറ്റം ചെയ്യപ്പെട്ടുകഴിഞ്ഞുവെന്നതിനെ സംബന്ധിച്ച് വ്യക്തതയില്ല.

എന്തുകൊണ്ട് സംസ്ഥാന സർക്കാർ ഇത്തരമൊരു അതിപ്രധാനമായ കാര്യം കൈകാര്യം ചെയ്യാൻ സ്വകാര്യകമ്പനിയെ, അതും അമേരിക്ക ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന കുപ്രസിദ്ധമായ പാരമ്പര്യമുള്ള ഒരു കമ്പനിയെ തെരഞ്ഞെടുത്തു? അതിന്റെ മാനദണ്ഡമായിരുന്നു? ആഗോള ടെണ്ടർ എന്തുകൊണ്ട് വിളിച്ചില്ല? എന്തുകൊണ്ട് മന്ത്രിസഭയിൽപോലും ചർച്ച ചെയ്യാതെ രഹസ്യമായി കരാറൊപ്പിട്ടു? എന്തുകൊണ്ട് വ്യവസ്ഥകൾ മറച്ചുവെച്ചു? കേരളത്തിൽ വർഷങ്ങളായി പ്രവർത്തിക്കുന്ന സ്റ്റേറ്റ് ഡേറ്റ സെന്ററുകളുടെ ചുമതല വഹിച്ച പൊതുമേഖലാ സ്ഥാപനമായ കെൽട്രോണിനെ ടെൻഡറിൽപ്പോലും എന്തുകൊണ്ട് പങ്കെടുപ്പിച്ചില്ല?

സ്പ്രിംഗ്ളർ കമ്പനിയെ സംബന്ധിച്ച് ഇതിനകം പുറത്ത് വന്നിട്ടുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിൽ വിശ്വാസ്യത തീരെയില്ലെന്ന് ഐടി രംഗത്തെ വിദഗ്ധർ ചൂണ്ടിക്കാണിച്ചിട്ടും പരിഗണിക്കാൻ തയ്യാറാകാതെ കരാറുമായി മുന്നോട്ടുപോകാൻ ഏകപക്ഷീയമായി സർക്കാർ തീരുമാനിച്ചത് എന്തുകൊണ്ട്?

കൊറോണപോലൊരു സാംക്രമിക രോഗവ്യാപനത്തെ തടയുന്നതിന് രോഗികളുടെയും രോഗസാധ്യതയുള്ളവരുടെയും വിവരങ്ങൾ ശേഖരിക്കുന്നതിനും പ്രോസസ്സ് ചെയ്യുന്നതിനും സംസ്ഥാനത്തെ ആരോഗ്യ വകുപ്പിന് കഴിയില്ലായെന്ന സാഹചര്യം നിലവിലില്ല




**സ്പ്രിംഗ്ലർ ഒരു സ്വകാര്യ മാർക്കറ്റിംഗ് കമ്പനിയാണ്. ഓരോ വ്യക്തിയും ഉപയോഗിക്കുവാൻ സാദ്ധ്യതയുള്ള ഉൽപന്നങ്ങളുടെ ബ്രാൻഡുകൾ തിരിച്ചറിയുകയും അഭിരുചികളും ശീലങ്ങളും തിരിച്ചറിയുകയും വ്യക്തികളുടെ സ്വകാര്യ വിവരങ്ങളെ ആധാരപ്പെടുത്തി അവയെ ക്ലാസിഫൈ ചെയ്യുകയുമാണ് ആദ്യപടി. പ്രോസസ് ചെയ്യുന്ന വിവരങ്ങൾ വൻകിട കമ്പനികൾക്ക് കൈമാറുകയാണ് അടുത്തപടി.**

സ്പ്രിംഗ്ലർ ഒരു സ്വകാര്യ മാർക്കറ്റിംഗ് കമ്പനിയാണ്. ഓരോ വ്യക്തിയും ഉപയോഗിക്കുവാൻ സാദ്ധ്യതയുള്ള ഉൽപന്നങ്ങളുടെ ബ്രാൻഡുകൾ തിരിച്ചറിയാനും അഭിരുചികളും ശീലങ്ങളും തിരിച്ചറിയുകയും വ്യക്തികളുടെ സ്വകാര്യവിവരങ്ങളെ ആധാരപ്പെടുത്തി അവയെ ക്ലാസിഫൈ ചെയ്യുകയുമാണ് ആദ്യപടി. ആ വിവരങ്ങൾ പ്രോസസ് ചെയ്തു വൻകിട കമ്പനികൾക്ക് കൈമാറും. സോഷ്യൽ മീഡിയ മാനേജ്മെന്റ് സർവ്വീസ് എന്നാണ് ഇതറിയപ്പെടുന്നത്.

സോഷ്യൽ മീഡിയയിലൂടെ വിവരങ്ങൾ ചോർത്തിയെടുക്കുക, ആളുകൾ ഉപയോഗിക്കുന്ന ബ്രാൻഡുകൾ ഏതെന്ന് കണ്ടെത്തുക, അവയ്ക്ക് മാർക്കറ്റിംഗ് സാദ്ധ്യതകൾ എത്രത്തോളമെന്ന വിവരം ആഗോള വിപണിയെ നിയന്ത്രിക്കുന്നവർക്ക് കൈമാറുക. വിപണിയെ സംബന്ധിച്ച് ആ വിവരങ്ങൾ വിലയേ




റിയതാണ്. അതുകൊണ്ടുതന്നെ വിവരങ്ങൾ ശേഖരിക്കാൻ വഴിയൊരുക്കികൊടുത്ത സംസ്ഥാന സർക്കാരിൽ നിന്നും അവർ സേവനത്തിന് പണം ഈടാക്കുന്നില്ല. അതിന്റെ ആവശ്യമില്ല. ഡേറ്റ കച്ചവടത്തിലൂടെ കമ്പനിയ്ക്ക് വളരെയെളുപ്പം കോടികൾ സമ്പാദിക്കാം. അതിന്, കേരളത്തിലെ ആരോഗ്യമേഖലയുമായി എന്താണ് ബന്ധം? കൊറോണമൂലം ജനങ്ങൾ രോഗഭീതിയിൽ കഴിയുമ്പോൾ, അതിനെ ഒരു അവസരമാക്കിമാറ്റികൊണ്ട് ജനങ്ങളുടെ സ്വകാര്യവിവരങ്ങൾ ഒരു ആഗോള കമ്പനിക്ക് ചോർത്തികൊടുക്കുന്നവെന്ന അതീവ കുറ്റകരമായ നടപടിയാണ് സംസ്ഥാന ഗവൺമെന്റ് നിർവ്വഹിക്കുന്നത്.

അതോടൊപ്പം, ഇപ്പറഞ്ഞ സോഷ്യൽമീഡിയ മാനേജ്മെന്റ് സർവ്വീസിലൂടെ ശേഖരിക്കുന്ന വിവരങ്ങൾ കൈവശംവെച്ചുകൊണ്ട് പൗരസമൂഹത്തെ സാമൂഹിക നിരീക്ഷണത്തിന് വിധേയമാക്കാം എന്ന വലിയ അപകടവും പതിയിരിക്കുന്നു. അതുകൊണ്ട്, കേവലം വിവരചോർച്ചയോ വിവരമോഷണമോ മാത്രമല്ല ഇതിലൂടെ സംഭവിക്കാൻ പോകുന്ന വിപത്തുകൾ. ഈ വലയ്ക്കുള്ളിലാകുന്നവരുടെ സ്വകാര്യവിവരങ്ങൾ ഉപയോഗിച്ച് ഭരണകൂടത്തിന്റെ വിവിധങ്ങളായ രഹസ്യഏജൻസികൾക്ക് പൗരന്മാരെ പലവിധത്തിൽ വേട്ടയാടാനും കഴിയും. സാമ്രാജ്യത്വഏജൻസികൾക്കും ഇത്തരം വിവരങ്ങൾ എളുപ്പത്തിൽ ചോർത്തിയെടുക്കാം.

**ആരോഗ്യവിവരങ്ങൾ കൈകാര്യം ചെയ്ത് പരിചയമില്ലാത്ത ഒരു കമ്പനിക്ക്, ആധികാരികതയില്ലാത്ത വിദേശസ്ഥാപനത്തിന്, വിലപ്പെട്ട പൊതുജനാരോഗ്യ വിവരങ്ങൾ കൈമാറാൻ തീരുമാനിച്ചതിലൂടെ ജനങ്ങളുടെ സ്വകാര്യതയുടെമേൽ കടന്നുകയറാനാണ് യഥാർത്ഥത്തിൽ അവസരം തുറന്നുകൊടുത്തിരിക്കുന്നത്.**

സ്പ്രിംഗ്ലർ കമ്പനി അവരുടെ സെർവറിൽ ശേഖരിക്കുന്ന വിവരങ്ങൾ ലോകത്തെ മറ്റൊരു ഏജൻസിക്കും കൈമാറില്ലായെന്ന് എന്താണുറപ്പ്? ഒരു ഉറപ്പുമില്ല. എന്നുമാത്രമല്ല കമ്പനിയ്ക്ക് ആരോഗ്യമേഖലയുമായി ഒരു ബന്ധവുമില്ലെന്ന് കമ്പനി തന്നെ വ്യക്തമാക്കിയിട്ടുമുണ്ടല്ലോ. ഡേറ്റ നിരീക്ഷണവുമായി ബന്ധപ്പെട്ട് ഇന്ത്യയിൽ ശക്തമായ നിയമസംവിധാനങ്ങൾ നിലവിലില്ലാത്തതുകൊണ്ടാണ് അമേരിക്കൻ നിയമത്തിന് കീഴിലായാലും സാരമില്ല എന്ന് തീരുമാനിച്ച് സ്പ്രിംഗ്ലറെ തെരഞ്ഞെടുത്തതെന്ന ഐ.ടി സെക്രട്ടറിയുടെ വാദം എത്ര ബാലിശമാണ്. അമേരിക്കയിലെ നിയമമനുസരിച്ചുപോലും, ആരോഗ്യ ഇൻഷ്വറൻസ് പോർട്ടബിലിറ്റി ആന്റ് അക്കൗണ്ടബിലിറ്റി ആക്ട് (HIPAA) പ്രകാരമുള്ള കംപ്ലയിൻസ് സർട്ടിഫിക്കറ്റ് സ്പ്രിംഗ്ളർ കമ്പനിക്ക് ഇല്ലായെന്ന കാര്യവും മറച്ചുവെയ്ക്കപ്പെട്ടു. അപ്പോൾ, ആരോഗ്യവിവരങ്ങൾ കൈകാര്യം ചെയ്ത് പരിചയമില്ലാത്ത ഒരു കമ്പനിക്ക്, ആധികാരികതയില്ലാത്ത വിദേശസ്ഥാപനത്തിന്, വിലപ്പെട്ട പൊതുജനാരോഗ്യ വിവരങ്ങൾ കൈമാറാൻ തീരുമാനിച്ചതിലൂടെ ജനങ്ങളുടെ സ്വകാര്യതയുടെ മേൽ കടന്നുകയറാനാണ് യഥാർത്ഥത്തിൽ അവസരം തുറന്നുകൊടുത്തിരിക്കുന്നത്. ആരോഗ്യസേതുവിലൂടെ കേന്ദ്രസർക്കാരും, സ്പ്രിംഗ്ളർ കരാറിലൂടെ സംസ്ഥാന സർക്കാരും പൊതുജനങ്ങളുടെ സ്വകാര്യഅവകാശങ്ങളാണ് ചവിട്ടിമെതിക്കുന്നത്. അവയുടെ പ്രത്യാഘാതങ്ങൾ കോവിഡ് കാലത്തിന് ശേഷമായിരിക്കും കൂടുതലായി നാം അനുഭവിക്കേണ്ടിവരുന്നത്. ■

## ലോക്ഡൗൺ കാലയളവിൽ ഏർപ്പെടുത്തിയ

# പുതിയ 'കാശ്മീർ സ്ഥിരവാസ' നിയമം ബിജെപി അജണ്ടയുടെ ഭാഗം

മറ്റെല്ലാ സംസ്ഥാനങ്ങളെയുംപോലെ, പുതുതായി രൂപീകരിക്കപ്പെട്ട രണ്ട് യൂണിയൻ ടെറിട്ടറികളായ ജമ്മു-കാശ്മീരും ലഡാക്കും, വിശേഷിച്ച് ജമ്മു-കാശ്മീർ, കോവിഡ്-19 പകർച്ച വ്യാധിയുടെയും ലോക്ഡൗണിന്റെയും കെടുതികൾ വലിയ അളവിൽ നേരിട്ടു കൊണ്ടിരിക്കുകയാണ്. ഏപ്രിൽ മദ്ധ്യത്തോടെ ജമ്മുകാശ്മീരിൽ 300 രോഗ ബാധിതരുണ്ടായിരുന്നു. അതിൽ 30 പേർക്ക് രോഗം ഭേദമാകുകയും 4 പേർ മരിക്കുകയും ചെയ്തു. രാജ്യമൊന്നാകെ ഈ വ്യാധിക്കെതിരെയുള്ള പോരാട്ടത്തിൽ മുഴുകിയിരിക്കുമ്പോൾ, കാശ്മീരിനെ സംബന്ധിച്ചിടത്തോളം ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്ന നടപടികളുമായി കേന്ദ്ര ബിജെപി സർക്കാർ മുമ്പോട്ട് പോകുകയാണ്. കാശ്മീരിലെ പുതിയ സ്ഥിരവാസ നിയമം ഇതിനൊരുദാഹരണമാണ്.

### എല്ലാവരുടെയും ശ്രദ്ധ കോവിഡ്-19 പകർച്ചവ്യാധിയിലായിരിക്കെ നടത്തുന്ന ഗൂഢനീക്കങ്ങൾ

ലോക്ഡൗൺ കാലയളവിൽ, 2020 ഏപ്രിൽ 1ന്, കേന്ദ്ര ഗവൺമെന്റ് കാശ്മീരിന് ബാധകമായ ഏതാനും നിയമങ്ങൾ പ്രഖ്യാപിച്ചു. ഇന്ത്യൻ പൗരന് കാശ്മീരിൽ സ്ഥിരവാസത്തിന് അവകാശം നൽകുന്ന നിയമവും ഇതിൽ ഉൾപ്പെടുന്നു. ജമ്മു-കാശ്മീരിലെ 1.2 കോടി വരുന്ന ജനങ്ങളെ ബാധിക്കുന്ന ഒരു നിയമം വളരെ അശ്രദ്ധമായാണ് തയ്യാറാക്കിയതെന്ന വിമർശനമുയർന്നതിനാൽ 72 മണിക്കൂറിനുള്ളിൽ കേന്ദ്ര ഗവൺമെന്റിന് അതിൽ മാറ്റം വരുത്തേണ്ടി വന്നു. പുതിയ നിയമപ്രകാരം 15 വർഷം കാശ്മീരിൽ താമസിച്ചിട്ടുള്ളവർക്കും 7 വർഷം അവിടെ പഠിച്ച് പത്താംക്ലാസിലോ പന്ത്രണ്ടാംക്ലാസിലോ പരീക്ഷ എഴുതിയിട്ടുള്ളവർക്കും സ്ഥിര താമസത്തിന് അർഹത ലഭിക്കും. കൂടാതെ, 10 വർഷം കാശ്മീരിൽ ജോലി ചെയ്തിട്ടുള്ള കേന്ദ്രഗവൺമെന്റ് ഉദ്യോഗസ്ഥർക്കും അവിടെ സ്ഥിരവാസത്തിന് യോഗ്യത ഉണ്ടാകും.

2019 ആഗസ്റ്റ് 5ന് ബിജെപി നയിക്കുന്ന കേന്ദ്രഗവൺമെന്റ് ഭരണഘടനയുടെ 370-ാം വകുപ്പ് റദ്ദാക്കിയതോടെ കാശ്മീരിന്റെ ഭൂമിശാസ്ത്രപരവും രാഷ്ട്രീയവുമായ പദവികളിൽ വലിയമാറ്റം വന്നിരുന്നു. രാജഭരണം നിലനിന്ന കാശ്മീരിനെ ഇന്ത്യൻ യൂണിയനോട് ചേർത്തപ്പോൾ ഉണ്ടാക്കിയ കരാറിന്റെ സുപ്രധാന ഭാഗമായിരുന്നു 370-ാം വകുപ്പ്. ഇതുപ്രകാരം അവിടെ സ്ഥിരമായി വസിക്കുന്നവർക്ക് തൊഴിലിനും സ്കോളർഷിപ്പിനും ഭൂമി സ്വന്തമാക്കുന്നതിനുമുള്ള അവകാശങ്ങൾ ലഭിച്ചിരുന്നു. ഈ വകുപ്പ് റദ്ദാക്കിയതോടെ ഈ അവകാശങ്ങളെല്ലാം ഇല്ലാതായി.

**രാജഭരണം നിലനിന്ന കാശ്മീരിനെ ഇന്ത്യൻ യൂണിയനോട് ചേർത്തപ്പോൾ ഉണ്ടാക്കിയ കരാറിന്റെ സുപ്രധാന ഭാഗമായിരുന്നു 370-ാം വകുപ്പ്. ഇതുപ്രകാരം അവിടെ സ്ഥിരമായി വസിക്കുന്നവർക്ക് തൊഴിലിനും സ്കോളർഷിപ്പിനും ഭൂമി സ്വന്തമാക്കുന്നതിനുമുള്ള അവകാശങ്ങൾ ലഭിച്ചിരുന്നു. ഈ വകുപ്പ് റദ്ദാക്കിയതോടെ ഈ അവകാശങ്ങളെല്ലാം ഇല്ലാതായി**

അതോടൊപ്പംതന്നെ, വികസനം ഉറപ്പാക്കാനെന്ന പേരിൽ ജമ്മുകാശ്മീരിന് ഉണ്ടായിരുന്ന പരിമിതമായ സ്വയംഭരണാവകാശവും എടുത്തുകളഞ്ഞു. ജനസംഖ്യാ സംബന്ധമായ മാറ്റങ്ങളിൽനിന്ന് പതിറ്റാണ്ടുകളായി ലഭിച്ചിരുന്ന സംരക്ഷണവും ഇതുവഴി ഇല്ലാതായി. തുടർന്ന് ജമ്മു-കാശ്മീരിനെ, ജമ്മു-കാശ്മീർ, ലഡാക്ക് എന്നിങ്ങനെ രണ്ട് കേന്ദ്രഭരണ പ്രദേശങ്ങളായി വിഭജിച്ചു. ഇതുമൂലം കേന്ദ്രഗവൺമെന്റിന്റെ നേരിട്ടുള്ള ഭരണത്തിൻ കീഴിലാകുകയും തദ്ദേശീയർക്ക് സ്വന്തം ഭാവി നിർണയിക്കാനുള്ള എല്ലാ അവകാശങ്ങളും നഷ്ടമാകുകയും ചെയ്തു. ഇതോടെ സർവ്വശക്തമായിത്തീർന്ന കേന്ദ്രഗവൺമെന്റ് എട്ടുമാസം തികയുംമുമ്പുതന്നെ, അതും രാജ്യമാകെ മാരകമായൊരു പകർച്ച വ്യാധിക്കെതിരെ പൊരുതുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുമ്പോൾ, സ്ഥിരവാസം സംബന്ധിച്ച പുതിയ നിയമവും കൊണ്ടുവന്നിരിക്കുന്നു. ഇക്കാര്യം, ഏഴു മാസത്തെ വീട്ടുതടങ്കലിനുശേഷം സ്വതന്ത്രനാക്കപ്പെട്ട ജമ്മു-കാശ്മീർ മുൻ മുഖ്യമന്ത്രിയും നാഷണൽ കോൺഫറൻസ് വൈസ് പ്രസിഡന്റുമായ ഒമർ അബ്ദുള്ള തന്റെ വിമർശനത്തിൽ എടുത്തുപറഞ്ഞിരുന്നു. "നമ്മുടെ എല്ലാ ശ്രമവും ശ്രദ്ധയും കോവിഡ് 19 നെതിരായ പോരാട്ടത്തിൽ കേന്ദ്രീകരിക്കേണ്ട

സമയത്താണ് കേന്ദ്രഗവണ്മെന്റ് സൂത്രത്തിൽ ഇങ്ങനെയൊരു നിയമം കൊണ്ടുവന്നിരിക്കുന്നത്. അക്രമത്തിനുമേൽ അപമാനംകൂടി സഹിക്കേണ്ട അവസ്ഥയാണ് എല്ലാ പരിരക്ഷകളും കാറ്റിൽ പറത്തുന്ന ഈ നിയമം സൃഷ്ടിച്ചിരിക്കുന്നത്", എന്നാണ് അദ്ദേഹം പറഞ്ഞത്. സംസ്ഥാനപദവി പുനഃസ്ഥാപിക്കണമെന്നും ജമ്മു-കാശ്മീരിൽ തെരഞ്ഞെടുപ്പ് നടത്തണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. "ജമ്മു-കാശ്മീരിലെ ജനങ്ങളെ ഭരിക്കാനുള്ള നിയമങ്ങൾക്ക് അവർതന്നെ രൂപംനൽകേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. രാവിലെ നിയമങ്ങൾ പടച്ചുണ്ടാക്കുകയും വൈകുന്നേരമാകുമ്പോൾ അതിൽ മാറ്റംവരുത്തുകയും ചെയ്യുന്ന കേന്ദ്രഗവണ്മെന്റിന്റെ ദയാദാക്ഷിണ്യങ്ങൾക്ക് വിട്ടുകൊടുക്കാനുള്ളതല്ല അത്" എന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

## പുതിയ സ്ഥിരവാസ നിയമത്തിനെതിരെ രൂക്ഷവിമർശനങ്ങൾ ഉയരുന്നു

പ്രഖ്യാപിക്കുകയും ദിവസങ്ങൾക്കുള്ളിൽ ഭേദഗതി വരുത്തുകയും ചെയ്ത പുതിയ സ്ഥിരവാസ നിയമം ജമ്മു-കാശ്മീരിലെ നിരവധി കേന്ദ്രങ്ങളിൽനിന്ന് വിമർശനങ്ങൾ ക്ഷണിച്ചു വരുത്തുകയുണ്ടായി. ജമ്മു-കാശ്മീരിന് "വെളിയിലുള്ളവർക്ക് സ്ഥിരവാസ കേന്ദ്രങ്ങൾ" സ്ഥാപിക്കാമെന്നത് കാശ്മീരികളിൽ ഭയം ജനിപ്പിച്ചിട്ടുണ്ട്. ഇത് "ജനസംഖ്യാപരമായ കടന്നുകയറ്റത്തിന്" ഇടയാക്കുമെന്ന് വിദഗ്ധർ അഭിപ്രായപ്പെടുന്നു.

വിരമിച്ച എയർ വൈസ് മാർഷലും 370-ാം വകുപ്പ് റദ്ദാക്കിയതിനെതിരെ സുപ്രീംകോടതിയിൽ കേസ് ഫയൽ ചെയ്തയാളുമായ കപിൽ കാക് പറയുന്നത്, "കുത്സിത മാർഗ്ഗങ്ങളിലൂടെ സ്ഥിരതാമസക്കാരെ സൃഷ്ടി"ക്കാനുള്ള ഏർപ്പാടാണ് ഇതെന്നും "കാശ്മീരികളെ ഇത് തീർച്ചയായും വേദനിപ്പിക്കു"മെന്നുമാണ്. "കഴിഞ്ഞ 15 വർഷത്തിനുള്ളിൽ ജമ്മുവിൽനിന്ന് അധികം പേർ കാശ്മീരിലേയ്ക്ക് വന്നിട്ടില്ല എന്നതിനാൽ ഈ വിജ്ഞാപനം ജമ്മു മേഖലയിൽ ചലനമുണ്ടാക്കു"മെന്നും അദ്ദേഹം അൽജസീറ ടെലിവിഷനോട് പറഞ്ഞു. "ഇത് പ്രതീക്ഷിച്ചതാണെന്നും 370-ാം വകുപ്പ് റദ്ദാക്കിയതുതന്നെ പുറത്തുള്ളവരെ ഇവിടെക്കൊണ്ടുവന്ന് താമസിപ്പിച്ച് സംസ്ഥാനത്തിന്റെ ജനസംഖ്യാഘടന മാറ്റിയെടുക്കാനായിരുന്നെ"ന്നും നിയമാദ്ധ്യാപകനായ പ്രൊഫ. ഷേഖ് ഷൗക്കത്ത് ഹുസൈൻ പറയുന്നു. "ഇനി പല വിഭാഗങ്ങളിൽപ്പെട്ട ഇന്ത്യൻ വാസകേന്ദ്രങ്ങൾക്ക് നിയമസാധുത കൈവരു"മെന്നും അദ്ദേഹം ഓർമ്മിപ്പിക്കുന്നു. മനുഷ്യാവകാശ വാദിയയായ ഖുറാം പർവേസ് പറയുന്നു: "ഇതിനകംതന്നെ രൂക്ഷമായ തൊഴിലില്ലായ്മപ്രശ്നം നിലനിൽക്കുന്ന ജമ്മു-കാശ്മീരിൽ ഇനി പുറത്തുനിന്നുള്ളവർക്കും തൊഴിലിന് അവകാശവാദമുന്നയിക്കാം. തൊഴിൽ രഹിതരായ കാശ്മീരി യുവാക്കളുടെ താല്പര്യത്തിന് എതിരായിട്ടുള്ളതാണ് ഈ നിയമം."

ഈ നിയമം ജമ്മു-കാശ്മീരിലെ ജനസംഖ്യാ ഘടനയിൽ സാരമായ മാറ്റം വരുത്തുമെന്നും തദ്ദേശവാസികളായ, അഭ്യസ്തവിദ്യരും അല്ലാത്തവരുമായ, യുവാക്കളുടെ 'തൊഴിലിനുള്ള അവകാശം' നഷ്ടപ്പെടുത്തുമെന്നുമാണ് ജമ്മു-കാശ്മീരിലെ രണ്ട് പ്രമുഖ പാർട്ടികളായ പിഡിപിയും നാഷണൽ കോൺഫറൻസും തറപ്പിച്ചുപറയുന്നത്. ആരോടും ആലോചിക്കാതെ, അർദ്ധരാത്രിയിൽ ഒരു ഉത്തരവിറക്കിയാണ്, ഇത്രയും പ്രധാനപ്പെട്ട ഒരു കാര്യത്തിൽ തീരുമാനമെടുത്തത് എന്നോർക്കണം.

പ്രതീക്ഷിച്ചപോലെതന്നെ, ആഹ്ലാദഭരിതരായ ബിജെപി വക്താക്കളും നേതാക്കളും ഈ നീക്കത്തെ പ്രകീർത്തിച്ചു. ദീർഘകാലത്തെ ആലോചനകൾക്കും ആസൂത്രണങ്ങൾക്കും ശേഷം പടിപടിയായി നടപ്പിലാക്കിയ പദ്ധതിയാണിതെന്ന കാര്യം അവർ മറച്ചുവയ്ക്കുന്നുമില്ല. "ജമ്മുകാശ്മീരിലെ ബിജെപി നേതാക്കൾ ദീർഘകാലം നടത്തിയ കൂടിയാലോചനകളും പരിശ്രമങ്ങളുമാണ് ഈ നിയമം നിലവിൽ വന്നതോടെ സാക്ഷാത്ക്കരിക്കപ്പെട്ടിരിക്കുന്ന"തെന്നും "ഗവണ്മെന്റ് മേഖലയിലുള്ള മുഴുവൻ തൊഴിലവസരങ്ങളും ജമ്മു-കാശ്മീരിലെ യുവാക്കൾക്കായി മാറ്റിവച്ചിരിക്കുകയാണെ"ന്നും ബിജെപിയുടെ ഉന്നത നേതൃത്വത്തെ പ്രശംസിച്ചുകൊണ്ട് പാർട്ടിവക്താവ് അൽത്താഫ് താക്കൂർ പറയുന്നു. ജമ്മു-കാശ്മീരിലെ ബിജെപി ജനറൽ സെക്രട്ടറി, അശോക് കൗൾ അഭിമാനത്തോടെ പറയുന്നു: "ഞങ്ങൾ ഇതിനുവേണ്ടി ഉറച്ചുനില കൊള്ളുകയായിരുന്നു. ജമ്മു-കാശ്മീരിൽ ഇന്ന് എല്ലാവരും സന്തുഷ്ടരാണ്. 15 വർഷക്കാലം ഇവിടെ താമസിച്ചവർക്കാണ്, അല്ലാതെ വെളിയിലുള്ളവർക്കല്ല, ഈ നിയമംവഴി പ്രയോജനം ലഭിക്കുന്നത്." അതായത് വെളിയിലുള്ളവർ വന്ന് 15 വർഷം താമസിച്ച് സ്ഥിരവാസികളായി മാറുന്നതിനെ അവർ സ്വാഗതംചെയ്യുന്നു; ജനസംഖ്യാഘടനയിൽ മാറ്റം വരുത്താനുള്ള ആസൂത്രിത നീക്കങ്ങളെ പിന്തുണയ്ക്കുന്നു. എന്നാൽ ജമ്മുവിലെ ബിജെപി നേതാക്കൾ കേന്ദ്ര ആഭ്യന്തര മന്ത്രിയും ബിജെപി തലവനുമായ അമിത് ഷായെ ആശങ്കകൾ അറിയിച്ചിട്ടുണ്ട്.

കാശ്മീരിലെ രാഷ്ട്രീയ നേതാക്കളുടെയും ബുദ്ധിജീവികളുടെയും പ്രതികരണങ്ങളിൽനിന്ന്, ബിജെപിയുടെ നിയമനിർമ്മാണത്തോടുള്ള കാശ്മീരിന്റെ പ്രതികരണം വ്യക്തമാണ്. കാശ്മീർ ഇന്ത്യയോട് കൂട്ടിച്ചേർക്കപ്പെട്ടപ്പോൾ, നാഷണൽ കോൺഫറൻസ് നേതാവ് ഷേഖ് അബ്ദുള്ളയുടെ നേതൃത്വത്തിൽ കാശ്മീരി ജനത യാതൊരു വൈമനസ്യവും കൂടാതെ അത് അംഗീകരിച്ചു. എന്നാൽ സ്ഥിരവാസത്തിനുള്ള അവകാശം അവരെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ടതും വൈകാരികവുമായ ഒരു പ്രശ്നമാണ്. ദീർഘകാലമായി അവർ ഈ വിഷയത്തിൽ പോരാട്ടങ്ങൾ നടത്തുന്നു. എന്നാൽ ഇതൊന്നും പരിഗണിക്കാത്ത ബിജെപി നേതൃത്വവും കേന്ദ്ര ഗവണ്മെന്റും ഇതുകൊണ്ടും അവസാനിപ്പിക്കാൻ പോകുന്നില്ല. പുറമേയ്ക്ക് നിർദ്ദോഷമെന്ന് തോന്നുന്ന പല സൂത്രപ്പണികളും അവർ ഈ ലോക്ഡൗൺ കാലയളവിൽ കൈക്കൊണ്ടിട്ടുണ്ട്. ഇത് ഗൗരവാവഹമായ പരിശോധന ആവശ്യപ്പെടുന്നുണ്ട്.

## കാശ്മീരി ജനതയ്ക്കുമേൽ നാശം വിതയ്ക്കുന്ന അനന്തര നടപടികൾ

ഏപ്രിൽ 8ന് ജമ്മു-കാശ്മീർ കേന്ദ്രഭരണ പ്രദേശത്തെ ഗവണ്മെന്റ് ശ്രീനഗറിലെ രണ്ട് സുപ്രധാന ജലാശയങ്ങളായ ഡാൽ, നൈജീൻ തടാകങ്ങളിൽ ഹൗസ് ബോട്ടുകളുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതുമായി ബന്ധപ്പെട്ട ഒരു ഉത്തരവ് പുറപ്പെടുവിച്ചു. പുതിയ ഹൗസ്ബോട്ടുകളുടെയും ശിക്കാരകളുടെയും നിർമ്മാണം ഇതിലൂടെ തടയുകയും നിലവിലുള്ളവയെ ലഭ്യമായ സൗകര്യങ്ങളുടെ അടിസ്ഥാനത്തിൽ തരംതിരിക്കുകയും ചെയ്തു. പ്രത്യക്ഷത്തിൽ ഇത് വരുംതലമുറകൾക്കായി ഈ ജലാശയങ്ങൾ സംരക്ഷിക്കുകയെന്ന ലക്ഷ്യംവച്ചുള്ള നടപടിയായിരുന്നു.

തടാകങ്ങൾ മലിനമാക്കാതിരിക്കാനുള്ള മാർഗ്ഗനിർദ്ദേശങ്ങളും മുന്നോട്ടുവച്ചു. ടൂറിസ്റ്റുകൾക്ക് സന്തോഷകരവും സഹായകരവുമായ അന്തരീക്ഷം ഉറപ്പാക്കിക്കൊണ്ട് സുസ്ഥിരമായ ടൂറിസവികസനവും അവതരിപ്പിച്ചു. ഇപ്രകാരം ടൂറിസം വികാസം നേടിയാൽ ഹൗസ്ബോട്ടുകളുടെയും ശിക്കാരകളുടെയും ഉടമസ്ഥർക്ക് അതിൽനിന്ന് സ്ഥിരവരുമാനം ലഭിക്കുമെന്നും അവർക്ക് സുസ്ഥിരമായ ജീവനോപാധി ഉറപ്പാക്കാൻ കഴിയുമെന്നും അവകാശപ്പെട്ടു. ഇതിനായി ഉടമകൾ ചില പൊതുവായ ഉപാധികൾ അംഗീകരിക്കുകയേ വേണ്ടൂ. ഗവണ്മെന്റ് രൂപീകരിക്കുന്ന ഒരു ഉപദേശക സമിതി മുമ്പാകെ ബോട്ടുകൾ രജിസ്റ്റർ ചെയ്യുകയും കൃത്യസമയത്ത് അവ പുതുക്കുകയും വേണമെന്നും ഉത്തരവിൽ പറയുന്നു.

പുറമേയ്ക്ക് നിർദ്ദോഷവും പരിസ്ഥിതി സൗഹൃദവും വികസനോന്മുഖവുമായ ഈ നയം കാശ്മീരിലെ സാധാരണക്കാരായ ബോട്ട്, ശിക്കാര ഉടമകൾക്ക് ഹാനികരമായ ഉള്ളടക്കത്തോടുകൂടിയുള്ളതാണെന്ന സൂചനകൾ നൽകുന്നുണ്ട്. ഒരു ഉദ്യോഗസ്ഥ സമിതിയുടെ മുമ്പാകെ രജിസ്റ്റർ ചെയ്യാതെ ഇനി ബോട്ട് ഓടിക്കാനാവില്ല. കൂടുതൽ വിനോദസഞ്ചാരികളെ ആകർഷിക്കുന്ന, കൂടുതൽ ലാഭം ലാക്കാക്കിയുള്ള സുസ്ഥിര ടൂറിസത്തിന്റെ പേരിൽ ഈ സമിതി പല ഉപാധികളും മുന്നോട്ടുവയ്ക്കാനിടയുണ്ട്. ബോട്ടുകളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാനും മോടിപിടിപ്പിക്കുവാനുമൊക്കെയുള്ള നിർദ്ദേശങ്ങൾ ഇപ്പോഴത്തെ ഉടമസ്ഥർക്ക് താങ്ങാനാവുന്നതായിരിക്കില്ല. ഗോവ പോലുള്ള സ്ഥലങ്ങളിൽ ടൂറിസ്റ്റുകൾക്ക് ഒരുക്കിക്കൊടുക്കുന്ന സൗകര്യങ്ങൾ ശ്രദ്ധിച്ചാൽ ഇത് മനസ്സിലാക്കാം. മറുവശത്ത്, ടൂറിസം ലാഭകരമായ മേഖലയാകുന്നതോടെ വൻകിട കോർപ്പറേറ്റുകൾ ഇവിടേയ്ക്ക് കടന്നുവരികയും നിലവിലുള്ള സാധാരണക്കാരായ ബോട്ടുടമകളെ പുറന്തള്ളുകയും ചെയ്യും. ഇവർ ജീവനോപാധികൾ നഷ്ടപ്പെട്ട് വൻകിടക്കാരുടെ ആശ്രിതരായി കഴിയേണ്ടിവരും.

പുതിയ സ്ഥിരവാസ നിയമം ഉണ്ടാക്കിയപ്പോൾ ഗവണ്മെന്റ് കൊറോണ പകർച്ചവ്യാധി കണക്കിലെടുത്തതേയില്ല. എന്നാൽ, ലക്ഷക്കണക്കിന് റഷ്യൻ പോപ്ലാർ മരങ്ങൾ വെട്ടി വീഴ്ത്തുന്ന കാര്യത്തിൽ, പത്ത് ജില്ലകളിലെ


**ബോട്ടുകളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാനും മോടിപിടിപ്പിക്കുവാനുമൊക്കെയുള്ള നിർദ്ദേശങ്ങൾ കാശ്മീരിലെ സാധാരണക്കാരായ ബോട്ട്, ശിക്കാര ഉടമകൾക്ക് താങ്ങാനാവുന്നതായിരിക്കില്ല. ടൂറിസം ലാഭകരമായ മേഖലയാകുന്നതോടെ വൻകിട കോർപ്പറേറ്റുകൾ ഇവിടേയ്ക്ക് കടന്നുവരും. നിലവിലുള്ള സാധാരണക്കാരായ ബോട്ടുടമകൾ പുറന്തള്ളപ്പെടും.**

യും ഡെപ്യൂട്ടി കമ്മീഷണർമാരടങ്ങുന്ന ജമ്മു-കാശ്മീർ ഗവണ്മെന്റ്, തിടുക്കത്തിലാണ് തീരുമാനമെടുത്തത്.

ഏപ്രിൽ മാസത്തിൽ പുഷ്പിക്കുന്നതിനുമുമ്പ് അതിവേഗത്തിൽ ഒരാഴ്ചകൊണ്ട് നടപ്പിലാക്കാനായി ഏപ്രിൽ ആദ്യവാരംതന്നെ ഉത്തരവിട്ടു. ഈ മരങ്ങളിൽനിന്ന് ഉതിരുന്ന പൂമ്പൊടി ശ്വാസതടസ്സമുണ്ടാക്കുകയും കോവിഡ് 19 രോഗബാധയ്ക്ക് കാരണമാകുകയും ചെയ്തേക്കാമെന്ന ആശങ്കയുടെ അടിസ്ഥാനത്തിലാണ് ഈ നടപടി. സംസ്ഥാനത്താകട്ടെ കൊറോണ വൈറസ് രോഗികളുടെ എണ്ണം ഇപ്പോൾത്തന്നെ വർദ്ധിക്കുകയാണ്. ഈ മരങ്ങൾ വെള്ളം വലിച്ചെടുക്കുന്നവയാണെന്നും ഭാവിയിൽ ജലക്ഷാമമുണ്ടാകുമെന്നും ചില തദ്ദേശവാസികൾ ആശങ്കപ്പെടുന്നുണ്ട്. എന്തായാലും പെൺവർഗത്തിൽപ്പെട്ട പോപ്ലാർ മരങ്ങൾ വച്ചുപിടിപ്പിക്കരുതെന്നും നിലവിലുള്ളവയെ വെട്ടിക്കളയണമെന്നും ഉത്തരവിൽ പറയുന്നു. പൂമ്പൊടി പൊതുവിൽ അലർജി ഉണ്ടാക്കുകയും ചിലയാളുകൾക്ക് ശ്വാസതടസ്സവും മറ്റുമുണ്ടാക്കുകയും ചെയ്യുമെന്നത് വസ്തുതയാണ്. എന്നാൽ ഇത് കോവിഡ് 19 ന്റെ വൈറസ് വാഹകരാകുമെന്ന് ലോകത്തൊരിടത്തും തെളിയിച്ചിട്ടില്ല. ശാസ്ത്രീയമായ തെളിവുകളില്ലാതെ ഇങ്ങനെയൊരു നടപടി സ്വീകരിക്കുന്നത് പരിസ്ഥിതിവാദികളുടെ കടുത്ത എതിർപ്പിന് കാരണമായിട്ടുണ്ട്.

ഒരു വിഭാഗം ചെറുകിട കച്ചവടക്കാരുടെ വരുമാന മാർഗം കൂടിയാണ് ഈ മരങ്ങൾ. 1981 -82ൽ ലോകബാങ്കിന്റെ ആഭിമുഖ്യത്തിൽ സാമൂഹ്യ വനവൽക്കരണത്തിന്റെ ഭാഗമായാണ് ഇവ വച്ചുപിടിപ്പിച്ചത്. ഇന്ന് ഏകദേശം ഒരു കോടിയിലേറെ മരങ്ങളുണ്ട്. ഗവണ്മെന്റിന്റെ നിരുത്തരവാദപരവും നിർദ്ദയവുമായ സമീപനം ഇവിടെ വ്യക്തമാണ്. ഇവ വച്ചുപിടിപ്പിച്ചപ്പോൾ അത് അലർജിയുണ്ടാക്കുമെന്നോ വെള്ളം വലിച്ചെടുക്കുമെന്നോ ഒന്നും പരിഗണിച്ചില്ല. ഇപ്പോൾ ഒരു പകർച്ചവ്യാധി പടർന്നുപിടിച്ചപ്പോൾ യാതൊരു ശാസ്ത്രീയ പരിശോധനയും നടത്താതെ ലക്ഷക്കണക്കിന് മരങ്ങൾ ഒറ്റയടിക്ക് വെട്ടിവെളുപ്പിക്കാൻ തീരുമാനിച്ചിരിക്കുന്നു. ഇങ്ങനെ വെളുപ്പിച്ചെടുക്കുന്ന ഭൂമികൊണ്ട് കാശ്മീരി ജനതയ്ക്ക് എന്താണ് ഗുണം? അത് ഭൂമി മാഫിയകളുടെ കൈകളിലെത്തുമോ? പുതിയ സ്ഥിരവാസ നിയമം കാശ്മീരികളുടെ അവകാശങ്ങൾക്കുമേൽ കടിഞ്ഞാണിട്ടിരിക്കുന്ന പശ്ചാത്തലത്തിൽ ഈ ആശങ്കകൾക്ക് പ്രസക്തിയേറുകയാണ്.

ഹൗസ്ബോട്ട് ഉടമകളുടെയും മരങ്ങൾ വെട്ടിവെളുപ്പിച്ചെടുത്ത ഭൂമിയുടെയുമൊക്കെ ഭാവി എന്താകുമെന്ന് കാണാനിരിക്കുന്നതേയുള്ളൂ. എന്നാൽ ഒന്നിനുപുറകെ ഒന്നായി കണ്ണിചേർത്ത് വരുന്ന നടപടികൾ നോക്കൂ. 370-ാം വകുപ്പ് എടുത്തുകളഞ്ഞു, രാഷ്ട്രീയ നേതാക്കളെ മാസങ്ങളോളം തടവിലാക്കി, പുതിയ സ്ഥിരവാസ നിയമം കൊണ്ടുവന്നു, പുതിയ ഹൗസ്ബോട്ടുകൾ നിരോധിച്ചു, ഇപ്പോഴിതാ പോപ്ലാർ മരങ്ങളെല്ലാം വെട്ടിനിരത്തുന്നു. ഇതിൽ അവസാന മൂന്നെണ്ണം, ജനങ്ങൾ ജീവൻ സംരക്ഷിക്കാനായി ഒരു പകർച്ചവ്യാധിയോടു പൊരുതുമ്പോൾ, എയർവൈസ് മാർഷൽ കാക് പറഞ്ഞതുപോലെ 'സൂത്രത്തിൽ' നടപ്പിലാക്കിയെടുക്കുകയായിരുന്നു. ഗവണ്മെന്റാകട്ടെ കൈകൊട്ടിയും മെഴുകുതിരി തെളിച്ചുമാണ് കൊറോണയോട് പൊരുതാൻ ആഹ്വാനം ചെയ്യുന്നത്. ദരിദ്രരായ കുടിയേറ്റ തൊഴിലാളികളെയാകട്ടെ കാലിക്കൂട്ടങ്ങളെപ്പോലെ അടച്ചിട്ടിരിക്കുന്നു. ഈ നടപടികളെല്ലാം കാശ്മീരിന്റെമേൽ എല്ലാവിധവും പിടിമുറുക്കാനുള്ള ബിജെപി ഗവണ്മെന്റിന്റെ കുടിലപദ്ധതിയുടെ തിരക്കഥയാണ് വെളിപ്പെടുത്തുന്നത്. ■



# ലോക്ഡൗണിന്റെ മറവിൽ ഭരണകൂടം നടത്തുന്നത് നിന്ദ്യമായ മനുഷ്യവേട്ട

സഫൂറ സർഗാർ

**രാജ്യതലസ്ഥാനത്ത് മഹാമാരിയെന്നത് മറ മാത്രം. മനുഷ്യരുടെ നിഴലുകൾക്ക് പോലും അവിടെ രക്ഷയില്ല. പൗരത്വനിയമ ഭേദഗതിയ്ക്കെതിരെ സമരം ചെയ്തവരെ തേടിപിടിച്ച് വേട്ടയാടുകയാണ് ഡൽഹിയിലെ കേന്ദ്രപോലീസ് സേന. ജാമിയ, അലിഗഢ് സർവ്വകലാശാലകളിലെ വിദ്യാർത്ഥിനേതാക്കളെ പ്രത്യേകിച്ചും ആസൂത്രിതമായി ലക്ഷ്യമിട്ടുനീങ്ങുന്ന പോലീസ്, അവർക്കുമേൽ കള്ളക്കേസ്സുകൾ ചാർത്തി ജയിലിടക്കുന്നത് തുടരുന്നു.**

അതിഭീകരമായ മനുഷ്യാവകാശ ധ്വംസനങ്ങളാണ് ന്യൂഡൽഹിയിലും ഇതരസംസ്ഥാനങ്ങളിലും കേന്ദ്രസേനയും സംഘപരിവാറും പകൽ വെളിച്ചത്തിൽ നടത്തിക്കൊണ്ടിരിക്കുന്നത്. അതിനുള്ള ഏറ്റവും അനുയോജ്യമായ അവസരമായി കൊറോണ മഹാമാരിയിൽ നിശ്ചലമായി കിടക്കുന്ന രാജ്യാന്തരീക്ഷത്തെ കാണുന്നുവെന്നതാണ് ഏറെ ഭയാനകം.

ജാമിയ മിലിയ സർവ്വകലാശാലയിലെ വിദ്യാർത്ഥിനിയും മൂന്നുമാസം ഗർഭിണിയുമായ സഫൂറ സർഗാർ എന്ന പെൺകുട്ടിയെ ഒരു മാസക്കാലമായി യുഎപിഎ ചുമത്തി തിഹാർ ജയിലിൽ അടച്ചിരിക്കുകയാണ് അമിത്ഷായുടെ പോലീസ്. എന്താണ് അവർ ചെയ്ത തെറ്റ് എന്ന് വിശദീകരിക്കാൻ പോലീസിന് കഴിഞ്ഞിട്ടില്ല. വധശ്രമം, കലാപശ്രമം, രാജ്യദ്രോഹം, വിദ്വേഷപ്രചാരണം, ആയുധം കൈവശം വെയ്ക്കൽ തുടങ്ങിയ വകുപ്പുകൾ അവരുടെ പേരിൽ എഴുതിയുണ്ടാക്കിയാണ് ഗർഭിണിയായ സഫൂറയെ ജയിലിടച്ച് പീഡിപ്പിക്കുന്നത്. മനുഷ്യനെ വിഭജിക്കുന്ന പൗരത്വനിയമത്തിനെതിരായ പ്രക്ഷോഭങ്ങളിൽ ജാമിയയിലെ ഇതര വിദ്യാർത്ഥികളോടൊപ്പം പങ്കെടുത്തുവെന്നതിന്റെ പേരിലാണ് ഈ പ്രതികാര വേട്ട. എല്ലാ നീതിന്യായ മര്യാദകളും ലംഘിച്ചുകൊണ്ട് കേന്ദ്രഭരണകൂടം അഴിഞ്ഞാടുകയാണ്. ജാമിയയിലെ തന്നെ മറ്റൊരു വിദ്യാർത്ഥിനേതാവായ മീരാൻ ഹൈദറെയും യുഎപിഎ ചുമത്തി ദിവസങ്ങളായി ജയിലിടച്ചിരിക്കുകയാണ് ഭരണകൂടം.

ജാമിയയിലെ വിദ്യാർത്ഥികളെ ഹോസ്റ്റൽ മുറികളിൽ കയറി ഭീകരമായി ആക്രമിച്ചവർക്കെതിരെ എഫ്ഐആർ പോലും തയ്യാറാക്കാത്ത പോലീസാണ് ഇരകളായ വിദ്യാർത്ഥിനേതാക്കളെ അവരുടെ മുസ്ലീം നാമത്തിന്റെ പേരിൽ അറസ്റ്റ് ചെയ്ത് രാജ്യദ്രോഹ കുറ്റം ചാർത്തി ജയിലിൽ അടച്ചിരിക്കുന്നത്. അതേസമയം വർഗ്ഗീയകലാപത്തിന് പര്യമായി ആഹ്വാനം ചെയ്ത കപിൽ മിശ്ര, പർവേഷ് ശർമ, അനുരാഗ് ഠാക്കൂർ തുടങ്ങിയ സംഘപരിവാറിന്റെ വിഷം ചീറ്റുന്ന നേതാക്കൾക്കെതിരെ ഡൽഹി ഹൈക്കോടതിയുടെ രൂക്ഷമായ വിമർശനം ഉണ്ടായിട്ടുപോ


ലും കേസ്സെടുക്കാൻ തുനിയാത്ത അമിത്ഷായുടെ പോലീസിന് കാശ്മീരിലെ മാധ്യമപ്രവർത്തകരായ മസ്റത്ത് സഹ്റയ്ക്കും ആഷിക്കിനും ഗൗഹാർ ഗീലാനിയ്ക്കുമെതിരെ കരിനിയമം ചുമത്തി കേസ്സെടുക്കാൻ ഒരു മന:സാക്ഷിക്കുത്തുമുണ്ടായില്ല.

അതിലേറെ, ഞെട്ടിച്ച സംഭവമാണ് ഡൽഹിയിലെ ന്യൂനപക്ഷ കമ്മിഷൻ ചെയർമാൻ ഡോ.സഫറുൽ ഇസ്ലാം ഖാനെതിരായി ഡൽഹി പോലീസ് കേസ്സെടുത്തത്. എത്ര ഉയർന്ന പദവിയിലാണെങ്കിലും വംശീയ വിദ്വേഷത്തിന്റെ ഇരകളാകും എന്ന വ്യക്തമായ സന്ദേശമാണ് വംശവെറിയൻ കേന്ദ്ര സർക്കാർ ഇതിലൂടെ നൽകുന്നത്. ഇതുപോലെ, പ്രശസ്ത ശിശുരോഗ വിദഗ്ധനായ ഡോ. കഫീൽഖാൻ ജാമ്യം ലഭിച്ചതിന് ശേഷവും മാസങ്ങളായി ജയിലിൽ തുടരേണ്ടിവരുന്നുവെന്നത് ഈ രാജ്യത്തിന്റെ നിയമവാഴ്ചയ്ക്ക് തന്നെ കളങ്കം ചാർത്തുന്ന സംഭവമാണ്. പൗരത്വഭേദഗതി നിയമത്തിനെതിരെ അലിഗഢ് യൂണിവേഴ്സിറ്റി അങ്കണത്തിൽ നടന്ന പ്രതിഷേധ പരിപാടിയിൽ പങ്കെടുത്തു പ്രസംഗിച്ചു എന്നതിന്റെ പേരിലാണ് അദ്ദേഹത്തിനെതിരെ യുപി പോലീസ് കേസ്സെടുത്തത്.

തീരാപ്പക തീർക്കാനാണ് യുപിയിലെ ആദിത്യനാഥ് സർക്കാർ കഫീൽഖാനെ ജയിലിടച്ചതെന്ന് ഫ്രണ്ട്ലൈൻ വാരികയിൽ ദിവ്യ ത്രിവേദി തുറന്നെഴുതുകയുണ്ടായിThe Targetting of Dr.Kafeel Khan, A case of Vendetta, March 23, Frontine). ഉത്തർപ്രദേശിലെ പോലീസിന്റെ എല്ലാ വാദങ്ങളും തള്ളിയ അലഹബാദ് ഹൈക്കോടതി ഫെബ്രുവരി 10-ാം തീയതി തന്നെ അദ്ദേഹത്തിന് ജാമ്യം അനുവദിച്ചിരുന്നു. എന്നാൽ ജയിലധികൃതർ മോചനം അകാരണമായി വൈകിപ്പിക്കുകയും ഒടുവിൽ അദ്ദേഹത്തിനെതിരെ ദേശീയ സുരക്ഷാനിയമം ചാർത്തുകയും ചെയ്തു. ഇതിനിടയിൽ ജ്യുഡിഷ്യൽ മജിസ്ട്രേറ്റ് കഫീൽഖാനെ എത്രയും വേഗം വിട്ടയ്ക്കാൻ ഒരു മെസഞ്ചർ വഴി ജയിൽ അധികൃതരോട് ആവശ്യപ്പെട്ടിട്ടും വഴങ്ങിയില്ല. എത്ര നഗ്നമായ കോടതിയലക്ഷ്യമാണ് ജയിൽ അധികൃതരും പോലീസ് ഉദ്യോഗസ്ഥരും കാട്ടിയത്. എല്ലാത്തിനും പുറകിൽ യോഗി ആദിത്യനാഥ് സർക്കാരിന്റെ പകപോക്കൽ രാഷ്ട്രീയം നീചമായി കളിക്കുന്നത് കാണാം. അവർ



ഡോ. കഫീൽഖാൻ



ഡോ.സഫറുൽ ഇസ്ലാം ഖാൻ



മീരാൻ ഹൈദർ

**തീരാപ്പക തീർക്കാനാണ് യുപിയിലെ ആദിത്യനാഥ് സർക്കാർ കഫീൽഖാനെ ജയിലിടച്ചതെന്ന് *ഫ്രണ്ട് ലൈൻ* വാരികയിൽ ദിവ്യ ത്രിവേദി തുറന്നെഴു തുകയുണ്ടായി. ഉത്തർപ്രദേശ് പോലീസിന്റെ എല്ലാ വാദങ്ങളും തള്ളിയ അലഹബാദ് ഹൈക്കോടതി ഫെബ്രുവരി 10-ാം തീയതി തന്നെ അദ്ദേഹത്തിന് ജാമ്യം അനുവദിച്ചിരുന്നു. എന്നാൽ ജയിലധികൃതർ മോചനം അകാരണമായി വൈകിപ്പിക്കുകയും ഒടുവിൽ അദ്ദേഹത്തിനെതിരെ ദേശീയ സുരക്ഷാ നിയമം ചാർത്തുകയും ചെയ്തു.**

നിയമവാഴ്ചയെ കാറ്റിൽപ്പറത്തി താണ്ഡവമാടുന്നു. യുപി യിലെ ബിജെപി സർക്കാരിന്റെ അലംഭാവം കാരണം ഓക്സിജൻ കിട്ടാതെ ഗോരഖ്പൂരിലെ സർക്കാർ ആശുപത്രിയിൽ 70 കുട്ടികൾ പിടഞ്ഞുമരിച്ചതിന്റെ പേരിലാണ് ആദ്യം ഡോ.കഫീൽഖാനെ വേട്ടയാടിയത്. അതിപ്പോഴും ഭീകരമായി തുടരുന്നു.

ഇതുകൂടാതെ, ഷഹീൻബാഗ് സമരത്തിൽ പങ്കെടുത്തവരെ ഭീഷണിപ്പെടുത്തുകയും അവർക്കെതിരെ കള്ളക്കേസ്സുകൾ ചമയ്ക്കുകയും മറ്റും ചെയ്തുകൊണ്ടിരിക്കുന്നു. കോവിഡ് 19 എന്ന മഹാമാരിയിൽ മനുഷ്യൻ മരണത്തിനും ജീവിതത്തിനുമിടയിൽ പോരടിക്കുമ്പോഴാണ് വെറുപ്പിന്റെയും വിദ്വേഷരാഷ്ട്രീയത്തിന്റെയും മനുഷ്യവിരുദ്ധതയുടെയും പ്രതീകമായി രാജ്യം ഭരിക്കുന്ന ആളുകൾ മാറിത്തീർന്നിരിക്കുന്നത്. ക്രിമിനലുകളെപ്പോലും ലജ്ജിപ്പിക്കുന്ന വിധത്തിലാണ് ഓരോ നീക്കവും അവർ നടത്തുന്നത്. തെരുവിൽ കുടിയേറ്റത്തൊഴിലാളികൾ പട്ടിണികിടന്നു മരിച്ചുകൊണ്ടിരിക്കുമ്പോഴാണ് ഈ കുറ്റകൃത്യങ്ങൾക്ക് നേതൃത്വം നൽകുന്നവരെ നമുക്ക് നേരിടേണ്ടിവരുന്നത്.

ജയിലിൽ കഴിയുന്ന സഫൂറയ്ക്കെതിരെ കേട്ടാൽ അറയ്ക്കുന്ന ഭാഷയിൽ സംഘപരിവാർ സൈബർ പോരാളികൾ നടത്തികൊണ്ടിരിക്കുന്ന അശ്ലീല ക്യാമ്പയിൻ കാണുമ്പോൾ ഇന്ത്യക്കാർ മുഴുവൻ അപമാനഭാരത്താൽ ശിരസ്സു കുനിക്കേണ്ടിവരുന്ന അവസ്ഥയിലാണ്. മനുഷ്യനെക്കണ്ടാൽ തിരിച്ചറിനാകാത്ത ആളുകളായി മാറിക്കഴിഞ്ഞ സംഘപരിവാർ നേതാക്കൾ അവരുടെ അണികളിൽ വർഗ്ഗീയവിഷം കുത്തിവെയ്ക്കുന്നതാണ് ലോക്ഡൗൺ കാലത്തും ഇന്ത്യ നേരിടുന്ന വെല്ലുവിളി. കൊറോണ വൈറസിനെ നമുക്ക് അതിജീവിക്കാം. എന്നാൽ, സംഘപരിവാർ വിഷം ചീറ്റുന്ന വൈറസിന്റെ കാര്യത്തിൽ ഇന്ത്യയിലെ മുഴുവൻ മനുഷ്യരും ജാഗ്രതയോടെ തെരുവിൽ വൈകാതെ പ്രക്ഷോഭരംഗത്തേയ്ക്ക് വരണമെന്ന കാര്യത്തിൽ തർക്കമില്ല. സർവ്വകലാശാലകളിൽ ഉൾപ്പെടെ രാജ്യമെമ്പാടും തിളച്ചുയരുന്ന പുതിയ പ്രക്ഷോഭങ്ങൾ സൃഷ്ടിച്ചുകൊണ്ടല്ലാതെ നമ്മുടെ രാജ്യത്തെ തിരിച്ചുപിടിക്കാനാവില്ല; നിയമവാഴ്ചയെപ്പോലും രക്ഷിക്കാനാവില്ല. ■






## അമേരിക്കയിലെ തെരുവുകൾ ഗർജ്ജിക്കുന്നു

# "എനിക്ക് ശ്വാസം മുട്ടുന്നു"

'നിങ്ങൾക്ക് ഒരുപക്ഷേ എല്ലാ പൂക്കളെയും ചവിട്ടി അരയ്ക്കാൻ കഴിയുമായിരിക്കാം. പക്ഷേ, വസന്തത്തെ തടയാനാകില്ല'. പ്രശസ്ത ചിലിയൻ കവിയായ പാബ്ലോ നെരൂദയുടെ വരികളാണിവ. അമേരിക്കയിൽ ജോർജ്ജ് ഫ്ലോയിഡിന്റെ കൊലപാതകവും തുടർന്ന് രൂപപ്പെട്ട ജനകീയപ്രക്ഷോഭവും നെരൂദയുടെ കവിതയെ ഓർമ്മിപ്പിക്കും വിധം ശക്തമാണ്. മെയ് 27 നാണ് ജോർജ്ജ് ഫ്ലോയിഡ് എന്ന സെക്യൂരിറ്റി ജീവനക്കാരനെ മിനിയപോളിസ് പോലീസ് അറസ്റ്റ് ചെയ്യുന്നത്. കടയിൽ കള്ളനോട്ട് കൊടുത്തു എന്നതായിരുന്നു അദ്ദേഹത്തിനെതിരെ ചുമത്തിയ കുറ്റം. എന്നാൽ, അത് വാസ്തവവിരുദ്ധമായിരുന്നുവെന്ന് പിന്നീട് തെളിയിക്കപ്പെട്ടു. ജോർജ്ജ് ഫ്ലോയിഡിനെ അറസ്റ്റ് ചെയ്ത പോലീസ്, കുറ്റം തെളിയിക്കുന്നതിനുവേണ്ടി നടത്തിയ കൊടും ക്രൂരതകളാണ് ഇപ്പോൾ വീഡിയോ ദൃശ്യങ്ങളിലൂടെ പുറത്തുവന്നിരിക്കുന്നത്. ഇരുകൈകളും പിന്നിലേക്ക് പിടിച്ച് വിലങ്ങു വെച്ചതിനു ശേഷമാണ് ഡെറിക് ചൗവിൻ എന്ന പോലീസ് ഉദ്യോഗസ്ഥൻ ജോർജ്ജ് ഫ്ലോയിഡിന്റെ കഴുത്തിൽ കാൽമുട്ട് കൊണ്ട് ഞെരിച്ചത്. 8 മിനിട്ടും 46 സെക്കന്റും അദ്ദേഹം ജീവനുവേണ്ടി യാചിച്ചു. പ്ലീസ്.... എനിക്ക് ശ്വാസം മുട്ടുന്നു, എന്നദ്ദേഹം കേണപേക്ഷിച്ചു.

ജോർജ്ജ് ഫ്ലോയ്ഡിന്റെ ദീനരോദനങ്ങളൊന്നും അമേരിക്കയിലെ വർണവെറിയൻ പോലീസിനെ കൊടുംക്രൂരതയിൽ നിന്നും പിന്തിരിപ്പിച്ചില്ല. ജോർജ്ജ് ഫ്ലോയിഡ്ശ്വാസിന്റെ ശ്വാസം നിലയ്ക്കുവോളം തുടർന്നു ആ ക്രൂരത. എന്നാൽ, ഇന്നത് അമേരിക്കയെ പിടിച്ചു കുലുക്കും വിധം ഒരു കൊടുങ്കാറ്റായി തീർന്നിരിക്കുന്നു. ജോർജ്ജ് ഫ്ലോയിഡിന്റെ അവസാന വാക്കുകൾ ഏറ്റെടുത്തുകൊണ്ട് അമേരിക്കൻ ജനത നടത്തുന്ന പോരാട്ടം വലിയൊരു സാമൂഹ്യമുന്നേറ്റ മായി മാറിക്കൊണ്ടിരിക്കുന്നു. അമേരിക്കൻ പ്രസിഡൻറ് ഡൊണാൾഡ് ട്രംപിന്റെ "കൊള്ള ആരംഭിച്ചാൽ വെടിവെയ്ക്കും" എന്ന പ്രകോപനപരമായ പ്രസ്താവന കൂടി വന്നതോടെ പ്രക്ഷോഭം എല്ലാം നഗരങ്ങളിലേക്കും വ്യാപിച്ചു. വൈറ്റ്ഹൗസിന് മുന്നിലും ആയിരങ്ങൾ തടിച്ചുകൂടി, എനിക്ക് ശ്വാസം മുട്ടുന്നു എന്ന മുദ്രാവാക്യം മുഴക്കുന്നു. ഭരണകൂടം നിരോധനാജ്ഞ പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും അതെല്ലാം മറികടന്നുകൊണ്ട് ജനങ്ങൾ തെരുവുകൾ കീഴടക്കുകയാണ്. ഡെറിക് ചൗവിന്റെ വീടിനു മുന്നിൽ ' കൊലയാളി ഇവിടെ ജീവിക്കുന്നു' എന്നെഴുതുകയും ജഡ്ജിയുടെ ഔദ്യോഗിക വസതിയിലേക്ക് മാർച്ച് ചെയ്തു കൊണ്ട് കൊലയാളിയെ വിചാരണ ചെയ്യാൻ ആവശ്യപ്പെടുകയും ചെയ്യുന്ന അമേരിക്കൻ ജനത. അമേരിക്കയിലെ കറുത്ത വർഗ്ഗക്കാരുടെ നേതൃത്വത്തിൽ നടക്കുന്ന ഈ പ്രക്ഷോഭത്തെ ലോകമെമ്പാടുമുള്ള മനുഷ്യസ്നേഹികൾ പിന്തുണയ്ക്കണം. കാരണം, അമേരിക്കയിലെ കറുത്ത വർഗക്കാരുടെ ചരിത്രം തന്നെ രക്തരൂക്ഷിതമായ പോരാട്ടങ്ങളിലൂടെ രൂപപ്പെട്ടതാണ്.

### അമേരിക്ക: കുടിയേറ്റ ജനതയുടെ രാജ്യം

1492 ൽ സ്പാനിഷ് നാവികസേനയിലെ കപ്പിത്താൻ ആയ കൊളംബസാണ് അമേരിക്കയിൽ ആദ്യം കാലുകുത്തുന്ന യൂറോപ്യൻ. പിന്നീട് യൂറോപ്യൻ രാജ്യങ്ങളിൽ നിന്നുള്ള വൻതോതിലുള്ള കുടിയേറ്റത്തിനാണ് അമേരിക്ക സാക്ഷ്യംവഹിച്ചത്. തദ്ദേശീയ ജനവിഭാഗമായ റെഡ് ഇന്ത്യൻസിനെ കൂട്ടക്കശാപ്പ് ചെയ്തുകൊണ്ട് യൂറോപ്യൻ മുതലാളിമാർ അമേരിക്കയിൽ ആധിപത്യമുറപ്പിച്ചു. അമേരിക്കയിലെ കൃഷിത്തോട്ടങ്ങളിൽ പണിയെടുപ്പിക്കുന്നതിനു വേണ്ടിയാണ് ആഫ്രിക്കയിൽനിന്നും നീഗ്രോ അടിമകളെ അമേരിക്കയിലെത്തിച്ചത്. അടിമപ്പാളയങ്ങളിൽ മൃഗസമാനമായി ജീവിച്ച ലക്ഷക്കണക്കിനു മനുഷ്യരുടെ ജീവിതവും കൂടി ചേർന്നതാണ് അമേരിക്കൻ ഐക്യനാടുകളുടെ ചരിത്രം.

1860 ൽ എബ്രഹാംലിങ്കൺ അമേരിക്കൻ പ്രസിഡന്റ് ആകുന്നതോടെയാണ് അടിമത്തം നിയമപരമായി അവസാനിപ്പിക്കുവാൻ അവസരമൊരുങ്ങിയത്. 1863 ൽ അദ്ദേഹം അടിമത്തം അവസാനിപ്പിക്കുന്നതിനു വേണ്ടി വിമോചന വിളംബരം പുറപ്പെടു വിച്ചു. നീഗ്രോകൾക്കുവേണ്ടി ശബ്ദമുയർത്തുകയും നിയമനിർമ്മാണം നടത്തുകയും ചെയ്തു. അതിന്റെ വിലയായി എബ്രഹാംലിങ്കണ് സ്വജീവൻ തന്നെ നഷ്ടപ്പെട്ടു. 1865 ൽ അദ്ദേഹത്തെ ജോൺ

വിൽക്കിസ് ബൂത്ത് എ ന്ന വംശവെറിയൻ വെടിവച്ച് കൊന്നു.

എബ്രഹാം ലിങ്കൻ വിമോചന വിളംബരം പ്രഖ്യാപിച്ച് 100 വർഷം പിന്നിട്ടപ്പോൾ 1963 ഓഗസ്റ്റ് 28ന് നീഗ്രോ തൊഴിലാളികളുടെ സമുന്നത നേതാവായ മാർട്ടിൻ ലൂഥർ കിംഗ് ജൂനിയർ വാഷിംഗ്ടണിലെ വമ്പിച്ച ജനമുന്നേറ്റത്തെ അഭിസംബോധന ചെയ്തു. ആ ചരിത്രപ്രധാനമായ പ്രസംഗം കറുത്തവരുടെ ജീവിതത്തിന്റെ നേർസാക്ഷ്യമായി ലോകത്തിനു മുന്നിൽ ഇന്നും നിലകൊള്ളുന്നു.

എനിക്കിപ്പോഴും ഒരു സ്വപ്നമുണ്ട് ... "സ്വയം തെളിയിക്കും വിധം എല്ലാ മനുഷ്യരും തുല്യരാണെന്ന സത്യത്തെ ഞങ്ങൾ ഉയർത്തിപ്പിടിക്കുന്നുവെന്ന് " നാം എഴുതിവെച്ച ആ വിശ്വാസ പ്രമാണത്തിന്റെ യഥാർത്ഥ സത്തയിലേക്ക് ഈ രാജ്യം ഉയരുമെന്ന സ്വപ്നമാണത്... ചർമ്മത്തിന്റെ നിറത്താലല്ലാതെ, സ്വന്തം കർമ്മത്തിന്റെ പേരിൽ മാത്രം വിലയിരുത്തപ്പെടുന്ന ഒരു രാജ്യത്ത് എന്റെ നാലുമക്കളും ജീവിക്കണമെന്ന് എനിക്കൊരു സ്വപ്നമുണ്ട്...
കറുത്തവരെ സംഘടിപ്പിച്ച, അവരുടെ തൊഴിലവകാശങ്ങൾക്കുവേണ്ടി, മനുഷ്യാവകാശങ്ങൾക്കു വേണ്ടി നിരന്തരം സംസാരിച്ച മാർട്ടിൻ ലൂഥർ കിങ്ങിനെയും വംശവെറിയുടെ സിദ്ധാന്തം തോക്കു കൊണ്ട് നിശബ്ദനാക്കി.
1968 ഏപ്രിൽ 4 ന് ഒരു പൊതു സമ്മേളനത്തെ അഭിസംബോധന ചെയ്യവെ അദ്ദേഹവും വെടിയേറ്റ് കൊല്ലപ്പെട്ടു.

ലോകത്തിലെ സമ്പൂർണ ജനാധിപത്യരാജ്യം എന്നവകാശപ്പെടുന്ന അമേരിക്കയിൽ കറുത്ത നിറമുള്ളവർ നിരന്തരം വേട്ടയാടപ്പെട്ടുകൊണ്ടിരിക്കുന്നു. പോൾ റോബ്സൺ എന്ന വിശ്വപ്രസിദ്ധനായ നീഗ്രോ സംഗീതജ്ഞൻ അമേരിക്കയിൽ അനുഭവിച്ച വംശീയ പീഡനങ്ങൾ ഞെട്ടിക്കുന്നതാണ്. അമേരിക്കൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതാവായിരുന്ന പാറ്റേഴ്സണുമായി ചേർന്ന് എഴുതിയ പുസ്തകത്തിന്റെ ശീർഷകം തന്നെ ഞങ്ങൾ കൊന്നൊടുക്കപ്പെടുന്നു എന്നാണ്. പ്രസ്തുത പുസ്തകത്തിൽ അവർ എഴുതുന്നു: അമേരിക്കയുടെ അടിസ്ഥാന സമ്പത്തു മുഴുവൻ നീഗ്രോകളിൽ നിന്ന് തട്ടിയെടുത്ത്, അവരെ അടിമകളാക്കി, പിന്നെ മോചിപ്പിച്ച, വീണ്ടും അടിമകളാക്കി. പിന്നെ മോചിപ്പിച്ച ഇതാ ഈ സമയം വരെ അത് തുടരുന്നു... പോൾ റോബ്സന്റെ പ്രവർത്തനങ്ങൾ അമേരിക്കയിലെ മുതലാളി വർഗ്ഗത്തെ പ്രകോപിപ്പിച്ചു. 1950-ൽ അദ്ദേഹത്തിന്റെ പാസ്പോർട്ട് അസാധുവാക്കി. 'താൻ ഒരു കമ്യൂണിസ്റ്റ് അല്ല' എന്ന സത്യവാങ്മൂലം നൽകിയാൽ പാസ്പോർട്ട് അസാധുവാക്കിയ നടപടി റദ്ദ് ചെയ്യാമെന്ന കണ്ടീഷൻ ഭരണാധികാരികൾ മുന്നോട്ടുവച്ചു. പോൾ റോബ്സൺ അതിന് തയ്യാറായില്ല. അദ്ദേഹം പറഞ്ഞു: 'എന്റെ ജനതയ്ക്ക് സമ്പൂർണ സമത്വം കിട്ടുന്നതിനുവേണ്ടി, സമാധാനത്തിനുവേണ്ടി, എല്ലാ ജനതകളുടെയും ഐക്യത്തിനുവേണ്ടി സംസാരിക്കുന്നത് കൊണ്ട് നിങ്ങൾ എന്നെ അമേരിക്കയുടെ ശത്രു എന്ന് വിളിക്കുന്നു.

ബ്രിട്ടനിലെ തൊഴിലാളി പ്രസ്ഥാനങ്ങളിൽ സജീവമായി
പ്രവർത്തിക്കുവാനും സാമ്രാജ്യത്വവിരുദ്ധ സമ്മേളനങ്ങളിൽ പങ്കെടുക്കുവാനും പോൾ റോബ്സൺ തയ്യാറായി. തൊഴിലാളികൾക്കു വേണ്ടിയുള്ള അദ്ദേഹത്തിന്റെ ഗാനങ്ങൾ ജനലക്ഷങ്ങളെ സ്വാധീനിച്ചു. 1949-ൽ ബ്രിട്ടനിൽ നിന്നും അമേരിക്കയിലേക്ക് മടങ്ങുമ്പോൾ അദ്ദേഹം പറഞ്ഞു: "ഞാനെന്റെ സമരവീര്യവും രാഷ്ട്രീയബോധവും ഇവിടത്തെ തൊഴിലാളി പ്രസ്ഥാനത്തിൽ നിന്നാണ് മനസ്സിലാക്കിയത്. അമേരിക്കയിലെ എന്റെ ജനതയ്ക്ക് (Negro) വേണ്ടിയുള്ള സമരവും എവിടെയുമുള്ള അടിച്ചമർത്തപ്പെട്ട തൊഴിലാളികൾക്ക് വേണ്ടിയുള്ള സമരവും ഒന്നുതന്നെയാണ്."

ജോർജ് ഫ്ലോയിഡിന്റെ കൊലപാതകത്തെ തുടർന്ന് അമേരിക്കയിൽ നടക്കുന്ന പ്രക്ഷോഭത്തോട്, ലോകമെമ്പാടുമുള്ള തൊഴിലാളികൾ, അടിച്ചമർത്തപ്പെടുന്നവർ ഐക്യപ്പെടേണ്ടതുണ്ട്.

കോവിഡ് 19 മഹാമാരി മൂലം ഏറ്റവും കൂടുതൽ ആളുകൾ മരണപ്പെട്ട രാജ്യം അമേരിക്കയാണ് എന്നത് ഇത്തരുണത്തിൽ ഓർക്കേണ്ടതാണ്. മുതലാളിത്തത്തിന്റെ പറുദീസയായ അമേരിക്കയിൽ ഒരു ലക്ഷത്തിലേറെ മനുഷ്യജീവനുകൾ ഇല്ലാതായി കഴിഞ്ഞു. കോവിഡിന്റെ പ്രാഥമിക പരിശോധനകൾക്കു പോലും ആയിരക്കണക്കിന് ഡോളർ ചെലവഴിക്കേണ്ട സാഹചര്യം സൃഷ്ടിക്കപ്പെടുന്നു. പണമില്ലാത്ത തൊഴിലാളികൾക്കും സാധാരണക്കാരായ ബഹുഭൂരിപക്ഷവും ചികിത്സ നിഷേധിക്കടുന്നതുമൂലമാണ് മരണപ്പെട്ടന്നത്. എന്നാൽ ,മറുവശത്ത് ശതകോടീശ്വരന്മാർ പണക്കൂനകൾക്കു മുകളിൽ വസിക്കുന്നു. അമേരിക്കയിൽ സാമൂഹിക അസമത്വം അതിന്റെ പാരമ്യത്തിലെത്തിയിരുന്നു. കറുത്തനിറമുള്ളവരിൽ ബഹുഭൂരിപക്ഷവും തൊഴിലാളികളാണ്. വംശീയ പ്രശ്നങ്ങളെ തൊഴിലാളിവർഗ്ഗ മുന്നേറ്റവുമായി ഉദ്ഗ്രഥിച്ചു കൊണ്ടുള്ള സോഷ്യലിസ്റ്റ് വിപ്ലവത്തിലൂടെ മാത്രമേ തൊഴിലാളികൾ നേരിടുന്ന എല്ലാതരം ചൂഷണങ്ങളും അവസാനിപ്പിക്കാൻ സാധിക്കൂ. വെളുത്ത വർഗ്ഗമെന്നും കറുത്ത വർഗ്ഗമെന്നും തൊഴിലാളികളെ ഭിന്നിപ്പിച്ച് നിർത്തേണ്ടത് മുതലാളി വർഗത്തിന്റെ ആവശ്യകതയാണ്. മുതലാളിത്ത സാമ്പത്തിക ചൂഷണത്തിനെതിരായ പോരാട്ടങ്ങൾ രൂപപ്പെടാനുള്ള സാഹചര്യങ്ങളെ മുൻകൂർ പ്രതിരോധിക്കുകയാണ് വ്യവസ്ഥിതിയുടെ സംരക്ഷകർ. ഇത് മനസ്സിലാക്കിക്കൊണ്ടുള്ള ശക്തമായ തൊഴിലാളി വർഗ്ഗ മുന്നേറ്റങ്ങൾ കൊണ്ടു മാത്രമേ അമേരിക്കൻ ജനതയുടെ വിമോചനം സാധ്യമാകൂ. ■



# മെയ് 26 അവകാശ ദിനം

തൊഴിൽ നഷ്ടപ്പെട്ടവർക്കും കടിയേറ്റ തൊഴിലാളികൾക്കും താത്ക്കാലിക ആശ്വാസമായി 10,000 രൂപ ഉടൻ നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് എസ്.യു.സി.ഐ (കമ്മ്യൂണിസ്റ്റ്) സംസ്ഥാന കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ മെയ് 26 അവകാശ ദിനമായി ആചരിച്ചു. അവകാശ ദിനത്തോടനുബന്ധിച്ച് സംസ്ഥാന വ്യാപകമായി കേന്ദ്ര സർക്കാർ ആഫീസുകൾക്ക് മുന്നിൽ പ്രതിഷേധ പരിപാടികൾ നടന്നു.

കോട്ടയം ജില്ലയിൽ തലയോലപറമ്പ് പോസ്റ്റ് ഓഫീസ്, ബിഎസ്എൻഎൽ ഓഫിസ് കോട്ടയം മെഡിക്കൽ കോളജ്, ഇല്ലിക്കൽ ബിഎസ്എൻഎൽ, കോട്ടയം ഹെഡ് പോസ്റ്റ് ഓഫീസ് തുടങ്ങിയ കേന്ദ്ര സർക്കാർ ഓഫീസുകൾക്ക് മുമ്പാകെയും ചിങ്ങവനം, ചങ്ങനാശ്ശേരി, കരിക്കുംമൂട് , തൃക്കൊടിത്താനം, തെങ്ങണാൽ, എരുമേലി, കവപ്പള്ളി എന്നിവിടങ്ങളിലും പ്രതിഷേധ പരിപാടികൾ നടന്നു. എറണാകുളം ജില്ലയിൽ സിറ്റി, അങ്കമാലി, കാലടി, തൃപ്പൂണിത്തറ, മുളന്തുരുത്തി, കൂത്താട്ടു കുളം, ആമ്പല്ലൂർ എന്നിവിടങ്ങളിൽ പ്രതിഷേധ പരിപാടികൾ നടന്നു. തൃശ്ശൂർ ജില്ലയിൽ തൃശ്ശൂർ ടൗൺ, ചാവക്കാട് ഗുരുവായൂർ ബിഎസ്എൻ എൽ ഓഫീസ്, മുത്തകുന്നം പോസ്റ്റ് ഓഫീസ് എന്നിവിടങ്ങളിലും പരിപാടികൾ നടന്നു.

ആലപ്പുഴ ജില്ലയിൽ ചേർത്തല എസ്.എൽ.പുരം ഇരുമ്പുപാലം, വണ്ടാനം, അമ്പലപ്പുഴ, ഹരിപ്പാട്, കായംകുളം, രാമങ്കരി, മാന്നാർ എന്നിവിടങ്ങളിൽ പോസ്റ്റ് ഓഫീസുകൾക്ക് മുന്നിലും മാവേലിക്കര ബി എസ് എൻ എൽ ഓഫീസിനു മുന്നിലും പ്രതിഷേധ പരിപാടികൾ നടന്നു. തിരുവനന്തപുരം ജില്ലയിൽ, രാജ്ഭവൻ, എജീസ് ഓഫീസ്, ജനറൽ പോസ്റ്റ് ഓഫീസുകൾക്ക് മുന്നിലും പ്രതിഷേധ പരിപാടികൾ നടന്നു. ഇടുക്കി ജില്ലയിൽ തൊടുപുഴ ബി എസ് എൻ എൽ ഓഫീസിന മുന്നിലും പ്രതിഷേധ പരിപാടി നടന്നു. വയനാട്ടിൽ സുൽത്താൻ ബത്തേരി ബിഎസ്എൻഎൽ ഓഫീസിനു മുന്നിലും പത്തനംതിട്ടയിൽ രണ്ടിടങ്ങളിലും പ്രതിഷേധ പരിപാടികൾ നടന്നു. കോഴിക്കോട് ജില്ലയിൽ സിറ്റി, ബാലുശ്ശേരി, കാട്ടിലപ്പീടിക എന്നിവിടങ്ങളിലും കൊല്ലത്ത് ചിന്നക്കട, കരുനാഗപ്പള്ളി, പെരുമ്പുഴ, കുണ്ടറ, കൊട്ടാരക്കര, അഞ്ചൽ എന്നിവിടങ്ങളിലും പ്രതിഷേധ പരിപാടികൾ നടന്നു. ■

## ലോക്ഡൗണിന്റെ മറവിൽ തുടരുന്ന വിദ്യാഭ്യാസ വിരുദ്ധ നയങ്ങൾക്കെതിരെ എഐഡിഎസ്ഒ

ലോക്ഡൗണിന്റെ മറവിൽ കേന്ദ്ര- സംസ്ഥാന സർക്കാരുകൾ നടത്തുന്ന വിദ്യാഭ്യാസ വിരുദ്ധ - വിദ്യാർത്ഥി ദ്രോഹ നിലപാടിനെതിരെ എ ഐ ഡി എസ് ഒ സമരം നടത്തി.
ഉന്നത വിദ്യാഭ്യാസ രംഗത്ത് സ്ഥിരാധ്യാപക തസ്തികകൾ പരിമിതപ്പെടുത്തിക്കൊണ്ട് കരാർ അധ്യാപനം വ്യാവസ്ഥാപിതമാക്കുവാൻ വേണ്ടി സംസ്ഥാന സർക്കാർ പുറത്തിറക്കിയ ഏപ്രിൽ ഒന്നിന്റെ ഉത്തരവ് പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് മുഖ്യമന്ത്രിക്ക് സമർപ്പിക്കുന്ന ഓൺലൈൻ നിവേദനത്തിലേക്ക് ഒപ്പ് ശേഖരണം നടന്നു. വിദ്യാഭ്യാസ മേഖല സമ്പൂർണ്ണമായി സ്വകാര്യവത്ക്കരിക്കുവാൻ ലക്ഷ്യമിട്ടുകൊണ്ടുള്ള പുതിയ ദേശീയ വിദ്യാഭ്യാസ നയത്തിനും കരാർ തൊഴിൽ വ്യവസ്ഥാപിതമാക്കുവാനുള്ള നീതി ആയോഗിന്റെ ശുപാർശയ്ക്കും വഴിയൊരുക്കുന്നതിന് വേണ്ടിയാണ് ഇത്തരമൊരു ഉത്തരവ് നിലവിൽ കൊണ്ടുവരുന്നതെന്നും ഈ ഉത്തരവിനെതിരെ വിദ്യാഭ്യാസ സ്നേഹികൾ ഒന്നടങ്കം സമരരംഗത്ത് വരണമെന്നും എഐഡിഎസ്ഒ സംസ്ഥാന കമ്മിറ്റി ആവശ്യപ്പെട്ടു. ■

## മദ്യശാലകൾ തുറക്കുവാനുള്ള നീക്കത്തിൽ പ്രതിഷേധിച്ചു

സംസ്ഥാനത്ത് മദ്യശാലകൾ തുറക്കുവാനുള്ള തീരുമാനത്തിനെതിരെയും പുതിയ ബാറുകൾ തുറക്കുവാനുള്ള നീക്കത്തിൽ പ്രതിഷേധിച്ചും എഐഡിഎസ്ഒ എഐഎംഎസ്എസ്, മദ്യവിരുദ്ധ ജനകീയ സമരസമിതി, മദ്യനിരോധന സമിതി തുടങ്ങിയ സംഘടനകളുടെ ആഭിമുഖ്യത്തിൽ മെയ് 25 വഞ്ചനാദിനമായി ആചരിച്ചു.

*ബ്രേക്ക് ദ ബോട്ടിൽ* എന്ന ഹാഷ് ടാഗോടെ മദ്യശാലകൾ അടഞ്ഞുതന്നെ കിടക്കട്ടെ എന്ന മുദ്രാവാക്യം ഉയർത്തി വിദ്യാർത്ഥിസംഘടന എഐഡിഎസ്ഒ യുടെ മുൻകൈയിൽ നടന്ന ഓൺലൈൻ ക്യാമ്പയിൻ വലിയ ചലനം സൃഷ്ടിച്ചു. ■

## അഖിലേന്ത്യാ അവകാശ ദിനം

കുടിയേറ്റ തൊഴിലാളികളായ സ്ത്രീകൾക്കും കുട്ടികൾക്കും സുരക്ഷിത യാത്ര, ഭക്ഷണം, താമസം, ചികിത്സ എന്നിവ ഉറപ്പാക്കുക, തൊഴിൽ സമയം 12 മണിക്കൂറായി വർദ്ധിപ്പിക്കുവാനുള്ള നീക്കം ഉപേക്ഷിക്കുക, പാവപ്പെട്ട ഗർഭിണികൾക്കും കുഞ്ഞുങ്ങൾക്കും സാമ്പത്തിക സഹായം നൽകുക, മദ്യവിൽപ്പന എന്നെന്നേയ്ക്കുമായി അവസാനിപ്പിക്കുക എന്നീ ഡിമാന്റുകളുന്നയിച്ചുകൊണ്ട് അഖിലേന്ത്യ കമ്മിറ്റി പ്രഖ്യാപിച്ച മെയ് 28 അഖിലേന്ത്യാ അവകാശ ദിനം ആചരിച്ചു കൊണ്ട് ശക്തമായ പ്രചരണ പരിപാടികൾ നടത്തി. ■

## ഫ്ളോറൻസ് നൈറ്റിംഗേലിന്റെ ഇരുനൂറാം ജൻമവാർഷികം

മെയ് 12 ഫ്ളോറൻസ് നൈറ്റിംഗേലിന്റെ ഇരുനൂറാം ജൻമവാർഷിക ദിനം ആചരിച്ചുകൊണ്ട് എഐഡിഎസ്ഒ, എഐഎംഎസ്എസ് എന്നീ സംഘടനകളുടെ ആഭിമുഖ്യത്തിൽ വിപുലമായ പരിപാടികൾ കൈക്കൊണ്ടു. ആരോഗ്യ പ്രവർത്തകർക്ക് മതിയായ പിപിഇ കിറ്റ് ലഭ്യമാക്കുക, ആരോഗ്യരംഗത്തെ ഒഴിവുള്ള മുഴുവൻ തസ്തികകളിലും ഉടൻ സ്ഥിര നിയമനം നടത്തുക, വിദ്യാഭ്യാസ വായ്പ എഴുതി തള്ളുക എന്നീ ഡിമാന്റുകളുയർത്തിക്കൊണ്ട് വിപുലമായ ഓൺലൈൻ പ്രചാരണം നടത്തി.

നഴ്സിംഗിനെ ആധുനികവൽക്കരിക്കുവാൻ ജീവിതം സമർപ്പിച്ച മഹദ് വനിതയുടെ ജീവിതസമരം അവതരിപ്പിച്ചുകൊണ്ട് എഐഎംഎസ്എസ് സംസ്ഥാന വൈസ് പ്രസിഡന്റ് എം. എ. പുഷ്പ പ്രഭാഷണം നടത്തി. ■

# തബ്‌ലീഗ് ജമാഅത്തും ഹിന്ദുത്വ ക്യാമ്പിന്റെ ഹീനമായ വർഗ്ഗീയ ഗൂഢാലോചനയും

കൊറോണ വൈറസ് ലോകമെമ്പാടുമുള്ള ശാസ്ത്രജ്ഞരേയും ആരോഗ്യപ്രവർത്തകരേയും പരിക്ഷീണരാക്കിക്കൊണ്ടിരിക്കുമ്പോൾ, വർഗ്ഗീയ-മൗലികവാദ രാഷ്ട്രീയത്താൽ പരിപാലിക്കപ്പെടുന്ന, വെറുപ്പിന്റെയും അന്യമതവിരോധത്തിന്റേതുമായ  മറ്റൊരു രോഗം, കഷ്ടപ്പെടുന്ന ജനസാമാന്യത്തിനുമേൽ ഒട്ടും കുറയാത്ത ക്രൗര്യത്തോടെ ദുരിതം വിതയ്ക്കുകയാണ്. കൊറോണ വൈറസ് മൂലം രാജ്യത്ത് 4700നു മേൽ ജീവനുകൾ നഷ്ടപ്പെട്ടിരിക്കുന്നു. പക്ഷേ സ്ഥാപിത താൽപ്പര്യക്കാരാൽ പരിപാലിക്കപ്പെടുന്ന മതസ്പർദ്ധയെന്ന രോഗം ഇതുവരെയുള്ള വർഷങ്ങളിൽ ആയിരക്കണക്കിനാളുകളുടെ ജീവനെടുത്തിരിക്കുന്നു. ഈ ഗുരുതരമായ ആരോഗ്യ പ്രതിസന്ധിയുടെ ഘട്ടത്തിലും ശമനത്തിന്റെ ലക്ഷണങ്ങളൊന്നുമില്ലാതെ അതു തുടർന്നുകൊണ്ടുമിരിക്കുന്നു. ഡൽഹി നിസാമുദ്ദീൻ പള്ളിയിലെ ബാംഗിൾവാലി മർകസ് മസ്ജിദിൽ ഇക്കഴിഞ്ഞ മാർച്ച് മാസം പകുതിയോടെ നടന്ന തബ്‌ലീഗ് ജമാഅത്ത് സമ്മേളനത്തെ ചുറ്റിപ്പറ്റി, തീവ്ര ഹിന്ദുത്വ ശക്തികളായ ആർഎസ്-ബിജെപി-സംഘപരിവാർ സംഘങ്ങൾ നടത്തുന്ന വർഗ്ഗീയവൈറസിന്റെ പ്രചാരണം ഇതിന്റെ ഒന്നാന്തരം ഉദാഹരണമാണ്. മുസ്ലീം സമുദായത്തിനുള്ളിലെ സുന്നി വിഭാഗത്തിലെ പരിഷ്ക്കരണവാദപരമായ ഒരു മതസംഘടനയാണ് തബ്‌ലീഗ്ജമാഅത്ത്.  ആർഎസ്എസ്-ബിജെപി-സംഘപരിവാർ സംഘങ്ങൾ മുഴുവൻ ഹിന്ദു സമുദായത്തിന്റേയും പ്രതിനിധികളല്ല എന്നതുപോലെതന്നെ ഈ സംഘടനയും മുഴുവൻ മുസ്ലീം സമുദായത്തിന്റേയും പ്രതിനിധികളുമല്ല. തങ്ങളുടെ മതവിഭാഗങ്ങളുടെ സ്വയംപ്രഖ്യാപിത രക്ഷാകർത്താക്കളാണ് അവരെങ്കിലും ആ മതങ്ങളുടെ അടിസ്ഥാനപ്രമാണങ്ങളുമായി യാതൊരു ബന്ധവുമില്ലാത്ത മൗലികവാദവും മതാന്ധതയും മതവെറിയുമാണ് അവരുടെ ഉദ്ബോധനങ്ങളിലുള്ളത്. ഒരു മതവും, അതല്ലെങ്കിൽ പോയ കാലങ്ങളിലെ അവയുടെ വിശുദ്ധ പ്രവാചകരാരുംതന്നെ  മതാന്ധതയും മതവെറിയും അന്യമതവിരോധവും പ്രചരിപ്പിച്ചിട്ടില്ല. തബ്‌ലീഗ് ജമാഅത്ത് സമ്മേളനത്തെക്കുറിച്ചു പറയുകയാണെങ്കിൽ കഴിഞ്ഞ മാർച്ച് 13-നാണ് നിരവധി വിദേശ രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികളടക്കം ഏതാണ്ട് 3000 പേർ നിസാമുദ്ദീൻ മർക്കസിൽ സംഗമിച്ചത്. അതിനു രണ്ടു ദിവസം മുമ്പ് ലോകാരോഗ്യ സംഘടന കോവിഡ്-19നെ ഒരു മഹാമാരിയായി പ്രഖ്യാപിച്ചിരുന്നു. എന്നാൽ ബി.ജെ.പി നേതൃത്വത്തിലുള്ള കേന്ദ്രഗവണ്മെന്റ് ഇതിൽ അപ്പോൾ യാതൊരുൽക്കണ്ഠയും പ്രകടിപ്പിച്ചില്ല. മാർച്ച് 16-നു മാത്രമാണ് ഡൽഹി സർക്കാർ ആര്യോഗ്യ അടിയന്തിരാവസ്ഥ പ്രഖ്യാപിക്കുന്നതും 50 പേരിൽ കൂടുതലുള്ള മതസമ്മേളനങ്ങൾക്ക് നിയന്ത്രണമേർപ്പെടുത്തുന്നതും. ശരിയാണ്, അതിനു ശേഷവും പ്രതിനിധികൾ സമ്മേളന സ്ഥലത്തു തന്നെ തുടർന്നു. സംഘാടകരാകട്ടെ ഒരു ജാഗ്രതയും പ്രദർശിപ്പിച്ചതുമില്ല. യഥാർത്ഥത്തിൽ സമ്മേളന സ്ഥലത്തിനടുത്തു തന്നെയായിരുന്നു പ്രദേശത്തെ പോലീസ് സ്റ്റേഷൻ.

**ജമാഅത്ത് സമ്മേളനത്തിനു വന്ന വിദേശികളെ സൂക്ഷ്മപരിശോധനയ്ക്കു വിധേയമാക്കിയിരുന്നോ?  അതിലാരെങ്കിലും കോവിഡ് ബാധിതരാണെന്നു തെളിഞ്ഞിരുന്നോ? അങ്ങനെയല്ലെങ്കിൽ മറ്റുള്ളവരിലേക്കു രോഗം പകരാൻ അവർക്കെങ്ങനെ കഴിഞ്ഞു ? തബ്‌ലീഗ് ജമാഅത്തിന് മുംബൈയിലെ ഉപ്പ ഗറിൽ സമാനമായ ഒരു സമ്മേളനത്തിനു മഹാരാഷ്ട്ര സർക്കാർ അനുമതി നിഷേധിച്ചപ്പോൾ ഡൽഹിയിലെ സമ്മേളനത്തിനു അനുമതി നൽകാൻ കേന്ദ്ര സർക്കാരിനെ പ്രേരിപ്പിച്ചതെന്താണ്?**

എന്നാൽ ഡൽഹി സർക്കാരോ കേന്ദ്ര സർക്കാരിനു കീഴിലുള്ള ഡൽഹി പോലീസോ ആളുകളുടെ പ്രവേശ

നം തടയുന്നതിനോ അവിടം ഒഴിപ്പി
ക്കുന്നതിനോ ഒരു നടപടിയുമെടുത്തി
ല്ല. 800-ഓളം വിദേശ പ്രതിനിധി
കൾക്കു വിസ നൽകിയ ബിജെപി നേ
തൃത്വത്തിലുള്ള കേന്ദ്ര സർക്കാരാകട്ടെ
അവരെ തിരിച്ചയക്കുന്നതിനുള്ള ഒരു
നടപടിയും കൈക്കൊണ്ടുമില്ല. വിദേശ
ത്തു നിന്നെത്തുവരെ നിർബ്ബന്ധിതമാ
യി സ്ക്രീനിംഗിനു വിധേയമാക്കുമെന്ന്
കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ വകുപ്പ്
മന്ത്രി പ്രഖ്യാപിച്ചതു മാർച്ച് 4നാണ്.
ജമാഅത്ത് സമ്മേളനത്തിനു വന്ന വി
ദേശികളെ സൂക്ഷ്മപരിശോധനയ്ക്കു വി
ധേയമാക്കിയിരുന്നോ? അതിലാരെ
ങ്കിലും കോവിഡ് ബാധിതരാണെന്നു
തെളിഞ്ഞിരുന്നോ? എങ്കിൽ എന്തു
കൊണ്ടവർക്കു പ്രവേശനാനുമതി നൽ
കി? അങ്ങനെയല്ലെങ്കിൽ മറ്റുള്ളവരി
ലേക്കു രോഗം പകരാൻ അവർക്കെങ്ങ
നെ കഴിഞ്ഞു ? നിർണ്ണായകമായ ഈ
ചോദ്യങ്ങൾക്കൊന്നും ഇതുവരെ മറുപ
ടി കിട്ടിയിട്ടില്ല. കേന്ദ്ര, സംസ്ഥാന
സർക്കാരുകളുടെ മൂക്കിനു താഴെയാണ്
എല്ലാം നടന്നത്. തബ്‌ലീഗ്ജമാഅ
ത്തിന് മുംബൈയിലെ ഉപ്പനഗറിൽ
സമാനമായ ഒരു സമ്മേളനത്തിനു
മഹാരാഷ്ട്ര സർക്കാർ അനുമതി നിഷേ
ധിച്ചപ്പോൾ ഡൽഹിയിലെ സമ്മേളന
ത്തിനു അനുമതി നൽകാൻ കേന്ദ്ര
സർക്കാരിനെ പ്രേരിപ്പിച്ചതെന്താണ്?
ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നി
ന്നും വിദേശത്തു നിന്നും വന്ന ഈ
വലിയ സംഘത്തെ, ഡൽഹിയിലേ
ക്കും പുറത്തേക്കുമുള്ള എല്ലാ തീവണ്ടി
സർവ്വീസുകളും നിറുത്തിവച്ചതിന് ഒരു
ദിവസം മുമ്പ്, മാർച്ച് 20 വരെ, അവി
ടെ താമസിപ്പിക്കാൻ അനുവദിച്ചതെ
ന്തിനാണ്? ഇത്തരമൊരു സമ്മേളനം
കൊറോണ വ്യാപനത്തിനുള്ള അപക
ടകരമായ സാഹചര്യമൊരുക്കുമെന്നു
മനസ്സിലായിട്ടും സമയോചിതമായ ഇട
പെടൽ ഉണ്ടാകാതെ പോയതെന്തു
കൊണ്ടാണ്? അന്നേ ദിവസം പ്രധാന
മന്ത്രി ജനതാ കർഫ്യൂവിന് ആഹ്വാനം
നൽകുകയും എല്ലാ വിധത്തിലുമുള്ള
പൊതു കൂടിച്ചേരലുകളും നിരോധിക്കുക
യും ചെയ്തു. അപ്പോഴേയ്ക്കും പല പ്രതിനി
ധികളും ഇന്ത്യയുടെ പല ഭാഗങ്ങളിലേ
യ്ക്കും തിരിച്ചുപോയിക്കഴിഞ്ഞിരുന്നു.
പോലീസിനോ കേന്ദ്ര ആഭ്യന്തര വകു
പ്പിനോ ഇതേക്കുറിച്ച് യാതൊരു ധാര
ണയുമുണ്ടായിരുന്നില്ലെന്നു വിശ്വസി
ക്കണമോ? 21 ദിവസത്തെ ദേശീയ
ലോക്ക് ഡൗൺ പ്രഖ്യാപിച്ച മാർച്ച്
24ന് പോലീസ്, ബാക്കിയായ പ്രതി
നിധികളോട് ഒഴിഞ്ഞു പോകാനാവ
ശ്യപ്പെട്ടു. പക്ഷേ ലോക്ക് ഡൗൺ
ഉത്തരവു ലംഘിച്ചു കൊണ്ട് ആയിര
ത്തോളം പേർ സമ്മേളന സ്ഥലത്തു തു
ടരുന്നതായി മാർച്ച് 25ന് കണ്ടെത്തി.
മാർച്ച് 28ന് മാത്രമാണ് സമ്മേളന
സ്ഥലത്തു നിന്ന് പോലീസ് ബാക്കി
യായവരെ പുറത്തേക്കു കൊണ്ടുപോകു
ന്നത്. അപ്പോഴേയ്ക്കും സമ്മേളന പ്രതി
നിധികളിൽ പലർക്കും കോവിഡ് ബാ
ധയുണ്ടെന്നു സ്ഥിരികരിക്കപ്പെടുകയും
ചെയ്തു. തുടർന്ന്, കേന്ദ്ര ബി.ജെ.പി
സർക്കാറിന്റെ മുഖ്യ സുരക്ഷാ ഉപദേ
ഷ്ടാവായ അജിത് ഡോവലും തബ്‌ലീ
ഗ് ജമാഅത്ത് മർക്കസ് തലവൻ മൗ
ലാന സാദും തമ്മിൽ മാർച്ച് 28ന്റെ
അസാധാരണ സമയത്തു നടന്ന കൂടി
ക്കാഴ്ച്ചയും തുടർന്നുള്ള മാലാനാ സാ
ദിന്റെ തിരോധാനവും
ശ്രദ്ധയാകർഷിച്ചു. ഡൽഹി പോലീ
സ് കമീഷണർ പോകുന്നതിനു പകരം
എന്തു കൊണ്ട് അജിത് ഡോവൽ മൗ
ലാനാ സാദിനെക്കാണാൻ പോയി
എന്ന ചോദ്യം ശരിയായും ഉന്നയിക്ക
പ്പെട്ടു. ആരാണ് അജിത് ഡോവലിനെ
ഇതിനു നിയോഗിച്ചത്? അതും എന്തി
ന്? തബ്‌ലീഗ് ജമാഅത്തിനെതിരായ
നടപടികൾ തുടങ്ങിയ മാർച്ച് 28ന് മു
മ്പ് എന്തു കൊണ്ട് മൗലാനാ സാദിനെ
അറസ്റ്റു ചെയ്യുകയോ എഫ്ഐആർ
രജിസ്റ്റർ ചെയ്യുകയോ ചെയ്തില്ല?

ഈ ചോദ്യങ്ങൾക്കൊന്നിനും ഉത്ത
രം ലഭിച്ചില്ലെങ്കിലും ഭരണ
വൃന്ദങ്ങളോടൊട്ടി നില്ക്കുന്ന, വിഷം വമി
പ്പിക്കുന്ന ചില വാർത്താ ചാനലുകൾ,
ഇന്ത്യയിലെ കൊറോണ വ്യാപനത്തി
ന്റെ മുഖ്യവും ഏകവുമായ ഉത്തരവാദി
യായി തബ്‌ലീഗ് മർക്കസിനെ ചിത്രീ
കരിച്ചുകൊണ്ടുള്ള ആഖ്യാനങ്ങൾ പ്രച
രിപ്പിക്കാൻ തുടങ്ങിയിരുന്നു. പൊടുന്ന
നേ, മുസ്ലീം സമുദായത്തെ മുഴവൻ കുറ്റ
പ്പെടുത്തിക്കൊണ്ട്, സാമൂഹിക അക
ലം പാലിക്കാനുള്ള നിദ്ദേശങ്ങളെ
അവർ ധിക്കരിക്കുന്നതായും 'രോഗം
പകരാനായി' മറ്റുള്ള ജനങ്ങളുടെ മുഖ
ത്തു തുപ്പുന്നതായും കാണിക്കുന്ന വ്യാജ
വീഡിയോകളും വാട്ട്സ് ആപ്പ് സന്ദേ
ശങ്ങളും പ്രചരിപ്പിക്കപ്പെടുകയും ചെയ്തു.
ബിജെപിയുടെ കേന്ദ്ര മന്ത്രി മുക്താർ
അബ്ബാസ് നഖ്‌വി മർക്കസ് സമ്മേളന
ത്തെ 'താലിബാൻ കുറ്റകൃത്യം' എന്നാ
ണു വിശേഷിപ്പിച്ചത്.

ഏപ്രിൽ 1ന് ബിജെപിയുടെ ഐടി
സെൽ തലവൻ അമിത് മാളവ്യ ട്വിറ്റ
റിൽ ഇങ്ങനെയെഴുതി." ഡൽഹിയുടെ
ഇരുണ്ട അധോലോകം പൊട്ടിത്തെറി
ക്കുന്നു! കഴിഞ്ഞ മൂന്നു മാസം എല്ലാത്ത
രത്തിലുമുള്ള ഇസ്ലാമിക കലാപത്തി
ന്റെ നാളുകളായിരുന്നു. ആദ്യം, സിഎ
എ വിരുദ്ധ സമരത്തിന്റെ പേരിൽ
ഷഹീൻ ബാഗിൽ നിന്ന് ജാമിയയി
ലേക്കും ജഫ്രാബാദിലേക്കും സീലാമ്പൂ
രിലേക്കും. ഇപ്പോൾ പരിഷ്ക്കരണവാദി
കളായ തബ്‌ലീഗ് ജമാഅത്തിന്റെ മർ
ക്കസിലെ നിയമവിരുദ്ധമായ സമ്മേള
നവും. ഇതിനൊരറുതി വരുത്തണം. നി
സാമുദ്ദീൻ മർക്കസ് സംഭവ പരമ്പരയു
ടെ ചരിത്രം ശരിയായ ക്രമത്തിൽ പരി
ഹരിക്കുകയാണു പരമപ്രധാനം". കൃത്യ
മായ ഒരു പദ്ധതി ഇതിനെല്ലാം പിന്നി
ലുള്ളതായി തോന്നുന്നില്ലേ? സമ്മേള
ന സംഘാടകർ ആദ്യഘട്ട
മുന്നറിയിപ്പുകൾ മുഖവിലയ്ക്കെടുത്തില്ല
എന്നതും ലോക്ക് ഡൗൺ പ്രോട്ടോ
ക്കോൾ ലംഘിച്ചു എന്നതുംശരിയാണ്.
ഏതു മതത്തിൽ വിശ്വസിക്കുന്നവരും
ഉത്തരവാദിത്തബോധമുള്ള പൗരനാ

> **കേന്ദ്ര ബി.ജെ.പി സർക്കാറിന്റെ മുഖ്യ സുരക്ഷാ ഉപദേഷ്ടാവായ അജിത് ഡോവലും തബ്‌ലീഗ് ജമാഅത്ത് മർക്കസ് തലവൻ മൗലാന സാദും തമ്മിൽ മാർച്ച് 28ന് അസാധാരണ സമയത്തു നടന്ന കൂടിക്കാഴ്ചയെത്തുടർന്ന് മൗലാനാ സാദ് അപ്രത്യക്ഷനായി. ഡൽഹി പോലീസ് കമീഷണർ പോകുന്നതിനു പകരംഎന്തു കൊണ്ട് അജിത് ഡോവൽ മൗലാനാ സാദിനെക്കാണാൻ പോയി? ആരാണ് അജിത് ഡോവലിനെ നിയോഗിച്ചത്? എന്തിന്? തബ്‌ലീഗ് ജമാഅത്തിനെതിരായ നടപടികൾ തുടങ്ങിയ മാർച്ച് 28ന് മുമ്പ് എന്തു കൊണ്ട് മൗലാനാ സാദിനെ അറസ്റ്റു ചെയ്യുകയോ എഫ്ഐആർ രജിസ്റ്റർ ചെയ്യുകയോ ചെയ്തില്ല?**

യിരിക്കണമെന്നതും അംഗീകരിക്കേണ്ടതാണ്. അവർ സ്വന്തം നാട്ടിലെ നിയമവ്യവസ്ഥയെ ഉയർത്തിപ്പിടിക്കുകയും മറ്റു പൗരന്മാരുടെ ക്ഷേമത്തിനായി നിലകൊള്ളുകയും ചെയ്യേണ്ടതാണ്. സർക്കാർ രൂപീകരിച്ച നിയമങ്ങളും വിദഗ്ധർ നൽകുന്ന ആരോഗ്യ ഉപദേശങ്ങളും പാലിക്കുക എന്നത് നമ്മിലർപ്പിതമായ ഉത്തരവാദിത്തമാണ്. എല്ലാ പൗരന്മാരുടേയും ആരോഗ്യവും സുരക്ഷയും ഉറപ്പാക്കുന്നതിനാണ് ഈ മുന്നറിയിപ്പുകൾ നൽകുന്നത് - അതു മറികടക്കുവാൻ ആർക്കുമധികാരമില്ല. പക്ഷേ നടപടികളിലേക്കു കടക്കാൻ മാർച്ച് 28 വരെ ഡൽഹി പോലീസ് സമയം വൈകിച്ചതെന്തുകൊണ്ടാണ്? മാത്രവുമല്ല, ഡൽഹിയിൽ മാർച്ച് 14ന് ഒരു ഗോമൂത്ര പാർട്ടിക്ക് അനുമതി നൽകി. മാർച്ച് 12 ന് തിരുപ്പതി അമ്പലത്തിൽ 40,000 പേരെ ഒത്തുകൂടാൻ അനുവദിച്ചു. രാജ്യം ലോക്ക് ഡൗണിലായിരിക്കേ ഉത്തർപ്രദേശിലെ ബിജെപി മുഖ്യമന്ത്രി യോഗി ആദിത്യനാഥ് മാർച്ച് 26-ന് അയോദ്ധ്യയിലേക്ക് ഒരു സംഘത്തെ നയിക്കുകയും രാമവിഗ്രഹം പന്തലിൽ നിന്ന് രജതപീഠത്തിലേക്ക് മാറ്റുകയും ചെയ്തു. ഏപ്രിൽ 16ന് കർണ്ണാടകത്തിലെ കൽബുർഗിയിൽ സിദ്ധലിംഗേശ്വരക്ഷേത്രത്തിലെ രഥോത്സവത്തിൽ പങ്കെടുക്കാൻ ആളുകൾ കൂട്ടമായെത്തി. കൽബുർഗിയാകട്ടെ കർണ്ണാടകത്തിലെ ഒരു കൊറോണ വൈറസ് ഹോട്ട്സ്പോട്ടാണ് അന്ന്. ആരോഗ്യ സുരക്ഷാ മുന്നറിയിപ്പുകൾ അവഗണിച്ചതിലും അവരിൽ ചിലർ കൊറോണ വൈറസിന്റെ വാഹകരായി കുറ്റം ചാർത്തപ്പെട്ടതിലും തബ്ലീഗ് ജമാ അത്ത് ഭാരവാഹികൾ എപ്രകാരം ഉത്തരവാദികളാണോ അതേതരത്തിൽ കുറ്റം ചാർത്തപ്പെടേണ്ടവരല്ലേ മത ചടങ്ങുകൾ സംഘടിപ്പിച്ച് ഹിന്ദുത്വത്തിന്റെ ചാമ്പ്യന്മാരായി അറിയപ്പെടുന്നവരും? അപ്പോൾ തബ്ലീഗ്ജമാഅത്തിന്റെ നേരേ മാത്രം തിരിയുന്നതെന്തുകൊണ്ടാണ്?

ഡൽഹിയിലും തമിഴ്നാട്ടിലും തെലുങ്കാനയിലും വൈറസ് വ്യാപനത്തിനു തബ്ലീഗ് സമ്മേളനത്തിൽ പങ്കെടുത്ത ചിലർ കാരണക്കാരായിട്ടുണ്ടെന്നു ശരിയാണെങ്കിലും ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലേയും കോവിഡ് വ്യാപനത്തിന്റെ മൂലകാരണം അവരാണ് എന്നു പറയുന്നത് യുക്തിക്കു നിരക്കുന്നതല്ല. മുംബൈയിൽ കൊറോണ വൈറസ് ജാതി, മത, വർഗ്ഗഭേദങ്ങളെ


**ഡൽഹിയിൽ മാർച്ച് 14ന് ഗോമൂത്ര പാർട്ടിക്ക് അനുമതി നൽകി. മാർച്ച് 12 ന് തിരുപ്പതി അമ്പലത്തിൽ 40,000 പേരെ ഒത്തുകൂടാൻ അനുവദിച്ചു. ഉത്തർപ്രദേശ് മുഖ്യമന്ത്രി യോഗി ആദിത്യനാഥ് മാർച്ച് 26-ന് അയോദ്ധ്യയിലേക്ക് ഒരു സംഘത്തെ നയിക്കുകയും രാമവിഗ്രഹം പന്തലിൽ നിന്ന് രജതപീഠത്തിലേക്ക് മാറ്റുകയും ചെയ്തു. ഏപ്രിൽ 16ന് കർണ്ണാടകത്തിലെ കൽബുർഗിയിൽ സിദ്ധലിംഗേശ്വരക്ഷേത്രത്തിലെ രഥോത്സവത്തിൽ പങ്കെടുക്കാൻ ആളുകൾ കൂട്ടമായെത്തി. കൽബുർഗിയാകട്ടെ കർണ്ണാടകത്തിലെ ഒരു കൊറോണ വൈറസ് ഹോട്ട്സ്പോട്ടായിരുന്നു.**

യൊക്കെ മറികടന്നു കൊണ്ടു വ്യാപിക്കുകയാണ്. ചേരിപ്രദേശമായ ധാരാവിയാണ് ഏറ്റവും തീവ്രമായി ബാധിക്കപ്പെട്ടത്; പുറകേ സമ്പന്നമേഖലയായ മലബാർ ഹിൽസും.

ഈ മഹാമാരിയെക്കുറിച്ചുള്ള ആധികാരിക വിവരങ്ങൾ നൽകാനും തെറ്റിദ്ധാരണകൾ ദൂരികരിക്കാനുമായുള്ള 'ഇന്ത്യൻ സയന്റിസ്റ്റ്സ് റെസ്പോൺസ് ടു കോവിഡ്-19'(ISRC) എന്ന ഗ്രൂപ്പ് കഴിഞ്ഞ ഏപ്രിൽ 11ന് കോവിഡ് വ്യാപനത്തെ വർഗ്ഗീയവൽക്കരിക്കാനുള്ള ശ്രമങ്ങളെ ശക്തമായി അപലപിച്ചിട്ടുണ്ട്. സമ്മേളനം ഉപേക്ഷിക്കാതിരുന്നതിൽ തബ്ലീഗ്ജമാഅത്തിനു വീഴ്ച്ച പറ്റിയിട്ടുണ്ടെങ്കിൽ തങ്ങളുടെ ഭരണപരമായ പാളിച്ചകൾക്കു കേന്ദ്ര സംസ്ഥാന ഭരണാധികാരികളും തെറ്റുകാരാണെന്നാണ് ISRC അഭിപ്രായപ്പെടുന്നത്. ഈ വിഷയത്തിൽ പ്രകടമായും അസ്വസ്ഥരായ 'ഓർഗനൈ സേഷൻ ഒഫ് ഇസ്ലാമിക് കൺട്രീസ്'(OIC) കോവിഡ്-19 രോഗ വ്യാപനത്തോടനുബന്ധിച്ച് ഇന്ത്യയിൽ വളർന്നു വരുന്ന 'ഇസ്ലാമോഫോബിയ'യെ നിയന്ത്രിക്കണമെന്ന് ഇന്ത്യാ ഗവൺമെന്റിനോടഭ്യർത്ഥിച്ചിരിക്കുകയാണ്.

പക്ഷേ സർക്കാരോ ആർഎസ്എസ്-ബിജെപി-സംഘപരിവാർ സഖ്യമോ അവരുടെ ചൊൽപ്പടിയിലുള്ള മാദ്ധ്യമങ്ങളോ ഒന്നും തെറ്റായ നടപടികൾക്കു ഹിന്ദുത്വ സംഘങ്ങളെ കുറ്റപ്പെടുത്താൻ തയ്യാറാകുന്നില്ല. തബ്ലീഗ് ജമാഅത്തിൽ ഒരു ബലിയാടിനെ കണ്ടെത്തി ന്യൂനപക്ഷ വിരുദ്ധവിഷം വമിപ്പിക്കുക എന്നതുമാത്രമാണവരുടെ ഉന്നം. സിഎഎയ്ക്കും എൻആർസിക്കുമെതിരേ, കഷ്ടപ്പെടുന്ന മുഴുവൻ ജനങ്ങളും പങ്കെടുത്തുകൊണ്ട് രാജ്യമെമ്പാടും വളർന്നു വരുന്ന പ്രക്ഷോഭങ്ങളും ജാതി, മത, വംശഭേദങ്ങൾക്കതീതമായി ഉയർന്നുവരുന്ന ഉറച്ച സമരൈക്യവും 'അനധികൃത കുടിയേറ്റ'വും 'നിയമവിരുദ്ധ നുഴഞ്ഞുകയറ്റക്കാരേ'യും ചൂണ്ടിക്കാട്ടി കൊണ്ട് രാജ്യത്തെ ജനങ്ങൾക്കിടയിൽ അനൈക്യത്തിന്റെ ആപ്പിറക്കാനുള്ള ബിജെപി-ആർ എസ്എസ് സംഘത്തിന്റെ കുതന്ത്രങ്ങളെ പരാജയപ്പെടുത്താൻ പോകുകയാണെന്നത് വ്യക്തമായിരുന്നു. മാത്രമല്ല, ഡൽഹിയിലെ ഷഹീൻ ബാഗ് ആ സമരങ്ങളുടെയെല്ലാം പ്രതീകവുമായി മാറിയിരുന്നു. ഈ സാഹചര്യത്തിൽ കോവിഡ്-19ന്റെ വ്യാപനവും നിരുത്തരവാദപരമായ തബ്ലീഗ്ജമാഅത്ത് നടത്തിപ്പും, ഹിന്ദു മതഭ്രാന്തന്മാർക്ക്, ഷഹീൻബാഗ് സമരത്തെ പിഴുതെറിയാനും തബ്ലീഗ് ജമാഅത്ത് നടന്നില്ലായിരുന്നെങ്കിൽ കോവിഡ് - 19ന്റെ വ്യാപനം ഉണ്ടാകുകയേയില്ലായിരുന്നുവെന്ന ഭൂരിപക്ഷ സമുദായക്കാരുടെയിടയിൽ പ്രചരിപ്പിക്കാനും ന്യൂനപക്ഷ വിരുദ്ധ വൈരം മൂർച്ഛിപ്പിക്കാനും അവസരമൊരുക്കി.

ഈ മാരകമായ മഹാമാരിയേപ്പോലും വർഗ്ഗീയവൽക്കരിക്കാമെന്ന ഉദ്ദേശ്യത്തോടെ കേന്ദ്രസർക്കാർ ഈ നിയമലംഘനത്തെ ബോധപൂർവ്വം അനുവദിച്ചുകൊടുക്കുകയായിരുന്നുവെന്നും എഎപി നേതൃത്വത്തിലുള്ള ഡൽഹി സർക്കാർ അതിനു വഴങ്ങിക്കൊടുക്കുകയായിരുന്നുവെന്നുമല്ലേ ഇതിൽ നിന്നു മനസ്സിലാക്കാൻ കഴിയുന്നത്? പ്രത്യക്ഷത്തിൽ നിഗൂഢമായിത്തോന്നാമെങ്കിലും സംഭവ പരമ്പരകളുടേയും നടപടികളുടേയും പ്രഖ്യാപനങ്ങളുടേയുമെല്ലാം യുക്തിപരമായ വിശകലനം മേൽപ്പറഞ്ഞ നിഗമനത്തെത്തന്നെയാണു സാധൂകരിക്കുന്നത്. ■



## ഭാഗം 2

# പൊളിറ്റിക്കൽ ഇക്കോണമി

മാർക്സിസ്റ്റ് ദർശനത്തിലധിഷ്ഠിതമായ സാമ്പത്തികശാസ്ത്രത്തെപ്പറ്റി സമഗ്രധാരണ ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ, സഖാവ് സ്റ്റാലിന്റെ നേതൃത്വത്തിൽ സോവിയറ്റ് യൂണിയനിലെ പ്രഗത്ഭരായ സാമ്പത്തികശാസ്ത്രജ്ഞന്മാർ 13 വർഷംകൊണ്ട് പൂർത്തിയാക്കിയതും 1954-ൽ പ്രസിദ്ധീകരിച്ച തുമായ *പൊളിറ്റിക്കൽ ഇക്കോണമി* എന്ന ഗ്രന്ഥത്തിന്റെ സംഗ്രഹിത രൂപം *യൂണിറ്റി*യുടെ ഏപ്രിൽ ലക്കം മുതൽ ഖണ്ഡശ്ശ പ്രസിദ്ധീകരിച്ച് തുടങ്ങിയിരുന്നു. രണ്ടാം ഭാഗം ഈ ലക്കത്തിൽ.

മാർക്സും എംഗൽസും

## അദ്ധ്യായം 2

# അടിമ–ഉടമസ്ഥ വ്യവസ്ഥയുടെ കാലത്തെ ഉല്പാദന സമ്പ്രദായം

(Slave Owning Mode of Production)

### അടിമ-ഉടമസ്ഥ വ്യവസ്ഥയുടെ ആവിർഭാവം

ചരിത്രത്തിലെ ഏറ്റവും ആദ്യത്തെയും ഏറ്റവും പ്രാകൃതവുമായ ചൂഷണരൂപമാണ് അടിമത്തം. കടന്നുപോയ കാലത്ത് ലോകത്തെ എല്ലാ ജനതകൾക്കിടയിലും അത് നിലനിന്നിരുന്നു.

പ്രാകൃതസമൂഹത്തിൽ നിന്ന് അടിമ-ഉടമസ്ഥ വ്യവസ്ഥയിലേയ്ക്കുള്ള പരിവർത്തനം ചരിത്രത്തിലാദ്യമായി സംഭവിച്ചത് പുരാതനകാലത്തെ പൗരസ്ത്യ ദേശങ്ങളിലായിരുന്നു. അടിമ-ഉടമസ്ഥ ഉല്പാദന സമ്പ്രദായം മെസൊപ്പോട്ടോമിയ, ഈജിപ്റ്റ്, ഇന്ത്യ, ചൈന എന്നിവിടങ്ങളിൽ ബി.സി 4000 ത്തോടെയും മറ്റിടങ്ങളിൽ ബി.സി 2000 ന് മുമ്പുമാണ് പ്രബലമായുണ്ടാ യിരുന്നത്. ട്രാൻസ്കൊക്കേഷ്യയിൽ ബി.സി 1000 മാണ്ടിൽ അടിമ-ഉടമസ്ഥ സമ്പ്രദായമുണ്ടായിരുന്നു. അടിമ-ഉടമസ്ഥ സമ്പ്രദായം നിലനിന്ന പുരാതന പൗരസ്ത്യദേശങ്ങൾ ആർജ്ജിച്ച സംസ്ക്കാരം യൂറോപ്യൻ നാടുകളുടെ വളർച്ചയെ വലിയ തോതിൽ സ്വാധീനിച്ചിരുന്നു.

ഗ്രീസിൽ അടിമ-ഉടമസ്ഥ ഉല്പാദന സമ്പ്രദായം ബി.സി അഞ്ചാം നൂറ്റാണ്ടിനും നാലാം നൂറ്റാണ്ടിനുമിടയിലായിരുന്നു ഉച്ചസ്ഥായിയിലെത്തിയത്. തുടർന്ന് ഏഷ്യാമൈനറിലും മാസിഡോണിയയിലും (ബി.സി 4 മുതൽ 1-ാം നൂറ്റാണ്ട് വരെ) അടിമത്തം വളർച്ച പ്രാപിച്ചു. റോമിലത് ഏറ്റവും ഉയർന്ന ഘട്ടത്തിലെത്തിയത് ബി.സി രണ്ടാം നൂറ്റാണ്ടിനും എ.ഡി രണ്ടാം നൂറ്റാണ്ടിനുമിടയിലായിരുന്നു.

പിതൃകേന്ദ്രിതമോ ഗാർഹികമോ ആയ സ്വഭാവമാണ് തുടക്കത്തിൽ അടിമത്തത്തിനുണ്ടായിരുന്നത്. അന്ന് താരതമ്യേന കുറച്ച് അടിമകളേ ഉണ്ടായിരുന്നുള്ളൂ. അപ്പോഴും ഉല്പാദനത്തിന്റെ അടിസ്ഥാന ഘടകമായി അടിമയുടെ അദ്ധ്വാനം മാറിയില്ല. സമ്പദ്‌വ്യവസ്ഥയിൽ അത് ഒരു അനുബന്ധഘടകമായി പ്രവർത്തിച്ചുവെന്നേയുള്ളൂ. വിനിമയം നടത്താൻ പോന്നവിധം ഉല്പാദനമിച്ചമൊന്നുമില്ലാതിരുന്നു. വലിയ പിതൃകേന്ദ്രിത കുടുംബത്തിന്റെ ആവശ്യകതകളെ തൃപ്തിപ്പെടുത്തുകയെന്നതിൽ മാത്രം സമ്പദ്ഘടനയുടെ ലക്ഷ്യം ഒതുങ്ങിനിന്നു. അടിമയുടെമേലുള്ള യജമാനന്റെ അധികാരപ്രയോഗത്തിന് പരിധിയൊന്നുമില്ലായിരുന്നു. പക്ഷേ അടിമയുടെ അദ്ധ്വാനം പ്രയോഗിക്കാനുള്ള മണ്ഡലം പരിമിതമായിരുന്നു.

**ചരിത്രത്തിലെ ഏറ്റവും ആദ്യത്തെയും ഏറ്റവും പ്രാകൃതവുമായ ചൂഷണരൂപമാണ് അടിമത്തം. കടന്നുപോയ കാലത്ത് ലോകത്തെ എല്ലാ ജനതകൾക്കിടയിലും അത് നിലനിന്നിരുന്നു. ഉല്പാദനശക്തികളുടെ മുന്നോട്ടുള്ള വളർച്ച, അദ്ധ്വാനത്തിന്റെ സാമൂഹികവിഭജനത്തിന്റെയും വിനിയമത്തിന്റെയും വികാസം എന്നിവ അടിമ-ഉടമസ്ഥ വ്യവസ്ഥയിലേയ്ക്കുള്ള സമൂഹത്തിന്റെ പരിവർത്തനത്തിനുള്ള അടിസ്ഥാനഘടകങ്ങളായി വർത്തിച്ചു.**

ഉല്പാദനശക്തികളുടെ മുന്നോട്ടുള്ള വളർച്ച, അദ്ധ്വാനത്തിന്റെ സാമൂഹിക വിഭജനത്തിന്റെയും വിനിയമത്തിന്റെയും വികാസം എന്നിവ അടിമ-ഉടമസ്ഥ വ്യവസ്ഥയിലേയ്ക്കുള്ള സമൂഹത്തിന്റെ പരിവർത്തനത്തിനുള്ള അടിസ്ഥാനഘടകങ്ങളായി വർത്തിച്ചു.

കല്ലുകൊണ്ടുള്ള പണിയായുധങ്ങളിൽ നിന്ന് ലോഹങ്ങൾ കൊണ്ടുള്ളവയിലേക്കുള്ള മുന്നേറ്റം മനുഷ്യാദ്ധ്വാനത്തിന്റെ പരിധികൾ വലിയൊരളവിൽ വിപുലമാവുന്നതിലേയ്ക്ക് നയിച്ചു. കൊല്ലൻ ഉപയോഗിക്കുന്ന ഉലയുടെ കണ്ടുപിടിത്തം മുമ്പെങ്ങുമില്ലാത്തവിധം ഈടുനിൽക്കുന്ന ഇരുമ്പ് പണിയായുധങ്ങൾ നിർമ്മിക്കാൻ മനുഷ്യനെ പ്രാപ്തനാക്കി. ഇരുമ്പ് കോടാലികൊണ്ട് വനഭൂമി തെളിച്ച് കൃഷിക്ക് ഉപയുക്തമാക്കാൻ സാധിച്ചു. ഇരുമ്പ് കൊഴു പിടിപ്പിച്ച മരക്കലപ്പകൊണ്ട് താരതമ്യേന വിശാലമായ ഭൂമിയിൽ കൃഷിചെയ്യാമെന്നായി. വേട്ടയാടലിനെ ആധാരമാക്കിയ പ്രാകൃത സമ്പദ്‌വ്യവസ്ഥ കൃഷിക്കും കന്നുകാലിവളർത്തലിനും വഴിമാറിക്കൊടുത്തു. കരകൗശലപ്പണികൾ പ്രത്യക്ഷപ്പെട്ടു.

ഉല്പാദനത്തിന്റെ മുഖ്യാംശമായി നിലകൊണ്ട കൃഷിയിൽ, നിലമുഴുന്നതിനും കാലികളുടെ വംശവർദ്ധനയ്ക്കും ഉപയോഗിക്കുന്ന ഉപായങ്ങൾ മെച്ചപ്പെട്ടു. മുന്തിരിവള്ളിയും ചണവും, എണ്ണച്ചെടികളും വളർത്താൻ തുടങ്ങി. കൃഷിയുടെ പുതിയ ശാഖകൾ ആവിർഭവിച്ചു. ധനികകുടുംബങ്ങളുടെ കൈവശമുള്ള കന്നുകാലികളുടെ എണ്ണം വർദ്ധിച്ചു. ഈ കാലിക്കൂട്ടങ്ങളെ പരിപാലിക്കാൻ കൂടുതൽ കൂടുതൽ പണിയാളുകളെ ആവശ്യമായി വന്നു.

നെയ്ത്ത്, ലോഹപ്പണികൾ, മൺപാ

ത്രു നിർമ്മിതി തുടങ്ങിയ കൈത്തൊഴിലുകൾ കർഷകന്റെയോ ഇടയന്റെയോ അനുബന്ധ തൊഴിൽമാത്രമായിരുന്നു. പക്ഷേ, ഇപ്പോൾ പലയാളുകൾക്കും അതൊരു സ്വതന്ത്രതൊഴിലിടമായി മാറി. കാർഷികവൃത്തിയിൽ നിന്ന് കരകൗശലത്തൊഴിലുകൾ വേറിടുന്നത് സംഭവിച്ചു. വൻതോതിലുള്ള രണ്ടാമത്തെ സാമൂഹിക തൊഴിൽ വിഭജനമായിരുന്നു ഇത്.

ഇത്തരത്തിൽ കൃഷിയും കരകൗശലവുമെന്ന രണ്ട് അടിസ്ഥാനശാഖകളായി ഉല്പാദനവിഭജനമുണ്ടായപ്പോൾ അവിടെ വളരെ അവികസിതമായ രൂപത്തിലാണെങ്കിൽ പോലും വിനിമയത്തിനുവേണ്ടി നേരിട്ടുള്ള ഉല്പാദനം ആരംഭിക്കുകയുണ്ടായി. അദ്ധ്വാനത്തിന്റെ, ഉല്പാദനശേഷിയുടെ വർദ്ധനവ് മിച്ച ഉല്പാദനത്തിന്റെ അളവ് വർദ്ധിപ്പിച്ചു. അതാവട്ടെ, ഉല്പാദനോപാധികളുടെ സ്വകാര്യസ്വത്തുടമസ്ഥതയും കൂടിയായപ്പോൾ, സമൂഹത്തിലെ ഒരു ന്യൂനപക്ഷത്തിന് സ്വന്തം സ്വരുക്കൂട്ടാൻ അവസരം നൽകുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ, പണിയെടുക്കുന്ന ഭൂരിപക്ഷത്തെ ചൂഷണം ചെയ്യുവാനും ഒരു ന്യൂനപക്ഷത്തിനെ കീഴ്പ്പെടുത്തുവാനും തൊഴിലെടുക്കുന്നവനെ അടിമകളാക്കി പരിവർത്തനപ്പെടുത്താനുമുള്ള സാഹചര്യമൊരുക്കി.

അടിമത്തത്തിന്റെ സാഹചര്യത്തിൽ സമ്പദ്‌വ്യവസ്ഥ അടിസ്ഥാനപരമായി സ്വയാശ്രിതമായിരുന്നു. അദ്ധ്വാനഫലമായ ഉല്പന്നത്തെ, വിനിമയം നടത്താത്ത, ഉല്പാദിപ്പിക്കുന്നയിടത്തുതന്നെ ഉപഭോഗിച്ചുതീർക്കുന്ന സമ്പദ്ക്രമമാണ് സ്വയാശ്രിത സമ്പദ്ഘടന. എന്നിരുന്നാലും, വിനിമയത്തിന്റെ ആവശ്യകത സമൂഹത്തിൽ വളർന്നുവന്നു. തുടക്കത്തിൽ കൈത്തൊഴിലുകാർ ഓർഡർ അനുസരിച്ചും പിന്നീട് കമ്പോളത്തിൽ വിൽപനയ്ക്കായും ഉല്പന്നങ്ങളുണ്ടാക്കി. അതേസമയം, അവരിൽ പലരും ദീർഘകാലം ചെറിയ കൃഷി സ്ഥലങ്ങൾ കൈവശംവെച്ച് അവിടെ കൃഷി ചെയ്തു. കർഷകരും ഏറെക്കുറെ ഈ സ്വയാശ്രിത സമ്പദ്ക്രമത്തിനുള്ളിൽ തുടർന്നു. പക്ഷേ കൈത്തൊഴിലുകാരുണ്ടാക്കുന്ന വില്പന ചരക്കുകൾ, നികുതികൾ നൽകാനുള്ള വക കണ്ടെത്താൻ വേണ്ടി കർഷകർക്ക് വിൽക്കാൻ നിർബന്ധിതരായി. അങ്ങനെ ക്രമേണ കൈത്തൊഴിലുകാരുടെയും കർഷകരുടെയും അദ്ധ്വാനഫലമായുണ്ടാകുന്ന ഉല്പന്നങ്ങൾ ചരക്കകളായിമാറി.

**അടിമത്തത്തിൽ സമ്പദ്‌വ്യവസ്ഥ അടിസ്ഥാനപരമായി സ്വയാശ്രിതമായിരുന്നു. അദ്ധ്വാനഫലമായ ഉല്പന്നത്തെ, വിനിമയം നടത്താത്ത, ഉല്പാദിപ്പിക്കുന്നയിടത്തുതന്നെ ഉപഭോഗിച്ചുതീർക്കുന്ന സമ്പദ്ക്രമമാണ് സ്വയാശ്രിത സമ്പദ്ഘടന. അടിമത്തത്തിൽ ഉല്പാദനം മുഖ്യമായും അടിമഉടമസ്ഥന്റെയും അസംഖ്യം ആശ്രിതരുടെയും സിൽബന്തികളുടെയും ഉപഭോഗത്തിന് വേണ്ടിയുള്ളതായിരുന്നു.**

വിനിമയത്തിന്, കമ്പോളത്തിൽ വിറ്റഴിക്കുന്നതിന് വേണ്ടിയുണ്ടാക്കുന്ന ഉല്പന്നത്തെയാണ്, ചരക്ക് എന്ന് വിളിക്കുന്നത്; നേരിട്ടുള്ള ഉപഭോഗത്തിന് വേണ്ടി നിർമ്മിക്കുന്നവയെയല്ല.

വിനിമയത്തിനുവേണ്ടിയുള്ള വസ്തുക്കൾ ഉല്പാദിപ്പിക്കുകയെന്നതാണ് ചരക്കധിഷ്ഠിത സമ്പദ്ഘടനയുടെ സവിശേഷ സ്വഭാവം. അങ്ങനെ, കൈത്തൊഴിൽ കാർഷിക വൃത്തിയിൽ നിന്ന് വേർപിരിയുക, കൈത്തൊഴിൽ ഒരു സ്വതന്ത്ര തൊഴിൽമേഖല എന്ന നില കൈവരിക്കുക എന്നിവയൊക്കെ ചരക്കൽപാദനത്തിന്റെ ഉദയം വിളിച്ചറിയിച്ചു.

വിനിമയം യാദൃശ്ചികമായി മാത്രം വന്നുഭവിക്കുന്ന ഒരു കാര്യം എന്ന സ്വഭാവം നിലനിന്ന കാലത്തോളം അദ്ധ്വാനത്തിന്റെ ഫലമായുണ്ടായ ഒരു ഉല്പന്നം മറ്റൊരു ഉല്പന്നവുമായി നേരിട്ട് കൈമാറ്റം ചെയ്യപ്പെട്ടു. വിനിമയങ്ങൾ വർദ്ധിക്കുകയും സ്ഥിരസ്വഭാവമാർജ്ജിക്കുകയും ചെയ്തതോടെ, ഏതൊരു തരത്തിലുള്ള ചരക്കിനെയും സ്വമനസ്സാലെ വിനിമയം ചെയ്യപ്പെടാവുന്ന ഒരു പൊതുചരക്ക് എന്ന സങ്കൽപ്പം ക്രമേണ ഉരുത്തിരിഞ്ഞുവന്നു. അങ്ങനെ പണം ഉണ്ടായി. മറ്റെല്ലാ ചരക്കുകളുടെയും മൂല്യനിർണ്ണയം നടത്താൻ ഉപയോഗിക്കാവുന്ന ഒരു സാർവ്വലൗകിക ചരക്കാണ് പണം. രണ്ടുചരക്കുകളുടെ വിനിമയത്തിന്റെ മദ്ധ്യവർത്തിയായും പണം പ്രവർത്തിക്കും.

കൈത്തൊഴിലുകളുടെയും വിനിമയങ്ങളുടെയും വികാസം പട്ടണങ്ങളുടെ രൂപീകരണത്തിലേയ്ക്ക് നയിച്ചു. വിദൂരമായ പുരാതനകാലത്ത് അടിമ-ഉടമസ്ഥ ഉല്പാദനസമ്പ്രദായത്തിന്റെ ഉദയകാലത്താണ് പട്ടണങ്ങൾ ആവിർഭവിച്ചത്. ആരംഭകാലത്ത് ഗ്രാമങ്ങളിൽ നിന്ന് വ്യത്യസ്തമായി പട്ടണങ്ങളിൽ വലുതായൊന്നുമില്ലായിരുന്നു. ക്രമേണ കൈത്തൊഴിലുകളും വ്യാപാരവും പട്ടണങ്ങളിൽ കേന്ദ്രീകരിച്ചു. അവിടെ അധിവസിക്കുന്നവരുടെ തൊഴിൽത്തരങ്ങൾകൊണ്ടും അവരുടെ ജീവിതരീതികൾ കൊണ്ടും പട്ടണങ്ങൾ ഗ്രാമങ്ങളിൽ നിന്നും കൂടുതൽ കൂടുതൽ വ്യതിരിക്തമായി മാറി.

അങ്ങനെ, ഗ്രാമങ്ങളിൽ നിന്നും പട്ടണങ്ങളുടെ വേർപിരിയലും അതോടൊപ്പം അവകൾക്കിടയിലെ വൈപരീത്യങ്ങളും ആരംഭിച്ചു.

വിനിമയം ചെയ്യാപ്പെടാവുന്ന ചരക്കുകളുടെ അളവ് വർദ്ധിച്ചതോടെ വിനിമയത്തിന്റെ ഭൂപരിധിയും വലുതായി. ലാഭത്തെ ലാക്കാക്കി ഉല്പാദകരിൽ നിന്ന് ചരക്കുകൾ വാങ്ങുകയും ഉല്പാദനസ്ഥലത്ത് നിന്ന് ചിലപ്പോൾ വളരെ അകലെയുള്ള കമ്പോളത്തിൽ അവ എത്തിക്കുകയും ഉപഭോക്താവിന് വിൽക്കുകയും ചെയ്യുന്ന വ്യാപാരികൾ ഉണ്ടായി വന്നു.

ഉല്പാദനവും വിനിമയവും വിപുലപ്പെട്ടതോടെ സ്വത്തിന്റെ കാര്യത്തിലുള്ള അസമത്വം ഗണ്യമായ തോതിൽ വർദ്ധിച്ചു. പണവും, പണിയെടുക്കുന്ന കന്നുകാലികളും പണിയായുധങ്ങളും വിത്തുകളും ധനികരുടെ കൈകളിൽ കുന്നുകൂടി. ഈ ധനികരോട് വസ്തുക്കളായും ചിലപ്പോൾ പണമായും ഇടയ്ക്കിടെ വായ്പകൾ ചോദിക്കാൻ ദരിദ്രർ കൂടുതൽ കൂടുതൽ നിർബന്ധിതരായി. ധനികർ അവർക്ക് പണിയായുധങ്ങളും വിത്തും പണവും വായ്പയായി നൽകി. അങ്ങനെ അവരെ കടബാധ്യതയിൽപ്പെടുത്തി. കടം തിരികെ നൽകാനാവാതെ വന്നാൽ അവരെ അടിമകളാക്കുകയും അവരുടെ ഭൂമി പിടിച്ചെടുക്കുകയും ചെയ്യും. പലിശക്കട സമ്പ്രദായം ഉടലെടുത്ത്. അത് കുറച്ച് ധനികരെ കൂടുതൽ സമ്പന്നരാക്കി. കടത്താൽ മറ്റുള്ളവർ അടിമപ്പെട്ടു.

ഭൂമിയും സ്വകാര്യസ്വത്തായി പരിവർത്തനപ്പെടാൻ തുടങ്ങി. അത് വിൽക്കാനും പണയപ്പെടുത്താനും തുടങ്ങി.

വായ്പയെടുത്ത ഒരാൾക്ക് പലിശക്കാരന് പണം തിരികെ കൊടുക്കാൻ ആവുന്നില്ലെങ്കിൽ അവന്റെ ഭൂമി കൈയൊഴിഞ്ഞുനൽകുകയും അവനും അവന്റെ കുടുംബവും അടിമകളായിമാറുകയും വേണം. ചിലപ്പോൾ, ഒന്നല്ലെങ്കിൽ മറ്റൊരു കാരണമുണ്ടാക്കി കർഷകഗ്രാമ കമ്മ്യൂണിൽ നിന്ന് മേച്ചിൽപുറങ്ങളും പുൽമേടുകളും വലിയ ഭൂമുടമകൾ പിടിച്ചെടുക്കുകയും ചെയ്യും.

അങ്ങനെ ധനികരായ അടിമ-ഉടമകളുടെ കൈകളിൽ ഭൂസ്വത്തും പണമായുള്ള സമ്പത്തും കൂട്ടം കൂട്ടമായി അടിമകളും കൂടുതൽ സമാഹരിക്കപ്പെട്ടു. ചെറുകിട കർഷക സമ്പദ്‌വ്യവസ്ഥ കൂടുതൽ കൂടുതൽ തകരുകയും അതേ സമയം അടിമ-ഉടമസ്ഥ സമ്പദ്ഘടന ശക്തിപ്പെടുകയും വിപുലമാവുകയും ഉല്പാദനത്തിന്റെ എല്ലാ മേഖലകളിലേയ്ക്കും വ്യാപിക്കുകയും ചെയ്തു

"ഉല്പാദനത്തിന്റെ തുടർച്ചയായുള്ള വർദ്ധനവും അതോടൊപ്പം തൊഴിലിന്റെ ഉല്പാദനക്ഷമതയിലുണ്ടായ വർദ്ധനവും മനുഷ്യാദ്ധ്വാനത്തിന്റെമൂല്യം ഉയരുന്നതിനിടയാക്കി. മുൻകാലങ്ങളിൽ ശൈശവാവസ്ഥയിലും ഒറ്റതിരിഞ്ഞുമായിരുന്നെങ്കിൽ അടിമത്തം ഇപ്പോൾ സാമൂഹ്യവ്യവസ്ഥയുടെ അവശ്യഘടകമായിമാറിയിരിക്കുന്നു. വെറും സാധാരണ സഹായികളെന്ന നിലവിട്ട് അടിമകളെ ഇപ്പോൾ പാടത്തും പണിശാലകളിലും അനേകങ്ങളായി ആട്ടിത്തെളിക്കപ്പെടുന്ന സ്ഥിതിയായി."*(എംഗൽസ്, 'കുടുംബം, സ്വകാര്യസ്വത്ത്, ഭരണകൂടം' എന്നിവയുടെ ഉത്ഭവം)*

അടിമകളുടെ അദ്ധ്വാനം സമൂഹത്തിന്റെ നിലനിൽപ്പിന്റെ അടിസ്ഥാനം തന്നെയായി. അടിമകളും അടിമ-ഉടമകളുമെന്ന നിലയിൽ പരസ്പരം ശത്രുപക്ഷത്ത് നിൽക്കുന്ന രണ്ട് വർഗ്ഗങ്ങളായി സമൂഹം വിഭജിക്കപ്പെട്ടു.

*അങ്ങനെ അടിമ-ഉടമസ്ഥ ഉല്പാദന സമ്പ്രദായം സ്ഥാപിക്കപ്പെട്ടു.*

അടിമ-ഉടമസ്ഥ വ്യവസ്ഥയിൽ ജനത സ്വതന്ത്രമനുഷ്യരും അടിമകളുമെന്ന നിലയിൽ വിഭജിക്കപ്പെട്ടു. സ്വതന്ത്രർക്ക് എല്ലാ വിധ പൗര, രാഷ്ട്രീയ, സ്വത്ത് അവകാശങ്ങൾ ലഭ്യമാണ്. (സ്ത്രീകൾക്കൊഴികെ, അവർ ഫലത്തിൽ അടിമകളുടെ അവസ്ഥയിൽ തന്നെയായിരുന്നു.) അടിമകൾക്ക് ഈ അവകാശങ്ങളെല്ലാം നിഷേധിക്കപ്പെട്ടു. സ്വതന്ത്രമനുഷ്യരുടെ കൂട്ടത്തിൽ അവർക്ക് പ്രവേശനമില്ലായിരുന്നു. സ്വതന്ത്രമനുഷ്യരാകട്ടെ, അടിമ ഉടമകളായ വൻകിടഭൂവുടമകളുടെ വർഗ്ഗവും കർഷകരും കൈത്തൊഴിലുകാരുമായ ചെറുകിട ഉല്പാദകരുടെ വർഗ്ഗവും എന്ന നിലയിൽ വിഭജിക്കപ്പെട്ടിരുന്നു. ഈ ചെറുകിട വർഗ്ഗത്തിലെ സമ്പന്ന വിഭാഗവും അടിമകളുടെ അദ്ധ്വാനത്തെ പ്രയോജനപ്പെടുത്തുകയും അടിമകളെ ഉടമസ്ഥതയിൽ വയ്ക്കുകയും ചെയ്തു. അടിമത്തത്തിന്റെ കാലത്ത്
പുരോഹിതന്മാർക്ക് വലിയൊരു സ്ഥാനമുണ്ടായിരുന്നതിനാൽ അവരെ വലിയ ഭൂവുടമകളുടെയും അടിമ-ഉടമകളുടെയും വർഗ്ഗത്തിൽ ഉൾപ്പെടുത്തി. അടിമ-ഉടസ്ഥരും അടിമകളും തമ്മിലുള്ള വർഗ്ഗവൈരുദ്ധ്യത്തോടൊപ്പം തന്നെ, വലിയ ഭൂവുടമകളും കർഷകരും തമ്മിലുള്ള വർഗ്ഗവൈരുദ്ധ്യവും നിലവിലുണ്ടായിരുന്നു. പക്ഷെ അടിമ ഉടമസ്ഥ വ്യവസ്ഥയുടെ വികാസത്തോടെ അടിമയുടെ അദ്ധ്വാനമാണ് ഏറ്റവും ഉച്ചമായ വിലയ്ക്ക് ലഭിക്കുന്നത് എന്നതിനാൽ ഉല്പാദനശാഖകളുടെ മുഖ്യപങ്കും അത് വഴി നിർവ്വഹിക്കപ്പെട്ടതോടെ അടിമകളും അടിമ ഉടമകളും തമ്മിലുള്ള വൈരുദ്ധ്യം സമൂഹത്തിലെ പ്രധാന വൈരുദ്ധ്യമായി മാറി.

വർഗ്ഗങ്ങളായുള്ള സമൂഹത്തിന്റെ പിളർപ്പ് ഭരണകൂടത്തിന്റെ ആവശ്യകതയെ വിളിച്ചുവരുത്തി. അദ്ധ്വാനത്തിന്റെ സാമൂഹിക വിഭജനത്തോടെയും വിനിമയത്തിന്റെ വികാസത്തോടെയും വേർതിരിഞ്ഞുനിന്ന കുലങ്ങളും ഗോത്രങ്ങളും കൂടുതൽ യോജിച്ച് കൂട്ടുകെട്ടുകളുണ്ടാക്കി. ഗോത്രസ്ഥാപനങ്ങളുടെ സ്വഭാവം മാറി. ഗോത്ര വ്യവസ്ഥയുടെ വിവിധ നിർവഹണവിഭാഗങ്ങൾക്ക് അവയുടെ ജനകീയ സ്വഭാവം നഷ്ടപ്പെട്ടു. അവയൊക്കെ ജനങ്ങൾക്കുമേലുള്ള ആധിപത്യത്തിനും സ്വന്തം ഗോത്രത്തെയും അയൽ ഗോത്രങ്ങളെയും കൊള്ളയടിക്കുന്നതിനും അടിമച്ചർത്തുന്നതിനുമുള്ള ഉപകരണങ്ങളായി മാറി. ഗോത്രത്തിന്റെയും കുലത്തിന്റെയും കാരണവന്മാരും സേനാത്തലവന്മാരും രാജാക്കന്മാരായി മാറി. പണ്ട് ഗോത്രങ്ങളോ ഗോത്രസംഘങ്ങളോ തെരഞ്ഞെടുക്കുന്നയാളുകൾ എന്ന നിലയിലുള്ള അധികാരം അവർക്കുണ്ടായിരുന്നു. ഇപ്പോൾ അവർക്കുള്ള അധികാരം സമൂഹത്തിന്റെ മേൽനിലയിലുള്ള സമ്പന്നരുടെ താല്പര്യം സംരക്ഷിക്കാനും ദാരിദ്ര്യത്തിലേയ്ക്ക് പതിക്കുന്ന സ്വന്തം ഗോത്രത്തിലെ സഹജീവികളെ അടക്കിനിർത്താനും അടിമകളെ അമർത്താനുമാണ് വിനിയോഗിച്ചുതുടങ്ങിയത്. സായുധപരിവാരങ്ങളും കോടതികളും ശിക്ഷാസംവിധാനങ്ങളും ഈ ലക്ഷ്യം സാധ്യമാക്കിത്തീർത്തു.

*അങ്ങനെ ഭരണകൂടാധികാരം ആവിർഭവിച്ചു.*

ചൂഷിതരായ ഭൂരിപക്ഷത്തെ ചൂഷകരായ ന്യൂനപക്ഷത്തിന് വേണ്ടി അടിച്ചമർത്തി അടക്കി നിർത്താൻ വേണ്ടിയാണ് ഭരണകൂടം ഉടലെടുത്തത്. അടിമ ഉടമസ്ഥസമൂഹത്തിലെ ഉല്പാദനബന്ധങ്ങളെ സ്ഥിരപ്പെടുത്താനും വികസിപ്പിക്കാനുമുള്ള പരിശ്രമത്തിൽ വലിയൊരു പങ്കാണ് അടിമ ഉടമസ്ഥ ഭരണകൂടം നിർവഹിച്ചത്. അടിമ ഉടമസ്ഥ ഭരണകൂടം വൻതോതിൽ അടിമകളെ കീഴ്പ്പെടുത്തിവെച്ചു. ബഹുജനങ്ങളുടെമേൽ ആധിപത്യം സ്ഥാപിക്കാനും അടിമച്ചർത്താനുമായി ശാഖോപശാഖകളായി ശക്തിപ്പെടുന്ന ഒരു സംവിധാനമായി അത് വളർന്നു. ബൂർഷ്വാ ചരിത്ര പാഠപുസ്തകങ്ങളിൽ വാഴ്ത്തുന്ന ഗ്രീസിലെയും റോമിലെയും ജനാധിപത്യങ്ങൾ വാസ്തവത്തിൽ അടിമ-ഉടമസ്ഥ ജനാധിപത്യമായിരുന്നു.

**ഉല്പാദനവും വിനിമയവും വിപുലപ്പെട്ടതോടെ അസമത്വം ഗണ്യമായിവർദ്ധിച്ചു. പണവും, പണിയെടുക്കുന്ന കന്നുകാലികളും പണിയായുധങ്ങളും വിത്തുകളും ധനികരുടെ കൈകളിൽ കുന്നുകൂടി. ധനികരോട് വസ്തുക്കളായും ചിലപ്പോൾ പണമായും വായ്പ ചോദിക്കാൻ ദരിദ്രർ നിർബന്ധിതരായി. ധനികർ പണിയായുധങ്ങളും വിത്തും പണവും വായ്പയായി നൽകി അവരെ കടബാധ്യതയിൽപ്പെടുത്തി.**

## അടിമ-ഉടമസ്ഥ വ്യവസ്ഥിതിയിലെ ഉല്പാദനബന്ധങ്ങൾ; അടിമകളുടെ ജീവിതാവസ്ഥ

ഉല്പാദനോപാധികൾ മാത്രമല്ല, ഉല്പാദനത്തിൽ ഏർപ്പെട്ടിരിക്കുന്ന പണിയാളനായ, അടിമകളും ഉടമസ്ഥ

ന്റെ സ്വത്തായിരിക്കുന്ന എന്ന വസ്തുതയിന്മേലാണ് അടിമ-ഉടമസ്ഥ സമൂഹത്തിലെ ഉല്പാദനബന്ധങ്ങൾ അടിസ്ഥാനപ്പെടുത്തിയിരിക്കുന്നത്. അടിമയെ ഒരു ജംഗമസ്വത്ത് എന്ന നിലയിലാണ് പരിഗണിച്ചിരുന്നത്.

അടിമ അവന്റെ യജമാനന്റെ സമ്പൂർണ്ണവും പരമവുമായ ക്രയവിക്രയാവകാശത്തിൽപെട്ടുപോയവനാണ്. അടിമകൾ ചൂഷണം ചെയ്യപ്പെട്ടു എന്ന് മാത്രമല്ല അവരെ ചന്തയിലെ കന്നുകാലികളെപ്പോലെ വാങ്ങുകയും വിൽക്കുകയും ചെയ്യപ്പെട്ടു. ശിക്ഷാഭയം കൂടാതെ അവർ കൊലചെയ്യപ്പെടുകപോലും ചെയ്തു. പിതൃകേന്ദ്രിത അടിമവ്യവസ്ഥയുടെ കാലത്ത് അടിമയെ കുടുംബത്തിലെ ഒരംഗമായാണ് കണ്ടിരുന്നത്. എന്നാൽ, അടിമ-ഉടമസ്ഥ ഉല്പാദനസമ്പ്രദായം നിലവിൽ വന്നപ്പോൾ അവനെ ഒരു മനുഷ്യനായിപ്പോലും പരിഗണിച്ചില്ല.

“ഒരു കാള കർഷകന് അവന്റെ സേവനം വിൽക്കുന്നതിനെക്കാൾ കൂടുതലായിരുന്നില്ല ഒരു അടിമ അവന്റെ അദ്ധ്വാനശക്തി അടിമ ഉടമസ്ഥന് വിറ്റിരുന്നത്. ഒരു അടിമ അവന്റെ അദ്ധ്വാനശക്തിയോടൊപ്പം എന്നെന്നേക്കുമായി അവന്റെ ഉടമയ്ക്ക് വിൽക്കപ്പെടുകയാണുണ്ടായത്. *(മാർക്സ്,- ‘കൂലി, അദ്ധ്വാനം, മൂലധനം’)*

അടിമയുടെ അദ്ധ്വാനത്തിന് ഒരു തുറന്ന നിർബന്ധിത സ്വഭാവമുണ്ടായിരുന്നു. അങ്ങേയറ്റം പ്രാകൃതമായ ശാരീരിക പീഡനങ്ങൾ ചെലുത്തിയാണ് അടിമകളെ പണിയെടുപ്പിച്ചിരുന്നത്. ചാട്ടവാർ ചുഴറ്റിയാണ് അവരെ പണിയെടുക്കാൻ ഓടിച്ചത്. ഏറ്റവും നിസ്സാരമായ ശ്രദ്ധക്കുറവിന് പോലും കഠിനമായ ശിക്ഷയ്ക്ക് വിധേയമാക്കിയിരുന്നു. ഒളിച്ചോടിയാൽ എളുപ്പത്തിൽ കണ്ടുപിടിക്കാൻ കഴിയുംവിധം അടിമകളെ പൊള്ളിച്ച മുദ്ര കുത്തുമായിരുന്നു. ഉടമസ്ഥന്റെ പേര് രേഖപ്പെടുത്തിയ ഇരുമ്പ് ചുറ്റവളയങ്ങൾ കഴുത്തിൽ സ്ഥിരമായി ബന്ധിപ്പിച്ചിരുന്നു.

അടിമയുടെ അദ്ധ്വാനം സൃഷ്ടിച്ച മുഴുവൻ ഉല്പന്നങ്ങളും ഉടമസ്ഥൻ പിടിച്ചെടുത്തു. പട്ടിണികൊണ്ട് മരിക്കാതിരിക്കാനും വീണ്ടും പണിയെടുക്കാനും മാത്രമുള്ള, സാദ്ധ്യമായതിൽ ഏറ്റവും ചെറിയ ജീവനോപാധികൾ മാത്രമേ അവനും നൽകിയിരുന്നുള്ളൂ. മിച്ച ഉല്പന്നങ്ങൾ മാത്രമല്ല അടിമയ്ക്ക് അദ്ധ്വാനിച്ച് നിലനിൽക്കാൻ അനുപേക്ഷണീയമായി വേണ്ട ഉല്പന്ന വിഹിതത്തിൽ നിന്ന് ഗണനീയമായൊരു പങ്കും അടിമ-ഉടമസ്ഥർ തട്ടിയെടുത്തു.

അടിമ ഉടമസ്ഥ ഉല്പാദനരീതിയുടെ വികാസം, വർദ്ധിച്ച തോതിൽ അടിമകളെ ആവശ്യമായി വരുന്ന സാഹചര്യം സൃഷ്ടിച്ചു. ധാരാളം രാജ്യങ്ങളിൽ നിയമപരമായിത്തന്നെ അടിമകൾക്ക് കുടുംബജീവിതം അനുവദിക്കപ്പെട്ടിരുന്നില്ല. അത്യാർത്തിയോടെ അടിമകളെ ചൂഷണം ചെയ്തതുകാരണം വളരെ വേഗം അവരുടെ ശാരീരിക ഉന്മൂലനത്തിലേയ്ക്ക് നയിച്ചു. അടിമകളുടെ എണ്ണത്തിൽ വർദ്ധനവ് വരികയെന്നത് തുടർച്ചയായ ഒരു ആവശ്യകതയായിരുന്നു. പുതിയ അടിമകളെ ലഭിക്കാനുള്ള പ്രധാനപ്പെട്ട സ്രോതസ്സ് യുദ്ധമായിരുന്നു. അടിമസമ്പ്രദായം നിലനിന്ന പുരാതന പൗരസ്ത്യ രാജ്യങ്ങൾ മറ്റ് ജനതകളെ കീഴ്പ്പെടുത്തുകയെന്ന ഉദ്ദേശ്യത്തോടെ സ്ഥിരമായി യുദ്ധങ്ങളിൽ ഏർപ്പെടുമായിരുന്നു. പുരാതന ഗ്രീസിന്റെ ചരിത്രം നഗരരാഷ്ട്രങ്ങൾ തമ്മിലും, വൻനഗരങ്ങളും കോളനികളും തമ്മിലും, ഗ്രീക്കുകാരും പൗരത്വ രാജ്യങ്ങളും തമ്മിലുമുള്ള യുദ്ധങ്ങൾ കൊണ്ട് നിറഞ്ഞതായിരുന്നു. അതിൽ റോം തുടർച്ചയായി യുദ്ധത്തിൽ മുഴുകി. അതിന്റെ ഔന്നത്യത്തിന്റെ കാലത്ത് അന്നറിയപ്പെട്ടിരുന്ന മിക്കവാറുമെല്ലാ നാടുകളെയും അവർ കീഴടക്കി. സൈനികരെ മാത്രമല്ല, കീഴടക്കപ്പെട്ട നാട്ടിലെ ഗണ്യമായൊരു ഭാഗം ജനങ്ങളെയും അവർ അടിമകളാക്കി മാറ്റി.

> **നഗരരാഷ്ട്രങ്ങൾ തമ്മിലും, വൻനഗരങ്ങളും കോളനികളും തമ്മിലും, ഗ്രീക്കുകാരും പൗരത്വ രാജ്യങ്ങളും തമ്മിലുമുള്ള യുദ്ധങ്ങൾ കൊണ്ട് നിറഞ്ഞതായിരുന്നു പുരാതന ഗ്രീസിന്റെ ചരിത്രം. അതിൽ റോം തുടർച്ചയായി യുദ്ധത്തിൽ മുഴുകി. ഔന്നത്യത്തിന്റെ കാലത്ത് അന്നറിയപ്പെട്ടിരുന്ന മിക്കവാറുമെല്ലാ നാടുകളെയും റോം കീഴടക്കി. സൈനികരെ മാത്രമല്ല, കീഴടക്കപ്പെട്ട നാട്ടിലെ ഗണ്യമായൊരു ഭാഗം ജനങ്ങളെയും അവർ അടിമകളാക്കി മാറ്റി.**

അടിമകളുടെ എണ്ണം വർദ്ധിപ്പിക്കാനുള്ള മറ്റൊരു മാർഗ്ഗമായി പ്രവിശ്യകളും കോളനികളും മാറി. മറ്റെല്ലാ ചരക്കുകളോടൊപ്പം അവർ ജീവനുള്ള ചരക്കുകളായ അടിമകളെയും ഉടമസ്ഥർക്ക് ലഭ്യമാക്കി. സാമ്പത്തിക പ്രവർത്തനത്തിലെ ഏറ്റവും പുഷ്ടിപ്പെടുന്നതും ഏറ്റവും ലാഭകരവുമായ ശാഖയായി അടിമവ്യാപാരം മാറി. അടിമവ്യാപാരത്തിന് പ്രത്യേക കേന്ദ്രങ്ങൾ ഉടലെടുത്തു. അടിമകളെ വാങ്ങാൻ വിദൂരരാജ്യങ്ങളിൽ നിന്ന് ആളുകളെത്തുന്ന വ്യാപാരമേളകൾ ഏർപ്പാട് ചെയ്യപ്പെട്ടു. പ്രാകൃത കമ്മ്യൂൺ കാലത്തേതിനേക്കാൾ ഉല്പാദനശക്തികളുടെ വളർച്ചയ്ക്കുള്ള വിശാലമായ അവസരങ്ങൾ അടിമ-ഉടമസ്ഥ ഉല്പാദനസമ്പ്രദായം തുറന്നു നൽകി. അടിമ-ഉടമസ്ഥ രാഷ്ട്രങ്ങളുടെയും വ്യക്തികളായ അടിമഉടമസ്ഥരുടെയും കൈകളിൽ വൻതോതിൽ അടിമകൾ കേന്ദ്രീകരിക്കപ്പെട്ടതോടെ വമ്പൻ രീതിയിൽ അദ്ധ്വാന ശേഷിയെ കൂട്ടായി ചേർത്ത് പ്രവർത്തിപ്പിക്കാൻ പറ്റുമെന്നായി. ചൈന, ഇന്ത്യ, ഈജിപ്റ്റ്, ഇറ്റലി, ഗ്രീസ്, ട്രാൻസ് കോക്കേഷ്യ, മദ്ധ്യേഷ്യ, തുടങ്ങിയയിടങ്ങളിലെ ജലസേചന പദ്ധതികൾ, റോഡുകൾ, പാലങ്ങൾ, സൈനിക കോട്ടകൊത്തളങ്ങൾ, സ്മാരകങ്ങൾ തുടങ്ങിയ അതിഭീമങ്ങളായ നിർമ്മാണപ്രവർത്തികൾ ഈ അവസ്ഥയുടെ തെളിവാണ്.

സാമൂഹികതൊഴിൽ വിഭജനം കാരണം, കാർഷിക, കരകൗശല ഉല്പാദനമേഖലകളിൽ പ്രത്യേക വൈദഗ്ധ്യമാവശ്യമായ വിവിധ ശാഖകൾ ഉയർന്നുവരാനിടയായി. ഈ സാഹചര്യം അദ്ധ്വാനത്തിന്റെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കാനിടയാക്കി.

ഗ്രീസിൽ കരകൗശലപ്പണികളിൽ അടിമ അദ്ധ്വാനം വ്യാപകമായി പ്രയോഗിക്കപ്പെട്ടു. ഡസൻകണക്കിന് അടിമകൾ ഒരേസമയം പണിയെടുക്കുന്ന വലിയ വർക്ക്ഷോപ്പുകൾ ഉയർന്നുവന്നു. കെട്ടിടനിർമ്മാണത്തിലും ഇരുമ്പയിരിന്റെയും സ്വർണത്തിന്റെയും വെള്ളിയുടെയും ഖനികളിലും അടിമ അദ്ധ്വാനം ഉപയോഗിക്കപ്പെട്ടു. ആയിരക്കണക്കിന് അടിമകൾ പണിയെടുത്ത വമ്പൻ എസ്റ്റേറ്റുകൾ (Latifundia) റോമൻ പ്രഭുക്കളുടെ ഉടമസ്ഥതയിലുണ്ടായിരുന്നു. കർഷകരുടെ ഭൂമി പിടിച്ചെടുക്കപ്പെട്ടു. ഭരണകൂടത്തിന്റെ കൈ

വശമുള്ള ആൾവാസമില്ലാത്ത ഭൂമിയെ ക്കൂടിചേർത്താണ് ഈ എസ്റ്റേറ്റുകൾ രൂപീകരിക്കപ്പെട്ടത്.

ചെലവ് കുറഞ്ഞ അടിമ അദ്ധ്വാന ത്തിന്റെയും സംഘം ചേർന്നുള്ള പ്രവർത്തനത്തിന്റെയും ഫലമായി ഈ എസ്റ്റേറ്റുകൾക്ക് സ്വതന്ത്രകർഷകരുടെ ചെറുകിട പാടങ്ങളെക്കാൾ കുറഞ്ഞ ചെലവിൽ ധാന്യങ്ങളും കാർഷികോൽപ്പന്നങ്ങളും ഉല്പാദിപ്പിക്കാൻ സാധിച്ചു. ചെറുകിട കർഷക ജനത കഷ്ടതയിലാവുകയും അവർ നഗരത്തിലെ ദരിദ്രവൽക്കരിക്കപ്പെട്ട ജനങ്ങളുടെ അണികളിലേയ്ക്ക് ചേർക്കപ്പെടുകയും ചെയ്തു.

പ്രാകൃത കമ്മ്യൂൺ വ്യവസ്ഥിതി അടിമ-ഉടമസ്ഥ വ്യവസ്ഥിയിലേയ്ക്ക് മാറിവരുന്ന ഘട്ടത്തിൽ ഉടലെടുത്ത നഗര-ഗ്രാമ വൈരുദ്ധ്യം ഇപ്പോൾ കൂടുതൽ മൂർച്ഛിച്ചു. കർഷകജനതയുടെ വിശാലവിഭാഗങ്ങളെ ചൂഷണം ചെയ്തു കൊണ്ടിരുന്ന അടിമഉടമകളായ പ്രഭുക്കളും വ്യാപാരികളും കൊള്ളപ്പലിശക്കാരും അടിമ-ഉടമസ്ഥ ഭരണകൂടത്തിലെ ഉദ്യോഗസ്ഥരും കേന്ദ്രീകരിച്ചുജീവിക്കുന്ന ഇടങ്ങളായി നഗരങ്ങൾ മാറി.

അടിമയുടെ അദ്ധ്വാനത്തിന്റെ അടിസ്ഥാനത്തിൽ പുരാതനലോകം ഗണ്യമായ സാമ്പത്തിക സാംസ്ക്കാരിക പുരോഗതി നേടി. പക്ഷെ അടിമ-ഉടമസ്ഥ വ്യവസ്ഥയ്ക്ക് തുടർന്നങ്ങോട്ട് ഗൗരവാവഹമായ സാങ്കേതിക പുരോഗതി നേടാനുള്ള സാഹചര്യം സൃഷ്ടിക്കാൻ കഴിഞ്ഞില്ല. അങ്ങേയറ്റം താണ അദ്ധ്വാനക്ഷമതയാണ് അടിമഅദ്ധ്വാനത്തിന്റെ മുഖമുദ്ര. തന്റെ ഉല്പാദനഫലത്തിൽ അടിമയ്ക്ക് തീരെ താല്പര്യമില്ലായിരുന്നു. ചങ്ങലക്കിട്ടുള്ള അദ്ധ്വാനത്തെ അവൻ വെറുത്തു. പണിയായുധങ്ങൾ കേടാക്കികൊണ്ട് തങ്ങളുടെ പ്രതിഷേധവും രോഷവും ഇടയ്ക്കിടെ അവർ പ്രകടിപ്പിച്ചു. അതിനാൽ കേടാക്കാൻ പ്രയാസമായ ഏറ്റവും പരുക്കനായ പണിയായുധങ്ങൾ മാത്രമേ അടിമകൾക്ക് നൽകിയിരുന്നുള്ളൂ.

അടിമത്തത്തിന്റെ കാലത്തെ ഉല്പാദനസാങ്കേതികത അങ്ങേയറ്റം താഴ്ന്ന നിലയിലുള്ളതായിരുന്നു. പ്രകൃതിശാസ്ത്രത്തിലും ഗണിതശാസ്ത്രം പോലുള്ള കണിശശാസ്ത്രങ്ങളിലും ചില വികാസങ്ങളൊക്കെയുണ്ടായെങ്കിലും അവ ഉല്പാദനത്തിൽ തുലോം തുഛമായി മാത്രമെ ഉപയോഗിക്കപ്പെട്ടുള്ളൂ. ചില സാങ്കേതിക കണ്ടുപിടിത്തങ്ങൾ

**അടിമയുടെ അദ്ധ്വാനത്തിന്റെ അടിസ്ഥാനത്തിൽ പുരാതനലോകം ഗണ്യമായ സാമ്പത്തിക സാംസ്ക്കാരിക പുരോഗതി നേടി. പക്ഷെ അടിമ-ഉടമസ്ഥ വ്യവസ്ഥയ്ക്ക് തുടർന്നങ്ങോട്ട് ഗൗരവാവഹമായ സാങ്കേതിക പുരോഗതി നേടാനുള്ള സാഹചര്യം സൃഷ്ടിക്കാൻ കഴിഞ്ഞില്ല. അങ്ങേയറ്റം താണ അദ്ധ്വാനക്ഷമതയാണ് അടിമ അദ്ധ്വാനത്തിന്റെ മുഖമുദ്ര. തന്റെ ഉല്പാദനഫലത്തിൽ അടിമയ്ക്ക് തീരെയും താല്പര്യമുണ്ടായിരുന്നില്ല.**

യുദ്ധത്തിന്റെയും നിർമ്മാണപ്രവർത്തികളുടെയും ആവശ്യത്തിനുവേണ്ടിമാത്രമായിരുന്നു ഉപയോഗിച്ചിരുന്നത്. നിരവധി നൂറ്റാണ്ടുകളിലൂടെ ഈ വ്യവസ്ഥ കടന്നുപോയെങ്കിലും കാർഷിക കരകൗശല മേഖലകളിൽ ഉപയോഗിച്ച പണിയായുധങ്ങൾ ഒട്ടും തന്നെ വികസിച്ചിരുന്നില്ല. അടിസ്ഥാന ചാലകശക്തിയെന്നത് മനുഷ്യന്റെയും കാലികളുടെയും ശാരീരികശക്തിമാത്രമായി നിലനിന്നു.

അടിമയുടെ അദ്ധ്വാനത്തെ വിപുലമായി പ്രയോഗിച്ചതുകാരണം അടിമ ഉടമസ്ഥർക്ക് എല്ലാവിധ കായികാദ്ധ്വാത്തിൽ നിന്നും വിടുതൽ നേടാനും അവ സമ്പൂർണമായി അടിമകൾക്കായി മാറ്റിവയ്ക്കാനുമായി.

അടിമഉടമസ്ഥർ കായികാധ്വാനത്തെ പുച്ഛത്തോടെ കാണുകയും ഒരു സ്വതന്ത്രമനുഷ്യനത് യോഗ്യമല്ല എന്ന് ഗണിക്കുകയും അങ്ങനെ ഒരു പരാന്നഭോജിയുടേതായ ജീവിതരീതി നയിക്കുകയും ചെയ്തു. അടിമത്തത്തിന്റെ വികാസത്തോടെ സ്വതന്ത്രജനതയിൽ പ്പെട്ട കൂടുതൽ കൂടുതൽ ആളുകൾ യാതൊരുവിധ ഉല്പാദനപ്രവർത്തനങ്ങളിലും പങ്കെടുക്കാതെ വേറിട്ടുപോയി. അടിമഉടമസ്ഥരായ വരേണ്യവിഭാഗത്തിലും മറ്റ് സ്വതന്ത്രവിഭാഗങ്ങളിലും പെട്ട ഒരു ചെറിയ വിഭാഗം മാത്രം പൊതുകാര്യങ്ങളിലും ശാസ്ത്രത്തിലും കലകളിലും ഏർപ്പെട്ടു. ഈ രംഗങ്ങളിൽ ഗണ്യമായ ചില വികാസങ്ങളുണ്ടാവുകയും ചെയ്തു.

ശാരീരികവും മാനസികവുമായ അദ്ധ്വാനങ്ങൾ തമ്മിലുള്ള ആന്റിതീസിസിന് അടിമ-ഉടമസ്ഥ വ്യവസ്ഥിതി ജന്മം നൽകി. അടിമകൾക്ക് മേൽ അടിമഉടമസ്ഥർ നടത്തുന്ന ചൂഷണമാണ് അടിമഉടമസ്ഥ വ്യവസ്ഥയിലെ ഉല്പാദനബന്ധങ്ങളുടെ മുഖ്യസ്വഭാവം.

അതേസമയം അടിമഉടമസ്ഥ ഉല്പാദന സമ്പ്രദായത്തിന് വിവിധ രാജ്യങ്ങളിൽ തനതായ പ്രത്യേകതകളുമുണ്ടായിരുന്നു. പുരാതന പൗരസ്ത്യ രാജ്യങ്ങളിൽ രാഷ്ട്രത്തിന്റെ സാമ്പത്തിക ഘടനയിലാകെയും വലിയ അടിമഉടമകളുടെ കീഴിലും, ക്ഷേത്രങ്ങളിലും, അടിമഅദ്ധ്വാനം വലിയ രീതിയിൽ ഉപയോഗിച്ചിരുന്നു. ചൈനയിലും ഇന്ത്യയിലും ബാബിലോണിയയിലും ഈജിപ്റ്റിലും കർഷക ജനതയെയും, അതുപോലെ അടിമകളെയും വ്യാപകമായി ചൂഷണം ചെയ്തിരുന്നു. കടബാദ്ധ്യതയിൽപ്പെടുത്തി അടിമത്തത്തിലേയ്ക്ക് തള്ളിവിടുന്ന സമ്പ്രദായത്തിന് ഇവിടെ വലിയ പ്രധാന്യം ലഭിച്ചു. കടം വീടാതിരിക്കുകയോ ഭൂവുടമകൾക്ക് കരം കൊടുക്കാതിരിക്കുകയോ ചെയ്താൽ കർഷകൻ ഒരു നിശ്ചിതകാലത്തേയ്ക്ക് അവരുടെ ഭൂമിയിൽ പണിയെടുക്കാൻ നിർബന്ധിക്കപ്പെട്ടു.

അടിമത്ത സ്വഭാവമുള്ള പുരാതന പൗരസ്ത്യ രാജ്യങ്ങളിൽ ഭൂമിയുടെമേൽ രാഷ്ട്രത്തിന്റെയും അതോടൊപ്പംതന്നെ സമുദായത്തിന്റെയും ഉടസ്ഥത വ്യാപകമായി ഉണ്ടായിരുന്നു. ജലസേചനത്തെ അടിസ്ഥാനമാക്കിയുള്ള കൃഷി സമ്പ്രദായവുമായി ബന്ധിപ്പിച്ചാണ് ഈ ഉടമസ്ഥ രൂപങ്ങൾ നിലനിന്നിരുന്നത്. അവിടങ്ങളിലെ നദീതടങ്ങളിൽ കൃഷിക്ക് വേണ്ടിയുള്ള ജലസേചനത്തിനായി ഡാമുകളും കനാലുകളും ജലസംഭരണികളും നിർമ്മിക്കുകയും ചതുപ്പ്നിലങ്ങളിലെ വെള്ളമൂറ്റിക്കളയുകയും വേണ്ടിയിരുന്നു. ഇതിനൊക്കെ, നിർമ്മാണപ്രവർത്തനങ്ങൾ കേന്ദ്രീകൃതമായ രീതിയിൽ നിർവഹിക്കുകയും ജലസേചനസംവിധാനം വിശാലമായ ഭൂഭാഗങ്ങളിൽ എത്തിക്കുകയും ചെയ്യേണ്ടിയിരുന്നു. "കൃത്രിമ ജലസേചനം ഇവിടെ കൃഷിയുടെ ആദ്യനിബന്ധനയായിരുന്നു. കമ്മ്യൂണുകളുടെയും പ്രവിശ്യകളുടെയും കേന്ദ്ര ഗവൺമെന്റിന്റെയും കാര്യത്തിലും ഇതായിരുന്നു അവസ്ഥ." *(എംഗൽസ്: മാർക്സിനുള്ള കത്തുകൾ)*. അടിമത്തത്തിന്റെ വികാ

സത്തോടെ കമ്മ്യൂണിന്റെ ഭൂമി ഭരണകൂടത്തിന്റെ കൈകളിലേയ്ക്ക് കേന്ദ്രീകരിക്കപ്പെട്ടു. പരിധിയില്ലാത്ത അധികാരത്തോടെ രാജാവ് ഭൂമിയുടെ പരമാധികാരിയായി മാറി.

ഭൂമി ഭരണകൂടത്തിന്റെ കൈകളിൽ കേന്ദ്രീകരിച്ചുകൊണ്ട് ഭരണകൂടം കർഷകർക്കുമേൽ വൻ നികുതി ചുമത്തുകയും വിവിധ തരത്തിലുള്ള ചുമതലകൾ നിർവഹിക്കാൻ അവരെ നിർബന്ധിക്കുകയും അങ്ങനെ അവരെ ഒരുതരം അടിമ ആശ്രിതത്വത്തിൽപ്പെടുത്തുകയും ചെയ്തു. കർഷകർ ഗ്രാമീണ സമുദായത്തിന്റെ അംഗങ്ങളായി തുടർന്നു. പക്ഷെ, ഭൂമിയുടെ അവകാശം അടിമഉടമസ്ഥ ഭരണകൂടത്തിൽ കേന്ദ്രീകരിച്ചിരുന്നതിനാൽ പൗരസ്ത്യ സ്വേച്ഛാധിപത്യത്തിന്റെ, അതായത് സേച്ഛാധിപതിയായ ഒരു രാജാവിന്റെ അനിയന്ത്രിതമായ സേച്ഛാധികാരത്തിന്റെ ശക്തമായ അടിത്തറയായി, ഗ്രാമസമുദായം മാറി. പൗരോഹിത്യപ്രഭുക്കൾ ഭരണകൂടത്തിൽ പ്രധാനപ്പെട്ടൊരു പങ്ക് വഹിച്ചു. ക്ഷേത്രങ്ങളിൽ നിക്ഷിപ്തമായിരുന്ന വൻ എസ്റ്റേറ്റുകൾ അടിമഅദ്ധ്വാനത്താൽ പരിപാലിക്കപ്പെട്ടു.

അടിമ-ഉടമസ്ഥ വ്യവസ്ഥ നിലനിന്ന എല്ലാ രാജ്യങ്ങളിലെയും അടിമ ഉടമസ്ഥർ അടിമകളുടെ അദ്ധ്വാനവും അതുവഴിയുണ്ടായ ഉല്പന്നങ്ങളും അവരുടെ വ്യക്തിപരമായ മാനസികചാപല്യങ്ങളിൽ ആറാടാനും നിധി സമാഹരിക്കാനും, സൈനികാവശ്യങ്ങൾക്കായി കോട്ടകൊത്തളങ്ങൾ പണിയാനും, അത്യാർഭാടകരമായ കൊട്ടാരങ്ങളും അമ്പലങ്ങളും പണിതുപരിപാലിക്കാനുമായി വിനിയോഗിച്ചു. പ്രത്യേകിച്ച്, ഇന്നും സംരക്ഷിക്കപ്പെടുന്ന ഈജിപ്തിലെ പിരമിഡ് വമ്പിച്ച തോതിൽ സമാഹരിക്കപ്പെട്ട തൊഴിലിന്റെ പ്രത്യുല്പാദനപരമല്ലാത്ത വിനിയോഗത്തിന്റെ സാക്ഷ്യപ്പെടുത്തലാണ്. അടിമഅദ്ധ്വാനത്തിന്റെ അഗണ്യമായൊരു ഭാഗം മാത്രമേ ഉല്പാദനത്തിന്റെ മുന്നോട്ടുള്ള വളർച്ചയ്ക്കുവേണ്ടി വിനിയോഗിക്കപ്പെട്ടുള്ളൂ. വിനാശകരമായ യുദ്ധങ്ങൾ ഉല്പാദനശക്തികളുടെ സംഹാരത്തിലേയ്ക്കും സമാധാനകാംക്ഷികളായ ജനങ്ങളുടെ വൻതോതിലുള്ള ഉന്മൂലനത്തിലേക്കും രാജ്യത്താകെയുള്ള സാസ്കാരിക മണ്ഡലത്തിന്റെ നാശത്തിലേക്കും നയിച്ചു.

ഉല്പാദനോപാധികളുടെയും, അടിമകളുടെയും സമ്പൂർണ ഉടമസ്ഥതയിലൂടെ, അടിമകളുടെമേൽ അത്യാർത്തി

> **അടിമ-ഉടമസ്ഥ വ്യവസ്ഥ നിലനിന്ന എല്ലാ രാജ്യങ്ങളിലെയും അടിമ ഉടമസ്ഥർ അടിമകളുടെ അദ്ധ്വാനവും അതുവഴിയുണ്ടായ ഉല്പന്നങ്ങളും അവരുടെ വ്യക്തിപരമായ മാനസികചാപല്യങ്ങളിൽ ആറാടാനും നിധി സമാഹരിക്കാനും, സൈനികാവശ്യങ്ങൾക്കായി കോട്ടകൊത്തളങ്ങൾ പണിയാനും, അത്യാർഭാടകരമായ കൊട്ടാരങ്ങളും ആരാധനാലയങ്ങൾ പണിതുപരിപാലിക്കാനുമായി വിനിയോഗിച്ചു.**

യോടെയുള്ള ചൂഷണത്തിലൂടെ കർഷകരെയും കൈത്തൊഴിലുകാരെയും പാപ്പരാക്കി, അടിമത്തത്തിലകപ്പെടുത്തി. അതുപോലെ മറ്റ് രാജ്യങ്ങളിലെ ജനതകളെ കീഴടക്കി, അടിമകളാക്കി, അതിലൂടെ അടിമഉടമസ്ഥരുടെ ആവശ്യങ്ങൾ തൃപ്തിപ്പെടുത്താനായി മിച്ച ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുകയെന്നതായിരുന്ന അടിമഉടമസ്ഥ വ്യവസ്ഥയിലെ അടിസ്ഥാന സാമ്പത്തിക നിയമം.

### വിനിമയത്തിന്റെ മുന്നോട്ടുള്ള വികാസം വ്യാപാരിയുടെയും കൊള്ളപ്പലിശക്കാരന്റെയും മൂലധനം

ഉല്പാദിപ്പിക്കുന്നയിടത്ത് തന്നെ ഉപഭോഗവും നടക്കുന്ന സ്വയാശ്രിതരീതി തന്നെ അടിമഉടസ്ഥ സമ്പദ്‌വ്യവസ്ഥയും ഏറെക്കുറെ പാലിച്ചുപോന്നു. അവിടെ ഉല്പാദനം മുഖ്യമായും അടിമഉടമസ്ഥന്റെയും അയാളുടെ അസംഖ്യം ആശ്രിതരുടെയും സിൽബന്തികളുടെയും ഉപഭോഗത്തിന് വേണ്ടിയുള്ളതായിരുന്നു. വിനിമയലക്ഷ്യത്തോടെ ആയിരുന്നില്ല. അങ്ങനെയിരിക്കെത്തന്നെ ക്രമേണ വിനിമയങ്ങൾ കൂടുതൽ ശ്രദ്ധേയമായ വിധത്തിലായിത്തുടങ്ങി. പ്രത്യേകിച്ച് അടിമ-ഉടമസ്ഥ വ്യവസ്ഥയുടെ വികാസത്തിന്റെ മൂർദ്ധന്യദശയിൽ ഉല്പാദനത്തിന്റെ പല ശാഖകളിലും ഉല്പന്നങ്ങളുടെ ഒരു നിശ്ചിതഭാഗം സ്ഥിരമായി കമ്പോളങ്ങളിൽ വിൽക്കപ്പെട്ടു. അതായത്, അവ ചരക്കായി പരിവർത്തനപ്പെട്ടുവെന്നർത്ഥം.

വിനിമയം വിപുലമായതോടെ പണം വഹിച്ച പങ്ക് വർദ്ധിച്ചു. സാധാരണഗതിയിൽ, ഏറ്റവും കൂടുതൽ പതിവായി വിനിമയം ചെയ്യപ്പെടുന്ന ചരക്കാണ് പണമായി ആവിർഭവിക്കുന്നത്.

പല ജനവിഭാഗങ്ങളിലും, പ്രത്യേകിച്ച് കന്നുകാലിവളർത്തലുകാർ ആരംഭകാലത്ത് കന്നുകാലികളെത്തന്നെയാണ് പണമായി ഉപയോഗിച്ചത്. മറ്റ് ചിലർ ഉപ്പും ധാന്യങ്ങളും കമ്പിളിരോമവും പണമായി ഉപയോഗിച്ചു. ക്രമേണ പണമായി ഉപയോഗിച്ച മറ്റെല്ലാ വസ്തുക്കളുടെയും ഉപയോഗം ചുരുങ്ങി അത് ലോഹനാണയങ്ങൾക്ക് വഴിമാറികൊടുത്തു.

പുരാതന പൗരസ്ത്യരാഷ്ട്രങ്ങളിലാണ് ലോഹനാണയങ്ങൾ ആദ്യമായി പ്രത്യക്ഷപ്പെട്ടത്. ബി.സി മൂന്നാം സഹസ്രാബ്ദത്തിനും രണ്ടാം സഹസ്രാബ്ദത്തിനുമിടയിൽ വെങ്കലം, വെള്ളി, സ്വർണം എന്നീ ലോഹങ്ങൾ പണത്തിന്റെ രൂപത്തിൽ അവിടെ ചംക്രമണത്തിലുണ്ടായിരുന്നു. നാണയത്തിന്റെ രൂപത്തിൽ ബി.സി ഏഴാം നൂറ്റാണ്ടിൽ പണം എത്തി. ഗ്രീസിൽ എട്ടാം നൂറ്റാണ്ടിൽ ഇരുമ്പ് നാണയം പ്രചാരത്തിലുണ്ടായിരുന്നു. റോമിലാവട്ടെ അഞ്ചുമുതൽ നാലാം നൂറ്റാണ്ടുവരെ ചെമ്പ് നാണയങ്ങൾ മാത്രമേ ഉപയോഗിച്ചിരുന്നുള്ളൂ. പിന്നീട് ഇരുമ്പ്, ചെമ്പ് നാണയങ്ങളുടെ സ്ഥാനത്ത് വെള്ളി, സ്വർണ്ണ നാണയങ്ങൾ വന്നു.

ഗ്രീക്ക് നഗരരാഷ്ട്രങ്ങൾ മെഡിറ്ററേനിയന്റെ കരിങ്കടൽ തീരങ്ങളിൽ ചിതറിക്കിടന്ന ഗ്രീക്ക് കോളനികളടക്കമുള്ള വളരെ വിദൂരസ്ഥപ്രദേശങ്ങളുമായി വ്യാപാരങ്ങൾ നടത്തി. ഈ കോളനികൾ അടിസ്ഥാന അദ്ധ്വാനശക്തിയായ അടിമകളെയും, തുകൽ, കമ്പിളി, കന്നുകാലികൾ, ധാന്യങ്ങൾ, മത്സ്യം എന്നിങ്ങനെയുള്ള ചില അസംസ്കൃത വസ്തുക്കളെയും ഭക്ഷ്യവസ്തുക്കളെയും സ്ഥിരമായി ലഭ്യമാക്കി.

റോമിലും, അതെപോലെ ഗ്രീസിലും അടിമകൾക്കും മറ്റ് ചരക്കുകൾക്കും പുറമേ, ആഡംബരവസ്തുക്കളുടെ വ്യാപാരം വലിയൊരു പങ്ക് വഹിച്ചു. പൗരസ്ത്യദേശങ്ങളിൽ നിന്നെത്തിയ ഈ ചരക്കുകൾ മുഖ്യമായും കീഴടക്കപ്പെട്ട ജനങ്ങളിൽ നിന്ന് ഈടാക്കിയ കപ്പം എന്ന വിധത്തിലായിരുന്നു. കൊള്ള, കപ്പൽകൊള്ള, കോളനികളെ അടിമപ്പെടുത്തൽ എന്നിവയുമായി ബന്ധപ്പെട്ടാണ് വ്യാപാരം നടന്ന് വന്നത്.

അടിമഉടസ്ഥ വ്യവസ്ഥയിൽ, പണം, ചരക്കുകൾ വാങ്ങാനും വിൽക്കാനുമുള്ള ഉപാധിയായി ഇതിനോടകം മാറിയെന്നുമാത്രമല്ല, വ്യാപാരത്തിലൂടെയും കൊള്ളപ്പലിശയ്ക്ക് കടം കൊടുക്കുന്നതിലൂടെയും മറ്റുള്ളവരുടെ അദ്ധ്വാനഫലം പിടിച്ചെടുക്കുന്നതിനുള്ള ഉപാധികൂടിയായി അത് മാറി. മിച്ച അദ്ധ്വാനവും അതിന്റെ ഉല്പന്നവും പിടിച്ചെടുത്ത് അത് മൂലധനമായി, അതായത് ചൂഷണത്തിനുള്ള ഒരു ഉപാധിയായി മാറ്റുകയെന്ന ലക്ഷ്യത്തോടെയായിരുന്ന പണം ചെലവഴിക്കപ്പെട്ടത്. വ്യാപാരികളുടെയും കൊള്ളപ്പലിശക്കാരന്റെയും മൂലധനമാണ് ചരിത്രപരമായി മൂലധനത്തിന്റെ ആദ്യരൂപങ്ങൾ. ചരക്കുകളുടെ വിനിമയത്തിന്റെ മേഖലയിൽ ഏർപ്പെടുന്ന മൂലധനമാണ് വ്യാപാരമൂലധനം. ചരക്കുകൾ വാങ്ങുകയും പിന്നെ വിൽക്കുകയും ചെയ്യുന്ന വ്യാപാരികൾ അടിമകളും ചെറുകിടകർഷകരും കൈത്തൊഴിലുകാരും സൃഷ്ടിക്കുന്ന മിച്ച ഉല്പന്നത്തിന്റെ ഗണ്യമായ ഭാഗം പിടിച്ചെടുക്കുകയാണ് ചെയ്യുന്നത്. കൊള്ളപ്പലിശക്കാരുടെ മൂലധനമെന്നത്, പണമായും ഉല്പാദനോപാധികളായും ഉപഭോഗവസ്തുവായും നൽകുന്ന വായ്പയുടെ രൂപത്തിൽ കർഷകരുടെയും കൈത്തൊഴിലുകാരുടെയും മിച്ച അദ്ധ്വാനം പിടിച്ചെടുക്കാൻ പ്രയോഗിക്കുന്ന മൂലധനമാണ്. ഈ കൊള്ളപ്പലിശക്കാർ അടിമ-ഉടമ-പ്രഭുവർഗ്ഗത്തിനും പണവായ്പ നൽകിയിരുന്നു. അങ്ങനെ, അവർ കൈക്കലാക്കിയ അധികഉല്പന്നത്തിന്റെ ഒരു പങ്കും കൊള്ളപലിശക്കാർ നേടി.

## അടിമ-ഉടമസ്ഥ ഉല്പാദനസമ്പ്രദായത്തിലെ വൈരുദ്ധ്യങ്ങൾ മൂർച്ഛിക്കുന്നു

*മനുഷ്യരാശിയുടെ വികാസത്തിന്റെ പാതയിൽ അടിമത്തം അനിവാര്യമായ ഒരു ഘട്ടമായിരുന്നു.*

"കൃഷിയും വ്യവസായവും തമ്മിൽ ഗണ്യമായ തോതിൽ അധ്വാനത്തിന്റെ സാമൂഹ്യവിഭജനവും അതോടൊപ്പം പൂരാതന ലോകത്തിലെ പുഷ്പമെന്ന് വിളിക്കാവുന്ന ഗ്രീക്ക് ഹെല്ലനിക് സംസ്കാരവും സാധ്യമാക്കിയത് അടിമത്തമായിരുന്നു. അടിമത്തമില്ലാതെ ഗ്രീക്ക് രാഷ്ട്രമോ, ഗ്രീക്ക് കലയോ ശാസ്ത്രമോ ഉണ്ടാവുമായിരുന്നില്ല. അടിമത്തമില്ലാതെ റോമാസാമ്രാജ്യവുമില്ല. ഹെല്ലനിക് സംസ്കാരവും റോമാസാമ്രാജ്യവും അടിത്തറയായില്ലായിരുന്നെങ്കിൽ ഒരു പക്ഷേ ആധുനിക യൂറോപ്പുമുണ്ടാകുമായിരുന്നില്ല." *(ഏംഗൽസ്, 'ഡ്യൂറിംഗിനെതിരെ')*

തലമുറ തലമുറകളായുള്ള അടിമകളുടെ അസ്ഥികളിൽ നിന്നാണ് മനുഷ്യരാശിയുടെ മുന്നോട്ടുള്ള വികാസത്തിന്റെ അടിസ്ഥാനമായി മാറിയ ഒരു സംസ്കാരം ഉദയം ചെയ്തത്. ഗണിതം, ജ്യോതിശാസ്ത്രം,

മെക്കാനിക്സ്, ആർക്കിടെക്ചർ, തുടങ്ങിയ വിജ്ഞാനശാഖകളിൽ ഗണ്യമായ വികാസം ഈ പുരാതന കാലത്തുണ്ടായി. പുരാതന കാലത്തിൽ നിന്ന് നമുക്ക് കൈമാറിക്കിട്ടിയ കലാവസ്തുക്കൾ, സാഹിത്യ സൃഷ്ടികൾ, ശില്പങ്ങളും വാസ്തു നിർമ്മിതികളും തുടങ്ങിയവ മനുഷ്യസംസ്കൃതിയുടെ നിധിഭണ്ഡാരത്തിലേക്ക് ഏക്കാലത്തേക്കുമുള്ള സംഭാവനകളാണ്.

എന്നിരുന്നാലും അടിമ-ഉടമസ്ഥ വ്യവസ്ഥിതിയെ നാശത്തിലേക്ക് നയിച്ച സ്വന്തം മറികടക്കാനാവാത്ത വൈരുദ്ധ്യങ്ങൾ ഉള്ളിൽ പേറിയിരുന്നു. അടിമ-ഉടമസ്ഥ ചൂഷണ രീതി സമൂഹത്തിലെ അടിസ്ഥാന ഉല്പാദന ശക്തിയായ അടിമയെ സ്ഥിരസ്വഭാവത്തോടെ നശിപ്പിച്ചുകൊണ്ടിരുന്നു. കഠോരമായ ചൂഷണരീതിയ്ക്കെതിരെയുള്ള അടിമകളുടെ പോരാട്ടം കൂടുതൽ കൂടുതൽ പതിവായി, സായുധ കലാപങ്ങളുടെ രൂപം കൈക്കൊണ്ടു. അടിമകളുടെ തടസ്സമില്ലാത്ത കടന്നുവരവും അവരുടെ വിലക്കുറവുമെന്ന രണ്ട് കാര്യങ്ങളാണ് അടിമ-ഉടമ വ്യവസ്ഥിതിയുടെ നിലനിൽപിന്റെ

**പുരാതന പൗരസ്ത്യരാഷ്ട്രങ്ങളിലാണ് ലോഹനാണയങ്ങൾ ആദ്യമായി പ്രത്യക്ഷപ്പെട്ടത്. ബി.സി മൂന്നാം സഹസ്രാബ്ദത്തിനും രണ്ടാം സഹസ്രാബ്ദത്തിനുമിടയിൽ വെങ്കലം, വെള്ളി, സ്വർണം എന്നീ ലോഹങ്ങൾ പണത്തിന്റെ രൂപത്തിൽ ചംക്രമണത്തിലുണ്ടായിരുന്നു. നാണയത്തിന്റെ രൂപത്തിൽ ബി. സി ഏഴാം നൂറ്റാണ്ടിൽ പണം എത്തി.**

ഉപാധിയായി നിലകൊണ്ടത്. യുദ്ധം വഴിയാണ് മുഖ്യമായും അടിമകളെ ലഭിച്ചിരുന്നത്. സ്വതന്ത്രരായ ചെറിയ ഉല്പാദകരുടെയും കർഷകരുടെയും കൈത്തൊഴിലുകാരുടെയും സഞ്ചയമായിരുന്ന സൈനികശക്തിയുടെ അടിസ്ഥാനമായി നിലകൊണ്ടത്. അവരാണ് സായുധ സൈന്യത്തിൽ പ്രവർത്തിക്കുകയും യുദ്ധം നടത്താൻ വേണ്ട നികുതിയുടെ മുഖ്യഭാരം ചുമലിലേറ്റുകയും ചെയ്തത്. അടിമ അദ്ധ്വാനത്തെ അടിസ്ഥാനപ്പെടുത്തിയുള്ള വൻകിട ഉല്പാദനവുമായുള്ള മത്സരത്താൽ തങ്ങൾക്ക് താങ്ങാനാവാത്ത ക്ലേശഭാരത്താൽ, കർഷകരും നാശമടഞ്ഞു. കൈത്തൊഴിലുകാരും നാശമടഞ്ഞു. വൻകിട എസ്റ്റേറ്റുകളും കർഷകരും തമ്മിലുള്ള അപരിഹാര്യമായ വൈരുദ്ധ്യം രൂക്ഷമായിക്കൊണ്ടിരുന്നു.

സ്വതന്ത്രകർഷകരെ പിഴിയുന്നതു കാരണം സാമ്പത്തിക സ്ഥിതിയെ മാത്രമല്ല, അടിമ-ഉടമസ്ഥ രാഷ്ട്രങ്ങളുടെ പ്രത്യേകിച്ച് റോമിന്റെ സൈനിക രാഷ്ട്രീയ ശക്തിയെത്തന്നെ അട്ടിമറിക്കുന്ന നിലയിലെത്തി. വിജയങ്ങളുടെ സ്ഥാനത്ത് പരാജയങ്ങളെ നേരിട്ടു തുടങ്ങി. കീഴടക്കൽ യുദ്ധങ്ങളുടെ സ്ഥാനത്ത് പ്രതിരോധ യുദ്ധങ്ങളായി. ചിലവു കുറഞ്ഞ അടിമകളുടെ അവിരാമമായ ലഭ്യതയുടെ സ്രോതസ്സ് വറ്റി. അടിമ അദ്ധ്വാനത്തിന്റെ നിഷേധാത്മക വശങ്ങൾ കൂടുതൽ കൂടുതൽ ശക്തമായി പ്രത്യക്ഷപ്പെട്ടു. റോമാ സാമ്രാജ്യത്തിന്റെ നിലനില്പിന്റെ അവസാനത്തെ രണ്ടു ശതാബ്ദങ്ങളിൽ ഉല്പാദനത്തിൽ പൊതുവായ ഒരു ഇടിവ് സംഭവിച്ചു. വ്യാപാരം കുട്ടക്കുഴപ്പത്തിൽപെട്ടു. സമ്പന്ന നാടുകൾ ദരിദ്രമായി. ജനസംഖ്യ കുറയാൻ തുടങ്ങി. കൈത്തൊഴിലുകൾ നാശമടഞ്ഞു. നഗരങ്ങൾ വിജനമാവാൻ തുടങ്ങി.

അടിമ അദ്ധ്വാനത്തെ അടിസ്ഥാനപ്പെടുത്തിയുള്ള ഉല്പാദനബന്ധങ്ങൾ സമൂഹത്തിൽ വളർന്നുവരുന്ന ഉല്പാദന ശക്തികളുടെ വിപുലീകരണത്തിന്റെ ചങ്ങലക്കെട്ടുകളായി മാറി. ഉല്പാദനഫലത്തിൽ തീർത്തും താല്പര്യമില്ലാത്ത അടിമകളുടെ അദ്ധ്വാനം സ്വയം കാലഹരണപ്പെട്ടു. സമൂഹത്തിൽ മുഖ്യ ഉല്പാദന ശക്തിയായ അദ്ധ്വാനിക്കുന്ന ബഹുജനത്തിന്റെ സാഹചര്യം മാറ്റുവാനുതകുംവിധം അടിമ ഉടമസ്ഥ ഉല്പാദന ബന്ധത്തെ മറ്റു വിധത്തിലുള്ള ഉല്പാദന ബന്ധംകൊണ്ട് മാറ്റിയെടുക്കേണ്ട ചരിത്രപരമായ ആവശ്യകത ഈ ഘട്ട

ത്തിൽ ഉയർന്നുവന്നു. ഉല്പാദന ബന്ധവും ഉല്പാദന ശക്തികളുടെ സ്വഭാവവും തമ്മിൽ നിലനിൽക്കേണ്ട സാമൂഹ്യ നിയമ ബദ്ധമായ അനുപൂരകത്വം അടിമകൾക്ക് പകരം തങ്ങളുടെ അദ്ധ്വാന ഫലത്തിൽ ഒരു പരിധിവരെയെങ്കിലും തല്പരരായ പണിയാളർ എത്തേണ്ട സ്ഥിതിയെ ആവശ്യപ്പെട്ടു.

വൻതോതിൽ അടിമകളെ നിയോഗിച്ചുകൊണ്ടുള്ള ഉല്പാദനം സാമ്പത്തികമായി ലാഭകരമല്ലാതായപ്പോൾ വരുമാനമൊന്നും സൃഷ്ടിക്കാത്ത അടിമകളെ സംഘമായിത്തന്നെ അടിമഉടമസ്ഥർ സ്വതന്ത്രരാക്കി ഇറന്നുവിടാൻ തുടങ്ങി. വലിയ എസ്റ്റേറ്റുകൾ ചെറിയ കണ്ടങ്ങളായി വിഭജിക്കപ്പെട്ടു. സ്വതന്ത്രരാക്കപ്പെട്ട മുൻ അടിമകൾക്കോ അല്ലെങ്കിൽ ഭൂവുടമയുടെ നേട്ടത്തിന് വേണ്ടി ഇപ്പോൾ ഒരുപാട് ചുമതലകൾ ചെയ്യാൻ ബാധ്യതപ്പെട്ട പഴയ സ്വതന്ത്രപൗരന്മാർക്കോ ആണ് ഈ കണ്ടങ്ങൾ കൈമാറ്റം ചെയ്യപ്പെട്ടത്.

ഈ പുതിയ ഉഴവാളർ അവർക്ക് നൽകപ്പെട്ട കൃഷിഭൂമിയുമായി ബന്ധിപ്പിക്കപ്പെട്ട മട്ടിലായിരുന്നു. ഭൂമിയോടൊപ്പം തന്നെ അവരെ വിൽക്കാനും ആവുമായിരുന്നു. പക്ഷേ അവർ ഇനി മേൽ അടിമകളായിരുന്നില്ല.

സ്വതന്ത്ര മനുഷ്യർക്കും അടിമകൾക്കുമിടയിലുള്ള സ്ഥാനത്ത് നിലകൊണ്ട്, അവരുടെ സ്വന്തം അദ്ധ്വാന ഫലത്തിൽ കുറച്ചൊക്കെ താല്പര്യമുള്ള ഈ ചെറുകിട ഉല്പാദകരാണ് സമൂഹത്തിൽ ഉയർന്നുവന്ന പുതിയ സാമൂഹ്യ നിര. മദ്ധ്യകാല അടിയാന്മാരുടെ മുൻഗാമികളായിരുന്നു അവർ.

അങ്ങനെ ഒരു ജന്മിത്ത ഉല്പാദന സമ്പ്രദായത്തിന്റെ പുതിയ ധാതുക്കൾ അടിമ ഉടമസ്ഥ സമൂഹത്തിന്റെ ഗർഭ പാത്രത്തിൽ ഉരുവം കൊണ്ടു.

### ചൂഷകർക്കെതിരെ ചൂഷിതർ നടത്തിയ വർഗ്ഗസമരം, അടിമകലാപങ്ങൾ, അടിമ-ഉടമസ്ഥ വ്യവസ്ഥയുടെ പതനം

അടിമ-ഉടമസ്ഥവ്യവസ്ഥിതിയുടെ വികാസത്തോടെ അടിമകളാക്കപ്പെട്ട ബഹുജനങ്ങൾ അവരുടെ മർദ്ദകർക്കെതിരെയുള്ള വർഗ്ഗസമരം തീഷ്ണമാക്കിയതായാണ് പൗരസ്ത്യരാജ്യങ്ങളിലെയും ഗ്രീസിലെയും റോമിലെയും അടിമ -ഉടമസ്ഥ സമൂഹങ്ങളുടെ ചരിത്രം നമുക്ക് കാട്ടിത്തരുന്നത്.

**ചെറുകിട ഉല്പാദകരും അഭിജാതരായ വലിയ ഭൂവുടമകളും തമ്മിലുള്ള വൈരുദ്ധ്യം അടിമഉടമസ്ഥ സമൂഹത്തിന്റെ ആരംഭത്തിൽ തന്നെ സ്വതന്ത്രമനുഷ്യരുടെയിടയിൽ ഒരു ജനാധിപത്യപ്രസ്ഥാനത്തിന് രൂപം നൽകിയിരുന്നു. കടത്തെത്തുടർന്നുള്ള കെട്ടുപാടുകളെ ഇല്ലാതാക്കുക, ഭൂമിയുടെ പുനർവിതരണം നടത്തുക, ഭൂപ്രഭുക്കളുടെ വിശേഷാവകാശങ്ങൾ അവസാനിപ്പിക്കുക, അധികാരം ജനങ്ങൾക്ക് എന്നീ ലക്ഷ്യങ്ങളാണ് അതിനുണ്ടായിരുന്നത്.**

ഉന്നതവർഗ്ഗത്തിൽപ്പെട്ട വൻഭൂവുടകളായ അടിമഉടമകൾക്കെതിരെ ചൂഷിതരായ ചെറുകിട കർഷകർ നടത്തിയ പോരാട്ടങ്ങൾ അടിമകലാപത്തോടൊപ്പം കൂട്ടിച്ചേർക്കപ്പെട്ടു.

ചെറുകിട ഉല്പാദകരും അഭിജാതരായ വലിയ ഭൂവുടമകളും തമ്മിലുള്ള വൈരുദ്ധ്യം അടിമഉടമസ്ഥ സമൂഹത്തിന്റെ ആരംഭത്തിൽ തന്നെ സ്വതന്ത്രമനുഷ്യരുടെയിടയിൽ ഒരു ജനാധിപത്യപ്രസ്ഥാനത്തിന് രൂപം നൽകിയിരുന്നു. കടത്തെത്തുടർന്നുള്ള കെട്ടുപാടുകളെ ഇല്ലാതാക്കുക, ഭൂമിയുടെ പുനർവിതരണം നടത്തുക, ഭൂപ്രഭുക്കളുടെ വിശേഷാവകാശങ്ങൾ അവസാനിപ്പിക്കുക, അധികാരം ജനങ്ങൾക്ക് എന്നീ ലക്ഷ്യങ്ങളാണ് അതിനുണ്ടായിരുന്നത്.

റോമാ സാമ്രാജ്യത്തിലെ അനേകം അടിമ കലാപങ്ങളിൽ സ്പാർട്ടക്കസ് (ബി.സി 74-71) നയിച്ച ഒന്ന് പ്രത്യേകിച്ചും എടുത്തുപറയേണ്ടതാണ്. അടിമഉടമകൾക്കെതിരെയുള്ള ഏറ്റവും ഉജ്ജ്വലമായ ഏടുകൾ സ്പാർട്ടക്കസിന്റെ പേരുമായി ബന്ധപ്പെട്ടാണ് നിലകൊള്ളുന്നത്. പല നൂറ്റാണ്ടുകളിലുടനീളം പലതവണ അടിമ കലാപങ്ങൾ പൊട്ടിപ്പുറപ്പെട്ടു. പാപ്പരാക്കപ്പെട്ട കർഷകരും അടിമകളോടൊത്ത് ചേർന്നു. ബി.സി രണ്ടാം നൂറ്റാണ്ടുമുതൽ ഒന്നാം നൂറ്റാണ്ട് വരെയും എ.ഡി മൂന്നാം നൂറ്റാണ്ടുമുതൽ നാലാം നൂറ്റാണ്ടുവരെയും ഈ മുന്നേറ്റങ്ങൾ വിശേഷിച്ച് ശക്തിപ്രാപിച്ചു. ഈ കലാപങ്ങളെയെല്ലാം അടിമഉടമകൾ അതിനിഷ്ഠുരമായ വിധത്തിൽ അടിച്ചമർത്തി.

ചൂഷിതജനതയുടെ, വിശേഷിച്ചും അടിമകളുടെ കലാപങ്ങൾ റോമിന് പണ്ടുണ്ടായിരുന്ന ശക്തിയെ സമൂലമായി ക്ഷയിപ്പിച്ചു. ആഭ്യന്തരമായികിട്ടിക്കൊണ്ടിരുന്ന ക്ഷതങ്ങൾക്ക് പുറമേ നിന്നുകിട്ടുന്ന ക്ഷതങ്ങളും കൂടുതൽ കൂടുതൽ ഏറ്റുവാങ്ങേണ്ടി വന്നു. സമീപ സ്ഥദേശങ്ങളിൽ നിന്ന് പിടികൂടി അടിമകളാക്കപ്പെട്ടവർ ഇറ്റലിയിലെ കൃഷിയിടങ്ങളിൽ കലാപമുണ്ടാക്കി. അതേസമയം തന്നെ അതിർത്തികൾക്കപ്പുറത്ത് സ്വതന്ത്രരായി നിലകൊണ്ട അവരുടെ സഹഗോത്രക്കാർ സാമ്രാജ്യത്തിന്റെ അതിർത്തിഭേദിക്കുകയും റോമൻ ആധിപത്യത്തെ നശിപ്പിക്കുകയും ചെയ്തു. ഈ സാഹചര്യങ്ങൾ റോമിലെ അടിമ-ഉടമസ്ഥ വ്യവസ്ഥയുടെ പതനത്തിന് ആക്കം കൂട്ടി.

അടിമ-ഉടമസ്ഥ ഉല്പാദനസമ്പ്രദായം ഏറ്റവും ഉന്നതമായ വികാസം നേടിയത് റോമാസാമ്രാജ്യത്തിലായിരുന്നു. റോമാസാമ്രാജ്യത്തിന്റെ പതനം അടിമ-ഉടമസ്ഥ വ്യവസ്ഥിതിയുടെ തന്നെ പതനമായിരുന്നു. അടിമ-ഉടമസ്ഥ വ്യവസ്ഥിതിയുടെ സ്ഥാനം ജന്മിത്ത വ്യവസ്ഥിതി എറ്റെടുത്തു.

### അടിമ-ഉടമസ്ഥ കാലഘട്ടത്തിലെ സാമ്പത്തിക വീക്ഷണങ്ങൾ

ഈ ഘട്ടത്തിലെ സാമ്പത്തിക വീക്ഷണങ്ങൾ കവികളും, തത്വജ്ഞാനികളും ചരിത്രകാരന്മാരും രാജ്യതന്ത്രജ്ഞരും പ്രമുഖ വ്യക്തിത്വങ്ങളും അവരെഴുതിയവശേഷിപ്പിച്ചുപോയ രചനകളിൽ പ്രതിഫലിപ്പിക്കുന്നുണ്ട്. അവരുടെ വീക്ഷണത്തിൽ, അടിമകളായ ഈ മനുഷ്യർ, വ്യകതിയായല്ല, യജമാനന്റെ കൈവശമുള്ള ജംഗമവസ്തുവായാണ് കണക്കാക്കപ്പെട്ടത്. അടിമ അദ്ധ്വാനത്തെ അവജ്ഞയോടെ കണ്ടു. അദ്ധ്വാനമെന്നത് പ്രധാനമായും അടിമകളുടെ വിധിയായിരുന്നതിനാൽ സ്വതന്ത്രമനുഷ്യന് ചേരാത്ത ഒരു പ്രവർത്തിയെന്ന നിലയിൽ അദ്ധ്വാനത്തോട് തന്നെ പൊതുവായൊരു അവജ്ഞ ഉടലെടുത്തു.

ബാബിലോണിയൻ രാജാവായ

ഹമ്മുറാബി(ബി.സി പതിനെട്ടാം നൂറ്റാണ്ട്) യുടെ നിയമസംഹിത അടിമ-ഉടമസ്ഥ വ്യവസ്ഥ നിലനിന്ന ബാബിലോണിയയുടെ സാമ്പത്തിക വീക്ഷണത്തിന് തെളിവ് നൽകുന്നു. ധനികരുടെയും അടിമഉടമപ്രഭുക്കളുടെയും ഭൂവുടമകളുടെയും സ്വത്തവകാശവും വ്യക്തി അവകാശങ്ങളെയും ഈ നിയമസംഹിത സംരക്ഷിക്കുന്നു. ഈ സംഹിത അനുസരിച്ച് രക്ഷപ്പെട്ടോടിപോകുന്ന അടിമയെ ആരെങ്കിലും ഒളിവിൽ പാർപ്പിച്ച് സംരക്ഷിച്ചാൽ അയാൾക്ക് മരണശിക്ഷ വിധിച്ചിരുന്നു. പലിശയ്ക്ക് കടം കൊടുക്കുന്നയാൾക്ക് കടം വീടാതിരുന്നാലോ, ഭൂവുടമയ്ക്ക് കരം കൊടുക്കാതിരുന്നാലോ ആ കടങ്ങൾ തീരുന്നതുവരെ അയാളുടെ ഭാര്യയെ, മകനെ, മകളെ അടിമപ്പണിക്ക് വിട്ടുനൽകണമായിരുന്നു. മനുസ്മൃതി എന്നറിയപ്പെട്ടിരുന്ന പുരാതന ഇന്ത്യൻ നിയമസംഹിത അടമത്തത്തിന് പവിത്രത കല്പിച്ചുകൊണ്ടുള്ള സാമൂഹ്യവും മതപരവും ധാർമ്മികവുമായ ചട്ടങ്ങളായിരുന്നു. ഈ നിയമങ്ങളനുസരിച്ച് അടിമയ്ക്ക് സ്വത്ത് ഉണ്ടാവില്ല.

ഭരണവർഗ്ഗങ്ങളുടെ വീക്ഷണങ്ങൾ അവിടങ്ങളിൽ നിലനിന്ന മതങ്ങളിൽ പ്രതിഫലിച്ചു. ബി.സി ആറാം നൂറ്റാണ്ടിന്റെ ആദ്യപാദത്തിൽ ബുദ്ധമതം ഇന്ത്യയിൽ വ്യാപകമായി. യാഥാർത്ഥ്യത്തെ അംഗീകരിക്കുക, ഹിംസയെ പ്രതിരോധിക്കാതിരിക്കുക, ഭരണവർഗ്ഗത്തോട് വിധേയരായിരിക്കുക എന്നീ തത്വങ്ങൾ ബുദ്ധമതം ഉദ്ഘോഷിച്ചു. അടിമ-ഉടമസ്ഥ പ്രഭുവർഗ്ഗത്തിന് ബുദ്ധമതം പ്രയോജനകരമായതിനാൽ അവരുടെ ആധിപത്യത്തെ ശക്തിപ്പെടുത്താൻ അതിനെ മുറുകെപ്പിടിച്ചു.

പുരാതനകാലത്തെ അതിപ്രഗത്ഭരായ ചിന്തകർക്ക് പോലും അടിമത്തമില്ലാത്ത ഒരു സമൂഹത്തിന്റെ നിലനിൽപ്പിനെപ്പറ്റി സങ്കൽപ്പിക്കാൻ കഴിയുമായിരുന്നില്ല. ഉദാഹരണത്തിന്, ഒരു ആദർശാത്മക സാമൂഹ്യവ്യവസ്ഥിതിയെപ്പറ്റി മനുഷ്യ ചരിത്രത്തിലെ ആദ്യത്തെ സാങ്കൽപ്പിക സാമൂഹ്യ ഘടന, "ഉട്ട്യോപ്പിയ" എഴുതിയ ഗ്രീക്ക് തത്വചിന്തകനായ പ്ലേറ്റോ(ബി.സി 5-4 നൂറ്റാണ്ട്) അദ്ദേഹത്തിന്റെ ആദർശരാഷ്ട്രീയത്തിൽ അടിമകളെ നിലനിർത്തിയിരുന്നു. അടിമകളും ഭൂമിയിൽ പണിയെടുക്കുന്നവരും കരകൗശലത്തൊഴിലുകാരും, അദ്ധ്വാനംവഴി, ഭരിക്കുന്നവർക്കും സൈനികരായ ഉന്നതവർഗ്ഗത്തിനും നിലനില്പിനുള്ള ഉപാധികൾ നൽകണമായിരുന്നു.

പുരാതനകാലത്തെ ഏറ്റവും മഹോന്നതനായ ചിന്തകൻ അരിസ്റ്റോട്ടിലിന്റെ (ബി.സി നാലാം നൂറ്റാണ്ട്) കണ്ണിൽ അടിമത്തം ചിരന്തനവും അനിവാര്യവുമായ സാമൂഹികാവശ്യകതയായിരുന്നു. അരിസ്റ്റോട്ടിൽ പുരാതന ലോകത്തെയും മദ്ധ്യകാലത്തെയും തത്വചിന്തകളുടെ വികാസത്തിന് വലിയ സ്വാധീനം ചെലുത്തിയിരുന്നു. തന്റെ ശാസ്ത്രീയ അനുമാനങ്ങളാലും ദീർഘദൃഷ്ടിയാലും സമകാലീന സമൂഹത്തിന്റെ നിലവാരത്തെക്കാൾ ഔന്നത്യം കൈവരിച്ചുവെങ്കിലും അടിമത്തത്തിന്റെ വിഷയത്തിൽ താൻ ജീവിച്ച യുഗത്തിന്റെ തടവുകാരനായി അദ്ദേഹം നിലകൊണ്ടു. ഒരു കപ്പിത്താന് ചുക്കാൻ ജീവനില്ലാത്ത ഉപകരണമാണ്. ഇവ്വിധമായിരുന്നു അടിമത്തത്തെപ്പറ്റിയുള്ള വീക്ഷണം. പണിയുപകരണങ്ങൾ സ്വന്തം നിലയിൽ പണിചെയ്തിരുന്നുവെങ്കിൽ അടിമകളുടെ ആവശ്യമുണ്ടാവുമായിരുന്നില്ല. സാമ്പത്തിക ജീവിതത്തിൽ നിലവിലുള്ള പല തൊഴിൽ മേഖലകളിലും ലളിതമായ, വൈദഗ്ദ്ധ്യമാവശ്യമില്ലാത്ത അദ്ധ്വാനം ആവശ്യമായിരിക്കെ അതിനുവേണ്ടി പ്രകൃതി തന്നെ വിവേകപൂർണ്ണമായി അടിമകളെ സൃഷ്ടിച്ചു നൽകി. അരിസ്റ്റോട്ടിലിന്റെ അഭിപ്രായത്തിൽ പ്രകൃതി തന്നെ ചിലയാളുകളെ അടിമകളായും മറ്റു ചിലരെ അവരെ ഭരിക്കുന്നവരായും നിയോഗിച്ചിരിക്കുകയാണ്. സ്വതന്ത്രമനുഷ്യർക്ക് സ്വയം പൂർണ്ണതയിലെത്താനായി അടിമത്തൊഴിൽ വഴി അവർക്ക് വിശ്രമം അനുവദിച്ചിരിക്കുകയാണ്. അതിനാൽ യജമാനന്റെ എല്ലാ സർഗ്ഗശേഷിയും കുടികൊള്ളുന്നത് എങ്ങനെ തന്റെ അടിമയെ ഉപയോഗപ്പെടുത്താം എന്ന് അറിയുന്നതിലാണെന്ന് അരിസ്റ്റോട്ടിൽ തീർച്ചപ്പെടുത്തുന്നു.

**അടിമ-ഉടമസ്ഥ ഉല്പാദന സമ്പ്രദായം ഏറ്റവും വികാസം നേടിയത് റോമാ സാമ്രാജ്യത്തിലായിരുന്നു. അടിമകളുടെ കലാപങ്ങൾ റോമിന്റെ ശക്തി സമൂലമായി ക്ഷയിക്കുവാൻ ഇടയാക്കി. റോമാ സാമ്രാജ്യത്തിന്റെ പതനം അടിമ-ഉടമസ്ഥ വ്യവസ്ഥിതിയുടെ തന്നെ പതനമായിരുന്നു. അടിമ-ഉടമസ്ഥ വ്യവസ്ഥിതിയുടെ സ്ഥാനം ജന്മിത്ത വ്യവസ്ഥിതി എറ്റെടുത്തു.**

വിഭവങ്ങളുടെ പരിപാലനത്തെ സംബന്ധിച്ച ശാസ്ത്രത്തിന് അരിസ്റ്റോട്ടിൽ *'ഓയിക്കൊനോമിയ'* എന്ന പേരു നൽകി. അദ്ദേഹത്തിന്റെ ജീവിതകാലത്തുതന്നെ വിനിമയം, വ്യാപാരം, പലിശയ്ക്ക് കടംകൊടുക്കൽ എന്നിവ വ്യാപകമായി വികാസം പ്രാപിച്ചിരുന്നു. പക്ഷേ സമ്പദ്‌വ്യവസ്ഥ അടിസ്ഥാനപരമായി തങ്ങളുടെ ഉപഭോഗ പരിധിയ്ക്കുവേണ്ടി മാത്രം ഉല്പാദനം നടത്തുന്ന സ്വഭാവം നിലനിർത്തിയിരുന്നു. ഈ സമ്പദ്ഘടനയുടെ പക്ഷവാദിയായിരുന്നുവെങ്കിലും അരിസ്റ്റോട്ടിൽ വിനിമയത്തിന്റെ പ്രകൃതത്തെപ്പറ്റി മനസ്സിലാക്കിയിരുന്നു. ഉപഭോഗത്തെ ലക്ഷ്യംവച്ചുകൊണ്ടുള്ള വിനിമയം തീർത്തും സ്വാഭാവികമാണെന്ന് അരിസ്റ്റോട്ടിൽ കണ്ടെത്തി. കാരണം സാധാരണഗതിയിൽ ആളുകൾക്ക് അവരുടെ ആവശ്യകത നിർവ്വഹിക്കാൻ ആവശ്യമുള്ളതിനേക്കാൾ കൂടുതൽ ചില വസ്തുക്കളുണ്ടാകും. മറ്റു ചിലർക്ക് അവ കുറവുമായിരിക്കും. പണവിനിയോഗത്തിന്റെ ആവശ്യകതയും അദ്ദേഹം മനസ്സിലാക്കിയിരുന്നു.

അതേ സമയം ലാഭത്തെ ലക്ഷ്യംവച്ചുള്ള വ്യാപാരവും കൊള്ളപ്പലിശയ്ക്ക് കടം കൊടുക്കുന്നതും നിന്ദ്യമായ തൊഴിലുകളായി അരിസ്റ്റോട്ടിൽ പരിഗണിച്ചു. കൃഷി, കരകൗശലപ്പണി എന്നിവയിൽനിന്ന് വ്യത്യസ്തമായി ഈ തൊഴിലുകൾക്ക് സമ്പത്ത് കുന്നുകൂട്ടുന്നതിന് യാതൊരു പരിധിയുമില്ലായെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

തൊഴിൽ വിഭജനത്തെപ്പറ്റിയും സാമൂഹ്യ ജീവിതത്തിൽ അത് വഹിച്ച പങ്കിനെപ്പറ്റിയും പുരാതന ഗ്രീക്കുകാർക്ക് അതിനോടകം തന്നെ ചില ധാരണകൾ ഉണ്ടായിരുന്നു. അതുകൊണ്ട് പ്ലേറ്റോ തന്റെ ആദർശറിപ്പബ്ലിക്കിന്റെ രാഷ്ട്ര സംവിധാനത്തിലെ അടിസ്ഥാന തത്വമായി തൊഴിൽ വിഭജനത്തെ ഗണിച്ചു.റോമാക്കാരുടെയും സാമ്പത്തിക അഭിവീക്ഷണങ്ങൾ നിലവിലുണ്ടായിരുന്ന അടിമ-ഉടമസ്ഥ

ഉല്പാദന സമ്പ്രദായത്തിലെ ബന്ധങ്ങളെത്തന്നെയായിരുന്നു പ്രതിഫലിപ്പിച്ചിരുന്നത്.

റോമൻ എഴുത്തുകാരും പൗരപ്രമുഖരും അടിമ ഉടമകളുടെ പ്രത്യയശാസ്ത്രങ്ങൾ പ്രതിഫലിപ്പിച്ചുകൊണ്ട് അടിമകളെയെല്ലാം വെറും ഉല്പാദനോപകരണങ്ങളായി കണക്കാക്കി. അടിമ ഉടമകൾക്കായി കൃഷി നടത്തിപ്പിനെ സംബന്ധിച്ച കൈപ്പുസ്തകമെഴുതിയ റോമൻ സർവ്വ വിജ്ഞാനകോശകാരൻ വാറോ (ബി.സി ഒന്നാം നൂറ്റാണ്ട്) പണിയായുധങ്ങളെ ഇങ്ങനെ വിഭജിക്കുന്നു. (1.) ഊമ(കാളവണ്ടി) (2)അർത്ഥമില്ലാത്ത ശബ്ദം പുറപ്പെടുവിക്കുന്നവ (കന്നുകാലികൾ) (3) സംസാരിശേഷിയുള്ളവ (അടിമകൾ). ഈ നിർവ്വചനം കൊടുത്തുകൊണ്ട് അദ്ദേഹം അടിമ ഉടമസ്ഥരുടെയിടയിൽ സ്വീകാര്യമായിരുന്ന ചിന്താഗതിയെ പ്രകാശിപ്പിക്കുകയാണിവിടെ. ഗ്രീസുകാരെപ്പോലെ തന്നെ റോമാക്കാരും അടിമകളെ കൈകാര്യം ചെയ്യുന്ന കലയെപ്പറ്റിയുള്ള ചിന്തകളിൽ മുഴുകി.

റോമൻ ചരിത്രകാരൻ പ്ലൂട്ടാർക്ക്(എ.ഡി ഒന്ന്, രണ്ട് നൂറ്റാണ്ടുകൾ) ഒരു മാതൃകാ അടിമ ഉടമസ്ഥനായ കാറ്റോയെപ്പറ്റിയും, എങ്ങനെയാണ് അയാൾ അടിമകളെ, പട്ടിക്കുട്ടികളെയും കുതിരക്കുട്ടികളെയും പോലെ ശിക്ഷണത്തിനും പരിശീലനത്തിനും ഉടനടി വിധേയമാക്കാൻ പറ്റുന്ന പ്രായത്തിൽ കുട്ടികളായിരിക്കവെ തന്നെ വാങ്ങിയത് എന്നതിനെപ്പറ്റിയും വിവരിക്കുന്നു. അടിമകൾക്കിടയിൽ ഐക്യമുണ്ടാവുന്നത് അപകടമാണെന്ന് ഭയന്നുകൊണ്ട് അവരുടെയിടയിൽ വഴക്കും വക്കാണവും സ്ഥിരമായി നിലനിർത്താനുള്ള മാർഗ്ഗങ്ങൾ അയാൾ കണ്ടെത്തിക്കൊണ്ടിരുന്നു.

പുരാതന റോമിൽ, പ്രത്യേകിച്ചും അതിന്റെ അവസാന ഘട്ടത്തിൽ നിർബന്ധിച്ചുള്ള അടിമ അദ്ധ്വാനത്തിന്റെ ഫലമായുണ്ടായ ജീർണ്ണതയും തകർച്ചയും കൂടുതൽ കൂടുതൽ വഷളായി വന്നു. റോമൻ എഴുത്തുകാരൻ കൊളുമെല്ല (എ.ഡി ഒന്നാം നൂറ്റാണ്ട്) ഇങ്ങനെ പരിതപിച്ചു. "കൊടിയ പാതകമാണ് അടിമകൾ പാടങ്ങളോട് ചെയ്യുന്നത്. അവർ കാളകളെ പാടത്തിന് പുറത്ത് നിർത്തുന്നു. മറ്റുകാലികളെ മോശമായി മേക്കുന്നു. വളരെ മോശമായി നിലമുഴുന്നു." "വലിയ തോട്ടങ്ങൾ *(ലാറ്റിഫുണ്ടിയ)* ഇറ്റലിയെയും അതിന്റെ പ്രവിശ്യകളെയും നശിപ്പിച്ചു" എന്ന് സമകാലികനായ പ്ലിനി ദി എൽഡർ പറഞ്ഞു. ഗ്രീക്കുകാരെപ്പോലെ റോമാക്കാരും പ്രാദേശിക ഉപഭോഗത്തിന് വേണ്ടി മാത്രം ഉല്പാദിപ്പിക്കുന്ന സമ്പദ്‌വ്യവസ്ഥയെയാണ് സാധാരണഗതിയിൽ പരിഗണിച്ചത്. അവിടെ യജമാനൻ അയാളുടെ മിച്ച ഉല്പന്നം മാത്രം വിനിമയം ചെയ്തു. അന്നത്തെ സാഹിത്യങ്ങളിൽ ചിലപ്പോൾ വ്യാപാരത്തിലെ അതിലാഭത്തെയും കൊള്ളപ്പലിശയെയും അപലപിച്ചതായി കാണുന്നുണ്ട്. എന്നിരുന്നാലും ഈ വ്യാപാരികളും കൊള്ളപ്പലിശക്കാരും ഭീമമായ സമ്പത്ത് കുന്നുകൂട്ടി.

**അടിമ ഉടമസ്ഥ വ്യവസ്ഥിതിയുടെ അന്തർലീനമായ, മൂർച്ഛയുള്ള വൈരുദ്ധ്യങ്ങളിലൊന്ന് വൻകിട-ചെറുകിട ഭൂവുടമകൾ തമ്മിലുള്ളതായിരുന്നു. വൻകിട അടിമ ഉടമസ്ഥരുടെ ഭൂസ്വത്തിന് പരിധി ഏർപ്പെടുത്തുകയും ഭൂമിയുടെ പുനർവിതരണം നടത്തണമെന്നുമുള്ള ആവശ്യം ദരിദ്രരാക്കപ്പെട്ട കർഷകർ മുന്നോട്ടുവച്ചു.**

അടിമ ഉടമ വ്യവസ്ഥയുടെ അവസാന നാളുകളിൽ അടിമത്തത്തെ നിന്ദിച്ചുകൊണ്ടും മനുഷ്യന്റെ സ്വാഭാവിക സമത്വത്തെപ്പറ്റിയുമുള്ള പ്രഖ്യാപനങ്ങളുടെ ശബ്ദങ്ങൾ കേട്ടുതുടങ്ങിയിരുന്നു. സ്വാഭാവികമായും ഈ അഭിവീക്ഷണങ്ങളോട് അടിമ ഉടമസ്ഥ ഭരണവർഗ്ഗത്തിന് യാതൊരു അനുഭാവവുമില്ലായിരുന്നു. അടിമകളെപ്പറ്റി പറയുകയാണെങ്കിൽ അടിമബോധത്താലും അടിച്ചമർത്തലാലും അജ്ഞതയാലും ചവുട്ടിയരക്കപ്പെട്ട അവസ്ഥയിലായിരുന്നു എന്നതിനാൽ അടിമ ഉടമസ്ഥ വർഗ്ഗത്തിന്റെ കാലഹരണപ്പെട്ട പ്രത്യയശാസ്ത്രത്തെക്കാൾ പുരോഗമനപരമായ ഒരു പ്രത്യയശാസ്ത്രത്തിന് രൂപം നൽകാൻ അവർ അശക്തരുമായിരുന്നു. അടിമകലാപങ്ങളുടെ അസംഘടിതവും താനേ പൊട്ടിപ്പുറപ്പെട്ടതുമായ സ്വഭാവത്തിന് ഒരു കാരണം ഇതായിരുന്നു.

അടിമ ഉടമസ്ഥ വ്യവസ്ഥിതിയുടെ അന്തർലീനമായ, മൂർച്ഛയുള്ള വൈരുദ്ധ്യങ്ങളിലൊന്ന് വൻകിട-ചെറുകിട ഭൂവുടമകൾ തമ്മിലുള്ളതായിരുന്നു. വൻകിട അടിമ ഉടമസ്ഥരുടെ ഭൂസ്വത്തിന് പരിധി ഏർപ്പെടുത്തുകയും ഭൂമിയുടെ പുനർവിതരണം നടത്തണമെന്നുമുള്ള ആവശ്യം ദരിദ്രരാക്കപ്പെട്ട കർഷകർ മുന്നോട്ടുവച്ചു. കാർഷിക പരിഷ്ക്കരണത്തിനു വേണ്ടി ഗ്രാച്ചി സഹോദരന്മാർ നടത്തിയ സമര(ബി.സി.രണ്ടാം നൂറ്റാണ്ട്)ത്തിന്റെ അന്ത:സ്സാരം ഇതായിരുന്നു.

റോമാസാമ്രാജ്യത്തിന്റെ അധോഗതിയുടെ കാലത്ത്, നഗരത്തിലെയും ഗ്രാമത്തിലെയും അടിമകളും സ്വതന്ത്രരുമായ ജനങ്ങളിൽ മൃഗീയ ഭൂരിപക്ഷത്തിനും സാഹചര്യങ്ങളിൽ നിന്ന് കരകയറാൻ യാതൊരു മാർഗ്ഗവും കാണാതിരിക്കെ, റോമിലെ അടിമ-ഉടമ പ്രത്യയശാസ്ത്രത്തിൽ ഗുരുതരമായ ഒരു പ്രതിസന്ധി ഉടലെടുത്തു.

മരിച്ചുകൊണ്ടിരിക്കുന്ന സാമ്രാജ്യത്തിലെ വർഗ്ഗവൈരുദ്ധ്യങ്ങളുടെ അടിസ്ഥാനത്തിൽ ക്രിസ്തുമതം എന്ന പുതിയൊരു മതപരമായ പ്രത്യയശാസ്ത്രം ഉയർന്നുവന്നു. അക്കാലത്തെ ക്രിസ്തുമതം, അടിമകളുടെയും കർഷകരുടെയും കൈത്തൊഴിലുകാരുടെയും നാശമടഞ്ഞ ബഹുജനങ്ങളുടെയും പ്രതിഷേധങ്ങളെയും, അടിമത്തത്തിനും അടിച്ചമർത്തലിനുമെതിരെയുള്ള വികാരങ്ങളെയും പ്രകടിപ്പിച്ചു. അതേസമയം, മറുവശത്ത് തീർത്തും ആശയറ്റ സാഹചര്യത്തെ മണത്തറിഞ്ഞ ഭരണവർഗ്ഗത്തിന്റെ വിശാലമായ വിഭാഗങ്ങളുടെ മനോനിലയെയും ക്രിസ്തുമതം പ്രതിഫലിപ്പിച്ചു. അതുകൊണ്ടാണ് റോമാസാമ്രാജ്യത്തിന്റെ പതനകാലത്തെ ക്രിസ്തുമതം ധനികർക്കും അധികാര ശക്തിയുള്ളവർക്കും നൽകുന്ന കഠിനമായ താക്കീതുകളോടൊപ്പം തന്നെ സഹനത്തിനും സമാധാനത്തിനും ശവക്കല്ലറയ്ക്കപ്പുറമുള്ള ജീവിതത്തിൽ മോക്ഷം കണ്ടെത്താനുള്ള ആഹ്വാനങ്ങളും നാം കാണുന്നത്.

*തുടർന്നുള്ള നൂറ്റാണ്ടുകളിൽ ക്രിസ്തുമതം ഒടുവിൽ ഭരണവർഗ്ഗത്തിന്റെ മതമായി മാറി. അദ്ധ്വാനിക്കുന്ന ബഹുജനങ്ങളെ ചൂഷണം ചെയ്യാനും അടിച്ചമർത്താനുമുള്ള ആത്മീയ ആയുധമായും അത് മാറി.*

അടുത്ത ലക്കത്തിൽ തുടരും

REGISTERED. R.N. 24773/1992
P.R.No. KL/TV(N)/452/2018-20

UNITY Malayalam Monthly

May 2020
Vol.47 No.2
Page 55



ലെനിൻ റെഡ് സ്ക്വയറിൽ
പ്രസംഗിക്കുന്നു. 1918

Edited & Published by V.Venugopal, SUCI(C) Office, T.C. 12/1242, Law College Jn, Kunnukuzhy, Trivandrum - 695 035.
Ph: 0471-2307151; E-mail: unitymagazine@gmail.com; Website: www.kerala.sucicommunist.org
on behalf of Kerala State Committee, SUCI(C).